# വിഷയാവതരണരേഖ

## ഏഷ്യയ്ക്കുവേണ്ടിയുള്ള പ്രത്യേക സിനഡിന്റെ കരടുരേഖ

/262.91
KUR

M/262.91

# Vishayavatharana rekha

Metranmarude Synod

Eshiakku Vendiyulla Savisesha Sammelanam

[Malayalam]

[Translation of the Lineamenta, Jesus Christ the Saviour
and his mission of Love and Service in Asia:
"That they may have life, and have it abundantly.." (Jn. 10:10),
Synod of Bishops, Special Assembly for Asia,
prepared by the General Secretariate, Vatican City, 1996]


| | | |
|---|---|---|
| Translated by | : | Rev. Dr. George Kurukkoor M.A. Ph.D. |
| Scrutinised by | : | Rev. Dr. Xavier Kochuparampil |
| Published by | : | The Director<br>P.O.C., Palarivattom, Kochi-25, Kerala |


| | | |
|---|---|---|
| Copy right | : | The Publisher |


| | | |
|---|---|---|
| Typeset by | : | ASL Computers, Kochi-16 |
| Printed at | : | Vibgyor Print, Ernakulam |
| Published on | : | 8th December, 1996 |
| Copies | : | 5000 |
| Price | : | Rs. 10.00 |

A P.O.C. Publication

ARAM COLLEGE
LIBRARY
GALORE-29

ACHARYA PALACKAL JEEVASS KENDRAM
LIBRARY
ALWAYE
17986

# വിവർത്തകക്കുറിപ്പ്

ജോൺപോൾ രണ്ടാമൻ മാർപാപ്പ, ഏഷ്യയ്ക്കുവേണ്ടി മെത്രാന്മാരുടെ സിനഡിൻെറ ഒരു സവിശേഷസമ്മേളനം നടത്തുവാൻ നിശ്ചയിച്ചു. ആ സമ്മേളനത്തിൽ ചർച്ചചെയ്യേണ്ട പ്രമേയം 'രക്ഷകനായ യേശുക്രിസ്തുവും ഏഷ്യയിൽ അവിടുത്തെ സ്നേഹത്തിൻെറയും സേവനത്തിൻെറയും ദൗത്യവും: "അവർക്ക് ജീവനുണ്ടാകുവാനും അതു സമൃദ്ധമായി ഉണ്ടാകുവാനും" (യോഹ. 10:10)' എന്നാണ്.

ഈ പ്രമേയത്തിൻെറ ഒരു രൂപരേഖ (പ്രമേയാവതരണരേഖ) പ്രസ്തുത സിനഡിനുവേണ്ടിയുള്ള തയ്യാറെടുപ്പു നടത്തുന്നതിൻെറ ഭാഗമായി വത്തിക്കാനിൽനിന്ന് ജനറൽസെക്രട്ടറിയേറ്റ് പ്രസിദ്ധീകരിച്ചു. ആ രേഖയുടെ വിശ്വസ്ത വിവർത്തനമാണീ ലഘുഗ്രന്ഥം.

ഇതിൻെറ അവസാനഭാഗത്തു ചേർത്തിട്ടുള്ള ചോദ്യങ്ങൾ വിചിന്തനത്തിനും പ്രത്യുത്തരത്തിനുമുള്ളവയാണ്. ഏഷ്യയിലെ പ്രേഷിതപ്രവർത്തനം, സഭൈക്യപ്രവർത്തനങ്ങൾ, സാംസ്കാരികാനുരൂപണം എന്നീ ജീവത്പ്രധാനങ്ങളായ വിഷയങ്ങളെപ്പറ്റി ഇതുപ്രതിപാദിക്കുന്നു. ഏഷ്യയിലെ പ്രേഷിതവൃത്തിയുടെ ഒരു ലഘുചിത്രവും ഭാവിയെപ്പറ്റിയുള്ള സൂചനകളും ഇതിലുണ്ട്. പ്രേഷിതപ്രവർത്തകർക്കും അജപാലകർക്കും മാത്രമല്ല സാധാരണക്കാർക്കും ഇതിലെ പ്രതിപാദ്യം ചിന്തയ്ക്കും ചർച്ചയ്ക്കും പ്രവർത്തനത്തിനും പ്രചോദനംനൽകുന്നു. ഇന്ന് അങ്ങേയറ്റം പ്രസക്തിയും അടിയന്തിരസ്വഭാവവുമുള്ള സത്താപരമായ ഒരു പ്രതിപാദ്യമാണ് ഇതിലുള്ളത്. പ്രേഷിതവൃത്തി മതത്തിൻെറ സത്താപരമായ കടമയാണല്ലോ. ഈ ലഘുഗ്രന്ഥം പ്രസിദ്ധീകരിക്കുന്നതിന് സഹായിച്ചിട്ടുള്ള എല്ലാവർക്കും കൃതജ്ഞത പ്രകാശിപ്പിച്ചുകൊള്ളുന്നു.

വിവർത്തകൻ
റവ. ഡോ. ജോർജ് കുരുക്കൂർ എം.എ. പിഎച്ച്.ഡി.

പി.ഒ.സി, പാലാരിവട്ടം
28-11-1996

# വിഷയസൂചി


| | പേജ് |
|---|---|
| വിവർത്തകക്കുറിപ്പ് | i |
| ആമുഖം | v |
| അവതാരിക | 1 |
| അധ്യായം I ഏഷ്യൻ യാഥാർത്ഥ്യങ്ങൾ | 3 |
| സമൃദ്ധമായ വിഭവങ്ങളുള്ള ഒരു വിശാല ഭൂഖണ്ഡം | 3 |
| *മഹാമതങ്ങളും സംസ്കാരങ്ങളും* | 3 |
| *ഏഷ്യയിലെ ജനത* | 4 |
| *വളർന്നുവരുന്ന ഏഷ്യൻബോധം* | 5 |
| പരീക്ഷണങ്ങളും വെല്ലുവിളികളും | 7 |
| *സാമൂഹിക സാമ്പത്തികവികസനം....* | 7 |
| *രാഷ്ട്രീയ പരിത:സ്ഥിതി* | 9 |
| യേശുക്രിസ്തുവിലുള്ള വീണ്ടെടുപ്പ് | 11 |
| അധ്യായം II ഏഷ്യയിലെ സുവിശേഷവത്കരണം | 13 |
| ക്രിസ്തുമതം ഏഷ്യയിൽ | 13 |
| *അപ്പസ്തോലിക് പ്രാരംഭങ്ങൾ...* | 13 |
| *പ്രേഷിതപ്രവർത്തനത്തിൻെറ വ്യാപനം...* | 14 |
| ഏഷ്യയിലെ ആധുനിക ക്രൈസ്തവ പ്രേഷിതപ്രവർത്തനം... | 15 |
| പതിനാറുമുതൽ പതിനെട്ടുവരെയുള്ള നൂറ്റാണ്ടുകൾ | 15 |
| *ശ്രദ്ധേയമായ പ്രേഷിതസാക്ഷ്യം...* | 15 |
| *പ്രേഷിതരംഗങ്ങളിലെ പ്രയാസങ്ങളും തിരിച്ചടികളും...* | 17 |
| *പ്രേഷിതപ്രവർത്തനത്തിൻെറ മഹത്തായ നൂറ്റാണ്ട്...* | 18 |
| *ശ്രദ്ധേയമായ സംരംഭങ്ങൾ...* | 20 |
| ഏഷ്യയിലെ പ്രേഷിതപ്രവർത്തന ചരിത്രത്തിൽനിന്നു പഠിച്ച പാഠങ്ങൾ | 22 |

*ശ്രദ്ധേയമായ സംഭാവനകൾ...* 22
*ഭാവിയിലേക്കുള്ള ഭാവാത്മകാടയാളങ്ങൾ...* 24
അധ്യായം III ദൈവത്തിൻെറ രക്ഷാകരപദ്ധതി ചരിത്രത്തിൽ... 26
ദൈവാത്മാവ് : സൃഷ്ടികർമ്മത്തിൽ.... 26
സർവാതിശായിയായ ദൈവാത്മാവിനാൽ സ്പർശിക്കപ്പെട്ട്... 27
*ഒരു ക്രൈസ്തവ നരവംശശാസ്ത്രം* 27
ഹൃദയത്തിൻെറ അഗാധാഭിവാഞ്ഛകൾ... 28
ദൈവത്തിൻെറ രക്ഷാകരപദ്ധതി: ചരിത്രത്തിൽ... 30
*ദൈവത്തിൻെറ ആത്മാവ് പ്രവർത്തനത്തിൽ* 30
*യേശുവിൻെറ ദൗത്യവും ആത്മാവും* 32
പരിശുദ്ധാത്മാവിലൂടെ ജീവൻെറ പൂർണതയായ ക്രിസ്തുവിലേക്ക് 34
അധ്യായം IV യേശുക്രിസ്തു: എല്ലാവർക്കും ദൈവത്തിൻെറ രക്ഷയുടെ സുവിശേഷം 36
ക്രിസ്തു എന്ന വ്യക്തി... 36
*സാക്ഷാത്കാരവും ജീവൻെറ പൂർണതയും...* 36
*യേശുക്രിസ്തു : ഏകരക്ഷകൻ* 38
യേശുക്രിസ്തു: ഏഷ്യക്ക് സഭയുടെ ദാനം 40
*ക്രിസ്തുവിനെ പ്രഘോഷിക്കൽ* 40
*സകലർക്കും നല്കപ്പെട്ട രക്ഷ...* 42
അധ്യായം V സഭ : സംസർഗമെന്ന നിലയിൽ... 47
യേശുക്രിസ്തുവിൻെറയും ആത്മാവിൻെറയും ദൗത്യത്തിൻെറ തുടർച്ച 47
*എല്ലാ വസ്തുക്കളും പൂർണതയിലെത്തിക്കാൻ...* 47
പ്രേഷിതത്വം: സംസർഗത്തിൻെറ രഹസ്യത്തിൽ 50
സംസർഗത്തിൻെറ പങ്കുവയ്ക്കലിലേക്ക്... 52
*മറ്റുള്ളവരെ ഉദ്ദേശിച്ചുള്ള പ്രേഷിതത്വം...* 52
പ്രേഷിതത്വം: ഐക്യത്തിൻെറ കൂദാശ എന്നനിലയിൽ... 54
അധ്യായം VI സഭയുടെ സ്നേഹത്തിൻെറയും സേവനത്തിൻെറയും പ്രേഷിതത്വം ഏഷ്യയിൽ 57

ഏഷ്യയിലെ സുവിശേഷവത്കരണം ഇന്ന്... 57

*നവീകൃതധാരണ ...* 57

*സുവിശേഷവത്കരണത്തിന്റെ സന്ദേശം: യേശുക്രിസ്തു...* 58

*സുവിശേഷവത്കരണത്തിന്റെ പ്രവർത്തകർ...* 59

*സുവിശേഷവത്കരണത്തിന്റെ പാതകൾ...* 63

*പ്രേഷിതപ്രവർത്തനത്തിനുള്ള പരിശീലനം...* 68

മറിയം ഏഷ്യയിലെ സുവിശേഷവത്കരണത്തന്റെ അമ്മയും മാതൃകയും 69

*സഭയുടെ അമ്മ* 69

*സുവിശേഷവത്കരണത്തിന്റെ മാതൃക* 71

*മറിയവും പ്രേഷിതരും* 72

ഉപസംഹാരം 73

ചോദ്യങ്ങൾ 77

കുറിപ്പുകൾ (Notes) 80

# ആമുഖം

ഏഷ്യയ്ക്കുവേണ്ടി മെത്രാന്മാരുടെ സിനഡിന്റെ ഒരു പ്രത്യേക സമ്മേളനം വിളിച്ചുകൂട്ടുവാൻ ഉദ്ദേശിക്കുന്നുവെന്ന് പരിശുദ്ധപിതാവ്, ജോൺ പോൾ രണ്ടാമൻ ആസന്നമായ മൂന്നാം സഹസ്രാബ്ദത്തിൽ (Tertrio Millennio adveniente 38, 10 നവംബർ 1994) എന്ന അപ്പസ്തോലികലേഖനത്തിൽ വ്യക്തമാക്കിയിരുന്നു. ആ പ്രഖ്യാപനംകഴിഞ്ഞ് ഉടനെ പരിശുദ്ധപിതാവ് ഒരു പ്രീസിനഡൽ കൗൺസിൽ രൂപവത്കരിച്ചു. മെത്രാന്മാരുടെ സിനഡിന്റെ ഏഷ്യയ്ക്കുവേണ്ടിയുള്ള സവിശേഷസമ്മേളനത്തിനുള്ള ജനറൽസെക്രട്ടറിയേറ്റിന്റെ ആ കൗൺസിലിലെ അംഗങ്ങൾ മിക്കവരും ഏഷ്യയിൽനിന്നുള്ള മെത്രാന്മാരായിരുന്നു. സിനഡുസംബന്ധമായ പ്രത്യേക സമ്മേളനത്തിനുവേണ്ടിയുള്ള തയ്യാറെടുപ്പ് ജനറൽസെക്രട്ടറിയേറ്റ് ഉടനെ ആരംഭിച്ചു. ഏഷ്യൻ ഭൂഖണ്ഡത്തിലെ താത്പര്യമുള്ള എല്ലാ കക്ഷികൾക്കും - അതായത്, മെത്രാന്മാരുടെ കോൺഫ്രൻസുകൾ, പൗരസ്ത്യസഭകൾ, റോമൻകൂരിയയിലെ ഡിപ്പാർട്ടുമെന്റുകൾ, സുപ്പീരിയർ ജനറൽമാരുടെ യൂണിയൻ എന്നിവയ്ക്ക് - ആലോചനചോദിച്ചുകൊണ്ടുള്ള ഒരു കത്തയച്ചു. ഈ പ്രത്യേക സിനഡൽ സമ്മേളനത്തിൽ കൈകാര്യംചെയ്യേണ്ട സമകാലീന പ്രാധാന്യമുള്ളതും സാർവത്രിക താത്പര്യമുള്ളതും സവിശേഷമാംവിധം അടിയന്തിരസ്വഭാവമുള്ളതുമായ ഒരു വിഷയം കണ്ടെത്താനുള്ള ശ്രമത്തിന്റെ ഫലമായിരുന്നു അത്. തുടർന്ന് ഈ ആലോചനയുടെ ഫലങ്ങൾ ഏഷ്യയ്ക്കുവേണ്ടിയുള്ള പ്രത്യേകസമ്മേളനത്തിന്റെ പ്രീസിനഡൽ കൗൺസിൽ അപഗ്രഥിക്കുകയും ചർച്ചയ്ക്കു വിധേയമാക്കുകയും പരിശുദ്ധപിതാവിനു സമർപ്പിക്കാൻ ശുപാർശകളുടെ ഒരു പരമ്പര ക്രോഡീകരിക്കുകയും ചെയ്തു.

കൗൺസിലിന്റെ നിർദ്ദേശങ്ങൾ പരിഗണിച്ചുകൊണ്ട്, പരിശുദ്ധപിതാവ് പിന്നീട്, പ്രത്യേകസമ്മേളനത്തിന്റെ ചർച്ചയ്ക്കായി താഴെപറയുന്ന വിഷയം തിരഞ്ഞെടുത്തു: രക്ഷകനായ യേശുക്രിസ്തുവും ഏഷ്യയിൽ അവിടുത്തെ സ്നേഹത്തിന്റെയും സേവനത്തിന്റെയും ദൗത്യവും: "... അവർക്കു ജീവനുണ്ടാകുവാനും അതു സമൃദ്ധമായി ഉണ്ടാകുവാനും." (യോഹ. 10:10). വിഷയത്തിന്റെ ക്രോഡീകരണം, ഏഷ്യയിലെ സഭയ്ക്കുള്ളിലുള്ള സാഹചര്യങ്ങളുടെ അനന്യമായ കൂട്ടത്തിനു ചേർന്നതായിരിക്കാനും അതുപോലെതന്നെ, ഏഷ്യൻ ഉപഭൂഖണ്ഡത്തിലെ എല്ലാ ജനതകളെയും സംസ്കാ

രങ്ങളെയും ബാധിക്കുന്ന കാര്യങ്ങളുടെ നിജസ്ഥിതിയോടു സംസാരിക്കാനുമാണ് ഉദ്ദേശിക്കുന്നത്. ക്രിസ്തുവിൻെറ വ്യക്തിത്വത്തിൻെറ കേന്ദ്രീയതയും, മധ്യസ്ഥനും ദൈവത്തിൻെറ ശാശ്വതരക്ഷാപദ്ധതിയിലെ ഏകരക്ഷകനും എന്നനിലയിലുള്ള അവിടുത്തെ ദൗത്യവും ഉയർത്തിക്കാണിച്ചുകൊണ്ട്, "അവർക്കു ജീവനുണ്ടാകാനും അതു സമൃദ്ധമായി ഉണ്ടാകാനും" (യോഹ. 10:10) വേണ്ടി, ഏഷ്യയിൽ ക്രിസ്തുവിൻെറ സ്നേഹത്തിൻെറയും സേവനത്തിൻെറയും സുവിശേഷവത്കരണദൗത്യം നിറവേറ്റാൻ ഏഷ്യയിലുള്ള സഭയും അതിൻെറ അംഗങ്ങളും കൂടുതൽ നന്നായി സജ്ജീകൃതരാകും.

സിനഡിൻെറ ഈ വിഷയം പൊതുവായി അവതരിപ്പിക്കുന്നതിന്, മുൻപറഞ്ഞ പ്രീസിനഡൽ കൗൺസിലിൻെറ അംഗങ്ങളുടെയും, ഏഷ്യൻഭൂഖണ്ഡത്തിൽനിന്നുള്ള ദൈവശാസ്ത്രജ്ഞന്മാരുടെയും സഹകരണത്തോടെ, ജനറൽസെക്രട്ടറിയേറ്റ്, ഒരു കരടുരേഖ (Lineamenta) ക്രോഡീകരിച്ചിട്ടുണ്ട്. ഏഷ്യയ്ക്കുള്ള പ്രത്യേകസമ്മേളനത്തെസംബന്ധിച്ച രേഖാപരമ്പരകളിൽ ഒന്നാമത്തേതാണിത്. ഈ രേഖ, ഇതിൻെറ പേരു ദ്യോതിപ്പിക്കുന്നതുപോലെ, വിഷയത്തിൻെറ വിശാലമായ ഒരു "രൂപരേഖ" (Outline) അഥവാ വിഷയാവതരണരേഖ, എന്ന നിലയിലാണു നൽകപ്പെടുന്നത്. പൊതുവായ പരിചിന്തനവും പ്രാർഥനയും വളർത്തുവാനും നിർദേശങ്ങളെയും നിരീക്ഷണങ്ങളെയും ഉണർത്തുവാനുംവേണ്ടി മാത്രമാണ് ഈ രേഖ നൽകുന്നത്. ഇക്കാരണത്താൽ ഈ പ്രമാണരേഖയുടെ അവസാനം ചോദ്യങ്ങളുടെ ഒരു പരമ്പര ചേർത്തിട്ടുണ്ട്.

ഏഷ്യയിലുള്ള സഭയുടെ എല്ലാ ഭാഗങ്ങളിലും ഈ കരടുരേഖയുടെ ഫലമായി സമൃദ്ധമായ പ്രത്യുത്തരമുണ്ടാകുമെന്നും അങ്ങനെ, മെത്രാന്മാരുടെ കോൺഫ്രൻസുകൾക്കും, പൗരസ്ത്യസഭകളുടെ പാത്രിയർക്കീസുമാർക്കും മേജർആർച്ചുബിഷപ്പുമാർക്കും തങ്ങളുടെ ഔദ്യോഗിക ഉത്തരങ്ങൾ ക്രോഡീകരിക്കാൻ അത്യാവശ്യമായ വിവരങ്ങൾ ലഭിക്കുമെന്നും പ്രത്യാശിക്കുന്നു. തന്മൂലം ഈ കരടുരേഖ സവിശേഷസമ്മേളനത്തിൻെറ കാര്യപരിപാടിയുടെ ഭാഗമല്ല. ഏഷ്യൻ ഭൂഖണ്ഡത്തിൽനിന്നും റോമൻകൂരിയയുടെ ഡിപ്പാർട്ടുമെൻറുകളിൽനിന്നും സുപ്പീരിയർജനറൽമാരുടെ യൂണിയനിൽനിന്നും ലഭിക്കുന്ന ഔദ്യോഗിക ഉത്തരങ്ങളുടെ അടിസ്ഥാനത്തിൽ "ഒരു പ്രവർത്തനമാർഗരേഖ" (Instrumentum laboris) പിന്നീട് ക്രോഡീകരിക്കപ്പെടും. ജനറൽസെക്രട്ടറിയേറ്റിൽ സമർപ്പിക്കാനുള്ള ഔദ്യോഗിക പ്രതികരണങ്ങൾ തങ്ങൾ സ്വീകരിക്കുന്ന വിവരങ്ങൾ ഉപയോഗിച്ച് ക്രോഡീകരിക്കുക ഈ ഗ്രൂപ്പുകളുടെ ധർമമായിരിക്കും. സവിശേഷസമ്മേളനത്തിൽ

സന്നിഹിതരാകുന്ന സിനഡുപിതാക്കന്മാർക്ക് ഏഷ്യയിലെ സഭയെ സംബന്ധിച്ചിടത്തോളം വലിയ പ്രാധാന്യമർഹിക്കുന്ന ഒരു വിഷയത്തെക്കുറിച്ച് കൂടുതൽ ആഴത്തിൽ പഠിക്കുവാൻ സമൃദ്ധമായ പ്രതികരണം വേണ്ടത്ര വിവരങ്ങൾ നൽകും.

അതുകൊണ്ട്, ഏഷ്യയിലെ സഭ മുഴുവനും ഇതിൽ പങ്കുചേരുവാൻ ക്ഷണിക്കപ്പെടുന്നു: ഇടവകവൈദികരും സന്ന്യസ്തവൈദികരും, സന്ന്യാസിനീസന്ന്യാസികൾ, അൽമായരായ സ്ത്രീകളും പുരുഷന്മാരും, സെമിനാരികളും ദൈവശാസ്ത്രവിദ്യാപീഠങ്ങളും, പാസ്റ്ററൽ കൗൺസിലുകൾ, കത്തോലിക്കാപ്രസ്ഥാനങ്ങളും ഗ്രൂപ്പുകളും, ഇടവകസമൂഹങ്ങളും സഭയിലെ സകല സംഘടനകളും. പ്രതികരണങ്ങളുടെ സംഖ്യ എത്രകൂടുതലായിരിക്കുമോ അത്രകൂടുതൽ പൂർണവും സത്താപരവുമായിരിക്കും ഔദ്യോഗിക പ്രതികരണങ്ങൾ ക്രോഡീകരിക്കാൻ ഉത്തരവാദിത്വപ്പെട്ടവർക്കു ലഭിക്കുന്ന വിവരങ്ങൾ. അതുപോലെ, ഏഷ്യയ്ക്കുവേണ്ടിയുള്ള മെത്രാന്മാരുടെ സിനഡിന്റെ സവിശേഷസമ്മേളനത്തിലെ ശ്രദ്ധയുടെയും ചർച്ചയുടെയും കേന്ദ്രമായിരിക്കേണ്ട പ്രവർത്തനമാർഗരേഖ (കർമോപകരണരേഖ)യുടെ സമ്പൂർണവും സത്താപരവുമായ സ്വഭാവത്തിന് അത് ഉറപ്പുവരുത്തുകയുംചെയ്യും.

ഈ കരടുരേഖയ്ക്ക് (വിഷയാവതരണരേഖയ്ക്ക്) ഒരു ഉത്തരം തയ്യാറാക്കുമ്പോൾ താഴെപ്പറയുന്ന വിഷയങ്ങൾ മനസ്സിലുണ്ടായിരിക്കണം : ഈ രേഖയുടെ അവസാനഭാഗത്തു ചേർത്തിരിക്കുന്ന ചോദ്യങ്ങളുടെ എണ്ണവും വൈവിധ്യവും, ഏഷ്യയ്ക്കുവേണ്ടിയുള്ള പ്രത്യേക സമ്മേളനത്തിന്റെ വിഷയത്തെ സംബന്ധിച്ചുള്ള പരിചിന്തനത്തിന്റെ ഘടനയിൽ ഒരു വഴികാട്ടി എന്ന നിലയിലായിരിക്കാൻ മനഃപൂർവം തിരഞ്ഞെടുത്തിട്ടുള്ളതാണ്. അതുകൊണ്ട്, ഈ കരടുരേഖയല്ല ആ ചോദ്യങ്ങളായിരിക്കണം എല്ലാ ഉത്തരങ്ങൾക്കുമുള്ള അടിസ്ഥാനം. ഇക്കാര്യത്തിൽ, ഓരോ നിരീക്ഷണവും ഏതുചോദ്യത്തിനുള്ള ഉത്തരമാണെന്നു വ്യക്തമായി പരാമർശിക്കണം. അതേസമയം, എല്ലാ ചോദ്യത്തിനും ഉത്തരം എഴുതേണ്ടതില്ല. ഓരോ വ്യക്തിയുടെയും സാഹചര്യങ്ങളനുസരിച്ച്, പ്ര സക്തങ്ങൾ എന്നുതോന്നുന്ന ചോദ്യങ്ങൾ തിരഞ്ഞെടുക്കാൻ ഉത്തരംപറയുന്നവർക്കു സ്വാതന്ത്ര്യമുണ്ട്.

ഏഷ്യൻഭൂഖണ്ഡത്തിൽ രൂപതകളിലോ അതിരൂപതകളിലോ ഉള്ള സഭാസമൂഹങ്ങളും ഗ്രൂപ്പുകളും നൽകുന്ന ഉത്തരങ്ങൾ അവരവരുടെ മെത്രാന്മാർക്ക് അയച്ചുകൊടുക്കണം. അവർ തങ്ങളുടെ പ്രതികരണങ്ങൾ ക്രോഡീകരിക്കുന്നതിന് ആ ഉത്തരങ്ങൾ ഉപയോഗിക്കും. മെത്രാൻ ആ പ്രതികരണങ്ങൾ താൻ ഉൾപ്പെടുന്ന മെത്രാൻസംഘത്തിന് അയച്ചുകൊടുക്കും.

മെത്രാൻസംഘത്തിൻെറയും റോമൻകൂരിയയുടെയും സുപ്പീരിയർ ജനറൽമാരുടെ യൂണിയനുകളുടെയും ഉത്തരങ്ങൾ 1997 ആഗസ്റ്റ് ഒന്നാംതീയതിക്കു മുമ്പ് ജനറൽസെക്രട്ടറിയേറ്റിൽ ഔദ്യോഗികമായി സമർപ്പിച്ചിരിക്കണം. ഈ പരിചിന്തനപ്രക്രിയയിൽ ഏതെങ്കിലുംരൂപത്തിൽ സംഭാവനചെയ്യാൻ ആഗ്രഹിക്കുന്നവർ ഈ ലക്ഷ്യതീയതി ഓർമിച്ചിരിക്കണം.

ഈ കരടുരേഖയുടെ പ്രസിദ്ധീകരണത്തോടെ, പ്രത്യേക സമ്മേളനത്തിനുള്ള തയ്യാറെടുപ്പിൻെറ നിർണായകമായഘട്ടം തുടങ്ങുകയാണ്. സഭയുടെ ഓരോ അംഗത്തിൻെറയും സഹകരണത്തിലും പ്രാർഥനയിലും ആശ്രയിക്കുന്ന ഒരു ഘട്ടമാണത്. ദേശങ്ങളുടെയും ഭൂഖണ്ഡങ്ങളുടെയും അതിർത്തികൾക്കപ്പുറത്തേക്കു സഭ വ്യാപിക്കുന്നുവെന്ന് - നമുക്കറിയാവുന്നതുപോലെ യഥാർഥത്തിൽ അത് സമയത്തിലൂടെ നിത്യതയിലേക്ക്, ലോകത്തിൻെറ അതിരുകൾകടന്നു വ്യാപിക്കുന്നുവെന്ന് - ഐക്യത്തിൻെറ രഹസ്യം നമ്മെ പഠിപ്പിക്കുന്നു. ഏഷ്യയിലെ സഭ, മെത്രാന്മാരുടെ ഈ സംസർഗം ആഘോഷിക്കാൻ തയ്യാറാകുമ്പോൾ മുഴുവൻസഭയുമായുള്ള രഹസ്യാത്മകമായ ഐക്യത്തിലാണ് അപ്രകാരംചെയ്യുന്നത്. തയ്യാറെടുപ്പിൻെറ ഈ കാലഘട്ടത്തിൽ സഭയുടെ സകല അംഗങ്ങളുടെയും പ്രാർഥനകളാലും സത്പ്രവൃത്തികളാലും പ്രസ്തുത ചൈതന്യത്തിൽ സഭ പിന്താങ്ങപ്പെടുന്നു. പ്രത്യേകിച്ച്, ഏഷ്യയിലെ വിശുദ്ധരുടെയും രക്തസാക്ഷികളുടെയും സ്വർഗീയസമൂഹത്താൽ പിന്താങ്ങപ്പെടുന്നു. ഓരോ സംരംഭത്തിലുമെന്നപോലെ കന്യകാമറിയത്തിലേക്ക്, ഒരിക്കലുംപരാജയപ്പെടാത്ത അവളുടെ സഹായത്തിനായി സഭ ദൃഷ്ടി ഉയർത്തുകയുംചെയ്യുന്നു.

Jan P. Cardinal Schotte CICM
General Secretary

# അവതാരിക

1. ഏഷ്യക്കുവേണ്ടി നടത്തുന്ന മെത്രാന്മാരുടെ സിനഡിൻെറ സവിശേഷ സമ്മേളനം ഏഷ്യൻഭൂഖണ്ഡത്തിലെ സഭയ്ക്ക് സവിശേഷമായ കൃപാവരത്തിൻെറ നിമിഷമാണ്. പദവ്യുത്പത്തിപ്രകാരം "സിനഡ്" എന്ന വാക്കിൻെറ അർഥം "ഒന്നിച്ചുസഞ്ചരിക്കുക" എന്നാണ്. ഏഷ്യയിലെ പ്രാദേശികസഭകൾ ഒന്നിച്ചുസഞ്ചരിക്കാൻ ആഗ്രഹിക്കുന്നു. ഏഷ്യയുടെ സാഹചര്യത്തിൽ ഇതിൻെറ അർഥം, ഒരു സഭ എന്നനിലയിൽ മൂന്നാം സഹസ്രാബ്ദത്തിലേക്കു മുന്നേറുക എന്നതും ഏഷ്യയിലെ സഭയിലുള്ള സഹോദരീസഹോദരന്മാരോടു മാത്രമല്ല, ഈ ഭൂഖണ്ഡത്തിലെ സകലജനതകളോടും കർത്താവായ യേശുക്രിസ്തുവിനെ വാക്കിലും പ്രവൃത്തിയിലും പ്രഘോഷിക്കുക എന്നതുമാണ്.

ഒന്നാമതായി, ഉത്ഥിതനായ യേശുക്രിസ്തുവിനോടുകൂടെ എമ്മാവൂസിലെ ശിഷ്യന്മാരോടൊപ്പം സഞ്ചരിക്കാനും ഓരോ ഹൃദയത്തെയും വിശുദ്ധലിഖിതങ്ങളിലേക്കു തുറക്കാൻ അവിടുത്തോട് അപേക്ഷിക്കാനും ഏഷ്യയിലെ സഭ ആഗ്രഹിക്കുന്നു. ഓരോ വ്യക്തിയും ദൈവവചനത്തിൻെറ നിത്യനൂതനമായ അർഥവും, ഏഷ്യയിലെ വ്യത്യസ്ത സമകാലീന സാഹചര്യങ്ങളിൽ അതിനുള്ള പ്രയോഗവും മനസ്സിലാക്കുവാൻവേണ്ടിയാണത്. എല്ലായിടങ്ങളിലുമുള്ള എല്ലാ ജനതകൾക്കുമായി സമർപ്പിക്കപ്പെടുന്ന അപ്പംമുറിക്കൽ ശുശ്രൂഷയിൽ, ജീവൻെറയും അതിൻെറ സകല പൂർണതകളുടെയും ഉറവിടമായി അവിടുത്തെ തിരിച്ചറിയാൻ ഏഷ്യക്കു കഴിയണമെന്നുകൂടി അവൾ പ്രാർഥിക്കുന്നു.

സിനഡിനുവേണ്ടിയുള്ള തയ്യാറെടുപ്പിൽ ഏഷ്യയിലെ സഭ "പരിശുദ്ധാത്മാവിനോടുകൂടെ സഞ്ചരിക്കാൻ" (ഗലാ 5:16) പരിശ്രമിക്കുന്നു. അവിടുന്നാണ്, ഏഷ്യയുടെ ഋഷിമാരെയും വിശുദ്ധരെയും സത്യത്തിൻെറയും ജീവൻെറയും പൂർണതയ്ക്കുവേണ്ടിയുള്ള അവരുടെ അന്വേഷണത്തിൽ ചരിത്രത്തിലുടനീളം പ്രകാശിപ്പിച്ചത്. അവിടുത്തെ സാന്നിധ്യം തിരിച്ചറിയാനും തങ്ങളുടെ തത്ത്വശാസ്ത്രങ്ങളിലും മതങ്ങളിലും സന്നിഹിതമായിരിക്കുന്ന സത്യത്തിൻെറ രശ്മികൾകൊണ്ടുള്ള പ്രയോജനംനേടാനും അവരെ ശക്തരാക്കിയതും അവിടുന്നാണ്.

"ഒന്നിച്ചുസഞ്ചരിക്കുന്നതിൽ" സഭയുടെ, അപ്പസ്തോലന്മാരുടെയും അവരുടെ പ്രബോധനങ്ങളുടെയും സഭയുടെ, പിതാക്കന്മാരുടെയും അവരുടെ ദൈവശാസ്ത്രപരവും ആധ്യാത്മികവുമായ അമൂല്യപൈതൃകത്തിൻെറയും സഭയുടെ, യൂറോപ്പിലെയും ഏഷ്യയിലെയും മഹാന്മരായ മിഷനറിമാരുടെ സഭയുടെ, മധ്യകാലവിശുദ്ധരുടെയും ദൈവശാസ്ത്രജ്ഞന്മാരുടെയും സഭയുടെ, ത്രെന്തോസ് സൂനഹദോസ്, ഒന്നാംവത്തിക്കാൻ സൂനഹദോസ് രണ്ടാംവത്തിക്കാൻ സൂനഹദോസ് എന്നിവ നടപ്പാക്കിയ പരിഷ്കരണത്തിൻെറയും നവീകരണത്തിൻെറയും സഭയുടെ, സജീവപാരമ്പര്യത്തിൽ തുടർന്നും മുന്നേറുവാൻ സഭ ആഗ്രഹിക്കുന്നു.

ഏഷ്യയിലെ സഭ സിനഡുപരമായ തൻെറ യാത്രയിൽ ഒറ്റയ്ക്കല്ല. സാർവത്രികസഭയുടെ അജപാലകനായ പരിശുദ്ധപിതാവും, അവളുടെ പ്രബോധനാധികാരവും ഏഷ്യയിലെ തങ്ങളുടെ സഹോദരീസഹോദരന്മാരോടു രഹസ്യാത്മകസംസർഗത്തിലൂടെ ദൃഢൈക്യത്തിലും പ്രാർത്ഥനയിലും ഒന്നുചേർന്നിട്ടുള്ളവരും ഏഷ്യൻഭൂഖണ്ഡത്തിനു വെളിയിലുള്ളവരുമായ സകല സഭാംഗങ്ങളും അവളോടൊപ്പമുണ്ട്.

സിനഡുപരമായ ഈ തീർഥാടനത്തിനു സാർവത്രികമായ സ്വഭാവത്തിനുപുറമേ, സവിശേഷമായ ഒരു ഏഷ്യൻമാനവുമുണ്ട്. ഏഷ്യയിലെ സഭ തൻെറ കർത്താവിനോടുള്ള വിശ്വസ്തതയിൽ, ഏഷ്യയിലെ സകല ജനതകളോടുംകൂടെ - സകല സഹോദരീസഹോദരന്മാരോടുംകൂടെ - പൊതുവായ ജീവിതം സംസ്കാരം എന്നിവയിലൂടെ ഐക്യപ്പെട്ട് - സഞ്ചരിക്കുവാൻ ആഗ്രഹിക്കുന്നു. അവരുടെയെല്ലാം ഭാഗധേയം ഒന്നിച്ചുബന്ധിക്കപ്പെട്ട താണ്. അവരുടെ മതപരവും ആധ്യാത്മികവുമായ സമ്പന്നതയെ സ്വന്തമാക്കാൻ സഭ ആഗ്രഹിക്കുന്നുണ്ട്. ക്രിസ്തുവിൻെറ അക്ഷയമായ രക്ഷാകരസമ്പന്നത അവരുമായി പങ്കുവയ്ക്കാൻ സഭ ആഗ്രഹിക്കുന്നുമുണ്ട്. ഏഷ്യയിലെ ജനതകളുടെ സംസ്കാരങ്ങളോടും സാമൂഹികാചാരങ്ങളോടും ഒന്നുചേർന്നു പോകാൻ ഏഷ്യൻ സഭ ആഗ്രഹിക്കുന്നു. അവയെ ക്രിസ്തുവിൻെറ സുവിശേഷത്തിനു വിരുദ്ധമായിട്ടുള്ള എല്ലാത്തിൽനിന്നും വിശുദ്ധീകരിക്കാനും അവൾ ആഗ്രഹിക്കുന്നു. താൻ ജീവിക്കുകയും, തൻെറ കർത്താവിനോടുള്ള ഐക്യത്തിൽ "ജനതകളുടെ സന്തോഷങ്ങളും പ്രത്യാശകളും ദുഃഖങ്ങളും ആകുലതകളും"[1] സ്വന്തമാക്കാൻ ആഗ്രഹിക്കുകയും ചെയ്യുന്ന ഭൂഖണ്ഡത്തിൽ അവൾ ഒരു അപരിചിതയാകാതിരിക്കാനാണത്.

## അധ്യായം 1

# ഏഷ്യൻയാഥാർഥ്യങ്ങൾ

## സമൃദ്ധമായ വിഭവങ്ങളുള്ള ഒരു വിശാലഭൂഖണ്ഡം

### മഹാമതങ്ങളും സംസ്കാരങ്ങളും

2. ഭൂമിശാസ്ത്രപരമായി പറഞ്ഞാൽ ഏഷ്യൻ ഭൂഖണ്ഡത്തിൻെറ ഘടകങ്ങളായ രാജ്യങ്ങളുടെ പട്ടിക നിശ്ചയിക്കുക പ്രയാസമുള്ള കാര്യമാണ്. എന്നിരുന്നാലും, സിനഡിനെ സംബന്ധിച്ചിടത്തോളം മധ്യപൂർവദേശങ്ങൾക്കും (Middle East) അതിപൂർവദേശങ്ങൾക്കും (Far East) മധ്യത്തിലുള്ള വിശാലമായ ഭൂപ്രദേശമായി ഏഷ്യൻ ഭൂഖണ്ഡത്തെ കരുതാം. മധ്യപൂർവദേശം, ഗൾഫ്രാജ്യങ്ങൾ, തെക്കേ ഏഷ്യൻരാജ്യങ്ങൾ, മധ്യേഷ്യൻ രാജ്യങ്ങൾ, തെക്കുകിഴക്കൻ ഏഷ്യൻരാജ്യങ്ങൾ, ഏഷ്യൻ സൈബീരിയ, അതിപൂർവദേശത്ത രാജ്യങ്ങൾ എന്നിവ അതിൽ ഉൾപ്പെടുന്നു. വിപുലമായ ഈ പ്രദേശം വിവിധ വംശങ്ങൾക്കും ജനതകൾക്കും മാതാവായിത്തീർന്നു. മാത്രമല്ല, മനുഷ്യവംശത്തിൻെറയും പ്രപഞ്ചത്തിൻെറയും അർഥത്തെയും ഭാഗധേയത്തെയുംകുറിച്ച് ഏഷ്യൻജനതകൾ നടത്തിയ സുദീർഘമായ അന്വേഷണത്തിൻെറ ഫലമായുണ്ടായ ലോകത്തിലെ മഹാമതങ്ങളുടെയും ദേവസമൂഹങ്ങളുടെയും ജനനിയായുംതീർന്നു. ചരിത്രത്തിൽ അറിയപ്പെടുന്ന മതപരവും തത്ത്വചിന്താപരവും സാമൂഹികവും ഭാഷാശാസ്ത്രപരവുമായ, അത്യഗാധവും വിപുലവുമായ, പദ്ധതികളും സംഘടനകളും, ഓർമയെത്താത്തകാലംമുതൽ ഏഷ്യയിലുണ്ടായിരുന്ന ഋഷിമാരിൽനിന്നും വിശുദ്ധന്മാരിൽനിന്നും മതദ്രഷ്ടാക്കളിൽനിന്നുമാണ് ഉദ്ഭവിച്ചത് എന്നതിൽ സംശയമില്ല. അവർ നൂറ്റാണ്ടുകളിലൂടെയും സഹസ്രാബ്ദങ്ങളിലൂടെയും ദശലക്ഷക്കണക്കിനു മനുഷ്യരുടെ ഭാഗധേയങ്ങളെ നയിച്ചിട്ടുണ്ട്.

യഹൂദമതം, ഏഷ്യയിൽ വ്യാപകമായതോതിൽ അതിനു പ്രാതിനിധ്യമില്ലെങ്കിലും, യഥാർഥത്തിൽ ഒരു ലോകമതമാണ്. സ്രഷ്ടാവും കാരുണ്യവാനുമായ ദൈവത്തെയും, സ്വാതന്ത്ര്യവും മഹത്ത്വവുമുള്ളവനും, എന്നാൽ പാപത്തിൽനിന്നുള്ള വീണ്ടെടുപ്പിൻെറ ആവശ്യമുള്ളവനുമായ മനുഷ്യവ്യക്തിയെയും യുഗാന്ത്യശാസ്ത്രത്തെയുംകുറിച്ചുള്ള പ്രബോധനങ്ങൾ ഉള്ള മതമാ

ണത്. കേവലസത്തയായ പരമയാഥാർത്ഥ്യത്തെയും, അറിവ്, നിസ്വാർഥകർമം, ഭക്തി എന്നിവയിലൂടെ തിന്മയുടെ സകലരൂപങ്ങളിൽ നിന്നും വ്യക്തിക്കുണ്ടാകേണ്ട വിമോചനത്തെയുംകുറിച്ചുള്ള അന്വേഷണത്തിൽ ഹിന്ദുമതം അവിശ്രമം ഏർപ്പെട്ടിരിക്കുന്നു. നിശ്ശബ്ദത, ധ്യാനം, നിസ്സംഗത, അക്രമരാഹിത്യം എന്നിവയ്ക്ക് അത് വളരെ ഊന്നൽനൽകുന്നു. ആത്യന്തികമായി പരമമായ മുക്തിയിലേക്കു നയിക്കുന്ന എട്ട് ആര്യമാർഗങ്ങളിലൂടെ, അസ്തിത്വപരമായ സഹനാവസ്ഥയിൽനിന്ന് രക്ഷപെടാനുള്ളമാർഗം വ്യക്തിക്കുകാണിച്ചുകൊടുക്കാൻ ബുദ്ധമതം ശ്രമിക്കുന്നു. പ്രഥമ സദ്ഗുണമായി സഹതാപത്തെ അത് ഊന്നിപ്പറയുന്നു. കൺഫ്യൂഷിയൻ മതത്തിൻെറയും താവോമതത്തിൻെറയും ധാർമികവും യോഗപരവുമായ ഉന്നതാദർശങ്ങളുടെ സ്വാധീനത്തിലൂടെ, ബുദ്ധമതം പല രാഷ്ട്രങ്ങളിലും പരിഷ്കരിക്കപ്പെട്ടിട്ടുണ്ട്. സമൂഹത്തിലെ സമഞ്ജസമായ ഐക്യത്തിന് ഏറെ ഊന്നൽനൽകുന്നവയാണീ മതങ്ങൾ. സമ്പൂർണകാരുണ്യവാനും ക്ഷമിക്കുന്നവനുമായ, സ്രഷ്ടാവായ ഏക ദൈവത്തെപ്പറ്റിയുള്ള പ്രബോധനംവഴി, ഇസ്ലാംമതം മുദ്രിതമായിരിക്കുന്നു. ആ ഏകദൈവം, അനുസരണം, പ്രാർഥന, ധർമദാനം, ഉപവാസം, ഒരുവൻെറ ജീവിതകാലത്ത് എന്നെങ്കിലും നടത്തേണ്ട മെക്കാതീർഥയാത്ര എന്നിവയിലൂടെ തൻെറ കൽപനകളോടു സമ്പൂർണവിധേയത്വം ആവശ്യപ്പെടുന്നു. പരമ്പരാഗതമതം, പ്രപഞ്ചത്തെയാകെ - അതായത്, പ്രകൃതിയുടെയും മനുഷ്യജീവികളുടെയും ദൃശ്യലോകവും അരൂപികളുടെ അദൃശ്യലോകവും - "പരസ്പരം ഉൾപ്രവേശിക്കുന്നവ"യായി കാണുന്നു. ദൈവവും ആത്മാക്കളും, പ്രകൃതിയും കുടുംബത്തിലെ തൊട്ടടുത്ത അംഗങ്ങളും, വംശവും ഗോത്രവും തമ്മിലുള്ള സംസർഗത്തിനും ഐക്യത്തിനും പരമ്പരാഗതമതം ഊന്നൽനൽകുന്നു.

## ഏഷ്യയിലെ ജനത

3. ഏഷ്യയുടെ ഏറ്റവുംവലിയ സമ്പത്ത് സമ്പന്നവും സഹസ്രാബ്ദങ്ങളുടെ പഴക്കമുള്ളതുമായ സംസ്കാരങ്ങളോടുകൂടിയ ജനതകളാണ്. സ്ഥിരോത്സാഹം, മിതവ്യയശീലം, സ്ഥിരത, സ്ഥിതിസ്ഥാപകത്വം എന്നിവക്കു നൽകുന്ന ഊന്നലിനു പൊതുവേ സുപ്രസിദ്ധരാണവർ.

മതപരവും സാസ്കാരികവുമായ മൂല്യങ്ങൾ - തത്ത്വചിന്താപരമായ അന്വേഷണത്തോടുള്ള സ്നേഹം, ധ്യാനം, ലാളിത്യം, നിസ്സംഗത, നിശ്ശബ്ദത, അക്രമരാഹിത്യം മുതലായവ - ശക്തിയുക്തങ്ങളായ മുതൽക്കൂട്ടുകളായി ഏഷ്യൻജനത കരുതുന്നു. അഗാധമായ മതബോധം, കുടുംബസ്നേഹം, ജീവനോടുള്ള ആദരവ്, സർവജീവജാലങ്ങളോടുമുള്ള സഹാനുഭൂതി, പ്രകൃ

തിയോടുള്ള സ്നേഹവും അതിനോടുള്ള അടുപ്പവും, മാതാപിതാക്കളോടും മൂത്തവരോടും പൂർവികരോടുമുള്ള ബഹുമാനം, സമൂഹബോധം എന്നിവ ഏഷ്യൻജനതകളുടെ മറ്റു ശക്തിസ്രോതസ്സുകളാണ്.

മതവൈവിധ്യം ഏഷ്യയുടെ ചരിത്രത്തിലെ ഒരു സ്ഥിരയാഥാർഥ്യമായിരുന്നു. സംഘർഷങ്ങൾ, യുദ്ധങ്ങൾപോലും, ചിലപ്പോഴെല്ലാം ഉണ്ടായിട്ടുണ്ടെങ്കിലും ഏഷ്യ മതസഹിഷ്ണുതയും സമാധാനപൂർണമായ സഹവർത്തിത്വവും വളരെയേറെ പ്രദർശിപ്പിച്ചിട്ടുണ്ട്. എല്ലാക്കാലങ്ങളിലും മതങ്ങൾക്കിടയിൽ സജീവമായ സംവാദവും ഒത്തിണങ്ങലിൻെറ ബോധവും പരസ്പരം സമ്പന്നമാക്കാനുള്ള ആഗ്രഹവും നിലനിന്നിരുന്നു.

ആധുനികതാവത്കരണത്തിൻെറയും ഭൗതികതാവത്കരണത്തിൻെറയും പ്രക്രിയ നിലവിലുണ്ടെങ്കിലും, ഏഷ്യൻമതങ്ങൾ സജീവത്വവും നവീകരണത്തിനുള്ള കഴിവും പ്രദർശിപ്പിക്കുന്നുണ്ട്. നവീകരണത്തിനുള്ള പ്രസ്ഥാനങ്ങൾ അതിൻെറ തെളിവാണ്. ഈ ഗ്രൂപ്പുകൾ, കഴിഞ്ഞകാലത്തേക്കാളേറെ, സാമൂഹികതാത്പര്യം ഇന്നുകാണിക്കുന്നുണ്ട്. ആധ്യാത്മിക മൂല്യങ്ങൾക്കായുള്ള അഗാധമായ ദാഹത്തിൻെറ അടയാളങ്ങളും പ്രത്യക്ഷമായിട്ടുണ്ട്. എല്ലാ ജീവിതവൃത്തിയിലുള്ളവരും, പ്രത്യേകിച്ചു യുവാക്കൾ, ആ ദാഹം വ്യക്തമാക്കുന്നു. ഈ പ്രതിഭാസം പുതിയ മതാത്മക പ്രസ്ഥാനങ്ങളുടെ ജനനത്താൽ സഹഗമിക്കപ്പെടുന്നതുമാണ്.

## വളർന്നുവരുന്ന ഒരു ഏഷ്യൻബോധം

4. "ഏഷ്യാക്കാരനായിരിക്കുക" എന്ന ഒരു ബോധം ഏഷ്യാക്കാരുടെയിടയിൽ വളർന്നുവരുന്നു. ഏഷ്യയുടെ സമ്പന്നവും വൈവിധ്യപൂർണവുമായ സംസ്കാരങ്ങളെ സംബന്ധിച്ച ബോധത്തിലുള്ള ഭാഗഭാഗിത്വം, മതാത്മകവും സാംസ്കാരികവുമായ പൈതൃകത്തിൻെറ പൊതുഘടകങ്ങൾ, കോളണിവാഴ്ചയുടെ അനുഭവത്തിലുള്ള പങ്കുപറ്റൽ, പൊതുവേ അംഗീകരിക്കപ്പെടുന്ന മതാത്മകമൂല്യങ്ങൾ, കൺഫ്യൂഷ്യസ് മുതലായ ജ്ഞാനികളും ഋഷിമാരുമായ മഹാമതസ്ഥാപകരുടെ പുസ്തകങ്ങളിൽ അടങ്ങിയിരിക്കുന്ന ജ്ഞാനത്തിൻെറതായ ഏഷ്യൻ പൈതൃകം, സാമ്പത്തിക താത്പര്യങ്ങളുടെ പാരസ്പര്യം എന്നിവയിൽനിന്നാണ് ആ ബോധമുണ്ടാകുന്നത്.

ഏഷ്യ പൗരാണികമാണ്, എന്നാലും വളരെ ബാല്യപ്രായത്തിലുള്ളതുമാണ്. അതിൻെറ ജനസംഖ്യയിൽ 60 ശതമാനവും ചെറുപ്പക്കാരാണ്. അവരാണ് ഏഷ്യയുടെ പ്രത്യാശയും ഭാവിയും. വൈദഗ്ധ്യമാർന്ന തൊഴിലാളികളുടെയും ശാസ്ത്രജ്ഞന്മാരുടെയും സാങ്കേതികവിദഗ്ദ്ധരുടെയും ഒരു പുതിയ

തലമുറ അനുദിനം വളർന്നുവരുന്നു; ഏഷ്യയുടെ വികസനത്തെക്കുറിച്ചു പ്രവചിക്കുകയും ചെയ്യുന്നു.

ഏഷ്യൻജനത പലതലങ്ങളിലും ഒന്നിച്ചു ജോലിചെയ്യാനും കൂടുതൽ നല്ല ഏഷ്യയ്ക്കായി സഹകരിക്കാനും തുടങ്ങിക്കഴിഞ്ഞു. ഗവൺമെൻറു തലത്തിൽ, അസോസിയേഷൻ ഓഫ് സൗത്ത് ഈസ്റ്റ് ഏഷ്യൻ നേഷൻസ് (ASEAN), സൗത്ത് ഏഷ്യൻ റീജിയണൽ കോൺഫ്രൻസ് (SARC) എന്നിവ പോലുള്ള ഭൂഖണ്ഡസംബന്ധമായ ഗ്രൂപ്പുകളും രാഷ്ട്രങ്ങളുടെ സാമ്പത്തികവും സാംസ്കാരികവുമായ മറ്റ് സംഘടനകളും, ഏഷ്യൻജനതകളുടെ പുരോഗതിക്കായി സംഭാവനകൾ നൽകാൻ തുടങ്ങിക്കഴിഞ്ഞു. ദരിദ്രരെ സമുദ്ധരിക്കാൻ സർക്കാർ തലത്തിലല്ലാതെ, പല സ്വകാര്യസംരംഭങ്ങളും തുടങ്ങിയിട്ടുണ്ട്.

കാലത്തിൻെറ അടയാളങ്ങൾ ഏഷ്യയിൽ ഓരോ രാജ്യത്തിനും ഓരോ തരത്തിലാണ്. എന്നാലും എല്ലായിടത്തും പൊതുവായ ഒരു മാതൃക തിരിച്ചറിയാൻകഴിയും. സമൂഹത്തിൽ നിലനിൽക്കുന്ന അന്യായമായ സംവിധാനങ്ങളെ മാറ്റിമറിക്കുവാനുള്ള ജനശക്തിയെപ്പറ്റിയുള്ള ബോധം ഏഷ്യയിലെങ്ങും വളർന്നുവരുന്നുണ്ട്. വർധിച്ച സാമൂഹികനീതി ഗവൺമെൻറിലും വ്യവസായത്തിലും വർധിച്ചഭാഗഭാഗിത്വം, വിദ്യാഭ്യാസത്തിലും തൊഴിലിലും തുല്യാവസരങ്ങൾ, ദേശത്തിൻെറ വിഭവങ്ങളുടെ നീതിപൂർവകമായപങ്ക് എന്നിവയ്ക്കുവേണ്ടിയുള്ള പരിശ്രമം നടക്കുന്നുണ്ട്. ജനതകളുടെയിടയിൽ, അവരുടെ മാനുഷികമഹത്ത്വം, മാനുഷികാവകാശങ്ങൾ, നൈയാമികാവകാശങ്ങൾ മുതലായവയെ സംബന്ധിച്ച് ബോധം വർധിച്ചുവരുന്നുണ്ട്. ദീർഘകാലം ഉറങ്ങിക്കിടന്നിരുന്ന വംശപരവും സാമൂഹികവും സാംസ്കാരികവുമായ ന്യൂനപക്ഷങ്ങൾ തങ്ങളുടെ സമൂഹത്തിൽ മാറ്റങ്ങളുടെ പ്രവർത്തകരാകാൻ തങ്ങളെത്തന്നെ ശക്തിപ്പെടുത്തുകയാണ്. സമൂഹത്തിൻെറ പൊതുവായ പരിവർത്തനത്തിലും പ്രത്യേകിച്ച് ജീവൻെറ പൂർണതയ്ക്കായുള്ള ജനതയുടെ ദാഹത്തിലും ദൈവത്തിൻെറ ആത്മാവ് യഥാർഥത്തിൽ പ്രവർത്തിക്കുന്നുണ്ട്.

ഏഷ്യൻഭൂഖണ്ഡത്തെ സംബന്ധിച്ച മറ്റുവശങ്ങൾ - അതായത്, സാമൂഹിക-സാമ്പത്തിക വികസനം, രാഷ്ട്രീയസ്ഥിതി എന്നിവയും അവയിൽ നിന്നുണ്ടാകുന്ന സ്വാധീനവും വിവരിക്കാൻ കൂടുതൽ പ്രയാസമുണ്ട്.

## പരീക്ഷണങ്ങളും വെല്ലുവിളികളും

### സാമൂഹിക സാമ്പത്തിക വികസനം

5. ഏഷ്യൻ ഭൂഖണ്ഡത്തിലെ, വികസനമേഖലയിലുള്ള സാഹചര്യങ്ങൾ വളരെ വ്യത്യസ്തങ്ങളാണ്. തന്മൂലം അവയെ ഒരു വിഭാഗത്തിൽപ്പെടുത്തി വർഗീകരിക്കാൻ സാധ്യമല്ല. ഏഷ്യയിലെ ചില രാഷ്ട്രങ്ങൾ വളരെയേറെ വികസിച്ചവയാണ്. അതേസമയം മറ്റുചില രാഷ്ട്രങ്ങൾ പ്രായോഗിക സാമ്പത്തിക നയങ്ങളിലൂടെ ഇപ്പോഴും വികസിച്ചുകൊണ്ടിരിക്കുന്നതേയുള്ളു. ചില സന്ദർഭങ്ങളിൽ, അത്തരം വികസനത്തിന്റെ വിലയായി പരമ്പരാഗത സാമൂഹിക മതാത്മകമൂല്യങ്ങളാണു നൽകേണ്ടിവന്നത്. എന്നിരുന്നാലും, വിപരീതഫലങ്ങൾ ഉളവാക്കാതെതന്നെ ഈ തത്ത്വങ്ങളെ ആധുനികധനതത്വശാസ്ത്രത്തോടും രാഷ്ട്രീയജീവിതത്തോടും പൊരുത്തപ്പെടുത്തുവാൻ ചില ഏഷ്യൻ രാജ്യങ്ങൾക്കു കഴിഞ്ഞിട്ടുണ്ട്. ചില രാജ്യങ്ങൾ വികസനത്തിന്റെ മണ്ഡലത്തിൽ ഭാഗ്യംകുറഞ്ഞവയായിരുന്നു. അവ ലോകത്തിലെ ഏറ്റവും ദരിദ്രരാജ്യങ്ങളിൽ ചിലതായി കഴിയുന്നു. വികസനത്തിന്റെ പ്രക്രിയയിൽ ഭൗതികവാദവും സെക്കുലറിസവും, പ്രത്യേകിച്ച് നഗരപ്രദേശങ്ങളിൽ, വേരുപിടിച്ചുവരുന്നു. പരമ്പരാഗത സാമൂഹിക മതാത്മകമൂല്യങ്ങൾക്കു തുരങ്കം വയ്ക്കുന്ന ഈ പ്രത്യയശാസ്ത്രങ്ങൾ ഏഷ്യയുടെ മഹത്തായ സംസ്കാരങ്ങളെ, ഗണനാതീതമായ നാശത്തോടെ, ഭീഷണിപ്പെടുത്തുന്നു.

ഏഷ്യൻ ഭൂഖണ്ഡത്തിൽ സംഭവിക്കുന്ന ധൃതഗതിയിലുള്ള മാറ്റങ്ങളെ സംബന്ധിച്ചിടത്തോളം സാമൂഹിക സമ്പർക്കമാധ്യമങ്ങൾക്കുള്ള സ്വാധീനം ചെറുതായിക്കാണാൻ സാധ്യമല്ല. പോൾ ആറാമൻമാർപാപ്പാ, സമ്പർക്കമാധ്യമങ്ങൾക്കുള്ള വിദൂരവ്യാപകമായ സ്വാധീനം കണ്ടുകൊണ്ട്, അവയെ സാമൂഹികപരിവർത്തനത്തിന്റെ ഏറ്റവും ശക്തമായ ഉപകരണമായി ചിത്രീകരിക്കുകയുണ്ടായി.[2] സമ്പർക്കമാധ്യമങ്ങൾ വികസനത്തിനായി ധാരാളം ഭാവാത്മക സംഭാവനകൾ നൽകിയിട്ടുള്ള അനേകം ഏഷ്യൻരാജ്യങ്ങളിൽ, ആ മാധ്യമങ്ങളെ നിക്ഷിപ്തതാത്പര്യക്കാർ ദുരുപയോഗിക്കാൻ സാധ്യതയുണ്ട് എന്ന വസ്തുതയാൽ, അവയുടെ ഉപകാരപ്രദമായ ഫലങ്ങൾ ലഘൂകരിക്കപ്പെടാം. ചിലകാര്യങ്ങളിൽ, മാധ്യമങ്ങൾ രാഷ്ട്രീയവും സാമ്പത്തികവും പ്രത്യയശാസ്ത്രപരവുമായ പ്രബലശക്തികളാൽ നിയന്ത്രിക്കപ്പെടുന്നു. സമ്പർക്കമാധ്യമങ്ങൾ ചിലപ്പോൾ ഏഷ്യയുടെ മതപരവും കുടുംബപരവുമായ പരമ്പരാഗതമൂല്യങ്ങൾക്കു തുരങ്കംവച്ചുകൊണ്ട് സാംസ്കാരികാക്രമണത്തിനുള്ള ഉപാധിയായിത്തീരാം. തന്മൂലം അവയുടെ ഉപയോഗത്തെപ്പറ്റിയുള്ള വിദ്യാഭ്യാസവും വിവരദാനവും സുപ്രധാനമാണ്.[3]

ഏഷ്യൻ ഭൂഖണ്ഡത്തിലെ മാറ്റത്തെ ബാധിക്കുന്ന ഭാവാത്മക ഘടകങ്ങളോടൊപ്പം ചില സാമൂഹിക-സാമ്പത്തിക താത്പര്യങ്ങളുമുണ്ട്. അനേകം ദശകങ്ങളായി സ്വാതന്ത്ര്യവും സാമ്പത്തികപദ്ധതികളും പ്രകൃതിപരവും മാനുഷികവുമായ വിഭവങ്ങളും ഉണ്ടായിരുന്നിട്ടും, തങ്ങളുടെ ജനങ്ങൾക്കു മാനുഷികജീവിതാവസ്ഥകളുടെ മിനിമം നിലവാരംപോലും പ്രദാനംചെയ്യാൻ അനേകം ഏഷ്യൻ ഗവൺമെൻറുകൾക്കു കഴിഞ്ഞിട്ടില്ല. ഈ അവസ്ഥയെപ്പറ്റി ചിന്തിച്ചുകൊണ്ട് ജോൺപോൾ രണ്ടാമൻ മാർപാപ്പ ഇങ്ങനെപറഞ്ഞു: "തൊഴിലാളികളെ ചൂഷണംചെയ്യൽ, പുരോഗതിനേടിയ ഒരു സമൂഹത്തിൻെറ ഉപകാരങ്ങളിൽനിന്ന് അനേകംപേരെ പുറംതള്ളൽ, സാമൂഹികസഹായമില്ലായ്മ, നിരക്ഷരത, മദ്യത്തിൻെറയും മയക്കുമരുന്നുകളുടെയും ഉപയോഗം, അതുപോലുള്ള മറ്റു 'കൃത്രിമപറുദീസ'കൾ, ചൂതാട്ടത്തിൻെറയും അക്രമത്തിൻെറയും വ്യാപനം, വൻനഗരങ്ങളിൽ കാണുന്ന അഴിമതി, നഗരകേന്ദ്രങ്ങൾക്കു വെളിയിൽ പെരുകിക്കൊണ്ടിരിക്കുന്ന ചേരികളിൽ ദശലക്ഷക്കണക്കിനു മനുഷ്യൻ അനുഭവിക്കാൻ നിർബന്ധിതമായിരിക്കുന്ന മനുഷ്യോചിതമല്ലാത്ത ജീവിതാവസ്ഥകൾ എന്നിവയെപ്പറ്റി ഞാൻ ചിന്തിക്കുകയാണ്."[4]

അനേകം ഏഷ്യൻരാജ്യങ്ങൾ, പോഷകാഹാരക്കുറവ്, ആഹാരക്കുറവ്, അനിയന്ത്രിതമായ ജനസംഖ്യാസ്ഫോടനം, പദ്ധതിയില്ലാത്ത നഗരവത്കരണവും അവയോടുചേർന്ന സാമൂഹികവും ധാർമികവുമായ സകലഇനം തിന്മകളും, രാഷ്ട്രീയപ്രശ്നങ്ങൾ എന്നിവയുടെ ദൂഷിതവലയത്തിൽ കുടുങ്ങിക്കിടക്കുകയാണ്. ധാരാളം ഏഷ്യൻരാജ്യങ്ങളിൽ അൻപതിലേറെ ശതമാനം ജനം ദരിദ്രരേഖയ്ക്ക് താഴെ ജീവിക്കുന്നു. ശാരീരികവൈകല്യമുള്ളവർ, അന്ധർ, ബധിരർ, സാംക്രമികരോഗങ്ങൾ ഉള്ളവർ എന്നിവരുടെ വലിയ സംഖ്യ ഏഷ്യയിലുണ്ട്.

സ്ത്രീകളോടുള്ള ആദരവ്, മുറുക്കമുള്ള കുടുംബബന്ധങ്ങൾ, സന്താനപരമായഭക്തി, വൃദ്ധരോടുള്ള ശ്രദ്ധ, കുട്ടികളോടുള്ള സ്നേഹം എന്നിവ ഏഷ്യയുടെ അഗാധതയിൽ വേരുറച്ചിട്ടുള്ള സാംസ്കാരികമൂല്യങ്ങളാണ്. എന്നാലും, കുറേസ്ത്രീകൾ രണ്ടാംതരം മനുഷ്യജീവികളായി കരുതപ്പെടുന്നു. ആ ചിന്തയോടെ അവരോടു പെരുമാറുന്നു. പല രീതിയിലും അവർ വിവേചനം സഹിക്കേണ്ടിവരുകയും ചെയ്യുന്നു. സംഘടിതമായ വേശ്യാവൃത്തി, കുട്ടികളുടെപോലും വേശ്യാവൃത്തി - ഏഷ്യയുടെ ചില പ്രദേശങ്ങളിൽ വളർന്നുവരുന്നു. ചില രാജ്യങ്ങളിൽ ദുരന്തപരമായ ഈ സാഹചര്യം പൊതുവേ സമൂഹത്തിൻെറ അനുവാദത്തോടെതന്നെ, മത-രാഷ്ട്രീയശക്തികളുടെ അംഗീകാരത്തോടെതന്നെ, വളർന്നുവരുകയാണെന്നു തോന്നുന്നു.

അതേസമയം ദശലക്ഷക്കണക്കിനു ദളിതരും (സമൂദായത്തിൻെറ പുറമ്പോക്കിലാക്കപ്പെട്ടവർ) ഉണ്ട്. അവർ നൂറ്റാണ്ടുകളും സഹസ്രാബ്ദങ്ങളുമായി, സാമ്പത്തികമായും സാംസ്കാരികമായും രാഷ്ട്രീയമായും സമൂഹത്തിൻെറ അതിർവരമ്പുകളിലാക്കപ്പെട്ടിരിക്കുന്നവരാണ്. വീണ്ടും, ആദിവാസികൾ അഥവാ ഗോത്രവർഗക്കാർ ഏഷ്യയിലെങ്ങും, ഓർമയെത്താത്തകാലം മുതൽ ബഹുഭൂരിപക്ഷത്തിൽനിന്ന് അകന്ന് സാമൂഹികവും സാംസ്കാരികവും രാഷ്ട്രീയവുമായ ഒറ്റപ്പെടലിൽ കഴിഞ്ഞുകൂടുന്നു. എന്നിരുന്നാലും, പ്രാദേശികതലത്തിലും, ദേശീയവും അന്തർദേശീയവുമായ തലങ്ങളിലും അവർ വർധമാനമായ അംഗീകാരം നേടുന്നുണ്ട്.[5]

## രാഷ്ട്രീയ പരിതഃസ്ഥിതി

6. ഏഷ്യൻ ഭൂഖണ്ഡത്തിലെ രാഷ്ട്രീയപരിത:സ്ഥിതി, അതിൻെറ സാമൂഹികവും സാമ്പത്തികവുമായ മാനങ്ങൾപോലെതന്നെ, വൈവിധ്യമുള്ളതാണ്. അനേകം പ്രത്യയശാസ്ത്രങ്ങളുടെ കോലാഹലംകൊണ്ടാണ് ഏഷ്യയുടെ രാഷ്ട്രീയ ഛായാപടം വരച്ചിട്ടുള്ളുത്. ഗവൺമെൻറിൻെറ ദൈവാധിപത്യഭരണരൂപങ്ങളുണ്ട്. അവയിൽ ഔദ്യോഗികമായി അംഗീകരിക്കപ്പെട്ടിരിക്കുന്ന മതവും നൈയാമികവ്യവസ്ഥിതിയുമാണുള്ളത്. അവയിൽ ഒട്ടും മതസ്വാതന്ത്ര്യമില്ല. ചിലരാജ്യങ്ങൾ ദൈവാധിപത്യപരമെന്നു പരസ്യമായി പ്രഖ്യാപിക്കപ്പെട്ടിട്ടില്ല. എങ്കിലും മതന്യൂനപക്ഷങ്ങളെ അനുദിനജീവിതത്തിൽ രണ്ടാംതരം പൗരന്മാരുടെ നിലയിലേക്ക് താഴ്ത്തിയിരിക്കുന്നു. അവരുടെ മൗലികാവകാശങ്ങൾ ഒട്ടും സംരക്ഷിക്കപ്പെടുന്നില്ല. ഏഷ്യയിലെ മറ്റു രാഷ്ട്രങ്ങളിൽ മതസ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടിരിക്കുന്നു. ചിലപ്പോൾ ഈ സാഹചര്യത്തിൽ വിശ്വാസികൾ സ്വന്തം രാഷ്ട്രത്തിൻെറ ഒറ്റുകാരായി പരിഗണിക്കപ്പെടുന്നു. അവർ മതപീഡനം അനുഭവിക്കുന്നു. അവർ പിൻനിരയിലേക്കു തള്ളപ്പെടുന്നു. ചില ഗവൺമെൻറുകൾ വംശവിഛേദനം, ജനങ്ങളെ വൻതോതിൽ സ്ഥലംമാറ്റൽ, അന്യസംസ്കാരത്തിൻെറയും നിയമത്തിൻെറയും അടിച്ചേൽപിക്കൽ, അഭിപ്രായവ്യത്യാസങ്ങളെയും വിമർശനങ്ങളെയും ഒഴിവാക്കുകയോ ഞെരുക്കിക്കളയുകയോ ചെയ്യൽ എന്നിവ പ്രയോഗിക്കുന്നു. ചില സ്ഥലങ്ങളിൽ ശോകപൂർണമായ ഈ അവസ്ഥ തുടരുകയാണ്. ജോൺപോൾ രണ്ടാമൻ മാർപാപ്പ ഊന്നിപ്പറഞ്ഞിട്ടുള്ളതുപോലെ, മുൻപറഞ്ഞ രാഷ്ട്രീയാവസ്ഥ വ്യക്തിയുടെ സമഗ്രവികസനത്തിനുള്ള സുപ്രധാന വിഘ്നമാണ്: "പാരമ്പര്യങ്ങളുടെ വിഛേദനം - മിക്കപ്പോഴും ബലാത്കാരേണയുള്ള അടിച്ചേൽപിക്കൽവഴി - ആവശ്യപ്പെട്ടുകൊണ്ട് സമഗ്രമായ മാനുഷികവികസനത്തെ അതു തടയുന്നു. വിശപ്പ് ഉൾപ്പെടെയുള്ള വലി

യ സഹനത്തിനു ധാരാളം ജനങ്ങളെ അതു ഇരയാക്കുന്നു. മിഥ്യയായ സാമ്പത്തികപദ്ധതികളും, ചെലവേറിയ ആയുധസന്നാഹംപോലുള്ള വഴി തെറ്റിക്കപ്പെട്ട മുൻഗണനകളുംവഴി ഇങ്ങനെ സംഭവിക്കുന്നു."[6]

അതേസമയം, ഏഷ്യയിലെ പല രാജ്യങ്ങളും ഗവൺമെൻറിൻെറയും സമൂഹത്തിൻെറയും എല്ലാതലങ്ങളിലും സാംക്രമികസ്വഭാവമുള്ള അഴിമതിയാൽ മുദ്രിതമാണ്. അതിൻെറ ഫലമായി ജനങ്ങൾ അഴിമതിനിറഞ്ഞ രാഷ്ട്രീയക്കാർക്കോ, നീതിന്യായപീഠങ്ങളിലെ ഉദ്യോഗസ്ഥന്മാർക്കോ, അഡ്മിനിസ്ട്രേറ്റർമാർക്കോ ഉദ്യോഗസ്ഥമേധാവിത്വത്തിനോ എതിരായി ഉണർന്നെഴുന്നേൽക്കാൻപോലും കഴിവില്ലാത്തവരായിരിക്കുന്നുവെന്നു തോന്നുന്നു. ജനങ്ങളുടെയിടയിലുള്ള വിഭജനങ്ങൾവഴി ഈ പ്രശ്നം വീണ്ടും സങ്കീർണമായിത്തീരുന്നു. പലപ്പോഴും ബഹുരാഷ്ട്രസംഘടനകളും ദേശീയ സംഘടനകളും ഏജൻസികളും വ്യാവസായിക സംരംഭങ്ങളും, വിഭാഗീയവും ഏകപക്ഷീയവുമായ പുരോഗതിയുണ്ടാക്കുവാൻ ഒന്നിക്കുന്നതായി കാണുന്നു. ആ പുരോഗതിയുടെ ഗുണഫലങ്ങൾ ദരിദ്രരിലേക്ക് എത്തിച്ചേരുന്നില്ല. അങ്ങനെ ദരിദ്രർ അവരുടെ ദാരിദ്ര്യത്തിൽത്തന്നെ നിലനിൽക്കുകയോ കൂടുതൽ ദരിദ്രരാവുകപോലുമോ ചെയ്യുന്നു.

മുകളിൽപ്പറഞ്ഞ ഘടകങ്ങൾ സംഘർഷത്തിൻെറ സാഹചര്യങ്ങളിലേക്ക് അനിവാര്യമാംവിധം നയിക്കുന്നു. ഏഷ്യയിൽ പ്രാദേശികവും ദേശീയവും അന്തർദേശീയവുമായ തലങ്ങളിൽ അതിൻെറ സാക്ഷ്യങ്ങളുണ്ട്. ഈ സംഘർഷങ്ങൾ വംശപരവും മതപരവും രാഷ്ട്രീയവും സാമ്പത്തികവുമായ രൂപങ്ങൾ സ്വീകരിച്ചിട്ടുണ്ട്. ഈ സംഘട്ടനങ്ങളെല്ലാം ജനതകളുടെ സമഗ്രവികസനത്തെയും പുരോഗതിയെയും തടയുന്നു. അവ ഏറ്റവും കൂടുതലായി ബാധിക്കുന്നത് ദരിദ്രരെയാണ്. ഇത്തരം സമരങ്ങളുടെ ഫലമായി ഏഷ്യയിൽ ദശലക്ഷക്കണക്കിനു കുടിയേറ്റക്കാരും തൊഴിലാളികളും അഭയാർഥികളും അനാഥാലയം തേടുന്നവരും ഉണ്ടായിരിക്കുന്നു. നിലനിൽപിനുവേണ്ടിയും ജീവിതത്തിൽ അവസരങ്ങൾ കണ്ടെത്തുന്നതിനുവേണ്ടിയും അന്വേഷിച്ചിറങ്ങുന്ന ഈ വ്യക്തികൾ പലപ്പോഴും ശത്രുതയും വിവേചനവും അനിശ്ചിതഭാവിയും നേരിടേണ്ടിവരുന്നു. മിക്കപ്പോഴും അവരുടെ കുടുംബബന്ധങ്ങൾ തകർന്നിരിക്കും. അങ്ങനെ വീണ്ടും ധാർമികവും സാമൂഹികവുമായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

കൂടാതെ, ആസൂത്രണരഹിതവും അനിയന്ത്രിതവുമായ വികസനം ഏഷ്യയിലെ പല രാഷ്ട്രങ്ങളിലും പരിസ്ഥിതിപരമായ വിനാശത്തിലേക്കു നയിക്കുകയാണ്. ഗവൺമെൻറുകളോടുമത്സരിച്ച് ശക്തന്മാരും ഉദ്യോഗസ്ഥ

മേധാവികളും വ്യാവസായിക-സൈനികസംഘടനകളും, പ്രകൃതിവിഭവങ്ങളെ അത്യാഗ്രഹത്തോടെ, ധൂർത്തോടെ, ചൂഷണംചെയ്യുന്നു. ഇപ്പോഴത്തെ തലമുറയ്ക്കും വരുതലമുറകൾക്കുമുള്ള പ്രകൃതിയിലെ അമൂല്യവിഭവങ്ങൾ അങ്ങനെ നശിപ്പിക്കപ്പെടുന്നു.

അനേകം ഏഷ്യൻരാജ്യങ്ങൾ അന്താരാഷ്ട്രകടത്തിൻെറ ഭാരം പേറുന്നു. അത് അവരുടെ ദേശീയവരുമാനത്തെ കടം വീട്ടാൻമാത്രമുള്ളതാക്കിത്തീർക്കുന്നു. വികലമായ സാമ്പത്തിക കാര്യസ്ഥത, അഴിമതി, കടംവീട്ടൽ, എന്നിവക്കിടയിൽ ദേശീയസാമ്പത്തിക വളർച്ചക്കോ അടിയന്തിരമായ ആവശ്യമുള്ള സാമൂഹിക സേവനങ്ങൾക്കോ വേണ്ടതൊന്നും അവശേഷിക്കുകയില്ല.

സാമ്പത്തികതയെ ആഗോളവ്യാപകമാക്കലും ആധുനികതാവത്കരണത്തിൻെറ പ്രക്രിയയും എപ്പോഴും ജനതയുടെ പ്രാഥമികാവശ്യങ്ങളെ പരിഗണിക്കുന്നില്ല. ഈ പ്രക്രിയയിൽ കൂടുതൽ സമത്വമുള്ള സമൂഹത്തിലേക്കുള്ള വഴിയിൽ ദരിദ്രർ വീണ്ടും പിന്നിലാക്കപ്പെടുകയാണ്. ഇത്തരമൊരു സാഹചര്യം, സാംസ്കാരികവും സാമൂഹികവും ജനസംഖ്യാപരവുമായ സ്ഥാനചലനത്തിലേക്കും നയിക്കും.

## യേശുക്രിസ്തുവിലുള്ള വീണ്ടെടുപ്പ്

7. ക്രിസ്തുവിൻെറ രക്ഷാകരദൗത്യം നിർവഹിക്കപ്പെടേണ്ട സജീവസാഹചര്യവും അവസ്ഥയുമാണ്, ഏഷ്യയിലെ ഓരോ യാഥാർഥ്യവും. ഈ ഏഷ്യയിലേക്കാണ് - വിഭവങ്ങളും ശക്തിയും വെല്ലുവിളികളുമുള്ള ഈ ഏഷ്യയിലേക്കാണ് - യേശുവിൻെറ ശിഷ്യന്മാർ അയയ്ക്കപ്പെടുന്നത്. ഏഷ്യയിലെ ജനങ്ങൾക്കു ജീവനുണ്ടാകാനും അതുസമൃദ്ധമായി ഉണ്ടാകാനും വേണ്ടി - അതായത്, അത് അതിൻെറ തിരശ്ചീനവും സർവാതിശായിയുമായ മാനങ്ങളിൽ ഉണ്ടാകുന്നതിനുംവേണ്ടി - അയയ്ക്കപ്പെടുന്നത്. യേശുക്രിസ്തുവിൻെറ ശിഷ്യന്മാർ എന്നനിലയിൽ, സഭാംഗങ്ങൾ ഏഷ്യൻ സാഹചര്യത്തെ സമീപിക്കുന്നത് ക്രിസ്തുവിൻെറ കുരിശിൽനിന്നുള്ള ശക്തിയോടെയാണ്. യേശുക്രിസ്തു എല്ലാകാലത്തെയും എല്ലാ ജനതയുടെയും ഭാരങ്ങൾ വഹിച്ചു. എല്ലാവരുടെയും രക്ഷയ്ക്കുവേണ്ടി അവിടുന്ന് അവരെ വീണ്ടെടുക്കുകയും വിശുദ്ധീകരിക്കുകയുംചെയ്തു. ഇതാണ് സഭയുടെ ശക്തിയുടെയും പ്രചോദനത്തിൻെറയും സ്രോതസ്സ്. സഭ എളിയരീതിയിൽ ഏഷ്യയുടെ ഭാരങ്ങൾ തൻെറമേൽതന്നെ വഹിക്കാൻ ആഗ്രഹിക്കുന്നു. തൻെറ സഹോദരീസഹോദരന്മാരോടൊപ്പം അവ വഹിച്ച്, യേശുക്രിസ്തുവിൽ അവി

ടുത്തെ രക്ഷാകരമായ മരണം, ഉത്ഥാനം എന്നിവയിലൂടെ, അവരെ വീണ്ടെടുക്കപ്പെട്ടവരാക്കുവാനും ആഗ്രഹിക്കുന്നു.

യേശുക്രിസ്തുവിൻെറ മരണവും ഉത്ഥാനവും, ഏഷ്യയിലുള്ള അവിടുത്തെ ശിഷ്യന്മാരുടെ ഹൃദയങ്ങളെ, തങ്ങളെത്തന്നെയും, അതുവഴി ഏഷ്യൻ ഭൂഖണ്ഡത്തെയും പുതുക്കുവാനുള്ള പ്രത്യാശയും ശക്തിയുംകൊണ്ടു നിറയ്ക്കുന്നു. ഏഷ്യയിലെസഭ എണ്ണമനുസരിച്ചു നോക്കുമ്പോൾ "ചെറിയ അജഗണ"മാണ്. എന്നാലും അത് ഏഷ്യയുടെ യാഥാർത്ഥ്യങ്ങളെയും കഴിവുകളെയും പ്രത്യാശകളെയും സ്വന്തമാക്കാൻ ആഗ്രഹിക്കുന്നു.[7] ലോകത്തിനു ജീവനുണ്ടാകാൻവേണ്ടി ദൈവം തൻെറ പുത്രനെ ലോകത്തിലേക്കയച്ചു. ആ "ലോക"ത്തിൻെറ ഒരു ഭാഗമാണ് ഏഷ്യ. അവിടുത്തെ സാന്നിധ്യം അവിടെയുണ്ട്: "മനുഷ്യജാതിയുടെ ചരിത്രത്തിൽ രക്ഷകൻ എന്നനിലയിൽ പുത്രൻ എപ്പോഴും സന്നിഹിതനാണ്. രക്ഷാകർമ്മം മനുഷ്യചരിത്രത്തിലാകെ നിറഞ്ഞുനിൽക്കുന്നു. ക്രിസ്തുവിൻെറ ആഗമനത്തിനുമുമ്പേ അത് അപ്രകാരമായിരിക്കുന്നു. അതിൻെറ യുഗാന്ത്യപരമായ ഭാവിയെ അതു സജ്ജമാക്കുകയും ചെയ്യുന്നു. അത് ഇരുട്ടിൽ പ്രകാശിക്കുന്ന വിളക്കാണ്; ഇരുട്ട് അതിനെ കീഴടക്കിയിട്ടില്ല. (cf. യോഹ. 1:5) ക്രിസ്തുവിൻെറ കുരിശിൻെറയും ഉത്ഥാനത്തിൻെറയും ശക്തി, മനുഷ്യനു ഭയപ്പെടാനാവുന്നതോ മനുഷ്യൻ ഭയപ്പെടേണ്ടതോ ആയ ഏതൊരു തിന്മയെക്കാളും മഹത്തരമാണ്."[8]

## അധ്യായം 2

# ഏഷ്യയിലെ സുവിശേഷവത്കരണം

## ക്രിസ്തുമതം ഏഷ്യയിൽ

### അപ്പസ്തോലിക പ്രാരംഭങ്ങൾ

8. പൗലോസ്ശ്ലീഹ ഗലാത്തിയായിലെ ക്രിസ്ത്യാനികൾക്ക് ഇപ്രകാരം എഴുതി: "എന്നാൽ കാലസമ്പൂർണതവന്നപ്പോൾ ദൈവം തൻെറ പുത്രനെ അയച്ചു. അവൻ സ്ത്രീയിൽനിന്നു ജാതനായി; നിയമത്തിന് അധീനനായി ജനിച്ചു. അങ്ങനെ നമ്മെ പുത്രന്മാരായി ദത്തെടുക്കേണ്ടതിന് അവൻ നിയമത്തിന് അധീനരായിക്കഴിഞ്ഞവരെ "വിമുക്തരാക്കി" (ഗലാ. 4:4-5). യേശുക്രിസ്തു മനുഷ്യനായി അവതരിച്ചത് ഏഷ്യയിലാണ്. അവിടുന്ന് സദ്വാർത്ത പ്രസംഗിച്ചതും പീഡകൾ സഹിച്ചതും, മരിച്ചതും, ഉത്ഥാനം ചെയ്തതും, തൻെറ ശിഷ്യന്മാരുടെമേൽ പരിശുദ്ധാത്മാവിനെ നിശ്വസിച്ചതും സുവിശേഷം പ്രസംഗിക്കാനും വിശ്വാസികളുടെ സമൂഹങ്ങളെ ശേഖരിക്കാനും ലോകത്തിൻെറ അതിരുകളിലേക്ക് അവരെ അയച്ചതും ഏഷ്യയിലാണ്.

സുവിശേഷവത്കരണത്തിൻെറ ചരിത്രം പന്തക്കുസ്താദിനത്തിൽ ജരുസലെമിൽ ആരംഭിച്ചു. ഒന്നാമത്തെ ക്രൈസ്തവസമൂഹം അവിടെ രൂപവത്കൃതമായി. ജരുസലെമിൽനിന്ന് അത് അന്ത്യോക്യായിലേക്കു വ്യാപിച്ചു. അവിടെനിന്ന് അത് കിഴക്കോട്ടും പടിഞ്ഞാട്ടും വ്യാപിച്ചു. ആദ്യകാലത്തെ ചില സൂനഹദോസുകൾ ഏഷ്യയിലാണു നടന്നത്. മഹാത്മാരായ പല സഭാപിതാക്കന്മാരും ഏഷ്യാക്കാരാണ്. ഏറ്റവും പഴയ ആരാധനക്രമപരമായ പാരമ്പര്യങ്ങൾ, കുടുംബങ്ങൾ, പാത്രിയർക്കീസുസ്ഥാനങ്ങൾ എന്നിവയിൽ മിക്കതും ഏഷ്യയിലാണ് ഉദ്ഭവിച്ചത്. യേശുവിൻെറ അപ്പസ്തോലന്മാരായ പത്രോസ്, യാക്കോബ്, യോഹന്നാൻ എന്നിവരും മറ്റുചിലരും സുവിശേഷം പ്രസംഗിച്ച് ജരുസലെംസഭ, അന്ത്യോക്യൻസഭ എന്നിവപോലുള്ള സഭകൾ സ്ഥാപിച്ചതും ഏഷ്യയിലാണ്.

പാരമ്പര്യവിശ്വാസമനുസരിച്ച് മെസപ്പൊട്ടാമിയായിലും ബാബിലോണിയായിലും (കൽദായ) സുവിശേഷമറിയിച്ചത് ബർത്തലോമിയോ, തോ

മസ് എന്നീ അപ്പസ്തോലന്മാരാണ്. ബർത്തലോമിയോ, ബാബിലോണിയയിൽ സഭ സ്ഥാപിച്ചതിനുശേഷം, വടക്കുപടിഞ്ഞാറൻ ഇൻഡ്യയിലേക്കു കരമാർഗം പുറപ്പെടുകയും അവിടെ എത്തിച്ചേർന്നു സുവിശേഷം പ്രസംഗിക്കുകയും ചെയ്തു എന്ന്, അതുപോലെയുള്ള ഒരു പാരമ്പര്യം സാക്ഷ്യപ്പെടുത്തുന്നു. തോമാശ്ലീഹാ കടൽവഴി ഏ.ഡി. 50-നോടടുത്ത് തെക്കേ ഇൻഡ്യയിലെ മലബാർതീരത്തു വന്നുചേരുകയും അവിടെ സഭ സ്ഥാപിക്കുകയുംചെയ്തു.

തെക്കേ ഇൻഡ്യയിലെ മലബാർതീരത്തു വി. തോമാശ്ലീഹാ സഭ സ്ഥാപിച്ചു എന്ന പാരമ്പര്യം വി. ബർത്തലോമിയോയെ സംബന്ധിച്ച പാരമ്പര്യത്തേക്കാൾ ഏറെ അവബോധജനകമാണ്. പരിപൂർണമായി ബോധ്യപ്പെടുത്തുന്ന ചരിത്രപരമായ തെളിവുകൾ ഇല്ലെങ്കിലും, അവിടെ ആദ്യനൂറ്റാണ്ടിൻെറ അവസാനത്തിൽ ക്രൈസ്തവസമൂഹം ഉണ്ടായിരുന്നു എന്നത്, അതിൻെറ ചരിത്രപരതയ്ക്കനുകൂലമായി വാദിക്കുന്ന ഒന്നാണ്. കൂടാതെ, അവരുടെ ആരാധനക്രമം, ആരാധനാഭാഷ, സഭാഭരണക്രമം, ദൈവശാസ്ത്രം ആധ്യാത്മികത എന്നിവ സുറിയാനിസഭയാൽ വളരെയേറെ സ്വാധീനിക്കപ്പെട്ടു.

### പ്രേഷിതപ്രവർത്തനത്തിൻെറ വ്യാപനം

9. സുറിയാനിസഭ തെക്കേ ഏഷ്യയിലേക്കു മാത്രം വ്യാപിച്ച ഒരു പ്രേഷിതപ്രസ്ഥാനമായിരുന്നില്ല. മധ്യേഷ്യയിലൂടെ ചൈനവരെ വ്യാപിച്ച ഒരു പ്രസ്ഥാനമായിരുന്നു. നാലാംനൂറ്റാണ്ടിനും ഏഴാംനൂറ്റാണ്ടിനുമിടയിൽ ഭൂമിശാസ്ത്രപരവും രാഷ്ട്രീയവുമായ അനേകം വിഘ്നങ്ങളോടുമല്ലടിച്ച് പ്രേഷിതർ തുർക്കിസ്ഥാൻ, മംഗോളിയ, ചൈന എന്നീ വിസ്തൃത ഭൂവിഭാഗങ്ങളിലേക്ക് ക്രിസ്തുവിൻെറ സുവിശേഷം സംവഹിച്ചു. പ്രേഷിത തീക്ഷ്ണതയാൽ "കത്തിജ്വലിക്കുന്നസഭ"യായിരുന്നു യഥാർത്ഥത്തിൽ അത്. പൗരസ്ത്യസുറിയാനി പ്രേഷിതർ ചൈനയിൽ ക്രിസ്തുമതം വ്യാപിപ്പിച്ചതിൻെറ ഒരു വിവരണം, ഏ.ഡി. 1625-ൽ വടക്കൻചൈനയിൽനിന്നു കണ്ടെത്തിയ "ഹ്സിയാൻഫു കൽപലക" (Hsiantu tablet) നല്കുന്നുണ്ട്. ചൈനീസിലും സുറിയാനിയിലും എഴുതപ്പെട്ട ശിലാലിഖിതമാണത്.

ആദിമകാലത്തെ ഈ പ്രേഷിതരിൽ മിക്കവരും മെത്രാന്മാരോ സന്ന്യാസിമാരോ ആയിരുന്നു. മറ്റുള്ളവരാകട്ടെ, കച്ചവടക്കാരും സാധാരണ ക്രിസ്ത്യാനികളും. ജനങ്ങൾക്കു വിദ്യാഭ്യാസം നല്കാൻ അവർ ബൈബിൾ ഉപയോഗിച്ചു. അവർ തങ്ങളുടെ ക്രൈസ്തവവിശ്വാസത്തിന് പ്രകാശനം നല്കാൻ

ബുദ്ധമതം, കൺഫ്യൂഷ്യൻ മതം, താവോമതം എന്നിവയുടെ പ്രതീകങ്ങൾ ഉപയോഗിച്ചു. അങ്ങനെ ജനങ്ങൾക്കു സ്വന്തം സംസ്കാരത്തിൽത്തന്നെ ക്രൈസ്തവസന്ദേശം സുഗ്രഹമാക്കിത്തീർത്തു.

പതിമ്മൂന്നാം നൂറ്റാണ്ടിൽ ഏഷ്യയെ സുവിശേഷവത്കരിക്കുവാൻ ഫ്രാൻസിസ്കൻ സന്ന്യാസിമാർ പരിശ്രമിക്കുകയുണ്ടായി. ചൈനയിൽ പ്രവർത്തിച്ച ജോൺ ഓഫ് മോന്തേകോർവിനോ ആണ് ഈ കാലഘട്ടത്തിലെ ഏറ്റവും ശ്രദ്ധേയനായ മിഷണറി. അദ്ദേഹത്തിൻെറ പിൻഗാമിയായിരുന്നു ജിയോവാന്നി ദെ മരിഞ്ഞോളി. അദ്ദേഹം ഇൻഡ്യയിലൂടെ കടന്നുപോവുകയും അവിടെ ചില ക്രൈസ്തവസമൂഹങ്ങളെ പടുത്തുയർത്തുകയും ചെയ്തു. ഫ്രാൻസിസ്കൻ സന്ന്യാസിമാർ സ്ഥാപിച്ച സമൂഹങ്ങൾ കാലക്രമേണ മതപീഡനംമൂലം നശിക്കാൻ ഇടയായി. എങ്കിലും ആ പ്രേഷിതരുടെ ധീരസാഹസികതയും ജനതകളോടുള്ള അവരുടെ സ്നേഹവും പ്രശംസനീയമാണ്; പ്രചോദനത്തിൻെറ സ്രോതസ്സുമാണ്.

## ഏഷ്യയിലെ ആധുനിക ക്രൈസ്തവ പ്രേഷിതപ്രവർത്തനം: പതിനാറുമുതൽ പതിനെട്ടുവരെയുള്ള നൂറ്റാണ്ടുകളിൽ

### ശ്രദ്ധേയമായ പ്രേഷിതസാക്ഷ്യം

10. പതിമൂന്നാം നൂറ്റാണ്ടിൽ കടയൽയാത്രക്കാർ, കണ്ടുപിടിത്തക്കാർ, കൂലിപ്പണിക്കാർ, കച്ചവടക്കാർ, വ്യാപാരികൾ, വ്യാപാരസംഘങ്ങൾ എന്നിവർ, കണ്ടുപിടിത്തങ്ങൾ നടത്താനുള്ള ആവേശം, സാഹസികയാത്രക്കുള്ള അഭിരുചി, ലാഭാന്വേഷണം എന്നിവമൂലം ലോകസഞ്ചാരത്തിനായി ഇറങ്ങിപുറപ്പെട്ടു. മാർക്കോപോളോ, വാസ്കോഡിഗാമ (1498) എന്നിവരോടുകൂടി കോളനിപരമായ വ്യാപനത്തിൻെറ സുദീർഘമായ ഒരു ഘട്ടംതുടങ്ങി. അത് ഏഷ്യയിലെ മിക്കരാജ്യങ്ങളെയും പോർത്തുഗൽ, സ്പെയിൻ, ഹോളണ്ട്, ഫ്രാൻസ്, ഇംഗ്ലണ്ട് എന്നീ രാജ്യങ്ങളുടെ കോളണിവാഴ്ചയുടെ കീഴിലാക്കി. വലിയ പ്രേഷിതസംരംഭങ്ങളുടെ കാലഘട്ടവുമായിരുന്നു അത്. കോളനിവ്യാപനത്തിൻെറയും ഏഷ്യയിലെ വ്യാപാരകേന്ദ്രങ്ങളുടെ സ്ഥാപനത്തിൻെറയും ആരംഭത്തിൽ മിഷണറിമാർ ഏഷ്യയുടെ പലഭാഗങ്ങളിലും എത്തിച്ചേർന്നു. ഏ.ഡി. 1510-നും 1640-നും ഇടയിൽ, ഫ്രാൻസിസ്കന്മാർ, ഈശോസഭക്കാർ, ഡോമിനിക്കന്മാർ, അഗസ്റ്റീനിയൻമാർ, കർമ്മലീത്തക്കാർ, തെയാത്തിനോസഭക്കാർ (Theatines) എന്നിവർ ഏഷ്യയിൽ തങ്ങളുടെ ആശ്രമങ്ങൾ സ്ഥാപിച്ചു.

ആധുനികപ്രേഷിതരിൽ ഏറ്റവും വലിയവനായി വി. ഫ്രാൻസിസ്

സേവ്യർ നിലകൊള്ളുന്നു. കേവലം പത്തുവർഷക്കാലംകൊണ്ട് അദ്ദേഹം ഗോവമുതൽ കന്യാകുമാരിവരെയുള്ള ഭാരതീയ കടൽത്തീരങ്ങളിലും, ശ്രീലങ്കയിലും മലാക്കയിലും അവസാനമായി ജപ്പാനിലും സഭകൾ സ്ഥാപിച്ചു. ഓരോ പ്രദേശത്തും ആ പ്രദേശത്തിൻെറ സാഹചര്യത്തിനും ജനങ്ങളുടെ അവസ്ഥകൾക്കും ചേർന്ന അനന്യരീതികൾ അദ്ദേഹം സ്വീകരിച്ചു. എന്നിരുന്നാലും, അദ്ദേഹത്തിൻെറ സുതാര്യവിശുദ്ധി അദ്ദേഹത്തിൻെറ പ്രാർത്ഥനാജീവിതം, സ്ഥിരമായ മതപ്രബോധനം, അക്ഷീണമായ അജപാലന പ്രവർത്തനങ്ങൾ എന്നിവയുടെ അചഞ്ചലസവിശേഷതകൾ അദ്ദേഹത്തിൻെറ പ്രേഷിതവൃത്തിയുടെ വിജയത്തിൻെറ ഹേതുക്കളായി നിലകൊള്ളുന്നു.

ഫ്രാൻസിസ് സേവ്യർ ഉജ്ജ്വലിപ്പിച്ച പ്രേഷിതപരിശ്രമം, അദ്ദേഹത്തെപ്പോലെതന്നെ ബുദ്ധിശക്തിയുള്ളവരും പാണ്ഡിത്യമുള്ളവരും വിശുദ്ധിയുള്ളവരുമായ മിഷണറിമാർ പതിനാറുമുതൽ പതിനെട്ടുവരെയുള്ള നൂറ്റാണ്ടുകളിൽ ഏഷ്യയിൽ തുടർന്നു. അങ്ങനെ ചൈനയിലും ജപ്പാനിലും, അലക്സാണ്ടർ വലിഞ്ഞാനോ, മത്തേയോ റിച്ചി, ഫെർഡിനാൻഡ് വെർബിസ്റ്റ്, ആഡം സ്കാൾ, ബെൻദോ ദെ ഗോമെസ്, വിൻസെൻറ് ലേബേ എന്നിവർ, ആ രാജ്യങ്ങളിലെ സംസ്കാരങ്ങളും മതങ്ങളുമായി സംഭാഷണത്തിൽ ഏർപ്പെടാനും അവിടുത്തെ ജനങ്ങൾക്കു സുഗ്രഹമായ രീതിയിൽ സുവിശേഷവും ആരാധനക്രമവും ദൈവശാസ്ത്രഭാഷയും അവരുടെ സംസ്കാരത്തിൽ സന്നിവേശിപ്പിക്കാനും പരിശ്രമിച്ചു. അതുപോലെതന്നെ മഹാത്മാരായ പ്രേഷിതർ - റോബർട്ട് ഡി നോബിലി, കോൺസ്റ്റൻറ ബെഷി, ജോൺ ബ്രിട്ടോ മുതലായവർ - തത്തുല്യമായ പരിശ്രമങ്ങൾ ഇൻഡ്യയിലും നടത്തി. ഇൻഡ്യയിൽ പ്രബലപ്പെട്ടിരിക്കുന്ന വർണവ്യവസ്ഥയിലേക്കു ക്രിസ്തുമതത്തെ പ്രവേശിപ്പിക്കാൻ അവർ പരിശ്രമിച്ചു. ഇതേപോലൊരുശ്രമം വിയറ്റ്നാമിൽ അലെക്സാണ്ടർ റോദെസ് നടത്തുകയുണ്ടായി.

ഇതുപോലുള്ള മറ്റു സുപ്രധാനമായ സുവിശേഷവത്കരണശ്രമങ്ങൾ റുഡോൾഫ് അക്വാവീവയും കൂട്ടുകാരും നടത്തിയതാണ്. അവർ അക്ബർ ചക്രവർത്തിയുടെ മുഗൾ അരമനയിലാണ് തങ്ങളുടെ പ്രവർത്തനം കേന്ദ്രീകരിച്ചത്. അവരുടെ പരിശ്രമങ്ങൾ പരാജയപ്പെട്ടുവെങ്കിലും ഭാവി മിഷൻപ്രവർത്തനത്തെ സംബന്ധിച്ച് അവർക്കുള്ള പ്രാധാന്യം അനിഷേധ്യമാണ്. ശ്രീലങ്കയുടെ അപ്പസ്തോലൻ എന്നറിയപ്പെടുന്നയാളും ഭാരതീയനും ഒറാറ്റോറിയൻ വൈദികനുമായ ജോസഫ് വാസ്സ് (Joseph Vaz) നടത്തിയ പരിശ്രമങ്ങളാണ്, വലിയ ഒരളവിൽ, ശ്രീലങ്കയിൽ കത്തോലിക്കാ വിശ്വാസം സംസ്ഥാപിതമായതിൻെറ ഹേതു. ഡച്ചുകോളനിനിയന്താക്കളുടെ മതപീഡനത്തിന്

ഇരയാകേണ്ടിവന്നെങ്കിലും അദ്ദേഹം അവിടെ കത്തോലിക്കാവിശ്വാസം സ്ഥാപിച്ചു. അദ്ദേഹത്തിന്റെ വിശുദ്ധിയും പ്രേഷിതവൃത്തിപരമായ അപൂർവ്വതയും ആയിരുന്നു അദ്ദേഹത്തിന്റെ വിജയരഹസ്യം.

കൊറിയയിലെ സുവിശേഷവത്കരണം തുടങ്ങിയത് പീറ്റർ ലി എന്ന ഒരല്മായനും അദ്ദേഹത്തിന്റെ സുഹൃത്തുക്കളുമാണ്. അങ്ങനെ, കൊരിയയിലെ സഭയ്ക്ക്, അല്മായനാൽ സ്ഥാപിക്കപ്പെട്ട സഭയെന്ന പ്രത്യേകപദവിയുണ്ട്. അക്കാലംമുതൽ, കൊറിയൻജനതയെ സുവിശേഷവത്കരിക്കുന്നതിൽ അല്മായർ സുപ്രധാന പങ്കുവഹിച്ചിട്ടുണ്ട്. കൊറിയയിൽ പതിനെട്ടും പത്തൊമ്പതും നൂറ്റാണ്ടുകളിൽ ഇടക്കിടെയുണ്ടായ മതപീഡനങ്ങളിൽ ആയിരക്കണക്കിനു സ്ത്രീകളും പുരുഷന്മാരും കുട്ടികളും രക്തസാക്ഷിത്വത്തിലൂടെ തങ്ങളുടെ വിശ്വാസത്തിനു സാക്ഷ്യംവഹിക്കുകയുണ്ടായി. അതുപോലെതന്നെ ജപ്പാനിൽ പതിനേഴുമുതൽ പത്തൊമ്പതുവരെയുള്ള നൂറ്റാണ്ടുകളിലുണ്ടായ മതപീഡനകാലങ്ങളിലെല്ലാം, പരിഗണനീയമാംവിധം, സുദീർഘമായ, കാലഘട്ടത്തിലെങ്ങും, അല്മായർ വിശ്വാസം സംരക്ഷിച്ചു. ഇന്നും കൊ റിയയിലും അതുപോലെ മതപീഡനംനടക്കുന്ന മറ്റുരാജ്യങ്ങളിലും ധീരതയുടെയും രക്തസാക്ഷിത്വത്തിന്റെയും ഇത്തരം അസംഖ്യം മാതൃകകളുണ്ട്.

ഈ കാലത്ത് ഏഷ്യയിൽ സുവിശേഷവത്കരണത്തിനുണ്ടായ പ്രധാനവിജയകഥ ഫിലിപ്പൈൻസിന്റേതാണ്. ഇതിന്റെ പ്രധാനപ്രശംസ സ്പെയിൻകാരായ മിഷണറിമാർക്കാണു നല്കേണ്ടത്. ഇന്നു കത്തോലിക്കരുടെ പ്രബല സംഖ്യയുള്ള ഏക ഏഷ്യൻരാജ്യം ഫിലിപ്പൈൻസാണ്. ഏഷ്യയിലെ കത്തോലിക്കരിൽ ഏതാണ്ടു പകുതിയോളം അവിടെയാണുള്ളത്.

**പ്രേഷിതരംഗങ്ങളിലെ പ്രയാസങ്ങളും തിരിച്ചടികളും**

11. ഏഷ്യയിലെ ആധുനിക മിഷൻപ്രവർത്തനങ്ങൾക്ക്, മറ്റേതൊരു മാനുഷിക സംരംഭങ്ങൾക്കുമെന്നപോലെ പരാജയങ്ങളും തിരിച്ചടികളുമുണ്ട്. വിവിധസംഭവങ്ങളുടെയും വാദപ്രതിവാദങ്ങളുടെയും ഫലമായുണ്ടായ നേട്ടങ്ങളുടെയും കോട്ടങ്ങളുടെയും വിശദവിവരങ്ങൾ നല്കുവാൻ ഇവിടെ സ്ഥലപരിമിതി അനുവദിക്കുന്നില്ല. ഏഷ്യയിൽ മുഴുവനും നടന്ന സുവിശേഷവത്കരണത്തിന്റെ ശരിയായ ഒരു വിലയിരുത്തലിനുള്ള സ്ഥാനവുമല്ലിത്. അത് ഏഷ്യയിലെ ഓരോ പ്രാദേശികസഭയും നടത്തണം. എന്നാലും, ഇതുപോലുള്ള ഒരു പ്രതിപാദനത്തിൽ ചില സംഭവങ്ങൾ സൂചിപ്പിക്കേണ്ടതുണ്ട്.

ഒന്നാമതായി, പാദ്രുവാദോ സമ്പ്രദായത്തെപ്പറ്റി - പോർത്തുഗീസു ഗവൺമെൻറും രാജാവും മിഷൻപ്രവർത്തനത്തിൻെറ രക്ഷാധികാരം വഹിച്ചതിനെപ്പറ്റി - പറയാം. രൂപതകൾ സ്ഥാപിക്കാനും സഭാപരമായി നിയമനങ്ങൾ നടത്താനും അതിന് അധികാരമുണ്ടായിരുന്നു. ആരംഭത്തിൽ നല്ല ഉദ്ദേശ്യമാണ് അതിനുണ്ടായിരുന്നത്. പക്ഷേ, അത് ഏഷ്യയിലെ പല ഭാഗങ്ങളിലും പ്രേഷിതപ്രവർത്തനങ്ങളുടെ സ്വതന്ത്രമായ വികസനത്തിന് സഹായം ചെയ്യുന്നതിലേറെ തടസ്സംചെയ്തു. സാംസ്കാരികാനുരൂപണം, സ്വീകരണം, സംവാദം എന്നിവയ്ക്കു വേണ്ടിയുള്ള സുധീരമായ പ്രേഷിതപരിശ്രമങ്ങളെ ശപിച്ചുതള്ളിയതും ഏറെ വാഗ്ദാനങ്ങൾ നിറഞ്ഞ സമാരംഭങ്ങൾക്ക് അന്ത്യം കുറിക്കുകയുണ്ടായി.

ഈശോസഭയെ നാല്പതുവർഷത്തോളം നിരോധിച്ചത് ഏഷ്യയിലെ യുവക്രൈസ്തവസമൂഹങ്ങൾക്കു ദീർഘകാലത്തേക്ക് അജപാലനശുശ്രൂഷയുടെ അഭാവംസൃഷ്ടിച്ചു. സുവിശേഷവത്കരണത്തിൻെറ പുരോഗതിയെ വൻതോതിൽ തടയുകയുംചെയ്തു. ബനഡിക്റ്റ് പതിനഞ്ചാമൻ മാർപാപ്പയുടെ ശുപാർശകൾ വ്യക്തമായി പറയുന്നതുപോലെ[9], മിഷണറി ഇൻസ്റ്റിറ്റ്യൂട്ടുകളും സന്ന്യാസസഭകളും ദേശീയതാവാദപരമായ പ്രവണതകളും തമ്മിലുണ്ടായ കിടമത്സരം ചിലപ്പോഴെല്ലാം മിഷൻപ്രവർത്തനത്തിൻെറ പുരോഗതിക്കു വിഘ്നങ്ങളായിത്തീർന്നു. അതുപോലെതന്നെ, ഏഷ്യയിലെ മിഷൻപ്രവർത്തനത്തിൻെറ ആദിമനൂറ്റാണ്ടുകളിൽ, ദേശീയ വൈദികരെ വളർത്തുന്നതിൽ മിഷണറിമാർക്കുണ്ടായിരുന്ന ആശങ്ക, മിഷൻപ്രവർത്തനത്തിൻെറ പുരോഗതിയെ സഹായിച്ചില്ല.[10]

തെക്കേ ഇൻഡ്യയിലെ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ സഭയുടെമേൽ ലത്തീൻസഭയുടെ ഭരണക്രമം അടിച്ചേല്പിച്ചത്, അവരുടെയിടയിൽ നിർഭാഗ്യകരമായ വിഭജനത്തിനുഹേതുവായി. അവർ പല സഭകളായി പിരിഞ്ഞു. ലത്തീൻസഭയും സീറോമലബാർസഭയും തമ്മിൽ സംഘർഷത്തിനു കാരണമായി. സഭകൾതമ്മിലുള്ള വിഭജനങ്ങളും സംഘർഷങ്ങളും - ചില വിഷയങ്ങളിൽ ഇവ ഇന്നും തുടരുന്നു - ഇൻഡ്യയിലും മറ്റുചില സ്ഥലങ്ങളിലും മിഷൻപ്രവർത്തനത്തിൻെറ പുരോഗതിയെ ദോഷകരമാംവിധം ബാധിച്ചിട്ടുണ്ട്.

**പ്രേഷിതപ്രവർത്തനത്തിൻെറ മഹത്തായനൂറ്റാണ്ട്**

12. വിവിധകാരണങ്ങളാൽ, ക്രൈസ്തവമിഷൻ പ്രവർത്തനത്തിൻെറ ആദിമഘട്ടം, ഫിലിപ്പൈൻസിൻെറ കാര്യത്തിലൊഴികെ, മിക്കവാറും തികഞ്ഞ

പരാജയമാണെന്നു തോന്നി. എന്നിരുന്നാലും, പതിനാറും - പതിനെട്ടും ശതകങ്ങൾക്കുശേഷം ഏഷ്യയിലും യൂറോപ്പിലും നവീനമായ ഒരു പുതിയ പ്രേഷിത ഉണർവ്വും ആവേശവും പ്രത്യക്ഷപ്പെട്ടു. "പ്രേഷിത ചൈതന്യം നിറഞ്ഞ" അനേകം സന്ന്യാസസഭകൾ, പത്തൊൻപതും ഇരുപതും ശതകങ്ങളിൽ, യൂറോപ്പിൽ ഉദ്ഭവിച്ചു. ആ കോൺഗ്രിഗേഷനുകളിൽ പലതും ഏഷ്യയിൽ ഇന്നും പ്രവർത്തനനിരതമാണ്. ഇതേകാലഘട്ടത്തിൽ ഏഷ്യയിൽ, പ്രത്യേകിച്ച് ഇൻഡ്യയിലും ഫിലിപ്പൈൻസിലും, സ്ത്രീകൾക്കും പുരുഷന്മാർക്കുമുള്ള ധാരാളം സ്വദേശീയ സന്ന്യാസസംഘങ്ങൾ സ്ഥാപിക്കപ്പെട്ടു.

പത്തൊൻപതാം നൂറ്റാണ്ടിൽ, മിഷൻപ്രവർത്തനത്തിൻെറ ചരിത്രത്തിൽ ആദ്യമായി, സ്ത്രീകൾ ഏഷ്യയിലെ വിദൂരസ്ഥലങ്ങളിലേക്ക്, ക്രിസ്തുവിനും അവിടുത്തെ സുവിശേഷത്തിനും സാക്ഷ്യംവഹിക്കാനും ദരിദ്രരെയും അനാഥരെയും കുഷ്ഠരോഗികളെയും വികലാംഗരെയും മറ്റും സേവിക്കാനുമായി, ഇറങ്ങിപുറപ്പെടാൻ ധൈര്യംകാണിച്ചു. അവർ ഏഷ്യയിലെ മിഷൻ പ്രവർത്തനത്തിൻെറ സത്താപരമായ ഒരു ഭാഗമായിത്തീരുകയും ചെയ്തു. പ്രത്യേകിച്ച്, മാമ്മോദീസാർത്ഥികളെ ഒരുക്കുന്നതിലും കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിലും അവർ അപ്രകാരമായിത്തീർന്നു. ഏഷ്യയിലെ സുവിശേഷവത്കരണത്തിൻെറ പുരോഗതിയിൽ, അവരുടെ പരിശ്രമങ്ങളും സാക്ഷ്യവും നിർണായകമായിത്തീർന്നു.

സുവിശേഷവത്കരണവേലയിൽ ഉപദേശിമാരെ (catechists) പരിശീലിപ്പിക്കുകയും നിയമിക്കുകയും ചെയ്തു. വിദൂരത, പ്രാദേശികഭാഷകളും ഉപഭാഷകളും, ജനങ്ങളുടെ ആചാരമര്യാദകളും അറിയാതിരിക്കൽ മുതലായ പലഘടകങ്ങളും ഇതിനു പ്രേരകമായി. ഏഷ്യയിലെ മിഷൻപ്രവർത്തനത്തിലുണ്ടായ വിജയത്തിൻെറ സിംഹഭാഗവും ഇപ്പറഞ്ഞ ഉപദേശിമാരുടെ പരിശ്രമങ്ങൾമൂലമുണ്ടായതാണ്. അവരിൽ അനേകംപേർ ക്രൈസ്തവ ജീവിതത്തിൻെറയും വിശുദ്ധിയുടെയും ഉജ്ജ്വലിക്കുന്ന മാതൃകകളായിരുന്നു.

മിഷണറിമാരാകാനുള്ളവരെ പരിശീലിപ്പിച്ചെടുക്കുക എന്ന ലക്ഷ്യത്തോടെ ഏഷ്യയിലും യൂറോപ്പിലും പല സെമിനാരികളും സ്ഥാപിക്കപ്പെട്ടു. അവയിൽ ഒന്നാമത്തേത് 1628-ൽ റോമിൽ സ്ഥാപിതമായ പ്രൊപ്പഗാന്താഫീദേ എന്ന സെമിനാരിയാണ്. തെക്കേ ഏഷ്യയുടെ സേവനത്തിനായി 1893-ൽ കാണ്ടി (ശ്രീലങ്ക) സെമിനാരി സ്ഥാപിക്കപ്പെട്ടു. ഇൻഡ്യയിൽ ഈശോസഭക്കാരുടെ ആദ്യത്തെ നൊവീഷ്യേറ്റുഭവനം 1847-ൽ തുറന്നു. മലേഷ്യയിലെ പെനാംഗിലുള്ള സെമിനാരി പത്തൊമ്പതാം നൂറ്റാണ്ടിൻെറ ആദ്യപകുതിയിൽ വൈദികവിദ്യാർത്ഥികളെ സ്വീകരിച്ചുതുടങ്ങി.

പത്തൊമ്പതാം നൂറ്റാണ്ടിൻെറ അവസാനഘട്ടത്തിൽ ഏഷ്യയിലെ പല ഭാഗങ്ങളിലും സുവിശേഷവത്കരണ ജോലി കൂടുതൽ പുരോഗതിപ്രാപിച്ചു. അക്കാലത്ത്, കോൺസ്റ്റാൻെറ് ലീവെൻസിൻെറയും ഈശോസഭയിൽപ്പെട്ട അദ്ദേഹത്തിൻെറ സഹപ്രവർത്തകരുടെയും പ്രവർത്തനഫലമായി മധ്യഭാരതത്തിലെ ഷോട്ടാനാഗപ്പൂരിലുള്ള ആദിവാസികളുടെ വലിയസമൂഹം ക്രിസ്തുമതം സ്വീകരിച്ചു. ഈ യുവസഭയിൽ ഇന്ന് ഇരുപതുലക്ഷം കത്തോലിക്കരുണ്ട്.

ശ്രദ്ധേയമായ സംഭവങ്ങൾ

13. മഹാനായ ലെയോ പതിമൂന്നാമൻ മാർപ്പാപ്പ, സീറോമലബാർ ഹൈരാർക്കി, (1838-ൽ) പുനഃസ്ഥാപിച്ചു. ഇൻഡ്യയിലും ഇൻഡ്യക്കുവെളിയിലുമുള്ള സഭയുടെ ജീവിതത്തെ സംബന്ധിച്ച ഒരു സുപ്രധാന സംഭവമായിരുന്നു അത്. എന്തെന്നാൽ, ഇൻഡ്യയിലെ ലത്തീൻരൂപതകളിൽ ജോലിചെയ്യുന്ന മിഷണറിമാരുടെയും സന്ന്യസ്തരുടെയും വലിയൊരുസംഖ്യ ഈ സഭയിൽനിന്നുള്ളതാണ്. അതുപോലെതന്നെ ഏഷ്യയിലെയും ആഫ്രിക്കയിലെയും രാജ്യങ്ങളിൽ ജോലിചെയ്യുന്ന അനേകം വൈദികരും സന്ന്യസ്തരും ഈ സഭയിൽനിന്നുള്ളവരാണ്. കൂടാതെ, ഈ സഭയിൽനിന്ന് ഇൻഡ്യ മുഴുവനിലും ഗൾഫ് രാഷ്ട്രങ്ങളിലും കുടിയേറ്റക്കാരായ തൊഴിലാളികളായി ജോലി ചെയ്യുന്നവരുടെ വലിയൊരു സംഖ്യയുമുണ്ട്.

ഏഷ്യയിലെ ക്രൈസ്തവമിഷൻ പ്രവർത്തനത്തിൻെറ ചരിത്രത്തിലെ ഈ കാലഘട്ടം ഏഷ്യയിൽ മുഴുവനുമുണ്ടായ സ്വാതന്ത്ര്യസമ്പാദനപ്രസ്ഥാനങ്ങളുടെ ഘട്ടവുമാണ്. ഈ കാലഘട്ടത്തിൽ മിക്ക ഏഷ്യൻരാജ്യങ്ങളിലും സഭ ജനസംഖ്യയിൽ വളർന്നു; ചില സ്ഥലങ്ങളിൽ ശ്രദ്ധേയമായ സ്വാധീനമുള്ള ന്യൂനപക്ഷമായി വളർന്നു. ഈ സഭകളിൽ, വിദ്യാഭ്യാസം, ആരോഗ്യസംരക്ഷണപരമായ പദ്ധതികളുടെ വികസനം, ജീവകാരുണ്യപ്രവർത്തനങ്ങൾ എന്നിവയ്ക്കായി വ്യാപകമായ സമർപ്പണംനടന്നു.

വി. ഫ്രാൻസിസ് സേവ്യറിൻെറ പ്രേഷിതവൃത്തിയിൽനിന്നു ജനിച്ച ഇൻഡോനേഷ്യയിലെ സഭ കഴിഞ്ഞ നൂറുവർഷങ്ങളിൽ ശ്രദ്ധേയമായ പുരോഗതിനേടിയിട്ടുണ്ട്. ദൈവവചനസഭയിൽപ്പെട്ട (ഡിവൈൻവേർഡ്) വൈദികരുടെ ശ്രദ്ധേയമായ പ്രേഷിതപരിശ്രമങ്ങൾമൂലമാണ് അതു സംഭവിച്ചത്. ഇൻഡോനേഷ്യയിൽ നല്ല വിദ്യാഭ്യാസമുള്ളവരും അറിവുള്ളവരുമായ അല്മായ വിശ്വാസികളുടെ വലിയൊരു സംഖ്യയുണ്ട്. സ്കൂളുകളുടെയും യൂണിവേഴ്സിറ്റികളുടെയും പ്രസ്സിൻെറയും നല്ലൊരു ശൃംഖലയുണ്ട്. അത് ആ രാജ്യത്ത് ഏറെ ശ്രദ്ധപിടിച്ചുപറ്റുന്നുമുണ്ട്.

തെക്കൻകൊറിയയും കഴിഞ്ഞ ഏതാനും ദശകങ്ങളിൽ സഭയിലേക്കുള്ള അസാധാരണമായ ഒരു മാനസാന്തരപ്രസ്ഥാനത്തിനു സാക്ഷ്യംവഹിച്ചു. സമൂഹത്തിൻെറ എല്ലാ പാളികളിൽനിന്നുമുള്ളവരുടേതായിരുന്നു ആ പ്രസ്ഥാനം. ഇന്ന് അതിൻെറ വേഗംകുറഞ്ഞിട്ടുണ്ട്. എന്നാലും അത് ഇപ്പോഴും തുടരുന്നു. അതുപോലുള്ള ഒരു മാനസാന്തരപ്രസ്ഥാനം തെക്കേവിയറ്റ്നാമിലും സംഭവിക്കുന്നുണ്ട്. തെക്കേവിയറ്റ്നാം 1975-ൽ കമ്മ്യൂണിസത്തിൻെറ പിടിയിലായെങ്കിലും അതു സംഭവിക്കുന്നു.

വടക്കുകിഴക്കൻ ഇൻഡ്യയിൽ ആദ്യത്തെ സാൽവറ്റോറിയൻ മിഷണറിമാരുടെ ആഗമനത്തോടെ തുടങ്ങിയ മാനസാന്തരപ്രസ്ഥാനം, പ്രധാനമായും ഡോൺബോസ്കോയുടെ സലേഷ്യൻസഭക്കാരാണ് തുടർന്നു നിലനിറുത്തിയത്. ഇന്ന് അവിടെ ഏകദേശം ഒരു ദശലക്ഷം ക്രിസ്ത്യാനികളുണ്ട്. അവരുടെ സംഖ്യ വേഗത്തിൽ വളരുന്നുമുണ്ട്.

ചൈന കമ്മ്യൂണിസ്റ്റുകാരുടെ പിടിയിലായപ്പോൾ മതപീഡനം വീണ്ടുമുണ്ടായി. അനേകം കത്തോലിക്കർ വൻകരയിൽനിന്ന് തായ്‌വാനിലേക്കും മറ്റുസ്ഥലങ്ങളിലേക്കും കുടിയേറി. ഇതുപോലെതന്നെ വടക്കൻകൊറിയയിൽനിന്നു തെക്കൻ കൊറിയയിലേക്കും വടക്കൻ വിയറ്റ്നാമിൽനിന്നു തെക്കൻ വിയറ്റ്നാമിലേക്കും വൻതോതിലുള്ള കുടിയേറ്റം സംഭവിച്ചിട്ടുണ്ട്. കംപൂച്ചിയായിൽ, ഖ്മെർ റഗിൻെറ ഭരണത്തിൻകീഴിൽ നടന്ന ഭയാനകമായ വംശവിഛേദനപ്രക്രിയയിൽ മിക്ക കത്തോലിക്കരും നശിപ്പിക്കപ്പെട്ടു.

ഗൾഫ്രാജ്യങ്ങളിൽ കുടിയേറ്റക്കാരായി തൊഴിൽചെയ്യുന്ന ഒരു ദശലക്ഷം കത്തോലിക്കരുണ്ടെന്നു കണക്കാക്കപ്പെടുന്നു. അവരിൽമിക്കവരും ഇൻഡ്യയിൽനിന്നും ഫിലിപ്പൈൻസിൽനിന്നുമുള്ളവരാണ്. ഈ വിഭാഗത്തിൻെറ മതസ്വാതന്ത്ര്യം കർശനമായി നിയന്ത്രിക്കപ്പെട്ടിരിക്കുകയാണ്.

രണ്ടാംവത്തിക്കാൻ കൗൺസിലിനുശേഷമുള്ള വർഷങ്ങളിൽ, മിഷൻ പ്രവർത്തനത്തെക്കുറിച്ചുള്ള ധാരണയിലും അതിൻെറ രീതികളിലും അതിനെ സംബന്ധിച്ച സകല മനോഭാവങ്ങളിലും നാടകീയമായമാറ്റം ശ്രദ്ധേയമായിട്ടുണ്ടായി. രണ്ടാംവത്തിക്കാൻ സൂനഹദോസിൻെറ ദൈവശാസ്ത്രപരമായ അനിശ്ചിതത്വങ്ങൾ പ്രേഷിതത്വശാസ്ത്രപരമായ അനിശ്ചിതത്വങ്ങളിൽ ദൃശ്യമാണ്. അവയാകട്ടെ, യഥാർത്ഥ പ്രേഷിതരംഗങ്ങളിൽ പ്രതിബിംബിക്കുകയുംചെയ്യുന്നു. പ്രേഷിതപ്രവർത്തനമെന്നത്, യേശുവിനെപ്പറ്റിയുള്ള പ്രഘോഷണവും ക്രൈസ്തവസമൂഹങ്ങളുടെ ഒന്നിച്ചുചേർക്കലുമാണോ? അതു ദൈവരാജ്യത്തിൻെറയും അതിൻെറ മൂല്യങ്ങളായ നീതിയുടെയും സമാധാനത്തിൻെറയും വളർത്തലാണോ? അത് സാംസ്കാരികാനുരൂപണമാ

ണോ? അത് മാനുഷികതയുടെ വളർത്തലും വിമോചനവുമാണോ? ഇവയെല്ലാമാണെങ്കിൽ എവിടെയാണ് ഊന്നൽ നല്കേണ്ടത്? മറ്റു മതാനുയായികളുടെ രക്ഷ, ആ മതങ്ങൾക്ക് യേശുക്രിസ്തുവിനോടും അവിടുത്തെ സഭയോടുമുള്ള ബന്ധം മുതലായ ദൈവശാസ്ത്രപരവും ക്രിസ്തുശാസ്ത്രപരവുമായ മറ്റുചോദ്യങ്ങൾ ഇന്ന് പ്രേഷിതത്വശാസ്ത്രജ്ഞന്മാരും പ്രേഷിതരും ചർച്ചചെയ്തുകൊണ്ടിരിക്കുകയാണ്.

## ഏഷ്യയിലെ പ്രേഷിതപ്രവർത്തനചരിത്രത്തിൽനിന്നു പഠിച്ച പാഠങ്ങൾ

### ശ്രദ്ധേയങ്ങളായ സംഭാവനകൾ

14. ഇന്ന് ജനതകളുടെ സുവിശേഷവത്കരണത്തിനുള്ള കോൺഗ്രിഗേഷൻ എന്നു വിളിക്കപ്പെടുന്ന പ്രൊപ്പഗാന്താഫീദെ എന്ന വത്തിക്കാൻ കോൺഗ്രിഗേഷൻ നല്കിയ സംഭാവനകളെപ്പറ്റി ചുരുക്കത്തിൽ സൂചിപ്പിക്കാതിരുന്നാൽ ഏഷ്യയിലെ കത്തോലിക്കാമിഷൻപ്രവർത്തനങ്ങളുടെ ചരിത്രം അപൂർണമായിരിക്കും. ഏഷ്യയിൽ അഞ്ചുനൂറ്റാണ്ടുകളോളമുള്ള സുവിശേഷവത്കരണപ്രക്രിയയിൽ പ്രൊപ്പഗാന്താഫീദേ അതിൻെറ വിവിധ പ്രമാണരേഖകളും ഡിക്രികളും ശുപാർശകളുംവഴി സ്വദേശീയ വൈദികസമൂഹത്തെ വളർത്തുന്നതിൽ സ്ഥിരമായി സഹായിച്ചിട്ടുണ്ട്. സ്വദേശീയരായ വൈദികരെ മെത്രാന്മാരായി നിയമിക്കാനും പുതിയ പല രൂപതകൾ സ്ഥാപിക്കാനും അതു പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. സെമിനാരികളും സന്ന്യാസസഭകളും സ്ഥാപിക്കുന്നതിൽ അത് എന്നും സഹായംനല്കിയിട്ടുണ്ട്. സുവിശേഷവത്കരണത്തിനുവേണ്ടി മിഷൻപ്രദേശങ്ങൾ ഏറ്റെടുക്കാൻ സന്ന്യാസസഭകളോട് അഭ്യർത്ഥിച്ചതും ഇതേ കോൺഗ്രിഗേഷനാണ്.

പല മാർപാപ്പമാരും ഏഷ്യയിലെ സുവിശേഷവത്കരണ പ്രവർത്തനത്തിൽ വ്യക്തിപരമായ താത്പര്യം പ്രദർശിപ്പിച്ചിട്ടുണ്ട്. മിഷൻപ്രവർത്തനത്തിൻെറ ദൈവശാസ്ത്രം, അതിൻെറ രീതികൾ, എക്യുമെനിക്കൽ ബന്ധങ്ങൾ, മറ്റുലോകമതങ്ങളുമായുള്ള ക്രിസ്തുമതത്തിൻെറ ബന്ധം, മിഷൻപ്രവർത്തനവും സാമൂഹികനീതി, മാനുഷികവികസനം, വിമോചനം, വളർത്തൽ എന്നിവയും തമ്മിലുള്ളബന്ധം എന്നിവയെ സംബന്ധിക്കുന്ന പ്രേഷിതവൃത്തിപരമായ ചാക്രികലേഖനങ്ങളുടെയും പ്രമാണരേഖകളുടെയും പരമ്പരകളിൽ അത് പ്രതിബിംബിച്ചിട്ടുണ്ട്.[11] ഇവയിൽ ഒന്നാമത്തേത് ബനഡിക്റ്റ് പതിനഞ്ചാമൻ മാർപാപ്പയുടെ മാക്സിമും ഇല്ലൂദ് (1919) എന്ന ചാക്രികലേഖനമാണ്. ആധുനികമിഷൻ പ്രവർത്തനത്തിൻെറ *മാഗ്നാകാർട്ടാ* എന്നാണ് അതു വിളിക്കപ്പെടുന്നത്. പന്ത്രണ്ടാംപീയൂസ് മാർപാപ്പ എഴു

തിയ ഫീദേയിദോണും (1957) എന്ന ചാക്രികലേഖനം ഏഷ്യയിലെ മിഷൻ സംഘങ്ങളുടെ വളർച്ചയെയും, ഈ യുവസഭകളിൽ നിന്നു മറ്റുരാജ്യങ്ങളിലേക്കു മിഷണറിമാരെ അയയ്ക്കുന്ന പ്രസ്ഥാനത്തെയും പ്രചോദിപ്പിക്കുകയുണ്ടായി.

സഭയുടെ പ്രേഷിതദൗത്യവും അതിൻെറ പ്രേഷിതപ്രവർത്തനവും, സർവാതിശായിയായ പ്രവർത്തകനായി നിലകൊള്ളുന്ന, പരിശുദ്ധാത്മാവിൻെറ പ്രവർത്തനമാണ്.[12] അതേസമയം, അത് ഒരു മാനുഷികസംരംഭംകൂടിയാണ്. മറ്റ് ഏതൊരു മാനുഷികസംരംഭത്തിനുമെന്നപോലെ അതിനും പരിമിതികളും പരാജയങ്ങളുമുണ്ടായിട്ടുണ്ട്. അതുകൊണ്ട് പ്രേഷിതവൃത്തി *എന്നും പരിഷ്കരിക്കേണ്ട* (Semper reformanda) ഒന്നാണ്. അതായത്, കാലങ്ങൾക്കും ജനതകളുടെ ആവശ്യങ്ങൾക്കും ചേർന്നതാകാൻവേണ്ടി അത് എന്നും നവീകരിക്കുകയും പരിഷ്കരിക്കുകയുംവേണം. ഒരു മന:സാക്ഷി പരിശോധനയും, കഴിഞ്ഞകാലത്തെ പരാജയങ്ങളെപ്പറ്റിയുള്ള പശ്ചാത്താപവും മൂന്നാം സഹസ്രാബ്ദത്തിൽ ക്രിസ്തുവിൻെറ പ്രേഷിതദൗത്യത്തിനുവേണ്ടിയുള്ള ഒരു നവീകരണവും അത്തരമൊരു പ്രക്രിയയ്ക്ക് ആവശ്യമാണ്. കഴിഞ്ഞകാലങ്ങളിൽ, സ്വദേശീയരും വിദേശീയരുമായ മിഷണറിമാർ പൂർത്തിയാക്കിയ പ്രവർത്തനങ്ങളോർത്ത് അതിന് ദൈവത്തോടു നന്ദി പറയുകയും വേണം.

പൊതുവേ ഏഷ്യയിലെ സഭ, ചുരുക്കംചിലതൊഴികെ, ഭൂതകാലത്തെ മിഷണറിമാരുടെ വീരോചിതമായ പരിത്യാഗങ്ങളുടെയും വിശുദ്ധിയുടെയും തീക്ഷ്ണതയുടെയും ഫലമായിട്ടുണ്ടായതാണ്. ഇന്ന് ഏഷ്യയിലെ മിക്ക രാഷ്ട്രങ്ങളിലും സഭ സന്നിഹിതമാണ്; യേശുക്രിസ്തുവിനു സാക്ഷ്യംവഹിക്കാൻ കഴിവുള്ളതുമാണ്. ഏഷ്യയിലെ ശൈശവസഭകൾ സ്വന്തം ഹൈരാർക്കിയും വൈദികഗണവും സന്ന്യസ്തരും അല്മായവിശ്വാസികളുമുള്ള പ്രായപൂർത്തിയായ സഭകളായിക്കഴിഞ്ഞു. അവയ്ക്കു സെമിനാരികൾ, പരിശീലനകേന്ദ്രങ്ങൾ, പാസ്റ്ററൽ സെൻററുകൾ, ദൈവശാസ്ത്രവിദ്യാപീഠങ്ങൾ, ദൈവശാസ്ത്രറിവ്യുകൾ, പരിശീലിപ്പിക്കലിനും അധ്യാപനത്തിനും യോഗ്യതയുള്ള വ്യക്തികൾ മുതലായ അവശ്യാവശ്യക സംവിധാനങ്ങളും ഇന്നുണ്ട്. പൊതുജനസമ്പർക്ക മാധ്യമങ്ങളിൽ അവയ്ക്ക് ശ്രദ്ധേയമായ സാന്നിദ്ധ്യമുണ്ട്. ധാരാളം വാരികളുണ്ട്. ചില രാജ്യങ്ങളിൽ ദിനപ്പത്രങ്ങൾപോലുമുണ്ട്. സഭയിലെ വിവിധ ശുശ്രൂഷകൾക്കായുള്ള ധാരാളം ദൈവവിളികളുമുണ്ട്.

ഏഷ്യയിലെ മെത്രാന്മാർക്കും സന്ന്യസ്തർക്കും ഭൂഖണ്ഡപരമായ സംവിധാനങ്ങളുണ്ട്. മെത്രാന്മാർക്ക് ഫെഡറേഷൻ ഓഫ് ഏഷ്യൻ ബിഷപ്സ്

കോൺഫ്രൻസസ് (FABC) പോലുള്ള സംഘടനകളും, സന്യസ്തർക്ക് ഏഷ്യൻമീറ്റിംഗ് ഓഫ് റെലീജിയസ് (AMOR) പോലുള്ള സംഘടനകളുമുണ്ട്. ഈ സംവിധാനങ്ങൾ ഏഷ്യയിലെ പ്രാദേശികസഭകളെ ഒന്നിപ്പിക്കുന്നു; അവയുടെ പ്രേഷിതപരവും അജപാലനപരവുമായ പ്രവർത്തനങ്ങളെ സംയോജിപ്പിക്കാൻ സഹായിക്കുകയുംചെയ്യുന്നു.

### ഭാവിയിലേക്കുള്ള ഭാവാത്മകാടയാളങ്ങൾ

15. രണ്ടാംവത്തിക്കാൻ സൂനഹദോസ്, ഏഷ്യയിലെ പ്രാദേശികസഭകളുടെ നവീകരണത്തിൻെറ മഹത്തായ ഉറവിടമായിരുന്നു. ഇന്നും അങ്ങനെ തന്നെയാണ്. അന്താരാഷ്ട്ര ദിവ്യകാരുണ്യസമ്മേളനം, പോൾ ആറാമൻ മാർപ്പാപ്പയുടെയും ജോൺപോൾ രണ്ടാമൻ മാർപ്പാപ്പയുടെയും സന്ദർശനങ്ങൾ, തുടങ്ങിയ മഹത്തായ സഭാത്മകസംഭവങ്ങൾ ഏഷ്യയിലെ സഭയുടെ വളർച്ചയെ പ്രചോദിപ്പിച്ച ശ്രദ്ധേയങ്ങളായ സംഭവങ്ങളായിരുന്നു.

ഏഷ്യയിലെ മിഷൻദൗത്യത്തിനു ഭാവാത്മകങ്ങളായ അനേകം അടയാളങ്ങളുമുണ്ട്. ഇന്ന് അല്മായ വിശ്വാസികൾക്കും അവരുടെ പരിശീലനത്തിനും കൂടുതൽ ശ്രദ്ധനല്കുന്നുണ്ട്. പ്രാദേശികസഭകൾ തങ്ങളുടെ പ്രേഷിതവിളിയെയും ഉത്തരവാദിത്വത്തെയുംകുറിച്ചു കൂടുതൽ ബോധമുള്ളവരാകുകയാണെന്നും ഇതിനർത്ഥമുണ്ട്. ആശ്രമജീവിതംപോലുള്ള പ്രേഷിതത്വത്തിൻെറ പുതിയ പല മേഖലകളും ഇന്നു പരീക്ഷണവിധേയമായിക്കൊണ്ടിരിക്കുന്നു. അങ്ങനെ ഏഷ്യയിൽ, പ്രത്യേകിച്ച് ഇൻഡ്യ, ജപ്പാൻ, ഫിലിപ്പൈൻസ് എന്നിവിടങ്ങളിൽ, ധാരാളം ആശ്രമങ്ങൾ - വിവിധപേരുകളിലും സംവിധാനങ്ങളിലും - ഉണ്ടായിട്ടുണ്ട്. അവ സംവാദത്തിൻെറയും, സാംസ്കാരികാനുരൂപണത്തിൻെറയും ഏഷ്യൻ ആധ്യാത്മികതയുടെയും ധ്യാനത്തിൻെറയും - ദൈവാനുഭവത്തിൻെറയും, ആധ്യാത്മികാനുഭവങ്ങളുടെ പങ്കുവയ്ക്കലിൻെറയും, ഇതരമതങ്ങളുടെ അനുയായികളുമായുള്ള സമ്പർക്കത്തിൻെറയും കേന്ദ്രങ്ങളായിത്തീർന്നിട്ടുണ്ട്. ഏഷ്യയിലെ പ്രാദേശികസഭകൾ ഇന്ന് മാനുഷികവളർത്തലിനും വിമോചനത്തിനുംവേണ്ടിയുള്ള പ്രവർത്തനങ്ങളിൽ അഗാധതരമാംവിധം ഉൾപ്പെട്ടിരിക്കുന്നു. അവർ അഭയാർത്ഥികളെയും കുടിയേറ്റക്കാരെയും, പീഡിതവിഭാഗങ്ങളെയും, ഗോത്രവർഗക്കാരെയും ഭൂരഹിതരെയും സഹായിക്കുന്നു. സഭയുടെ മിഷൻപ്രവർത്തനത്തിൻെറ ഭാഗമായി ന്യൂനപക്ഷങ്ങളുടെയും സമൂഹത്തിൻെറ അതിർവരമ്പുകളിലുള്ളവരുടെയും നിയമപരമായ അവകാശങ്ങളെ വളർത്തുകയും അവയ്ക്കുവേണ്ടി വാദിക്കുകയും ചെയ്യുന്നു.

ഏഷ്യയിലെ പ്രാദേശിക സഭകൾ ഇന്ന്, തികച്ചും അല്ലെങ്കിൽ മി

ക്കവാറും, "മിഷണറിമാരെ സ്വീകരിക്കുന്ന" സഭകളാകാതെ, "മിഷണറിമാരെ അയയ്ക്കുന്ന" സഭകളായിത്തീരുകയാണ്. അതിൻെറ ഒരു സുപ്രധാന അടയാളമാണ് പുതിയ ഏഷ്യൻ മിഷൻ സൊസൈറ്റികൾ. ഏഷ്യയിലെ മിഷൻ പ്രവർത്തനത്തിൻെറ ആദ്യത്തെ നാലുനൂറ്റാണ്ടുകളിൽ, മിക്ക മിഷൻ പ്രവർത്തകരും സന്ന്യാസസഭകളുടെയോ (റിലീജിയസ് ഓർഡറുകൾ), കോൺഗ്രിഗേഷനുകളുടെയോ മിഷണറി ഇൻസ്റ്റിറ്റ്യൂട്ടുകളുടെയോ അംഗങ്ങളായിരുന്നു. ഇന്ന് ഏഷ്യയിലെ പ്രാദേശികസഭകൾക്ക് ധാരാളം ഏഷ്യൻ മിഷണറി ഇൻസ്റ്റിറ്റ്യൂട്ടുകളുണ്ട്. ഫിലിപ്പീനെസ് ഫോറിൻ മിഷൻ സൊസൈറ്റി, ഇൻഡ്യയിലുള്ള സെൻറ്തോമസ് മിഷണറി സൊസൈറ്റി, ഹെരാൾഡ് ഓഫ് ഗുഡ്ന്യൂസ്, കെറിയൻ മിഷൻസൊസൈറ്റി, തായ് മിഷൻ സൊസൈറ്റി എന്നിവ പ്രാദേശികസഭകൾ "പ്രേഷിതരെ അയയ്ക്കുന്ന" സഭകളായിത്തീരുകയാണ് എന്നതിൻെറ മാതൃകകളാകുന്നു.

ഏഷ്യൻസഭ, "ചെറിയ അജഗണ"മാണെങ്കിലും, ഇതരമതസ്ഥരുടെയും മതനിരപേക്ഷപാരമ്പര്യങ്ങളുടെയും മധ്യേ പുളിമാവായി വർത്തിക്കുവാൻ വിളിക്കപ്പെട്ട ഒന്നാണ്. അതിൻെറ പ്രചോദനത്തിൻെറയും ശക്തിയുടെയും സ്രോതസ്സ്, ക്രൂശിതനും ഉത്ഥിതനുമായ കർത്താവും പരിശുദ്ധാത്മാവിൻെറ ദാനവുമാണ്. ഏഷ്യയിലെ ഓരോ യാഥാർത്ഥ്യവും, സഭയുടെ സ്നേഹത്തിൻെറയും സേവനത്തിൻെറയും പ്രേഷിത ദൗത്യത്താൽ ജീവൻെറ സമഗ്രപൂർണതയിലേക്കു പരിവർത്തനം ചെയ്യിക്കാനുള്ള ഒരു വെല്ലുവിളിയും അവസരവുമാണ്.

## അധ്യായം 3

# ദൈവത്തിൻെറ രക്ഷാകരപദ്ധതി ചരിത്രത്തിൽ

### ദൈവാത്മാവ് : സൃഷ്ടികർമത്തിൽ

16. സൃഷ്ടിമുഴുവൻെറയും ഉത്പത്തി ദൈവത്തിലാണ്. വിശുദ്ധഗ്രന്ഥകാരൻ സൃഷ്ടിയെപ്പറ്റിയുള്ള തൻെറ പ്രസ്താവന ഈ വാക്കുകളോടെ, ശരിയായിത്തന്നെ, തുടങ്ങുന്നു: "ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു" (ഉത്പ. 1:1). പ്രപഞ്ചത്തിൻെറ കാലഗണനതയോ മനുഷ്യരാശിയുടെ ചരിത്രമോ അല്ല അദ്ദേഹത്തിൻെറ മനസ്സിലുണ്ടായിരുന്നത്. പിന്നെയോ സകലവസ്തുക്കളുടെയും ദൈവശാസ്ത്രവും യുഗാന്ത്യശാസ്ത്രവുമാണ്. അതാകട്ടെ, മനുഷ്യവംശത്തിനായി ദൈവംനടത്തിയ വർദ്ധമാനവും രക്ഷാകരവുമായ ആത്മാവിഷ്കാരത്തിനും ആത്മസമ്പർക്കത്തിനുമുള്ള അടിസ്ഥാനമെന്ന നിലയിലുള്ളതാണ്. ദൈവം തൻെറ മഹത്ത്വവും സത്യവും നന്മയും ഐക്യവും എല്ലാസൃഷ്ടികളുമായി പങ്കുവയ്ക്കാനാണ് സകലതിനെയും സൃഷ്ടിച്ചത്. എന്നാലും മനുഷ്യവംശത്തെ സംബന്ധിച്ച് അനന്യമായ ഒരു രീതിയിൽ അവിടുന്ന് അപ്രകാരംചെയ്തു. ഈ ദൈവികപ്രവൃത്തി ദൈവത്തിൻെറ അനന്തമായ ജ്ഞാനത്തിൻെറയും നന്മയുടെയും ഒരു ഫലമാണ്: "നിത്യപിതാവ്, തൻെറ ജ്ഞാനത്തിൻെറയും നന്മയുടെയും തീർത്തും സൗജന്യപരവും രഹസ്യാത്മകവുമായ പദ്ധതിപ്രകാരം പ്രപഞ്ചത്തെ മുഴുവനും സൃഷ്ടിക്കുകയും മനുഷ്യനെ തൻെറ തന്നെ ദൈവികജീവനിൽ പങ്കുചേരാൻ ഉയർത്തുന്നതിന് ഇഷ്ടപ്പെടുകയുംചെയ്തു."[13] ദൈവമഹത്ത്വമാണ് സൃഷ്ടിയുടെ ലക്ഷ്യമെന്നു പറയപ്പെടുന്നു. എന്നാൽ, യഥാർത്ഥത്തിൽ, ദൈവികമഹത്ത്വം ഉൾക്കൊള്ളുന്നത് അവിടുത്തെ ജീവൻ മനുഷ്യനുമായി പങ്കുവയ്ക്കുന്നതിലാണ്. വി. ഇറനേവൂസ് പ്രസ്താവിച്ചു: "പൂർണമായും സജീവനായ വ്യക്തിയാണു ദൈവത്തിൻെറ മഹത്ത്വം."[14] വി. ബനവഞ്ചർ എഴുതിയ ഒരുവരി ഈ വസ്തുതയെ കൃത്യമായി പ്രഖ്യാപിക്കുന്നുണ്ട്: "ദൈവം തൻെറ മഹത്ത്വവും നന്മയും വർദ്ധിപ്പിക്കാനല്ല, പിന്നെയോ അവയെ വെളിപ്പെടുത്താനും അവയെ അഭിസംക്രമിപ്പിക്കാനുംവേണ്ടി, സകലവസ്തുക്കളെയും സൃഷ്ടിച്ചു."[15] ദൈവം എല്ലാറ്റിലും എല്ലാം ആകുന്നതിനുവേണ്ടി,

ദൈവത്തിൻെറ മഹത്ത്വത്തിൽ മനുഷ്യർ പങ്കുപറ്റുന്നിടത്തോളം സൃഷ്ടിയുടെ പരമമായ ലക്ഷ്യം ദൈവമഹത്ത്വമാണ്.

പ്രപഞ്ചത്തെയും മനുഷ്യനെയും സൃഷ്ടിച്ചതിനെ സംബന്ധിച്ച് ഉത്പത്തിപുസ്തകത്തിലുള്ള വിവരണം, മനുഷ്യവ്യക്തിയുടെ സത്താപരമായ മതാത്മകമാനങ്ങളെ - അതായത്, വ്യക്തിയുടെ ഉത്പത്തി, ഭാഗധേയം, പ്രകൃതി, സർവാതിശായിയായ ഛായ, യഥാർത്ഥത്തിൽ മനുഷ്യനായിരിക്കാൻ വേണ്ടി ദൈവത്തെക്കൊണ്ടുള്ള അസ്തിത്വപരമായ ആവശ്യം, ദൈവത്തിൽ ആത്മസാക്ഷാത്കാരം നടത്താനുള്ള വിളി, ദൈവത്തോടുള്ള വിധേയത്വമില്ലായ്മ, സകലസൃഷ്ടികളുടെയും സത്താപരമായ നന്മ, ലോകത്തിലുള്ള പാപത്തിൻെറയും തിന്മയുടെയും രഹസ്യം, മതപരവും ധാർമ്മികവുമായ അജ്ഞതയുടെ വിസ്മയിപ്പിക്കുന്ന നാടകം, ദൈവത്തിൻെറ രക്ഷാകരപദ്ധതിയെ മനുഷ്യൻ നിരാകരിച്ചത്, വേദനയുടെയും സഹനത്തിൻെറയും മരണത്തിൻെറയും ഉത്പത്തി, ജീവൻെറയും സത്യത്തിൻെറയും ഐക്യത്തിൻെറയും പൂർണതയ്ക്കായുള്ള വ്യക്തിയുടെ ദാഹം എന്നിവയെ - വ്യക്തമാക്കാനും നിർവചിക്കാനുംവേണ്ടി, വിശുദ്ധലിഖിതങ്ങൾക്കുള്ള ഒരു ആമുഖമായി നിലകൊള്ളുന്നു.[16] ഉത്പത്തിപുസ്തകത്തിൻെറ ആദിമാദ്ധ്യായങ്ങൾ യഥാർത്ഥത്തിൽ ഉദാത്തമായ നാടകവും, മനുഷ്യവംശത്തിൻെറ ഉദ്ഭവം അതിൻെറ ഇപ്പോഴത്തെ അവസ്ഥ അതിൻെറ ആത്യന്തികമായവിളി എന്നിവയെ വിശദമാക്കുന്ന ദൈവശാസ്ത്രപരവും ആദ്ധ്യാത്മികവും നരവംശശാസ്ത്രപരവുമായ പ്രസ്താവനകളുമാണ്.

## സർവാതിശായിയായ ദൈവാത്മാവിനാൽ സ്പർശിക്കപ്പെട്ട് ഒരു ക്രൈസ്തവ നരവംശശാസ്ത്രം

17. ലോകത്തിലെ സർഗ്ഗാത്മകവും രക്ഷാകരവുമായ സകലപ്രവർത്തനങ്ങളും ഏക ദൈവത്തിൽനിന്ന് ഉറവെടുക്കുന്നു. ഒരു പ്രത്യേകപ്രവർത്തനത്തെ, പുതിയനിയമവെളിപാടിൻെറ വെളിച്ചത്തിൽ, മൂന്നുദൈവിക വ്യക്തികളിൽ ഒരാളുടേതാണെന്നു. പറയുന്നത് സവിശേഷഗുണാരോപണം (appropriation) വഴി മാത്രമാണ്. അതുകൊണ്ട്, ദൈവത്തിൻെറ ആത്മാവ് എവിടെയെല്ലാം സന്നിഹിതമായിരിക്കുന്നുവോ അവിടെയെല്ലാം *വചനവും* (Logos) സന്നിഹിതമാണെന്ന് മനസ്സിലാക്കപ്പെടുന്നു.

എല്ലാ വ്യക്തികളും ദൈവത്തിൻെറ സർവാതിശായിയായ ആത്മാവിനാൽ സത്താപരമായും അസ്തിത്വപരമായും സ്പർശിക്കപ്പെടുന്നു. അവർ സ്ഥിരമായി ജീവൻെറ പൂർണ്ണതയെ അന്വേഷിക്കുകയും അതിനെപ്പറ്റി ചോ

ദ്യങ്ങൾ ചോദിക്കുകയും അതിനായി ദാഹിക്കുകയുംചെയ്യുന്നു. ദൈവത്തിൻെറ ആത്മാവ് അവരെ പ്രചോദിപ്പിക്കുകയും തന്നോടുള്ള സംസർഗ്ഗത്തിലേക്ക് അവരെ നയിക്കുകയും ചെയ്യുന്നു. ഈ വിഷയത്തെപ്പറ്റി ജോൺ പോൾ രണ്ടാമൻ മാർപാപ്പ ഇങ്ങനെ പ്രസ്താവിക്കുന്നു: "അതുകൊണ്ട്, ആത്മാവ്, മനുഷ്യൻെറ അസ്തിത്വപരവും മതപരവുമായ ചോദ്യംചോദിക്കലിൻെറ സ്രോതസ്സിൽത്തന്നെ നിലകൊള്ളുന്നു. ആ ചോദ്യംചോദിക്കലൊകട്ടെ, ആകസ്മിക സാഹചര്യങ്ങളാൽ മാത്രം ഉയരുന്നതല്ല. പിന്നെയോ അവൻെറ അസ്തിത്വത്തിൻെറ ഘടനയിൽനിന്നുതന്നെ ഉയരുന്നതാണ്."[17]

അതുകൊണ്ട്, ദൈവത്തിൻെറ ആത്മാവിനെ, ക്രമരാഹിത്യത്തിൽ നിന്നു ക്രമവും, ഐക്യവും സൗന്ദര്യവും നിർമ്മിച്ചുകൊണ്ട് സൃഷ്ടികർമ്മത്തിൻെറ ആരംഭത്തിൽത്തന്നെ പ്രവർത്തനനിരതമായിരിക്കുന്നതായി കാണിക്കുന്നു. (cf. ഉത്പ. 1:-1 ff) അവിടുത്തെ പ്രവർത്തനത്തിൻെറ മണ്ഡലം സൃഷ്ടിമുഴുവനുമാണ്; പ്രത്യേകിച്ച് മാനുഷികകുടുംബമാണ്. ഇസ്രായേലിലും ക്രൈസ്തവരക്ഷാപദ്ധതിയിലും (dispensation) ഉള്ള പരിശുദ്ധാത്മാവിൻെറ രക്ഷാകരപ്രവർത്തനത്തിൻെറ സവിശേഷവും ചരിത്രപരവുമായ വെളിപ്പെടുത്തൽ, ആദിമസർഗാത്മക - രക്ഷാകരപ്രവൃത്തി തുടരുകയും പൂർത്തിയാക്കുകയും മാത്രമേ ചെയ്യുന്നുള്ളൂ.[18] എല്ലാ ജനങ്ങളുടെയും ഇടയിൽ, അവരുടെ സംസ്കാരങ്ങളുടെയും തത്വശാസ്ത്രങ്ങളുടെയും മതങ്ങളുടെയും ഇടയിൽ, പരിശുദ്ധാത്മാവ് രക്ഷാകരസത്യത്തിൻെറയും കൃപാവരത്തിൻെറയും വിത്തുകൾ വിതക്കുകയായിരുന്നു. താഴെപ്പറയുന്ന വാക്കുകളിലൂടെ രണ്ടാംവത്തിക്കാൻ സൂനഹദോസു പഠിപ്പിക്കുന്നതുപോലെതന്നെ: "എല്ലാവസ്തുക്കളുടെയും സ്രഷ്ടാവായവൻ അവസാനം 'എല്ലാറ്റിലും എല്ലാം' ആകുന്നതിനുവേണ്ടി, അവിടുന്നു തൻെറ ദൈവികനന്മ ഉദാരതയോടെ വർഷിക്കുന്നു; വർഷിക്കുന്നതിൽനിന്ന് ഒരിക്കലും വിരമിക്കുന്നുമില്ല."[19]

### ഹൃദയത്തിൻെറ അഗാധാഭിവാഞ്ഛകൾ

18. ഏഷ്യൻ ഭൂഖണ്ഡത്തിലെ വ്യത്യസ്തമതങ്ങളിലും തത്വശാസ്ത്രങ്ങളിലും ആത്മാവിൻെറ രക്ഷാകരപ്രവർത്തനം ഏതെങ്കിലും ഒരുതരത്തിൽ സന്നിഹിതമാണ്. അതിലൂടെ എല്ലാമതങ്ങളുടെയും വിശ്വാസികൾ ദൈവത്തിലേക്കുള്ള അവരുടെ മാർഗം കണ്ടെത്തി. ഏഷ്യയിലെ ജനങ്ങളുടെയിടയിലുള്ള ദൈവാത്മാവിൻെറ രക്ഷാകരസാന്നിദ്ധ്യത്തെ ആദരിക്കാനും അതിൻമേൽ പടുത്തുയർത്താനും സഭ ആഗ്രഹിക്കുന്നു. ഇതിനെസംബന്ധിച്ച് ജോൺപോൾ രണ്ടാമൻ മാർപാപ്പ ഇങ്ങനെ പറഞ്ഞു: "സഭയ്ക്കു മറ്റുമതങ്ങളോടുള്ള ബന്ധം രണ്ടുതരത്തിലുള്ള ആദരവിനാൽ നിർദ്ദേശിക്കപ്പെടുന്ന

ഒന്നാണ് : ജീവിതത്തെ സംബന്ധിച്ചുള്ള അഗാധതമങ്ങളായ ചോദ്യങ്ങൾക്ക് ഉത്തരങ്ങളന്വേഷിക്കുന്ന മനുഷ്യനോടുള്ള ആദരവ്. മനുഷ്യനിൽ ആത്മാവിൻെറ പ്രവർത്തനത്തോടുള്ള ആദരവ്."[20]

സമഗ്രതയ്ക്ക്, വിമോചനത്തിനും ജീവിതത്തിൻെറ പൂർണ്ണതയ്ക്കും, വേണ്ടിയുള്ള ദാഹവും അന്വേഷണവും, ഏഷ്യാക്കാർക്ക് ഏറെ പരിചിതമായ ചില പരമ്പരാഗതപ്രാർത്ഥനകളിലാണ് ഏറ്റവും നന്നായിട്ട് പ്രകാശിപ്പിച്ചിട്ടുള്ളത്. ആ പ്രാർത്ഥനകളിൽ ഒരെണ്ണം പോൾ ആറാമൻ മാർപ്പാപ്പ ഏഷ്യൻ ഭൂഖണ്ഡത്തിൽനടത്തിയ ഒരു സന്ദർശനത്തിൻെറ സന്ദർഭത്തിൽ ഉദ്ധരിക്കുകയുണ്ടായി:

മിഥ്യയിൽനിന്ന് എന്നെ യഥാർത്ഥത്തിലേക്കു നയിക്കണമേ,
അന്ധകാരത്തിൽനിന്ന് എന്നെ പ്രകാശത്തിലേക്കു നയിക്കണമേ,
മരണത്തിൽനിന്ന് എന്നെ അമർത്ത്യതയിലേക്കു നയിക്കണമേ.
(ബൃഹദാരണ്യകോപനിഷത്ത് 1, 3, 28)[21]

ജീവനും സമഗ്രതയ്ക്കും, സ്നേഹത്തിനും സംസർഗത്തിനും വേണ്ടിയുള്ള മാനുഷികദാഹം സൃഷ്ടിയിൽ മാത്രമല്ല ചരിത്രത്തിലും ദൈവത്തിൻെറ ആത്മസംസർഗം സ്വീകരിക്കാൻ വ്യക്തികൾക്കു കഴിവുനല്കുന്നു. അവരുടെ മാർഗവും സത്യവും ജീവനും എന്ന നിലിയിലുള്ള ക്രിസ്തുവിൽ തന്നെത്തന്നെ വെളിപ്പെടുത്താനും കൈമാറാനും ദൈവം തീരുമാനിക്കുമ്പോഴാണ് അതു സംഭവിക്കുക. (cf. യോഹ. 14:6).

ദൈവത്തിനും ജീവൻെറ പൂർണതയ്ക്കുംവേണ്ടിയുള്ള മനുഷ്യൻെറ അഭിവാഞ്ഛ പാപത്താൽ നിരന്തരം തകർക്കപ്പെടുന്നു. വ്യക്തികൾ ദൈവത്തിൻെറ ഛായയിൽ സൃഷ്ടിക്കപ്പെട്ടവരാണ്. എങ്കിലും അവർ എപ്പോഴും തങ്ങളുടെ സ്രഷ്ടാവിനെ അംഗീകരിക്കുകയോ സ്നേഹിക്കുകയോ തങ്ങളുടെ മനസ്സാക്ഷികളിൽ മുദ്രിതമാക്കിയിട്ടുള്ള ശാസനകളെ അനുസരിക്കുകയോ ചെയ്യുന്നില്ല. ലോകത്തിൽ ആരംഭംമുതൽ ഏതെങ്കിലും തരത്തിലുള്ള തിന്മയുടെ സാന്നിധ്യത്തെ ആദിമപാപത്തെപ്പറ്റിയുള്ള വിവരണം വിശദീകരിക്കുന്നു. ആ തിന്മ, മൗലികമായ ഒരു അനൈക്യമാണ്, ഒരു വിഛേദനം അഥവാ അസ്തിത്വപരമായ ഒരു വഴിതെറ്റലാണ്; മനുഷ്യവംശത്തിൽ അതിൻെറ ഉദ്ഭവംമുതലുള്ള കുറ്റകരമായ ഒരു അജ്ഞതയാണ്, ദൈവത്തിൻെറ രക്ഷാകരപദ്ധതിയോടു കാണിക്കുന്ന അവാച്യമായ ഒരു വിധേയത്വമില്ലായ്മയാണ്.

## ദൈവത്തിൻെറ ആത്മാവ് പ്രവർത്തനത്തിൽ

19. മനുഷ്യവംശത്തിൻെറ ഇന്നത്തെ അവസ്ഥയുടെ മൂലകാരണമായി അംഗീകരിക്കപ്പെട്ട പാപത്തിൻെറ സാന്നിദ്ധ്യമുണ്ടെങ്കിലും, ദൈവത്തിൻെറ സത്യത്തിൻെറയും രക്ഷാകരകൃപയുടെയും രശ്മികൾ നല്കാതെ മനുഷ്യരെ വെറുതെ വിട്ടിരിക്കുകയല്ല. "അവിടുന്നു തന്നെ എല്ലാ മനുഷ്യർക്കും ജീവനും ശ്വാസവും മറ്റെല്ലാദാനങ്ങളും നൽകുന്നു."[22] "അവിടുന്നിൽ നാം ജീവിക്കുന്നു, ചരിക്കുന്നു, നിലനില്ക്കുന്നു"... നാം അവിടുത്തെ സന്താനങ്ങളാണ്" (അപ്പ. 17:25-28). അങ്ങനെ, രണ്ടാംവത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നു: "രക്ഷയ്ക്കുവേണ്ടിയുള്ള അന്വേഷണത്തിൽ സ്ഥിരോത്സാഹത്തോടെ നന്മചെയ്യുന്നവർക്ക് നിത്യജീവൻ നല്കുന്നതിന്, മനുഷ്യജാതിയെ സൂക്ഷിക്കുന്നതിൽനിന്ന് അവിടുന്ന് ഒരിക്കലും വിരമിച്ചിട്ടില്ല."[23] ജനതകളിൽ നിഗൂഢമായി നിലകൊള്ളുന്നതോ വെളിവായി അറിയപ്പെട്ടിട്ടുള്ളതോ ആയ വചനത്തിൻെറ വിത്തുകൾ, ജനതകൾക്ക് അവിടുന്നു നല്കിയ ആദ്ധ്യാത്മിക സമ്പത്തുക്കൾ[24] ജനതകൾമേൽ അവിടുന്നു വർഷിച്ചിട്ടുള്ള സത്യത്തിൻെറയും കൃപാവരത്തിൻെറയും ഘടകങ്ങൾ[25] എന്നിവയെല്ലാം സകലജനതകൾക്കുമുള്ള രക്ഷയുടെ മാർഗ്ഗങ്ങളാണ്. ഇവയിലൂടെയാണു ദൈവത്തിൻെറ ആത്മാവ് അവരെ രക്ഷയിലേക്കു നയിക്കുന്നത്.

ദൈവത്തിൻെറ രക്ഷാകരമായ വെളിപാടും രക്ഷയും "ദൈവത്തിൽ നിന്നുദ്ഭവിച്ച മതാത്മകസത്യങ്ങളുടെ അവ്യക്തവും അനിശ്ചിതവുമായ കുടുംബമായി" നിലനിന്നില്ല. "പിന്നെയോ, ലോകത്തിൽ അങ്ങുമിങ്ങും സഞ്ചരിക്കുന്ന തീർത്ഥാടകരെപ്പോലെ അദ്ഭുത പ്രവൃത്തിയുടെയോ സുനിശ്ചിതമായ വാസകേന്ദ്രത്തിൻെറയോ താങ്ങില്ലാതെ യാത്രചെയ്തുകൊണ്ടിരുന്നു..."[26] അത് നിഗൂഢമായ ഒരു രഹസ്യമായി നിലനിന്നില്ല. രക്ഷയുടെ പുരോഗമനാത്മക ചരിത്രത്തിൽ അത് വസ്തുനിഷ്ഠമായ ഒരു പ്രകാശനം കണ്ടെത്തുന്നു. സൃഷ്ടികർമ്മത്തിലും സ്ത്രീപുരുഷന്മാരുടെ "പാപംനിറഞ്ഞ" ലോകത്തിലും, പ്രവർത്തനനിരതനായ അതേ ദൈവാത്മാവ്, യേശുക്രിസ്തുവിനെ, അവിടുന്ന് ആഗതനായപ്പോൾ, വെളിപ്പെടുത്തി. അത്തരമൊരു രക്ഷാകര വെളിപ്പെടുത്തൽ ലോകത്തിൽ ദൈവാത്മാവു നിർവഹിക്കുന്ന രക്ഷാകരപ്രവൃത്തിയോട് ആകസ്മികമായി കൂട്ടിച്ചേർത്ത ഒന്നല്ല. പിന്നെയോ, ആ പ്രവൃത്തിയുടെ പൂർണതയാണ്, അതിന് ആധികാരികത നല്കലാണ്. സ്വന്തം ഛായയിൽ മനുഷ്യജീവികളെ സൃഷ്ടിക്കുവാനുള്ള ദൈവത്തിൻെറ പദ്ധതിയെ, എന്നേക്കും തടസ്സപ്പെടുത്തിയില്ല. പുതിയ "ആദം" ആകുന്ന യേശുക്രി

സ്തു മനുഷ്യജാതിക്കു വെളിപ്പെടുന്നതുവരെ അവിടുന്ന് തൻെറ സൃഷ്ടികർമം തുടർന്നു.

ദൈവപുത്രനായ യേശുക്രിസ്തുവിൻെറ ദൗത്യത്തെ ആദിമുതൽ ലോകത്തിൽ പ്രവർത്തനനിരതമായിരിക്കുന്ന ദൈവത്തിൻെറ സാർവത്രിക രക്ഷാകര ഹിതത്തിൻെറ സാഹചര്യത്തിൽ പ്രതിഷ്ഠിച്ചുവേണം കാണുവാൻ. അങ്ങനെ, ചരിത്രത്തിൽ യേശുക്രിസ്തുവിൻെറ ദൗത്യത്തിനു മുമ്പേ പോകുന്നതും അതിനോടൊപ്പം സഞ്ചരിക്കുന്നതും അതിനെ പിന്തുടരുന്നതുമായ ആത്മാവിനെക്കുറിച്ച് സഭാപിതാക്കന്മാർ പറഞ്ഞു. ആത്മാവ് യേശുവിൻെറ ദൗത്യത്തിനുമുമ്പേ പോകുകയും അതിനോടൊപ്പം സഞ്ചരിക്കുകയും അതിനെ അനുഗമിക്കുകയും ചെയ്യുന്നത് ഒരു രക്ഷാകരപദ്ധതി - അതായത്, ദൈവത്തിൻെറ ത്രിത്വാത്മക ജീവിതത്തിലുള്ള ഭാഗഭാഗിത്വം - മാത്രമേ ഉള്ളൂ എന്നതുകൊണ്ടാണ്. പിതാവ് ഈ രക്ഷാകരപദ്ധതി സൃഷ്ടിയിൽത്തന്നെ ആത്മാവിൻെറയും *വചനത്തിൻെറ*യും ദൗത്യത്തിലൂടെ തുടങ്ങിക്കഴിഞ്ഞു. ആത്മാവിനാൽ സഹഗമിക്കപ്പെട്ട യേശുക്രിസ്തുവിൻെറ ദൗത്യത്തിൽ അതു തുടരുകയും ചെയ്തു.

പുത്രൻെറ മനുഷ്യാവതാരം പരിശുദ്ധാത്മാവിൻെറ ശക്തിയുടെ കീഴിൽ സംഭവിച്ചു. (cf. മത്താ 1:18). യേശു യോർദാൻനദിയിൽവച്ച് പരിശുദ്ധാത്മാവിനാൽ അഭിഷിക്തനായി. മരുഭൂമിഅനുഭവത്തിലേക്കു പരിശുദ്ധാത്മാവ് അവിടുത്തെ നയിക്കുകയുംചെയ്തു. (cf. മർക്കോ 1:10-12). യേശു പരിശുദ്ധാത്മാവിനാൽ അഭിഷിക്തനായി. ആത്മാവിൻെറ ശക്തിയാൽ തൻെറ വചനത്തിൻെറയും പ്രവൃത്തിയുടെയും രക്ഷാകരശുശ്രൂഷ അവിടുന്നു തുടങ്ങുകയുംചെയ്യുന്നു. (cf. ലൂക്കാ 4:14-18). ദൈവഭരണത്തെക്കുറിച്ചുള്ള പ്രഖ്യാപനം, പ്രബോധനം, രോഗികളായിരുന്നവർക്കു സമഗ്രതയും ജീവനും പുന:സ്ഥാപിച്ചുകൊണ്ടുള്ള സുഖപ്പെടുത്തൽ എന്നിവയുടെ പരസ്യശുശ്രൂഷ പരിശുദ്ധാത്മാവിൻെറ ശക്തിയുടെ കീഴിൽ അവിടുന്നു നടത്തി. അപ്പസ്തോലപ്രവർത്തനങ്ങൾ ഇങ്ങനെ പ്രസ്താവിക്കുന്നു: "യോഹന്നാൻ പ്രസംഗിച്ച സ്നാനത്തിനുശേഷം ഗലീലിയിൽ ആരംഭിച്ച് യൂദയാ മുഴുവനിലും സംഭവിച്ച കാര്യങ്ങൾ നിങ്ങൾക്ക് അറിവുള്ളതാണല്ലോ. നസ്രായനായ യേശുവിനെ പരിശുദ്ധാത്മാവിനാലും ശക്തിയാലും ദൈവം എങ്ങനെ അഭിഷേകംചെയ്തുവെന്നും അവൻ എപ്രകാരം നന്മപ്രവർത്തിച്ചുകൊണ്ടും പിശാചിനാൽ പീഡിപ്പിക്കപ്പെട്ടവരെ സുഖപ്പെടുത്തിക്കൊണ്ടും ചുറ്റിസഞ്ചരിച്ചുവെന്നും നിങ്ങൾക്കറിയാം. ദൈവം അവനോടുകൂടെയുണ്ടായിരുന്നു." (അപ്പ. 10:37-38).

ദൈവത്തിൻെറ രക്ഷാകരവെളിപാട്, യേശുക്രിസ്തുവിൻെറ മരണത്തിലും ഉത്ഥാനത്തിലും അതിൻെറ നിറവേറൽ കണ്ടെത്തുന്നു. ഹെബ്രായർക്കുള്ള ലേഖനത്തിൽ പറയുംപോലെ, കുരിശിൽ സംഭവിച്ച അവിടുത്തെ മരണം ആത്മാവിൽ സമർപ്പിക്കപ്പെട്ട ഒരു ബലിയായിരുന്നു: "നിത്യാത്മാവുമൂലം കളങ്കമില്ലാതെ ദൈവത്തിനു തന്നെത്തന്നെ സമർപ്പിച്ച ക്രിസ്തുവിൻെറ രക്തം ജീവിക്കുന്ന ദൈവത്തെ ശുശ്രൂഷിക്കാൻ നമ്മുടെ അന്ത:കരണത്തെ നിർജീവപ്രവൃത്തികളിൽനിന്ന് എത്ര അധികമായി വിശുദ്ധീകരിക്കുകയില്ല!" (ഹെബ്രാ. 9:14).

## യേശുവിൻെറ ദൗത്യവും ആത്മാവും

20. യേശുവിൻെറ ജീവിതത്തിൻെറയും രക്ഷാകരമായ മരണത്തിൻെറയും ഫലങ്ങളിൽ ഒന്ന് അവിടുത്തെ ശിഷ്യന്മാർക്ക് പരിശുദ്ധാത്മാവിനെ നല്കുക എന്നതായിരുന്നു. യേശു തൻെറ പുനരുത്ഥാനത്തിൻെറ ദിവസം തൻെറ ശിഷ്യന്മാരുടെ മദ്ധ്യത്തിൽ നില്ക്കുകയും "പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ" (യോഹ. 20:22) എന്നുപറഞ്ഞുകൊണ്ട് അവരുടെമേൽ പരിശുദ്ധാത്മാവിനെ നിശ്വസിക്കുകയുംചെയ്തു. പന്തക്കുസ്തയുടെ ദിവസംമുതൽ പരിശുദ്ധാത്മാവ് സഭയിൽ യേശുവിൻെറ ജോലി തുടർന്നുകൊണ്ടിരിക്കുന്നു. യേശുവിൻെറ രക്ഷാകരകർമം തുടരുന്നതിനുവേണ്ടി ശിഷ്യന്മാരുടെമേൽ ആത്മാവിനെ വർഷിച്ചു. അവർ ആ കർമം തുടരേണ്ടതാകട്ടെ അവിടുത്തെ വചനവും രക്ഷാകരമായ അവിടുത്തെ മരണവും ഉത്ഥാനവും സഭയുടെ കൂദാശകളിൽ സന്നിഹിതമാക്കിക്കൊണ്ടാണ്. സകലകാലങ്ങളിലും സകലസ്ഥലങ്ങളിലുമുള്ള ജനങ്ങൾക്കും യേശുവിൻെറ പെസഹാരഹസ്യത്തിൽ പങ്കുചേരുവാൻ കഴിയേണ്ടതിനാണത്. യേശുക്രിസ്തുവിൻെറ ഛായയോട്, പിതാവിൻെറ ഹിതത്തോടുള്ള അനുസരണത്തിൽ, എല്ലാജനങ്ങളെയും അനുരൂപപ്പെടുത്താനും അങ്ങനെ വ്യക്തികളിൽ ദൈവത്തിൻെറ ഛായ വീണ്ടും സൃഷ്ടിക്കാനുമുള്ള ദൗത്യമാണ് ആത്മാവിനുള്ളത്. അങ്ങനെ സൃഷ്ടിക്കുന്നതാകട്ടെ അവർക്കു ദൈവവുമായുള്ള സംസർഗ്ഗത്തിൻെറ പൂർണ്ണത കണ്ടെത്താൻ കഴിയാനാണ്.

ഇക്കാര്യത്തിൽ രക്ഷാകരമായ ഒരു വൃത്തമാണുള്ളത് - രക്ഷാകരമായ സമാന്തരരേഖകളല്ല. പിതാവ് *വചനത്തെയും* ആത്മാവിനെയും സൃഷ്ടിയിലേക്കും പിന്നീട് ഇസ്രായേലിലേക്കും അയയ്ക്കുന്നു. അതേ ആത്മാവ് യേശുവിൻെറ ജീവിതത്തോടും മരണം ഉത്ഥാനം എന്നിവയോടും കൂടെ പോകുന്നു: യേശു ആ ആത്മാവിനെത്തന്നെ സുനിശ്ചിതമായ ഒരു രക്ഷാകരകർമ്മത്തിൽ തൻെറ ശിഷ്യന്മാരിലേക്ക് അയയ്ക്കുന്നു. യേശുക്രിസ്തുവി

ൻെറ പ്രഘോഷണത്തിൽ പരിശുദ്ധാത്മാവു പ്രവർത്തിക്കുന്നു. എല്ലാവരും പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും ജീവനിൽ പങ്കു ചേരുന്നതിനുവേണ്ടി ഓരോ വ്യക്തിയെയും യേശുക്രിസ്തുവിൻെറ സാദൃശ്യത്തിൽ വീണ്ടും സൃഷ്ടിച്ചുകൊണ്ട് അങ്ങനെ ചെയ്യുന്നു.

സൃഷ്ടികർമത്തിലും മനുഷ്യചരിത്രത്തിലുമുണ്ടായ പരിശുദ്ധാത്മാവിൻെറ സാന്നിധ്യം അതിൽത്തന്നെ ഒരു ലക്ഷ്യമായിരുന്നില്ല. യേശുക്രിസ്തുവിൻെറ ദൗത്യത്തിൽനിന്ന് ഒറ്റപ്പെട്ടുനില്ക്കുന്ന ഒന്നായിരുന്നില്ല അത്. മനുഷ്യവംശത്തിൽ പരിശുദ്ധാത്മാവിൻെറ സാന്നിധ്യം എല്ലാ ജനതകളെയും ദൈവത്തിൻെറ ജീവനിൽ, അവിടുത്തെ പുത്രനായ യേശുക്രിസ്തുവിലൂടെ, പൂർണമായ ഭാഗഭാഗിത്വത്തിലേക്കു നയിക്കുവാനുള്ളതായിരുന്നു. ദൈവികമായ സകലപ്രവൃത്തികളും - സൃഷ്ടിപരവും രക്ഷാകരവും വിശുദ്ധീകരണപരവുമായ സകലപ്രവൃത്തികളും - എപ്പോഴും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ പരിശുദ്ധത്രിത്വത്തിൻെറ പ്രവൃത്തിയാണ്. ഒരു പ്രത്യേകപ്രവൃത്തി ത്രിത്വത്തിലെ ഏതെങ്കിലും ഒരു വ്യക്തി നിർവഹിക്കുന്നതായി പറയാൻകഴിയുന്നത് സവിശേഷ ഗുണാരോപണം അഥവാ സവിശേഷകർമാരോപണം വഴി മാത്രമാണ്. അങ്ങനെ, ആത്മാവുസന്നിഹിതമായിരിക്കുന്നിടത്ത് *വചനവും* സന്നിഹിതനാണ്. എന്നാൽ, ഈ രഹസ്യം, രക്ഷാകരസാന്നിധ്യം, പൗലോസുശ്ലീഹ പറയുന്നതുപോലെ ഇപ്പോൾ യേശുക്രിസ്തുവിലും അവിടുത്തെ സഭയിലും വെളിവാക്കപ്പെട്ടിരിക്കുന്നു: "യുഗങ്ങൾക്കും തലമുറകൾക്കും നിഗൂഢമായിരുന്ന രഹസ്യം ഇപ്പോൾ വിശുദ്ധന്മാർക്ക് വെളിപ്പെടുത്തിയിരിക്കുന്നു" (കൊളോ 1:26) ദൈവത്തിൻെറ ദൈവികപദ്ധതിയിലെ ഒരു ശുശ്രൂഷകൻ എന്നനിലയിൽ, "സഭയിലൂടെ ദൈവത്തിൻെറ ബഹുമുഖജ്ഞാനം ഇപ്പോൾ വ്യക്തമാക്കിക്കൊടുക്കാൻ" (എഫേ 3:10) വേണ്ടി വി. പൗലോസിനു പ്രസംഗിക്കേണ്ടിയിരുന്നു.

രക്ഷാകരപദ്ധതിയെ മൂന്നുഘട്ടങ്ങളായിട്ട്, ഓരോ ഘട്ടവും ഓരോ ദൈവികവ്യക്തിയുടെ കീഴിലുള്ളതായിട്ട്, വിഭജിക്കുന്ന സമ്പ്രദായത്തെ സഭാപിതാക്കന്മാർ തള്ളിക്കളഞ്ഞു. ഓരോ ദൈവികപ്രവൃത്തിയിലും എല്ലാ ദൈവികവ്യക്തികളും ഉൾപ്പെടുന്നുണ്ടെന്ന് അവർ പ്രസ്താവിച്ചു.[27] ഏഷ്യയിലെ ജനതകൾക്കിടയിൽ പരിശുദ്ധാത്മാവ് തൻെറ ബഹുമുഖദാനങ്ങളുമായി സന്നിഹിതനായിരിക്കുന്നത് എല്ലാവരെയും യേശുക്രിസ്തുവിലേക്കു നയിക്കാനാണെന്നും അവരെ അവിടുത്തെ ഛായയ്ക്ക് അനുരൂപരാക്കാനാണെന്നും അനുമാനിക്കാം.

21. ഏഷ്യയിലെ ജനങ്ങളിൽ അവരുടെ അഗാധമായ മതബോധനത്തിലും തത്ത്വശാസ്ത്രങ്ങളിലും സംസ്കാരങ്ങളിലും പരിശുദ്ധാത്മാവു വർഷിച്ച ഓരോ രക്ഷാകരസത്യത്തെയും കൃപാവരത്തെയും സംബന്ധിച്ച് സന്തോഷിക്കാൻ വകയുണ്ട്. ജോൺപോൾ രണ്ടാമൻ മാർപാപ്പ പറയുന്നതുപോലെ, "ആത്മാവിൻെറ സാന്നിദ്ധ്യത്തിൻെറ ഓരോ രൂപത്തെയും ബഹുമാനത്തോടും കൃതജ്ഞതയോടുംകൂടെ സ്വാഗതംചെയ്യപ്പെടണം..."[28] ആത്മാവിൻെറ ഈ വെളിപ്പെടലുകൾ വലിയ ആദരവോടെയാണ് സമീപിക്കപ്പെടുന്നത്. അതേസമയത്ത് ഈ ആത്മാവ് എല്ലാ ജനതകളിലും, അവരെ യേശുക്രിസ്തുവിലേക്കു നയിക്കുന്നതിനുവേണ്ടി സന്നിഹിതനായിരിക്കുന്നു എന്ന വസ്തുത അംഗീകരിക്കുകയുംവേണം. തത്ഫലമായി സഭ യേശുക്രിസ്തുവിനെപ്പറ്റി പ്രഘോഷിച്ചു. ഇന്നും പ്രഘോഷണം തുടർന്നുകൊണ്ടിരിക്കുന്നു. ഏഷ്യയിലെ സകലജനതകളും യേശുവിൽനിന്ന് ആത്മാവിൻെറ പൂർണ്ണത സ്വീകരിക്കാനും, ത്രിത്വാത്മകദൈവത്തിൻെറ ജീവനിലുള്ള പങ്കുചേരലാകുന്ന രക്ഷയുടെ തികവിൽ എത്തിച്ചേരാനും വേണ്ടിയാണ് അങ്ങനെ ചെയ്യുന്നത്.

മനുഷ്യവർഗത്തിൻെറയും അതിൻെറ മതങ്ങളുടെയും ചരിത്രത്തിൽ *വചനത്തിനും* ആത്മാവിനുമുള്ള ദൗത്യം, യേശുക്രിസ്തുവിൻെറ ദൗത്യത്തെ ഒട്ടും ഇല്ലായ്മപ്പെടുത്തുകയോ, ഏതെങ്കിലുംതരത്തിൽ അപ്രധാനമാക്കുകയോ അല്ല ചെയ്യുന്നത്. പിന്നെയോ അത് യേശുക്രിസ്തുവിലേക്കു നയിക്കുക തന്നെയാണുചെയ്യുന്നത്. ജോൺപോൾ രണ്ടാമൻ മാർപാപ്പ, താഴെക്കാണുന്ന വാക്കുകളിൽ ഇത്രയുംപറയുന്നു: "അതുകൊണ്ട്, അവിടുന്ന് (ആത്മാവ്) ക്രിസ്തുവിനു പകരമായിട്ടുള്ള ഒരാളല്ല. ക്രിസ്തുവും വചനവും തമ്മിലുണ്ടെന്നു ചിലപ്പോൾ ആളുകൾ അഭിപ്രായപ്പെടുന്ന ഒരുതരം ശൂന്യതയെ നികത്തുകയുമല്ല അവിടുന്നുചെയ്യുന്നത്."[29] ആത്മാവിനാൽ വിതക്കപ്പെട്ട "വചനത്തിൻെറ വിത്തുകൾ" ക്രൂശിക്കപ്പെടുകയും ഉത്ഥിതനാവുകയും ചെയ്ത മനുഷ്യനായി അവതരിച്ച വചനത്തിലൂടെ നിത്യജീവനു പാകമായിത്തീർന്നു. ചരിത്രത്തിൽ ആത്മാവിൻെറയും വചനത്തിൻെറയും ദൗത്യം ഒരേ ഒരു ദൗത്യത്തിനു രൂപംനൽകുന്നു. ദൈവത്തിൻെറ സാർവത്രിക രക്ഷാകരഹിതവും യേശുക്രിസ്തുവിൽ വെളിവാക്കപ്പെട്ട പ്രത്യേകരക്ഷാകരഹിതവും പരസ്പരപൂരകങ്ങളാണ്. സാർവത്രികമായത് ഇല്ലായിരുന്നുവെങ്കിൽ പ്രത്യേകമായതു സ്വീകരിക്കുവാൻ മനുഷ്യജീവികൾക്കു കഴിയുമായിരുന്നില്ല. അതുപോലെ പ്രത്യേകമായത് ഇല്ലായിരുന്നുവെങ്കിൽ സാർവത്രികമായതിനു സത്തയോ വിശ്വാസ്യതയോ ഉണ്ടാകുമായിരുന്നില്ല.

രക്ഷയ്ക്കും ജീവൻെറ സമഗ്രതയ്ക്കുംവേണ്ടിയുള്ള ദൈവത്തിൻെറ സാർവത്രികപദ്ധതി അവിടുത്തെ പുത്രനായ യേശുക്രിസ്തുവിൽ വസ്തുനിഷ്ഠമായ ഒരു രൂപവും മാനുഷികമായ ഒരു ആകൃതിയും ആദാനംചെയ്യുന്നു. രണ്ടാംവത്തിക്കാൻ സൂനഹദോസ് താഴെക്കാണുംവിധം പ്രഖ്യാപിച്ചപ്പോൾ അതിൻെറ മനസ്സിൽ ഈ ആശയമുണ്ടായിരുന്നു: "മനുഷ്യവംശത്തിൻെറ രക്ഷയ്ക്കുവേണ്ടി ദൈവത്തിനുള്ള സാർവത്രികപദ്ധതി, മനുഷ്യരുടെ ഹൃദയങ്ങളിൽ നടക്കുന്നു എന്നതുപോലെ, രഹസ്യമായ രീതിയിൽ മാത്രമല്ല നിർവഹിക്കപ്പെടുന്നത്. ദൈവത്തെ സ്പർശിക്കാനും കണ്ടെത്താനുമുള്ള പരിശ്രമത്തിൽ അവർ ദൈവത്തെ വിവിധമാർഗങ്ങളിലൂടെ അന്വേഷിക്കുന്ന പരിശ്രമങ്ങളിലൂടെ - ആ പരിശ്രമങ്ങൾ മതാത്മകങ്ങളായാൽപോലും - മാത്രവുമല്ല നിർവഹിക്കപ്പെടുന്നത്... അവരുടെ പരിശ്രമങ്ങൾ പ്രകാശിപ്പിക്കപ്പെടുകയും തിരുത്തപ്പെടുകയും വേണം... മനുഷ്യശരീരത്തിൽ തൻെറ പുത്രനെ അയച്ചുകൊണ്ട്, നവീനവും സുനിശ്ചിതവുമായ ഒരു രീതിയിൽ, മനുഷ്യജാതിയുടെ ചരിത്രത്തിലേക്കു പ്രവേശിക്കുവാൻ ദൈവം നിശ്ചയിച്ചു.."[30]

ഇതെല്ലാംഏഷ്യയുടെ സാഹചര്യത്തെ സംബന്ധിച്ച് ശരിയാണ്. അതുകൊണ്ടാണ്, ഏഷ്യയിലെ സഭ ഈ ഭൂഖണ്ഡത്തിലെ സഹോദരീ സഹോദരന്മാരോട്, അവർ യേശുക്രിസ്തുവിൻെറ അക്ഷയ സമ്പന്നതയാൽ സമ്പന്നരാക്കപ്പെടുവാൻവേണ്ടി, യേശുക്രിസ്തുവിനെപ്പറ്റി പ്രഘോഷിച്ചത്; ഇനിയും പ്രഘോഷിക്കാൻ ആഗ്രഹിക്കുന്നതും. പകരം, അവരുടെയിടയിലുള്ള സത്യത്തിൻെറയും നന്മയുടെയും അഗാധബീജങ്ങളാൽ സഭ തന്നെ സമ്പന്നമാക്കപ്പെടും. ഇതിനെസംബന്ധിച്ച് ജോൺപോൾ രണ്ടാമൻ മാർപാപ്പയ്ക്ക് ഇപ്രകാരം പറയാനുണ്ട്: "യഥാർത്ഥത്തിൽ, ആത്മാവാണ് എപ്പോഴും പ്രവർത്തിക്കുന്നത്. അവിടുന്ന് സഭയ്ക്കു ജീവൻ നല്കുമ്പോഴും ക്രിസ്തുവിനെപ്പറ്റി പ്രഘോഷിക്കാൻ അവളെ നിർബന്ധിക്കുമ്പോഴും, തൻെറ ദാനങ്ങളെ കണ്ടെത്താനും അവയെ വളർത്താനും സംവാദത്തിലൂടെ അവയെ സ്വീകരിക്കാനും സഭയ്ക്കു മാർഗനിർദ്ദേശം നല്കിക്കൊണ്ട്, എല്ലാ വ്യക്തികളിലും ജനതകളിലും അവയെ നടുകയും വളർത്തുകയും ചെയ്യുമ്പോഴും ആത്മാവാണു പ്രവർ ത്തിക്കുന്നത്."[31]

## അധ്യായം 4

# യേശുക്രിസ്തു: എല്ലാവർക്കും ദൈവത്തിൻെറ രക്ഷയുടെ സുവിശേഷം

### ക്രിസ്തു എന്ന വ്യക്തി

### സാക്ഷാത്കാരവും ജീവൻെറ പൂർണതയും

22. യേശുക്രിസ്തു ലോകംമുഴുവനും വേണ്ടിയുള്ള ദൈവത്തിൻെറ രക്ഷയുടെ സദ്‌വാർത്തയാണ്. ദൈവം മനുഷ്യവംശത്തെ രക്ഷിക്കാൻവേണ്ടി അവിടുത്തെ ലോകത്തിലേക്കയച്ചുവെന്നും അവിടുന്നു യഥാർത്ഥത്തിൽ ദൈവത്തിൻെറ പുത്രനാണെന്നും വിശ്വാസം പഠിപ്പിക്കുന്നു. എല്ലാ ജനതകൾക്കും ജീവനുണ്ടാകാനും അതു സമൃദ്ധമായി ഉണ്ടാകാനും അവിടുന്നുവന്നു. അവിടുന്നു ദൈവത്തിൽ നിന്നു വന്നു. എന്നാൽ അവിടുന്ന് ഏഷ്യാഭൂഖണ്ഡത്തിൽ നിന്നുമാണു വന്നത്. അവിടുന്ന് ഏഷ്യയിലെ സാഹചര്യങ്ങളും യാഥാർത്ഥ്യങ്ങളും അനുഭവിച്ചു. അവിടുന്ന് ദരിദ്രനായി ഒരു കാലിത്തൊഴുത്തിൽ പിറന്നു. അവിടുന്ന് ഈജിപ്തിൽ ഒരു അഭയാർത്ഥിയായി. അവിടുത്തെ ജീവിതം അതിൻെറ ആരംഭംമുതലേ സ്ഥിരം ഭീഷണിക്കു വിധേയമായിരുന്നു. സ്വന്തം കൈകൾകൊണ്ട് തൊഴിൽചെയ്ത് അവിടുന്നു ജീവിച്ചു. അവിടുന്നു നന്മ ചെയ്തുകൊണ്ടു ചുറ്റിസഞ്ചരിച്ചു. ദൈവത്തിൻെറ ചുറ്റിസഞ്ചരിക്കുന്ന ദൂതനായിരുന്നു അവിടുന്ന്. ദൈവരാജ്യത്തെപ്പറ്റി, ദൈവവും സകലമനുഷ്യരും തമ്മിലുള്ള സമാധാനത്തിൻെറ ഒരു ഭരണത്തെപ്പറ്റി, പ്രഘോഷിച്ചുകൊണ്ട് അവിടുന്നു ചുറ്റിസഞ്ചരിച്ചു.

യേശുക്രിസ്തു ജീവൻെറയും സത്യത്തിൻെറയും നന്മയുടെയും പൂർണതയാണെന്നു വിശ്വാസം ഉദ്ഘോഷിക്കുന്നു. മനുഷ്യഹൃദയത്തിൻെറ സകല പ്രതീക്ഷകളും അഭിവാഞ്ഛകളും യേശുവിൽ നിറവുകണ്ടെത്തുന്നു. സൗഖ്യപ്പെടലിനും സമഗ്രതയ്ക്കും, സ്വാതന്ത്ര്യത്തിനും നീതിക്കും, മാനുഷിക മഹത്ത്വത്തിനും സ്നേഹത്തിനും വേണ്ടിയുള്ള സകല ആധ്യാത്മികാഭിവാഞ്ഛകളും യേശുവിൽ തികവു കണ്ടെത്തുന്നു. ആത്യന്തിക വിമോചനത്തി

നായുള്ള മതാത്മകാന്വേഷണവും ആഗ്രഹവും സാക്ഷാത്കാരവും, എല്ലാത്തരം അജ്ഞതയിൽ നിന്നുള്ള സ്വാതന്ത്ര്യവും പാപത്തിൽനിന്നുള്ള വിമോചനവും ലോകത്തിലെ സകലപാപങ്ങളുടെയും തിന്മകളുടെയും സ്രോതസ്സായ സകല സ്വാർത്ഥതകളിൽ നിന്നുള്ള സ്വാതന്ത്ര്യവും യേശുവിൽ നിറവേറ്റപ്പെട്ടിരിക്കുന്നു.

തന്റെ "ആത്മശൂന്യവത്കരണ"ത്തിൽ (kenosis) പിതാവിനോട് മരണംവരെയുള്ള അനുസരണത്തിൽ, പിതാവായ ദൈവത്തിനു തന്നെത്തന്നെ പരിപൂർണദാനമായി നല്കുന്നതിലൂടെ ഇതെല്ലാം അവിടുന്നു നേടി. യേശുക്രിസ്തുവിനു മനുഷ്യവംശത്തോടുള്ള ദൗത്യത്തിന്റെമേൽ പിതാവായ ദൈവം മുദ്രവച്ചിരിക്കുന്നു എന്നതിന്റെ തെളിവാണ് യേശുവിന്റെ പുനരുത്ഥാനം. ലോകത്തിലെ എല്ലാ ജനതകൾക്കുമുള്ള വീണ്ടെടുപ്പിന്റെയും രക്ഷയുടെയും ദൗത്യമാണത്. ജോൺപോൾ രണ്ടാമൻ മാർപാപ്പ നമ്മെ ഇങ്ങനെ പഠിപ്പിക്കുന്നു: "ദൈവം തന്റെ വെളിപാടിന്റെ ഈ സുനിശ്ചിത വചനത്തിൽ, അവിടുന്നു തന്നെത്തന്നെ ആവുന്നത്ര പൂർണമായവിധത്തിൽ അറിയപ്പെട്ടവനാക്കി. *താൻ ആരാണെന്ന്* മനുഷ്യവംശത്തിന് അവിടുന്നു വെളിവാക്കി. സഭ പ്രകൃത്യാ തന്നെ മിഷണറി ആയിരിക്കുന്നതിന്റെ മൗലിക കാരണം ദൈവത്തിന്റെ ഈ സുനിശ്ചിതമായ ആത്മാവിഷ്കരണമാണ്. അതുകൊണ്ട് അവൾക്ക് സുവിശേഷം, അതായത്, ദൈവം തന്നെപ്പറ്റി അറിയാൻ നമ്മെ കഴിവുള്ളവരാക്കിയ സത്യത്തിന്റെ പൂർണത, ഉദ്ഘോഷിക്കാതിരിക്കാൻ സാദ്ധ്യമല്ല".[32]

യേശുക്രിസ്തു ദൈവത്തിന്റെ വെളിപാടിന്റെ തികവുമാത്രമല്ല. ഓരോ വ്യക്തിക്കും വേണ്ടിയുള്ള വെളിപാടിന്റെ തികവുമാണ്. പൗലോസ് ശ്ലീഹാ പറയുന്നതുപോലെ അവിടുന്നിൽ വസിക്കാൻ ദൈവികതത്വത്തിന്റെ പൂർണത ഇഷ്ടപ്പെട്ടു. അദ്ദേഹം പറയുന്നു: "എന്തെന്നാൽ അവനിൽ സർവസമ്പൂർണതയും നിവസിക്കണമെന്നു ദൈവം തിരുമനസ്സായി. സ്വർഗത്തിലും ഭൂമിയിലുമുള്ള എല്ലാ വസ്തുക്കളെയും അവനിലൂടെ അവിടുന്നു തന്നോടു രഞ്ജിപ്പിക്കുകയും അവൻ കുരിശിൽ ചിന്തിയ രക്തംവഴി സമാധാനം സ്ഥാപിക്കുകയും ചെയ്തു" (കൊളോ 1: 19-20).

മനുഷ്യത്വം അവനിൽ ആവുന്നത്ര ഉന്നതമായ പ്രകാശനത്തിൽ എത്തിച്ചേരുന്നു. ഓരോ വ്യക്തിയും എന്താണ് എന്നതിന്റെ നവീനവും സുനിശ്ചിതവും പൂർണവുമായ നിർവചനമാണ് യേശുക്രിസ്തു. ഈ അർത്ഥത്തിൽ അവിടുന്ന് മനുഷ്യന്റെ പ്രകാശനത്തിന്റെ പൂർണ്ണതയാണ്; രണ്ടാംവത്തിക്കാൻകൗൺസിൽ വളരെകൃത്യമായി പറയുന്നതുപോലെതന്നെ: "ക്രൈ

സ്തവ വെളിപാട്, വിശ്വാസികൾക്കായി പ്രകാശിപ്പിച്ചിരിക്കുന്നതനുസരിച്ച്, മനുഷ്യൻെറ പ്രകൃതിയുടെയും മഹത്ത്വത്തിൻെറയും സ്വഭാവം അത്തരത്തിലുള്ളതാണ്. അതുകൊണ്ട്, സുവിശേഷത്തെ കൂടാതിരുന്നാൽ നമ്മെ കീഴടക്കിക്കളയുന്ന സഹനത്തിൻെറയും മരണത്തിൻെറയും വിഷമപ്രശ്നത്തിന്മേൽ പ്രകാശം ചൊരിയുന്നത് ക്രിസ്തുവിലൂടെയും ക്രിസ്തുവിലുമാണ്"[33] മനുഷ്യൻെറ സുനിശ്ചിതമായ അർത്ഥം ക്രിസ്തു എന്ന വ്യക്തിയിൽ, അവിടുത്തെ മരണത്തിലൂടെയും ഉത്ഥാനത്തിലൂടെയും വ്യക്തമായിത്തീരുന്നു എന്ന വസ്തുത ജോൺപോൾ രണ്ടാമൻ മാർപാപ്പ ആവർത്തിച്ചു പറയുന്നു: "രക്ഷകനായ ക്രിസ്തു മനുഷ്യനു തന്നെത്തന്നെ പൂർണമായി വെളിപ്പെടുത്തുന്നു... തന്നെപ്പറ്റി പൂർണമായി മനസ്സിലാക്കാൻ ആഗ്രഹിക്കുന്ന മനുഷ്യൻ... ക്രിസ്തുവിൻെറ അടുക്കലേക്കു നീങ്ങേണ്ടിയിരിക്കുന്നു. കുരിശിലൂടെ സംഭവിച്ച രക്ഷാകരകർമം മനുഷ്യന് അവൻെറ മഹത്ത്വത്തെ നിർണായകമായവിധത്തിൽ പുനഃസ്ഥാപിച്ചുകൊടുത്തു. അവന് അവൻെറ ജീവിതത്തിൻെറ അർത്ഥം തിരിച്ചുകൊടുക്കുകയും ചെയ്തു."[34]

### യേശു ക്രിസ്തു: ഏകരക്ഷകൻ

23. മനുഷ്യവംശത്തിനു ജീവനും സമഗ്രതയും നല്കാൻ വേണ്ടി പിതാവിനാൽ അയയ്ക്കപ്പെട്ട ദൈവപുത്രനാണ് യേശുക്രിസ്തു. ഈ പ്രവൃത്തിയെ സൂചിപ്പിക്കാൻ പരമ്പരാഗതമായി ഉപയോഗിച്ചു വരുന്ന പദം "വീണ്ടെടുപ്പ്" (redemption) എന്നാണ്. പൗലോസ്ശ്ലീഹാ പറയുന്നതുപോലെ, യേശു മനുഷ്യരക്ഷയ്ക്ക്വേണ്ടിയുള്ള ദൈവത്തിൻെറ ജ്ഞാനമാണ്. "എന്നാൽ, ഞങ്ങൾ യഹൂദർക്കു ഇടർച്ചയും വിജാതീയർക്കു ഭോഷത്തവുമായ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്നു. വിളിക്കപ്പെട്ടവർക്ക് - അവർ യഹൂദരോ ഗ്രീക്കുകാരോ ആകട്ടെ - ക്രിസ്തു ദൈവത്തിൻെറ ശക്തിയും ദൈവത്തിൻെറ ജ്ഞാനവുമാണ്" (1 കോറി 23-24)

ക്രൈസ്തവവെളിപാടനുസരിച്ച്, യേശുക്രിസ്തു മാർഗ്ഗവും സത്യവും ജീവനുമാണ്. മറ്റു വാക്കുകളിൽ പറഞ്ഞാൽ സകലരക്ഷയും അവിടുന്നിലൂടെയും അവിടുന്നിലുമാണ്. അവിടുന്നു മാത്രം അതിൻെറ മധ്യസ്ഥനായിരിക്കുന്നു. രക്ഷയെപ്പറ്റിയുള്ള മധ്യസ്ഥതയുടെ മറ്റു മാർഗ്ഗങ്ങൾക്ക് ഇത് ഒരു തടസ്സമായിരിക്കണമെന്നില്ല. "ക്രിസ്തുവിൻെറ ഏകവും സാർവ്വത്രികവുമായ മധ്യസ്ഥത ദൈവത്തിലേക്കുള്ള യാത്രയിൽ ഒട്ടും തടസ്സമായിരിക്കാതെ തന്നെ, ദൈവത്താൽത്തന്നെ സ്ഥാപിക്കപ്പെട്ട മാർഗ്ഗമാണ്..."[35] രക്ഷയെ സംബന്ധിച്ച യേശുക്രിസ്തുവിൻെറ മധ്യസ്ഥത, വ്യത്യസ്ത രീതികളിലും അളവുകളിലും, അവിടുത്തെ ഏകമധ്യസ്ഥതയിൽ പങ്കുചേരുന്നതിൽനിന്ന്

മധ്യസ്ഥതയുടെ മറ്റു രൂപങ്ങളെ ഒഴിവാക്കുന്നില്ല. പകരം, ഈ വീക്ഷണത്തിൽ നിന്ന് അവ പുതിയ അർഥവും മൂല്യവും നേടുകയാണ്. എന്നിരുന്നാലും, അവ അവിടുത്തെ മധ്യസ്ഥതയ്ക്ക് സമാന്തരമോ പൂരകമോ ആയ മധ്യസ്ഥതയായിരിക്കുന്നില്ല. എന്നു പ്രസ്താവിക്കേണ്ടിയിരിക്കുന്നു.[36]

വിവിധങ്ങളായ സമകാലീന ക്രിസ്തുശാസ്ത്രങ്ങൾക്ക് (christologies) ഭാവാത്മകമായ ഒരു മൂല്യമുണ്ട്. സുവിശേഷങ്ങളും പുതിയ നിയമത്തിലെ മറ്റു ഗ്രന്ഥങ്ങളും വീണ്ടും വായിക്കാനും അവയെ ഇക്കാലഘട്ടത്തിൽ പ്രയോഗിക്കാനും അവ സഹായിക്കുന്നു. യേശു ക്രിസ്തുവിൻെറ സുവിശേഷത്തിൻെറ സാമൂഹികമായ അർഥതലങ്ങളെ പരിഗണിക്കാൻ ആ ക്രിസ്തുശാസ്ത്രങ്ങൾ പരിശ്രമിക്കുന്നു. സുവിശേഷത്തിൻെറ അത്തരം *വീണ്ടും വായന* ആധ്യാത്മികമോ സാമൂഹികമോ ആയ ഏതെങ്കിലും ജാഡ്യത്തെയോ ക്രിസ്തു എന്ന വ്യക്തിയെ അവതരിപ്പിക്കുന്നതിലുള്ള ആത്മസംതൃപ്തിയെയോ അഥവാ സന്തോഷത്തെയോ പിടിച്ചുകുലുക്കാൻ സഹായിക്കും. പക്ഷേ, സാമൂഹികവും രാഷ്ട്രീയവും സാംസ്കാരികവുമായ കാര്യപരിപാടികളുടെ (agenda) അടിസ്ഥാനത്തിൽ സുവിശേഷങ്ങളെ *വീണ്ടും എഴുതുന്നത്,* വിശ്വാസത്തോടു ചെയ്യുന്ന ഒരനീതിയായിരിക്കും. അത്തരം വീണ്ടും വായനകൾ, അവയ്ക്കു പ്രചോദനം നല്കിയ പ്രത്യയശാസ്ത്രങ്ങളോടൊപ്പം പെട്ടെന്നു പരിത്യജിക്കപ്പെടുമെന്നു ചരിത്രം പഠിപ്പിക്കുന്നു. സുവിശേഷങ്ങൾ, അപ്പസ്തോലന്മാരോടും, ആദിമ സഭയോടും, സഭയുടെ പ്രബോധനാധികാരത്തോടും ഏഷ്യാഭൂഖണ്ഡത്തിലെ സംസ്കാരങ്ങളോടും ജനതകളോടും കൂടെ വീണ്ടും വായിക്കണം. ഒരിക്കലും ഏകപക്ഷീയമായി വായിക്കാൻ പാടില്ല.

ഏഷ്യയിലെ മെത്രാന്മാരുടെ കോൺഫ്രസുകളുടെ ഫെഡറേഷൻ അതിൻെറ പ്രമാണരേഖകളിൽ അംഗീകരിച്ചിരിക്കുന്നതുപോലെ, മുകളിൽ പറഞ്ഞ പ്രശ്നം ഏഷ്യയിൽ ഇന്നു നിലനില്ക്കുന്നുണ്ട്. ഉദാഹരണമായി, രക്ഷയുടെ ചരിത്രത്തിൽ യേശുക്രിസ്തുവിനുള്ള അനന്യതയും (uniquness) "ക്രൈസ്തവാനന്യതയുടെ മിത്തും (myth) സംബന്ധിച്ച മൗലിക ചോദ്യങ്ങൾ ഉന്നയിക്കപ്പെട്ടിട്ടണ്ട് എന്നത് ഒരു രഹസ്യമല്ല എന്ന് പ്രസ്തുത ഫെഡറേഷൻെറ *"ഏഷ്യയിലെ എല്ലാ ജനങ്ങൾക്കും"* (For all the Peoples of Asia: Federation of Asian Bishops' Conferences Documents from 1970 to 1991) എന്ന ഗ്രന്ഥത്തിൻെറ ആമുഖത്തിൽ പറയുന്നുണ്ട്.[37] അടുത്തകാലത്ത് പ്രസ്തുത ഫെഡറേഷൻെറ (FABC) അഞ്ചാമത്തെ പ്ളേനറി അസംബ്ളിയിൽ, ഇക്കാര്യം വീണ്ടും പ്രസ്താവിക്കപ്പെട്ടു: "ഈ ദൈവശാസ്ത്രജ്ഞന്മാർ ഒരു ന്യൂനപക്ഷമായിരിക്കാം. പക്ഷേ, അവർ ബഹളമുണ്ടാകുന്ന ന്യൂനപക്ഷമാണ്. ക്രിസ്തുവിനു രക്ഷകൻ എന്ന നിലയിലുള്ള അനന്യതയും കേന്ദ്രീയതയും ഉറപ്പിച്ചു

പറയുന്നതുമായി അവിഭാജ്യമാംവിധം ബന്ധപ്പെട്ടിരിക്കുന്നതും ക്രൈസ്തവ പ്രേഷിതത്വത്തിനുള്ളതുമായ ആന്തരികപ്രചോദനം, ചലനാത്മകശക്തി, ലക്ഷ്യം,സംരക്ഷിക്കപ്പെടണം."[38]

ക്രൈസ്തവവിശ്വാസത്തെ ഏഷ്യയിലെ സംസ്കാരങ്ങൾക്ക് അനുസൃതമാക്കുക എന്നതിൻെറ അർഥം ഭാഗിക യേശുക്രിസ്തുവിനെ പ്രഘോഷിക്കുക എന്നതല്ല. മാനുഷികവും സാംസ്കാരികവുമായ ആവശ്യങ്ങളനുസരിച്ചു ചുരുക്കിയ ഒരു യേശുവിനെ പ്രഘോഷിക്കുക എന്നതല്ല. ഏഷ്യയിലെ ക്രിസ്തുശാസ്ത്രങ്ങൾ, സഭയുടെ അസ്തിത്വത്തിൻെറ ഇരുപതു നൂറ്റാണ്ടു കാലത്തേക്ക് മറ്റുള്ളവർ ചെയ്തതുപോലെ യേശുക്രിസ്തുവിനെ ഏഷ്യാക്കാർക്കുവേണ്ടി വ്യാഖ്യാനിക്കണം. അതേസമയം എല്ലാ ക്രിസ്തു ശാസ്ത്രങ്ങളും അപ്പസ്തോലന്മാരുടെയും അപ്പസ്തോലികസഭയുടെയും വിശ്വാസവും പുതിയനിയമത്തിൻെറ സാക്ഷ്യവുമനുസരിച്ച് അളക്കപ്പെടണം. സുവിശേഷങ്ങളിൽ കാണുന്ന യഥാർഥ ക്രിസ്തുവിനോട് വിഭാഗീയമായ അഥവാ ഭാഗികമായ ഒരു ക്രിസ്തുശാസ്ത്രത്തിനും നീതിപുലർത്തുവാൻ കഴിയുകയില്ല. അവിടുന്ന് സാമൂഹികപരിഷ്കർത്താവിനേക്കാളും രാഷ്ട്രീയ വിമോചകനെക്കാളും ആധ്യാത്മികതയുടെ ഒരു ഗുരുവിനെക്കാളും മാനുഷികാവകാശങ്ങൾക്കു വേണ്ടി മത്സരിക്കുന്ന പടയാളിയെക്കാളും സമൂഹത്തിൻെറ പുറം പോക്കിലുള്ളവരുടെ രക്ഷകനെക്കാളും വലിയവനാണ്.

## യേശുക്രിസ്തു: ഏഷ്യയ്ക്ക് സഭയുടെ ദാനം

### ക്രിസ്തുവിനെ പ്രഘോഷിക്കൽ

24. രക്ഷ സംബന്ധിച്ച ദൈവത്തിൻെറ ദാനം പ്രബോധനങ്ങളുടെ ഒരു കൂട്ടമല്ല - അത് എത്ര ശ്രേഷ്ഠമായാലും. സന്ന്യാസസംബന്ധമായ (ascetical) ഒരു നിയമസംഹിതയുമല്ല. മനുഷ്യജീവികൾ ദൈവത്തിനു സമർപ്പിക്കുന്ന ആരാധനയിൽനിന്ന് അത് ഉരുത്തിരിയുന്നില്ല. അത് ദൈവത്തിൽ നിന്നുള്ള അനന്യമായ ഒരു ദാനമാണ്. എന്തെന്നാൽ അത് യേശു എന്നവ്യക്തി തന്നെയാണ്. യേശുവിൽ ദൈവികത്വവും മനുഷ്യത്വവും രക്ഷാകരമായ ഐക്യത്തിൽ ഒന്നിക്കുന്നു. അവിടുന്നു തന്നിൽത്തന്നെ രക്ഷ സാധിക്കുന്നു. അങ്ങനെ തൻെറ വ്യക്തിത്വത്തിൽ രക്ഷ പൂർത്തിയാക്കുന്നു: "ദൈവം നമുക്കു ജ്ഞാനവും നീതിയും വിശുദ്ധീകരണവും പരിത്രാണവും ആക്കിയിരിക്കുന്ന യേശുക്രസ്തു..."(1 കോറി 1:30) എന്നു യഥാർഥത്തിൽ പൗലോസ് ശ്ലീഹ വ്യക്തമായി പറയുന്നു.

യേശുക്രിസ്തുവിലുള്ള സഭയുടെ വിശ്വാസം, ഉത്ഥിതനായ ക്രിസ്തു

വിനെ സംബന്ധിച്ച അവളുടെ അനുഭവത്തിൽനിന്നും പന്തക്കുസ്താദിവസം അവൾക്കു ലഭിച്ച പരിശുദ്ധാത്മാവിൻെറ ദാനത്തിൽനിന്നും ജനിച്ചതാണ്. ഇങ്ങനെ, വിശുദ്ധലിഖിതങ്ങളും സഭയും ഏറ്റവും ആദിമമായ പാരമ്പര്യവും സാക്ഷ്യപ്പെടുത്തിയിട്ടുള്ളതുപോലുള്ള ത്രിത്വാത്മക ദൈവത്തിലുള്ള വിശ്വാസമാണവളുടേത്. അത് ഗ്രീക്കു തത്ത്വചിന്തയോ പിൽക്കാലത്തുള്ള ഏതെങ്കിലും തത്ത്വശാസ്ത്രമോ സൃഷ്ടിച്ച ആവശ്യപ്രകാരം നടത്തിയ ദൈവശാസ്ത്രപരവും - ക്രിസ്തുശാസ്ത്രപരവുമായ യാത്രയുടെ ഫലമായിട്ടുണ്ടായതല്ല. ഈ അനുഭവത്തെ വിശ്വാസപ്രമാണ സംബന്ധമായ ഫോർമുലകളും സിദ്ധാന്തപരമായ (വിശ്വാസസത്യസംബന്ധമായ) നിർദേശങ്ങളുമാക്കി ക്രോഡീകരിക്കുവാൻ ദീർഘകാലം വേണ്ടിവന്നു. പക്ഷേ, സ്ഥിരമായ പരാമർശകേന്ദ്രം അപ്പസ്തോലിക പാരമ്പര്യവും വിശുദ്ധലിഖിതങ്ങളുമായിരുന്നു.

സഭയ്ക്ക് യേശുക്രിസ്തുവിലുള്ള തൻെറ വിശ്വാസത്തെ. മിഥ്യയായ ഒരു സാംസ്കാരികാനുരൂപണത്തിനുവേണ്ടിയോ സമാധാന സ്ഥാപനവാദത്തിനു (irenicism) വേണ്ടിയോ പരിത്യജിക്കുവാൻ സാധ്യമല്ല. ഏഷ്യയിൽ സംസ്കാരങ്ങളുടെയും മതങ്ങളുടെയും വിവിധരൂപങ്ങൾ ഉണ്ടെന്നതു യാഥാർഥ്യമാണെങ്കിൽപ്പോലും അങ്ങനെ ചെയ്യാനാവില്ല. സഭ അങ്ങനെ ചെയ്താൽ അവൾ തന്നോടുതന്നെ സത്യസന്ധതയുള്ളവളായിരിക്കുകയില്ല. ത്രിത്വാത്മകവിശ്വാസം ഏറെ വ്യത്യസ്തമായ സംസ്കാരങ്ങൾക്ക് ഒരു ഉതപ്പായിരിക്കുമെന്നത് അംഗീകരിക്കേണ്ടിയിരിക്കുന്നു. എന്നാലും, ഈ വിശ്വാസം സ്നേഹത്തിലും സേവനത്തിലും വിനയത്തിലും ജീവിച്ചാൽ ഇത് വർധമാനമായ സ്വീകരണം കണ്ടെത്തും. സുവിശേഷവത്കരണത്തിൻെറ ചരിത്രത്തിൽ എല്ലാക്കാലത്തും അങ്ങനെയായിരുന്നു. ഇത് സഭാനേതാക്കളുടെ മേൽ വലിയ ഒരു ഉത്തരവാദിത്വം ചുമത്തുന്നു. തങ്ങളുടെ ജീവിതത്തിൽ യഥാർഥത്തിൽ ക്രിസ്തുവിനെപ്പോലെയുള്ളവരാകാനുള്ള ഉത്തരവാദിത്വമാണത്. സാക്ഷ്യത്തിൻേറതായ ഒരു ജീവിതം ഹൃദയങ്ങളെ നേടുന്നു, താത്ത്വിക സിദ്ധാന്തങ്ങൾ അവയെ നേടുന്നില്ല.

മനുഷ്യൻെറ വീണ്ടെടുപ്പാകുന്ന പരിത്രാണത്തിന് എന്താണ് അർഥമെന്നും, അത് എങ്ങനെ സാധിക്കാമെന്നും യേശു തൻെറ ജീവിതവും വാക്കുകളും പീഡാസഹനവും മരണവും ഉത്ഥാനവുംവഴി വെളിപ്പെടുത്തി. അതുകൊണ്ട്, യേശു ക്രിസ്തു എന്ന സംഭവത്തിന്, സഭയുടെ സീമകൾക്കപ്പുറത്ത്, സാർവത്രികമായ ഒരു പ്രയോഗമുണ്ട്. ലോകത്തോട് യേശുക്രിസ്തുവിനെപ്പറ്റി ഉദ്ഘോഷിക്കാൻ സഭ ആഗ്രഹിക്കുന്നതിൻെറ കാരണം ഇതാണ്: എന്തെന്നാൽ അവിടുന്നിൽ മനുഷ്യരക്ഷ അതിൻെറ നിറവു കണ്ടെത്തുകയും അവിടുന്നിലൂടെ എല്ലാവരിലേക്കും രക്ഷ കടന്നുവരുകയും ചെയ്യുന്നു.

അനേകം സംസ്കാരങ്ങളും വിവിധ മതങ്ങളുമുള്ള ഏഷ്യയിലെ സമൂഹം, പീഡനാത്മകമായ സകലശക്തികളിൽനിന്നുമുള്ള പൂർണമായ വിമോചനത്തിനും ജീവൻെറ സമഗ്രതയ്ക്കും വേണ്ടി യഥാർഥ മനുഷ്യനെ അന്വേഷിക്കുകയാണ്. യേശു ക്രിസ്തുവാണ് ഇവയെല്ലാം, ഇവയേക്കാൾ കൂടുതൽ, നൽകുന്ന ഏക വ്യക്തി. ഏഷ്യൻ ജനതകൾ തങ്ങൾക്കായി സത്യത്തിൻെറയും ജീവൻെറയും സന്ദേശം കൊണ്ടുവന്നിട്ടുള്ള വിശുദ്ധരെയും ജ്ഞാനികളെയും ദാർശനികരെയും സ്വാഗതംചെയ്തിട്ടുണ്ട്. ഏഷ്യ വർധമാനമായ തോതിൽ യേശുവിനെ സ്വാഗതം ചെയ്യും എന്നതിൽ സംശയമില്ല. "ആദിമുതൽ ഉണ്ടായിരുന്നതും ഞങ്ങൾ കേട്ടതും സ്വന്തം കണ്ണുകൊണ്ടു കണ്ടതും സൂക്ഷിച്ചുവീക്ഷിച്ചതും കൈകൊണ്ടു സ്പർശിച്ചതുമായ ജീവൻെറ വചനത്തെപ്പറ്റി ഞങ്ങൾ നിങ്ങളോടു പ്രഘോഷിക്കുന്നു..." (1 യോഹ 1 :1-2) എന്ന് വി. യോഹന്നാൻ പറഞ്ഞിട്ടുള്ളതുപോലെ, തങ്ങൾ പ്രഘോഷിക്കുന്നതെന്തോ അതു കാണുകയും സ്പർശിക്കുകയും ചെയ്തിട്ടുള്ള ദൈവിക സ്ത്രീപുരുഷന്മാരായിത്തീരാൻ സഭയുടെ അംഗങ്ങൾ പരിശ്രമിച്ചാൽ അപ്രകാരം സംഭവിക്കും.

പ്രഘോഷണത്തിൻെറ ഈ പ്രവൃത്തി, ഭൗതികമായ യാതൊരു ലക്ഷ്യത്താലും പ്രചോദിപ്പിക്കപ്പെട്ടു ചെയ്യപ്പെടുന്നതല്ല; പിന്നെയോ യേശു കൊണ്ടുവന്ന പുതിയജീവിതവും സഭയിൽ ആസ്വദിക്കുന്ന കൂട്ടായ്മയും മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നതിനുവേണ്ടി ചെയ്യപ്പെടുന്നതാണ്. സഭ ക്രിസ്തുവിനെ പ്രഘോഷിക്കാൻ പരിശ്രമിക്കുന്നു. എന്തെന്നാൽ അവൾ ദൈവത്തിൻെറ രക്ഷാകരസ്നേഹം അനുഭവിച്ചിട്ടുണ്ട്. വി. യോഹന്നാൻ ശ്ലീഹ വീണ്ടും പ്രസ്താവിക്കുന്നു: "എന്തെന്നാൽ, അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി തൻെറ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു" (യോഹ 3: 16). ത്രിത്വൈക ദൈവത്തിൽ താൻ ആസ്വദിക്കുന്ന കൂട്ടായ്മ എല്ലാവർക്കും പങ്കുവയ്ക്കാൻ ആഗ്രഹിക്കുന്നതുകൊണ്ട് സഭ ഇപ്രകാരം ചെയ്യുന്നു: "ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്തത് നിങ്ങളെയും ഞങ്ങൾ അറിയിക്കുന്നു. ഞങ്ങളുമായി നിങ്ങൾക്കു കൂട്ടായ്മ ഉണ്ടാകേണ്ടതിനാണു ഞങ്ങൾ ഇതു പ്രഘോഷിക്കുന്നത്" (1 യോഹ 1:3). ഇത്തരം ഒരു കൂട്ടായ്മ ഏഷ്യയുടെ കൂട്ടായ്മയെ വർധിപ്പിക്കുകയേ ഉള്ളു. ഒരു വിധത്തിലും എടുത്തു കളയുകയില്ല.

### സകലർക്കും നൽകപ്പെട്ട രക്ഷ

25. യേശുക്രിസ്തുവിലുള്ള രക്ഷ എല്ലാവർക്കും നൽകപ്പെട്ടിരിക്കുന്നു.

ഇത് ഏതെങ്കിലും ഒരു ജനവിഭാഗത്തിൻെറ വിശേഷാനുകൂല്യമല്ല. എന്തെന്നാൽ രക്ഷ ദൈവത്തിൽനിന്നു വരുന്നു. അത് സൗജന്യമായി നൽകപ്പെടുകയും ചെയ്യുന്നു. എല്ലാ ജനതകളോടും അത് പ്രഘോഷിക്കാനുള്ള കൽപനയുമായി യേശു തൻെറ ശിഷ്യന്മാരെ അയച്ചു: "അതുകൊണ്ട് നിങ്ങൾ പോയി എല്ലാ ജനതകളെ ശിഷ്യപ്പെടുത്തുവിൻ" (മത്താ 28:19). എവിടെയെല്ലാം മനുഷ്യർ ഇത് തങ്ങളുടെ ഹൃദയങ്ങളിൽ, ദൈവത്തിൻെറ നിയമത്തോടുള്ള അനുസരണത്തിൽ, സ്വീകരിക്കുന്നുവോ അവിടെയെല്ലാം അവർ യേശുവിൻെറ അനുസരണത്തിലും സ്നേഹത്തിലും പങ്കുചേരുന്നു. വിശ്വാസത്തിലൂടെയും മാമ്മോദീസയിലൂടെയും എല്ലാ ജനതകളും തൻെറ പുത്രനെക്കുറിച്ചുള്ള അറിവിലേക്കു വരണമെന്നു ദൈവം ആഗ്രഹിക്കുമ്പോൾ, സ്വന്തം കുറ്റംകൂടാതെ, ചരിത്ര പരവും സാംസ്കാരികവുമായ കാരണങ്ങളാൽ, അവിടുത്തെ അറിയാത്ത വരിൽ നിന്ന് തൻെറ രക്ഷ പിൻവലിക്കപ്പെടരുതെന്നും അവിടുന്ന് ആഗ്രഹിക്കുന്നു. തൻെറ പെസഹാ രഹസ്യത്തിൽ ഭാഗഭാക്കുകളാക്കപ്പെടാനുള്ള സാധ്യത അവിടുന്ന് എല്ലാവർക്കും നൽകുന്നു.[39]

യേസുക്രിസ്തുവിൻെറ പെസഹാരഹസ്യം അവിടുത്തെ പീഡാസഹനത്തിലും മരണത്തിലും പുനരുത്ഥാനത്തിലും അടങ്ങിയിരിക്കുന്നു. അവിടുത്തേക്കു തൻെറ പിതാവിനോടുള്ള പരമമായ അനുസരണത്തിൽനിന്നും തൻെറ ശിഷ്യന്മാരോടും സർവജനങ്ങളോടുമുള്ള സ്നേഹത്തിൽനിന്നും പ്രവഹിക്കുന്നതാണ് ഈ രഹസ്യം. ജനങ്ങൾ ദൈവഹിതത്തോട്, അനുസരണയുള്ളവരായിരിക്കുകയും തങ്ങളുടെ അയൽക്കാരോടുള്ള സ്നേഹം വസ്തുനിഷ്ഠമായ പ്രവൃത്തികളിലൂടെ പ്രദർശിപ്പിക്കുകയും ചെയ്യുന്നിടത്തെല്ലാം അവർ സ്വകീയമായ രീതിയിൽ യേശുവിൻെറ പെസഹാ രഹസ്യത്തിൽ പങ്കുപറ്റും. അതേസമയം, ക്രിസ്തുവിനെ അനുഗമിക്കുകയും അനുകരിക്കുകയും ചെയ്യുക എന്ന ധർമ്മം, പാപത്തിൻെറ സാന്നിധ്യംമൂലം പ്രയാസമുള്ളതായിത്തീരുന്നു. അത്തരമൊരു കൃപാവരം പരിശുദ്ധാത്മാവിലൂടെ എല്ലാവർക്കും നൽകപ്പെടുന്നുണ്ട് എന്നാൽ അത് എല്ലായ്പ്പോഴും യേശു ക്രിസ്തുവിൻെറ രക്ഷാകര കൃപാവരമായി നിലകൊള്ളുന്നു.

യേശുവിലുള്ള രക്ഷയ്ക്ക് സ്വകീയമായ നവീനത്വവും ശക്തിയുമുണ്ട്. കാരണം, ദൈവമാണ് അതു നൽകുന്നത്. അതിൻെറ ആത്യന്തികലക്ഷ്യം, ദൈവത്തിൻെറ തന്നെ ജീവനിലുള്ള ഭാഗഭാഗിത്വമാണ്. മുഴുവൻ മാനുഷിക വ്യക്തിയുടെയും രക്ഷയെ സംബന്ധിക്കുന്നതാണത്. അത് ഹൃദയത്തിൻെറ അഗാധതമങ്ങളായ തൃഷ്ണകളോടു പ്രത്യുത്തരിക്കുന്നു. അതുകൊണ്ട്, എല്ലാമതങ്ങളിലും, വംശങ്ങളിലും, രാഷ്ട്രങ്ങളിലും സംസ്കാരങ്ങളിലുമുള്ള സകലജനതകളോടും, എല്ലാകാലത്തും എല്ലാസ്ഥലത്തും ഉള്ള സകല ജനത

കളോടും, അതു പ്രഘോഷിക്കപ്പെടണം. മനുഷ്യവംശത്തിൻെറ രക്ഷയ്ക്കു വേണ്ടി, ക്രിസ്തുവിൽ, ദൈവത്തിനുള്ള പദ്ധതിയിൽ മാറ്റങ്ങളോ കൂട്ടിച്ചേർക്കലുകളോ ഉണ്ടാകാൻ സാധ്യമല്ല: christus heri et hodie, ipse et in secula, അതായത്, "യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നേക്കും ഒരാൾ തന്നെയാണ്" (ഹെബ്രാ 13:8).

ഇതാണ് ശ്ലീഹന്മാരുടെ വിശ്വാസം. ആദിമ നൂറ്റാണ്ടുകളിലെ രക്തസാക്ഷികളുടെ വിശ്വാസം ഇതാണ്. എല്ലാ കാലഘട്ടങ്ങളിലെയും ക്രിസ്ത്യാനികളുടെ വിശ്വാസം ഇതാണ്. ജപ്പാൻകാരിലും കൊറിയാക്കാരിലും വിയറ്റ്നാം കാരിലുമുണ്ടായ പതിനായിരക്കണക്കിനു രക്തസാക്ഷികളുടെ വിശ്വാസം ഇതാണ്. ഏഷ്യയിലെ പ്രയാസം നിറഞ്ഞ സാംസ്കാരിക സാഹചര്യങ്ങളിലും പ്രഘോഷിക്കപ്പെടുന്ന വിശ്വാസം ഇതാണ്. വി. പത്രോസിനോടു കൂടെ സഭ തൻെറ കർത്താവിന് ഈ വാക്കുകളോടെ സാക്ഷ്യം വഹിക്കുന്നു: "അവിടുന്നു ക്രിസ്തുവാണ്, സജീവനായ ദൈവത്തിൻെറ പുത്രൻ" (മത്താ 16:16).

സഭ തൻെറ അനന്യവും മഹത്തമവുമായ നിധിയാകുന്ന യേശുക്രിസ്തുവിനെ ഏഷ്യയിലെ ജനങ്ങൾക്കു നല്കുന്നു. സഭ മറ്റെന്തെങ്കിലും നൽകുന്നുണ്ടെങ്കിൽ അത് യേശു ക്രിസ്തു മൂലമാണ്. ജോൺപോൾ രണ്ടാമൻ മാർപാപ്പ ഇങ്ങനെ ഊന്നിപ്പറയുന്നു: "വലിയ അനീതികളുടെ മുമ്പിൽ ഓരോ വ്യക്തിയുടെയും മഹത്ത്വത്തെയും മൗലികാവകാശങ്ങളെയും ധീരതയോടെ പ്രഖ്യാപിക്കുവാൻ സഭയെ ശക്തയാക്കുന്നതു *ക്രിസ്തുവിൻെറ പ്രകാശമാണ്.* ഏഷ്യയിലെ ജനങ്ങളുടെ യഥാർഥ ജീവിതസാഹചര്യങ്ങളിൽ സഭയുടെ സാമൂഹിക പ്രബോധനത്തെ ധീരതയോടെ പ്രയോഗിക്കാനും സാമൂഹിക പുരോഗതിയെയും വിശാലതരമായ സാംസ്കാരിക വികസനത്തെയും വളർത്തുവാനും നിങ്ങളെ പ്രേരിപ്പിക്കുന്നത് ക്രിസ്തുവിൽ വെളിവാക്കപ്പെട്ട *ദൈവസ്നേഹമാണ്.* നിങ്ങളുടെ വിദ്യാഭ്യാസപരവും ജീവകാരുണ്യ പ്രവർത്തനപരവുമായ സ്ഥാപനങ്ങളെ താങ്ങിനിറുത്തുന്നത് *ക്രിസ്തുവിൻെറ സേവനമാണ്...*"[40]

ഏഷ്യയിലെ ജനതകൾ വിമോചനവും ജീവിതപൂർണതയും അന്വേഷിക്കുന്നു. സ്വാതന്ത്ര്യത്തിനും മഹത്ത്വത്തിനും, സംസർഗത്തിനും ജീവിതത്തിൻെറ പൂർണതയ്ക്കുംവേണ്ടിയുള്ള അത്തരം അന്വേഷണം, ഏഷ്യയിലെ മെത്രാന്മാർ തായ്പെയിയിൽ നടന്ന ഒന്നാമത്തെ പ്ലെനറി അസംബ്ളിയിൽ പ്രസ്താവിച്ചിട്ടുള്ളതുപോലെ, യേശുക്രിസ്തുവിൽ മാത്രമേ അതിൻെറ തികവു കണ്ടെത്തുകയുള്ളു: "യേശുക്രിസ്തുവിലും അവിടുത്തെ സുവിശേഷത്തിലും, യേശുക്രിസ്തുവിലൂടെയും അവിടുത്തെ സുവിശേഷത്തിലൂ

ടെയും പരിശുദ്ധാത്മാവിൻെറ പ്രവഹിക്കൽ വഴിയും മാത്രമേ ഈ അന്വേഷണങ്ങൾ സാക്ഷാത്കരിക്കപ്പെടുകയുള്ളു എന്നതാണ് ഞങ്ങളുടെ വിശ്വാസം. എന്തെന്നാൽ ക്രിസ്തു മാത്രമാണ് ഓരോ മനുഷ്യനും 'മാർഗവും സത്യവും ജീവനും' (യോഹ 14:6), 'ഓരോ മനുഷ്യനെയും പ്രകാശിപ്പിക്കുന്ന യഥാർഥ പ്രകാശവും..' (യോഹ 1:9) ആയിട്ടുള്ളതെന്ന് ഞങ്ങൾ വിശ്വസിക്കുന്നു."[41]

ഏഷ്യയിലെ ജനതകളുടെയിടയിലുള്ള ദൈവത്തിൻെറ രക്ഷാകര സാന്നിധ്യത്തിനും പ്രവർത്തനത്തിനും സഭ അവിടുത്തെ സ്തുതിക്കുന്നു അതേസമയം കോടിക്കണക്കിനു ജനങ്ങളെ സാമൂഹിക തിന്മകളുടെ അടിമകളാക്കി സൂക്ഷിക്കുന്ന പാപത്തിൻെറ സാന്നിധ്യത്തെയും ഏഷ്യൻ സമൂഹത്തിൻെറ ഒരോ തലത്തിലുമുള്ള അതിൻെറ ഫലങ്ങളെയും സഭ അറിയാതിരിക്കുന്നുമില്ല. ഈ സാഹചര്യത്തിൽ യേശുക്രിസ്തു നേടിയ മഹത്ത്വവും സ്വാതന്ത്ര്യവും സമാധാനവും ഏഷ്യയിലെ ജനങ്ങളോടു പ്രഘോഷിക്കുവാൻ അവൾ ആഗ്രഹിക്കുന്നു. അവിടുന്ന് ഏഷ്യയിലെ ജനതയുടെ വിനീതാവസ്ഥയിൽ പങ്കുചേർന്നു. അവിടുന്നു മനുഷ്യാവസ്ഥയെ അതിൻെറ സകല ദുർബലതയിലും ഏറ്റെടുത്തു. അതിനെ മഹത്ത്വത്തിലും ജീവൻെറ പൂർണതയിലും ദൈവത്തിൻെറ വലത്തു ഭാഗത്തേക്ക് ഉയർത്തുകയും ചെയ്തു. അവിടുത്തെ സുവിശേഷം ഓരോ സമൂഹത്തിലും എന്നും പുളിമാവായിരുന്നു. എല്ലാ ജനതകൾക്കുംവേണ്ടി അദ്ധ്വാനിക്കാൻ, പ്രത്യേകിച്ച് അനഭ്യസ്തവിദ്യർക്കും രോഗികൾക്കും ദരിദ്രർക്കുംവേണ്ടി അദ്ധ്വാനിക്കാൻ, പതിനായിരക്കണക്കിനു മിഷണറിമാരെ - അവർ മാനുഷിക പരിമിതികളുള്ളവരാണെങ്കിലും - ഏഷ്യയിലേക്കു പുറപ്പെടുന്നതിനു അവിടുത്തെ സുവിശേഷം പ്രചോദിപ്പിച്ചു. ക്രിസ്തുവിനെ നൽകിക്കൊണ്ട് മനുഷ്യ മഹത്ത്വത്തിൻെറ പുളിമാവിനെ അതിൻെറ കാലികവും യുഗാന്ത്യപരവുമായ മാനങ്ങളിൽ നൽകുകയാണെന്ന അവബോധം അവൾക്കുണ്ട്.

സഭയുടെ ജീവൻെറയും ശുശ്രൂഷയുടെയും കേന്ദ്രം യേശുക്രിസ്തുവാണ്. അവളുടെ ഓരോ അംഗത്തിൻെറയും ജീവിതത്തിൻെറ കേന്ദ്രം അവിടുന്നാണ്. കാരണം, അവിടുന്നാണ് ദൈവത്തിലേക്കും രക്ഷയിലേക്കുമുള്ള മാർഗം. അവിടുന്നാണ് അവളുടെ ശുശ്രൂഷയുടെ കേന്ദ്രം. എന്തെന്നാൽ, സഭയുടെ ശുശ്രൂഷ, ഏഷ്യയിലെ ജനങ്ങൾക്ക് യേശുക്രിസ്തുവിനെ നൽകുന്നതിൽ അടങ്ങിയിരിക്കുന്നു. യേശുക്രിസ്തു ദൈവത്തിലേക്കും ഏഷ്യയിലെ ജനങ്ങളിലേക്കുമുള്ള ഇരട്ടമാർഗമാണ് - ജോൺ പോൾ രണ്ടാമൻ പ്രസ്താവിക്കുന്നതുപോലെ: "യേശുക്രിസ്തു സഭയുടെ പ്രധാനമാർഗമാണ്. അവിടുന്നു തന്നെയാണ് 'പിതാവിൻെറ ഭവനത്തിലേക്കുള്ള' വഴിയും ഓരോ മനുഷ്യനിലേക്കുമുള്ള വഴിയും".[42] രക്ഷയ്ക്കുവേണ്ടിയുള്ള ഏഷ്യൻ

ജനതയുടെ അന്വേഷണം യേശുക്രിസ്തുവിൽ അതിന്റെ കാലികവും യുഗാന്ത്യപരവുമായ നിറവേറൽ കണ്ടെത്തും. ഇതിനെ സംബന്ധിച്ച് ജോൺ പോൾ രണ്ടാമൻ മാർപാപ്പ ഏഷ്യയിലെ മെത്രാന്മാരോടു പറഞ്ഞു: "നിങ്ങൾ മെത്രാന്മാരെന്നനിലയിൽ തത്പരരായിരുന്ന രക്ഷ, ക്രിസ്തുവിനാൽ നേടപ്പെട്ടതും നൽകപ്പെട്ടതുമാണ്: *മുഴുവൻ വ്യക്തിയുടെയും രക്ഷ*, പൂർണവും സാർവത്രികവും, അനന്യവും, കേവലവും തികഞ്ഞതും സർവാശ്ലേഷിയുമായ രക്ഷ, ക്രൈസ്തവപ്രേഷിതൻ ഒരു സാമൂഹിക പ്രവർത്തകൻ മാത്രമല്ല. ക്രിസ്തീയ വിശ്വാസം കേവലം ഒരു പ്രത്യയശാസ്ത്രമോ മാനുഷികതാപരമായ പരിപാടിയോ അല്ല".[43]

## അധ്യായം 5

# സഭ, സംസർഗമെന്ന നിലയിൽ യേശുക്രിസ്തുവിൻെറയും ആത്മാവിൻെറയും ദൗത്യത്തിൻെറ തുടർച്ച

### എല്ലാവസ്തുക്കളും പൂർണതയിലെത്തിക്കാൻ

26. ദൈവത്തിൻെറ രക്ഷാകരപദ്ധതി പുത്രൻെറയും ആത്മാവിൻെറയും ദൗത്യത്തിൽ അവസാനിക്കുന്നില്ല. അവരുടെ ദൗത്യം ഒരിക്കൽ പൂർത്തിയാക്കപ്പെട്ടാൽ, അതിൻെറ രക്ഷാകരഫലങ്ങൾ എല്ലാക്കാലത്തെയും എല്ലാ ജനതകൾക്കും ലഭ്യമാക്കണം. അതാകട്ടെ സഭയുടെ സ്ഥാപനത്തിൽ നിർവഹിക്കപ്പെട്ടു. യേശുവിൻെറ ശുശ്രൂഷയിലൂടെയും പരിശുദ്ധാത്മാവിൻെറ പ്രവർത്തനത്തിലൂടെയും ഒന്നിച്ചു കൊണ്ടുവരപ്പെട്ടതും യേശു ക്രിസതുവിലുള്ള വിശ്വാസികളുടേതുമായ സമൂഹമാണത്. ശിഷ്യന്മാരുടെ സമൂഹം ഉത്ഥിതനായ കർത്താവിൻെറ, യേശുക്രിസ്തുവിൻെറ ശക്തികൊണ്ടും പരിശുദ്ധാത്മാവിൻെറ വർഷിക്കൽകൊണ്ടും അസ്തിത്വം സ്വീകരിച്ചു. അങ്ങനെ *കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം* പറയുന്നു: "ക്രിസ്തുവിൻെറ ശരീരവും പരിശുദ്ധാത്മാവിൻെറ ആലയവുമായ സഭയിൽ ക്രിസ്തുവിൻെറയും പരിശുദ്ധാത്മാവിൻെറയും ദൗത്യം പൂർണതയിൽ എത്തിക്കപ്പെടുന്നു."[44]

പുത്രൻെറയും ആത്മാവിൻെറയും ദൗത്യത്തിനും ലോകത്തിലുള്ള അവരുടെ രക്ഷാകരപ്രവർത്തനത്തിനും അവശ്യാവശ്യകമായ ഒരു അനന്തര ഫലമാണു സഭ. അത് ഒരുവിധത്തിലും അവരുടെ ദൗത്യത്തിനുള്ള അനുബന്ധമോ അപ്രധാനമായ അഥവാ അനുപൂരകമായ ഒന്നോ അല്ല. സഭ ദൈവിക രക്ഷാകരദൗത്യത്തിൻെറ ആവശ്യാവശ്യകവും സത്താപരവുമായ അനന്തര ഫലമാണ്. "അങ്ങനെ സഭയുടെ ദൗത്യം ക്രിസ്തുവിൻെറയും പരിശുദ്ധാത്മാവിൻെറയും ദൗത്യത്തോടുകൂട്ടിച്ചേർക്കപ്പെടുന്ന ഒന്നല്ല. പിന്നെയോ അത് ഒരു കൂദാശയാണ്..."[45] ക്രിസ്തുവിനും പരിശുദ്ധാത്മാവിനും ലോകത്തിലുള്ള രക്ഷാകര ദൗത്യം തുടരുക എന്നതാണ് അവളുടെ ഏക ലക്ഷ്യം. അവളുടെ ദൗത്യം പലതരത്തിൽ അനന്യമാണ്: എല്ലാക്കാലത്തുമുള്ള എല്ലാ ജനതകളെയും യേശുവിൻെറ രക്ഷാകരവചനങ്ങളും പ്രവൃത്തികളുമായി സമ്പർക്കത്തിലാക്കുക അവർ തങ്ങളുടെ രക്ഷ കണ്ടെത്താൻവേണ്ടി യേശുവിൻെറ വാക്കുകളുടെ സംവാഹകയാകുക, അവിടുത്തെ മരണത്തിൻെറയും പുനരുത്ഥാനത്തിൻെറയും രക്ഷാകര ഫലങ്ങളുടെ നീർച്ചാലാകുക: "സഭ...... അവളുടെ

മുഴുവൻ അസ്തിത്വത്തിലും അവളുടെ സർവ അംഗങ്ങളിലും പരിശുദ്ധ ത്രിത്വത്തിൻെറ സംസർഗത്തെ ഉദ്ഘോഷിക്കാനും അതിനു സാക്ഷ്യം വഹിക്കാനും അതിനെ സന്നിഹിതമാക്കാനും വ്യാപിപ്പിക്കാനും അയയ്ക്കപ്പെട്ടിരിക്കുന്നു."[46]

സഭയിൽ, പിതാവിൻെറ രക്ഷാകരപദ്ധതിയും യേശുവിൻെറ രക്ഷാകരവചനങ്ങളും അവിടുത്തെ രക്ഷാകരപ്രവൃത്തികളും, ആത്മാവിൻെറ രക്ഷാകര ശക്തിയും, സജീവമാക്കി സൂക്ഷിക്കുന്നു, സന്നിഹിതമാക്കുന്നു, ജീവിക്കപ്പെടുന്നു, പ്രഘോഷിക്കപ്പെടുകയും ചെയ്യുന്നു. പുത്രൻെറ രക്ഷാകര ദൗത്യത്തെ പരിശുദ്ധാത്മാവിലൂടെ സഭയ്ക്കു ഭരമേൽപിക്കപ്പെട്ടിരിക്കുന്നു. യഥാർഥത്തിൽ, യേശു ഉത്ഥാനാനന്തരം തൻെറ ശിഷ്യന്മാരോടു പറയുന്നു: "പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു. അവിടുന്നു ഇതു പറഞ്ഞിട്ട് അവരുടെമേൽ നിശ്വസിച്ചുകൊണ്ട് അവരോട് അരുളിച്ചെയ്തു: പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ" (യോഹ 20:21-22). സഭയുടെ ദൗത്യം പുത്രൻെറ ദൗത്യത്തോട് സദൃശമാണെന്നാണ് ഇതിൻെറ അർഥം. കാരണം, അവളുടെ ലക്ഷ്യം അവിടുത്തെ ദൗത്യം തുടരുക എന്നതാണ്.

ആത്മാവിന് ലോകത്തിലും സംസ്കാരങ്ങളിലും മതങ്ങളിലുമുള്ള സാന്നിധ്യത്തിൻെറ ഉദ്ദേശ്യം എല്ലാവരെയും യേശുക്രിസ്തുവിൻെറ രഹസ്യത്തിലേക്കു നയിക്കുക എന്നതാണ്. "ആത്മാവ് മനുഷ്യരെ ക്രിസ്തുവിലേക്കു നയിക്കുന്നതിനുവേണ്ടി അവരെ *സജ്ജീകരിക്കുകയും* തൻെറ കൃപാവരവുമായി അവരിലേക്കു പുറപ്പെട്ടു ചെല്ലുകയും ചെയ്യുന്നു. ആത്മാവ്, ഉത്ഥിതനായ കർത്താവിനെ അവർക്ക് *വെളിപ്പെടുത്തിക്കൊടുക്കുന്നു,* അവിടുത്തെ വാക്കുകൾ അവരെ അനുസ്മരിപ്പിക്കുന്നു, അവിടുത്തെ മരണവും ഉത്ഥാനവും മനസ്സിലാക്കുവാൻ അവരുടെ മനസ്സുകളെ തുറക്കുകയും ചെയ്യുന്നു. അവിടുന്നു ക്രിസ്തുവിൻെറ രഹസ്യത്തെ *സന്നിഹിതമാക്കുന്നു...*"[47]

സഭയുടെ പ്രഥമദൗത്യം, ആത്മാവിലൂടെ പിതാവിൽനിന്നു പുത്രൻ സ്വീകരിച്ച ദൗത്യത്തിൽനിന്നു വ്യത്യസ്തമായിരിക്കാൻ സാധ്യമല്ല. പിതാവിൽ നിന്നുള്ള ദൗത്യം ഒന്നാമതായി ആത്മാവിൽ പുത്രനിലൂടെ അവിടുത്തെ ദൈവിക ജീവൻ എല്ലാവരിലേക്കും ആദിസംക്രമിപ്പിക്കുക എന്നതായിരുന്നു. എല്ലാവർക്കും ജീവനുണ്ടാകാനും അത് അതിൻെറ സർവവിധ സമൃദ്ധിയിലും ഉണ്ടാകാനും വേണ്ടിയാണു പിതാവു പുത്രനെ അയച്ചത്. യേശു പരാമർശിക്കുന്ന ജീവൻ ഒന്നാമതായി ആത്മാവിൻെറ ജീവനാണെന്നു പുതിയ നിയമത്തിൽ നിന്നു വ്യക്തമാണ്. അതു നിത്യജീവനാണ്, അഥവാ കൃപയുടെ ജീവനാണ്.

പുത്രൻെറ ദൗത്യത്തിൽ നിന്ന് പരിശുദ്ധാത്മാവിലൂടെ സഭ ജനിച്ചു. പന്തക്കുസ്തയുടെ ദിവസം മുതൽ ക്രിസ്തുവിൻെറ ദൗത്യം സഭയുടെ ദൗത്യമായിത്തീരുന്നു.[48] ഭൂമിയിലുള്ള സഭയ്ക്ക് ദ്വിവിധ ദൗത്യമാണുള്ളത്: യേശു ആയിരുന്നതുപോലെ ദൈവത്തിൻെറ രാജ്യമായിരിക്കുക; അതു പ്രഘോഷിക്കുകയും അതിനെ എല്ലാ ജനതകളുടെയും ഹൃദയങ്ങളിൽ സംഭവിപ്പിക്കുകയും ചെയ്യുക. അവളുടെ ദൗത്യം രാജ്യം ആയിരിക്കാനാണ്, അതിൻെറ പൂർണതയിലേക്കു വളരാനും അതിൻെറ സേവനത്തിലായിരിക്കാനുമാണ്. കൂടുതൽ കൂടുതൽ ദൈവഭരണമായിരിക്കാൻ സഭ അനുദിനം വിളിക്കപ്പെടുന്നു എന്നാണ് ഇതിൻെറ അർഥം. ദൈവവചനത്തിൻെറ സ്ഥിരമായ ശ്രവണം, വി. കുർബാനയിലും കൂദാശകളിലും യേശുവിൻെറ രഹസ്യത്തിൻെറ ആഘോഷം, പ്രാർഥന, ധ്യാനം, ജീവകാരുണ്യത്തിൻെറയും നീതിയുടെയും പ്രവർത്തനങ്ങൾ എന്നിവകൊണ്ടാണ് അവൾ അപ്രകാരമാകേണ്ടത്. അതേ സമയം വളരെ വസ്തുനിഷ്ഠമായ രീതിയിൽ രാജ്യത്തെപ്പറ്റി പ്രഘോഷിക്കാൻ വേണ്ടി- അതായത്, ക്രിസ്തുവിനെ രാജ്യമെന്ന നിലയിൽ പ്രഘോഷിക്കാനും വിശ്വാസത്തിൽ അവിടുത്തെ സ്വീകരിക്കാൻ എല്ലാവരെയും ക്ഷണിക്കാനും വേണ്ടി അവൾ പുറപ്പെടുന്നു.[49]

അങ്ങനെ, സഭ ലോകത്തിലെ എല്ലാ ജനതകൾക്കും ദൈവ ഭരണത്തിൻെറ അടയാളവും ഉപകരണവുമാണ്. എന്തെന്നാൽ യേശുക്രിസ്തുവാകുന്ന ഏക മധ്യസ്ഥനിലൂടെ എല്ലാജനതകളും രക്ഷിക്കപ്പെടണമെന്നും സത്യത്തിൻെറ അറിവിലേക്കു വരണമെന്നും ദൈവം ആഗ്രഹിക്കുന്നു. (cf. 1 തിമോ 2:5).

സഭ, ദൗത്യത്തിൽനിന്ന് ദൗത്യത്തിനു വേണ്ടി ജനിച്ചു. സഭ പ്രകൃത്യാ പ്രേഷിതയാണ് എന്നു പറയുന്നതിൻെറ കാരണമിതാണ്.[50] അവളുടെ അസ്തിത്വം പ്രേഷിതദൗത്യത്തിൽനിന്ന് ഒഴുകിവരുന്നു, അത് അവളെ പ്രേഷിത ദൗത്യത്തിലേക്കു നയിക്കുകയും ചെയ്യുന്നു. പോൾ ആറാമൻ മാർപാപ്പ മെത്രാന്മാരുടെ സാധാരണ സിനഡിൻെറ മൂന്നാം പൊതുസമ്മേളനത്തിൽ (1974) സിനഡു പിതാക്കന്മാരുടെ വാക്കുകൾ ആവർത്തിച്ചതിൻെറ കാരണം ഇതാണ്. "എല്ലാ മനുഷ്യരെയും സുവിശേഷവത്കരിക്കാനുള്ള കൽപന സഭയുടെ സത്താപരമായ ദൗത്യത്തെ സൃഷ്ടിക്കുന്നു എന്നു പുതുതായി ഉറപ്പിച്ചു പറയാൻ നാം ആഗ്രഹിക്കുന്നു".[51] ദൗത്യത്തെപ്പറ്റിയുള്ള ഈ ബോധം സഭയിലേക്കു ദൈവം ആദിസംക്രമിപ്പിച്ച തൻെറ ത്രിത്വാത്മക ജീവനിൽ നിന്നു ഉണ്ടാകുന്നതാണ്.

### പ്രേഷിതത്വം: സംസർഗത്തിൻെറ രഹസ്യത്തിൽ

27. സഭ ഒന്നാമതായി, ദൈവത്തിൻെറ സ്നേഹപൂർണമായ രക്ഷാകര പദ്ധതിയുടെ രഹസ്യമാണ്.[52] സഭ എന്തായിരിക്കുന്നതിലും മുമ്പേ, യേശു ക്രിസ്തുവിൽ പരിശുദ്ധാത്മാവിലൂടെ മനുഷ്യവർഗവുമായുള്ള തൻെറ കണ്ടു മുട്ടലിൻെറ *സ്ഥാനമാണ്.* ദൈവം തൻെറ സ്നേഹത്തിൻെറയും രക്ഷയുടെ യും പദ്ധതി സാക്ഷാത്കരിക്കുന്ന, തൻെറ ജീവൻെറ ആന്തരികരഹസ്യം വെളിപ്പെടുത്തുകയും അതു ജനങ്ങൾക്ക് വിനിമയം നടത്തുകയും ചെയ്യുന്ന സമൂഹമാണു സഭ. സഭ സത്താപരമായി ഒരു സംഘടനയല്ല, ക്ഷേമസംബ ന്ധമായ ഒരു സ്ഥാപനമല്ല, കാര്യക്ഷമമായ ഒരു സംരംഭവുമല്ല. പിന്നെയോ ത്രിത്വാത്മകസംസർഗത്തിൻെറ രഹസ്യമാണ്: "ഓ! അനുഗ്രഹീതപ്രകാശ മേ, ഓ ത്രിത്വമേ, പ്രഥമ ഐക്യമേ!" ദൈവം ശാശ്വതമായ അനുഗൃഹീതത്വ മാണ്, മരിക്കാത്ത ജീവനാണ്, മങ്ങാത്ത പ്രകാശമാണ്. ദൈവം സ്നേഹമാ ണ്: പിതാവും പുത്രനും പരിശുദ്ധാത്മാവും. ദൈവം തൻെറ അനുഗൃഹീത ജീവൻെറ മഹത്ത്വത്തെ വിനിമയം നടത്താൻ സ്വതന്ത്രമായി ആഗ്രഹിക്കു ന്നു'[53] യേശുക്രിസ്തുവിലുള്ള ദൈവത്തിൻെറ രക്ഷാകരപദ്ധതി ഈ ത്രി ത്വാത്മക സ്നേഹത്തിൽനിന്നു മുളയെടുക്കുന്നു: അത്, സൃഷ്ടികർമത്തിൽ, അധഃപതനത്തിനുശേഷമുള്ള രക്ഷയുടെ മുഴുവൻ ചരിത്രത്തിൽ,പുത്രൻെറ യും ആത്മാവിൻെറയും ദൗത്യങ്ങളിൽ അതു സ്വയം വെളിപ്പെടുത്തുന്നു. ആ ദൗത്യങ്ങളാകട്ടെ സഭയുടെ ദൗത്യത്തിൽ തുടരുകയും ചെയ്യുന്നു."[54]

പിതാവും പുത്രനും പരിശുദ്ധാത്മാവുമായുള്ള പരിശുദ്ധ ത്രിത്വത്തി ൻെറ ജീവിതവുമായുള്ള സഭയുടെ സംസർഗത്തിൽ സഭയുടെ ജീവൻെറയും അവളുടെ ദൗത്യത്തിൻെറയും അടിസ്ഥാനമാണ് പിതാവും പുത്രനും ആത്മാ വും തമ്മിലുള്ള *ഐക്യം* (Koinonia), സഭാപരമായ *ഐക്യത്തിലേക്കും* കൂ ട്ടായ്മയിലേക്കും സംസർഗത്തിലേക്കും നയിക്കുന്നു. 1985-ലെ മെത്രാന്മാരു ടെ അസാധാരണ സിനഡുസമ്മേളനം, സംസർഗത്തിൻെറ സഭാശാസ്ത്ര ത്തെക്കുറിച്ച്, സൂനഹദോസിൻെറ സകല പ്രമാണരേഖകളുടെയും കേന്ദ്ര സ്ഥാനത്തുള്ള ഉൾക്കാഴ്ചയും, സൂനഹദോസിനു ശേഷമുണ്ടായ എല്ലാ നവീകരണങ്ങളുടെ പ്രചോദകശക്തിയും എന്ന നിലയിൽ സംസാരിച്ചു. ആ സിനഡിൻെറ അവസാനത്തെ പ്രസ്താവന അത്തരമൊരു സഭാശാസ്ത്രത്തി ൻെറ പ്രധാനാശയങ്ങൾ സംഗ്രഹിച്ചു. (1) സംസർഗത്തിൻെറ സഭാശാസ്ത്രം ത്രിത്വാത്മക സംസർഗത്തിൽ അടിയുറപ്പിച്ചിട്ടുള്ളതാണ്. (2) പുതിയ ഉടമ്പടി യുടെ ജനമായ സഭ, ദൈവവും മനുഷ്യവംശവും തമ്മിലുള്ള സംസർഗത്തി ൻെറ അടയാളവും ബന്ധിപ്പിക്കുന്ന ശക്തിയുമാണ്. (3) സഭ സത്താപരമാ യി യേശുവിൻെറ സകല ശിഷ്യന്മാരുടെയും, യേശുവിലും തമ്മിൽത്തമ്മിലും

ഉള്ള, ഒരു സംസർഗ്ഗമാണ്. (4) സഭ എല്ലാ ജനതകളുടെയും സംസർഗത്തിന്റെ *സ്ഥാനവും* അടയാളവുമാണ്.

ത്രിത്വാത്മക സംസർഗത്തിലുള്ള ഭാഗഭാഗിത്വം, എല്ലാ അംഗങ്ങളെയും, ക്രിസ്തുവിന്റെ ശരീരം എന്നുവിളിക്കപ്പെടുന്ന അനന്യമായ ഒരു സംസർഗത്തിൽ ബന്ധിപ്പിച്ചു നിറുത്തുന്നു. എന്നാൽ സഭയ്ക്കു മാനുഷികമായ ഒരു മാനമുണ്ട്. അതുകൊണ്ട് വിഭജനത്തിന്റെ പാപത്തിന് അതു വിധേയമാണ്. അനേകം വിഭജനങ്ങൾ ചരിത്രഗതിയിൽ ഏഷ്യയിലെ സഭകളുടെ സംസർഗത്തെ മുറിപ്പെടുത്തിയിട്ടുണ്ട്. അങ്ങനെ, വ്യത്യസ്തങ്ങളായ ആരധനാക്രമപരവും സഭാപരവുമായ പാരമ്പര്യങ്ങളും, സഭാപരമായ അധികാരങ്ങളും, പ്രേഷിതപ്രവർത്തനരീതികളും അജപാലനശുശ്രൂഷയും ഉള്ള സഭകൾ തമ്മിലുള്ള സഭാപരമായ ബന്ധങ്ങൾ ഏറെ നൂറ്റാണ്ടുകാലത്തേക്ക് തകർക്കപ്പെട്ടിരുന്നു. ഈ വ്രണങ്ങൾ ഭാഗികമായി സുഖമാക്കപ്പെട്ടു. എന്നാൽ പൂർണമായ ഒരു സുഖപ്പെടുത്തൽ ഇനിയും സംഭവിച്ചിട്ടില്ല. എവിടെയെല്ലാം സംസർഗം ദുർബലമാക്കപ്പെട്ടുവോ അവിടെയെല്ലാം സഭയുടെ സാക്ഷ്യവും സുവിശേഷവത്കരണമുല്യവും ഫലദായകത്വവും ദുർബലമാക്കപ്പെടുന്നു.

സഭാപരമായ സംസർഗത്തെയും ലത്തീൻ സഭയിലെ മെത്രാന്മാരുമായി നടത്തുന്ന കൂടെക്കൂടെയുള്ള സംവാദത്തെയും സംബന്ധിച്ച് ജോൺ പോൾ രണ്ടാമൻ മാർപാപ്പ, സീറോ മലബാർ സഭയിലെ മെത്രാന്മാരോടു പറഞ്ഞത് ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ ഏഷ്യയിലെ മുഴുവൻ സഭയെയും സംബന്ധിച്ചു പ്രയോഗിക്കാവുന്നതാണ്: സംസർഗത്തിന്റെ ഒന്നാമത്തെ രൂപം *ക്രിസ്തുവിലുള്ള സകല വിശ്വാസികളെയും, ക്രിസ്തുവിന്റെ ഏകസഭയുടെ സകലമക്കളെയും, ഒന്നിപ്പിക്കുന്ന ഒന്നാണ്.* എല്ലാ കാര്യങ്ങളും പരസ്പര വിശ്വാസത്തിന്റെയും പൊതു ലക്ഷ്യത്തിന്റെയും അന്തരീക്ഷത്തിൽ ഏറ്റെടുക്കപ്പെടണം. വിവിധ സാഹചര്യങ്ങളെ വസ്തുനിഷ്ഠതയോടെ പരിശോധിച്ചുകൊണ്ടും ഹൃദയംഗമമായ സഹകരണത്തിന്റെ ചൈതന്യത്തിൽ അവയെ പരിഹരിക്കാൻ പരിശ്രമിച്ചുകൊണ്ടും അങ്ങനെ ചെയ്യണം. സംഘർഷങ്ങളെല്ലാം നിരോധിക്കപ്പെടണം. കാരണം, സ്നേഹത്തിൽ നിന്നല്ലാതെ ഒരു നന്മയും ഉണ്ടാവുകയില്ല.[55]

ഏഷ്യയിലെ മിക്ക സഭാ സമൂഹങ്ങളും വ്യത്യസ്തങ്ങളായ വംശപരവും ഭാഷാപരവും സാംസ്കാരികവുമായ ഗ്രൂപ്പുകൾ കൊണ്ടു സൃഷ്ടിക്കപ്പെട്ടതാണ്. ഏഷ്യയിലെ മിക്ക രാജ്യങ്ങളിലും ഒരേ വംശത്തിൽപ്പെട്ട സമൂഹങ്ങൾ അപൂർവ്വമാണ്. അങ്ങനെ, ഏഷ്യയിലെ പലഭാഗങ്ങളിലുമുള്ള പ്രാദേശിക ക്രൈസ്തവസമൂഹങ്ങളുടെ ഭാഗങ്ങൾ ചൈന, ഫിലിപ്പൈൻസ്, കൊറിയ,

ഇൻഡ്യ എന്നിവിടങ്ങളിൽനിന്നുള്ള കുടിയേറ്റക്കാരാണ്. വീണ്ടും, പല ക്രൈസ്തവ സമൂഹങ്ങളുടെയും ഭാഗങ്ങൾ, ആദിവാസികളും ആദിവാസികളല്ലാത്തവരുമായ ക്രിസ്ത്യാനികളും, വിവിധഗോത്രക്കാർ ചേർന്ന സമൂഹങ്ങളും, ദളിതു ക്രിസ്ത്യാനികളും ദളിതുകളല്ലാത്ത ക്രിസ്ത്യാനികളുമാണ്. വ്യത്യസ്ത ക്രൈസ്തവഗ്രൂപ്പുകൾക്കിടയിലും അതുപോലെതന്നെ വൈദികരുടെയും അൽമായരുടെയും ഇടയിലും ഈ വിഭിന്ന സമൂഹങ്ങൾ സൃഷ്ടിക്കുന്ന സംഘർഷങ്ങളും മാത്സര്യവും ത്രിത്വത്തോടും തമ്മിൽത്തമ്മിലും ഉള്ള സംസർഗം എന്ന നിലയിലുള്ള സഭയുടെ സത്താപരമായ സ്വഭാവത്തിനു തന്നെ വിപരീതമായ സാക്ഷ്യമാണു നൽകുന്നത്[56].

സംസർഗ്ഗം എന്ന നിലയിലുള്ള സഭയുടെ വിശ്വാസ്യമായ സാക്ഷ്യം മുകളിൽ സൂചിപ്പിച്ച വിഭജനങ്ങളെ കീഴടക്കുന്നതിനെ ആശ്രയിച്ചിരിക്കുന്നു. അങ്ങനെ ചെയ്യുന്നതാകട്ടെ ഏഷ്യയിലെ ജനങ്ങൾക്ക് സംസർഗത്തിൻെറ ഫലപ്രദമായ അടയാളവും ഉപകരണവുമായിരിക്കാനാണ്. സിനഡിനുശേഷം പുറപ്പെടുവിച്ച ശ്ലൈഹികാഹ്വാനമായ *അൽമായ ക്രൈസ്തവ വിശ്വാസികൾ* (Christifidelies Laici) എന്ന ശ്ലൈഹികാഹ്വാനം നന്നായി വ്യക്തമാക്കിയിരിക്കുന്നു:.... *സംസർഗം സംസർഗത്തെ ജനിപ്പിക്കുന്നു:* അതു സത്താപരമായി *സംസർഗത്തിനു വേണ്ടിയുള്ള ഒരു ദൗത്യവുമായി* ബന്ധിക്കപ്പെട്ടിരിക്കുന്നു... സംസർഗവും ദൗത്യവും അഗാധമായവിധത്തിൽ പരസ്പരം ബന്ധിക്കപ്പെട്ടിരിക്കുന്നു. അവ പരസ്പരം ഉൾപ്രവേശിക്കുകയും ഒന്നു മറ്റേതിനെ അർഥമാക്കുകയും ചെയ്യുന്നു. സംസർഗം ദൗത്യത്തിൻെറ സ്രോതസ്സിൻെറയും ഫലത്തിൻെറയും പ്രതിനിധിയായിരിക്കത്തക്ക വിധത്തിൽ അപ്രകാരമായിരിക്കുന്നു: *സംസർഗം ദൗത്യത്തെ ജനിപ്പിക്കുന്നു; ദൗത്യം സംസർഗത്തിൽ പൂർണമാക്കപ്പെടുകയും ചെയ്യുന്നു.*[57]

സംസർഗത്തിൻെറ പങ്കുവയ്ക്കലിലേക്ക് മറ്റുള്ളവരെ ഉദ്ദേശിച്ചുള്ള പ്രേഷിതത്വം

28. ക്രിസ്തുവിനു പൊതുവായ സാക്ഷ്യം നൽകുന്നതിൽ മറ്റു ക്രൈസ്തവ സഭകളുമായുള്ള സംസർഗം ഇന്നു സുപ്രധാനമാണ്. കഴിഞ്ഞ കാലങ്ങളിൽ, യൂറോപ്പിൽ കത്തോലിക്കരും മതനവീകരണത്തിൻെറ വിവിധ സഭാ സമൂഹങ്ങളും തമ്മിലുണ്ടായിരുന്ന ശത്രുതയും മാത്സര്യവും കോളനി വാഴ്ചയുടെ വികസനം തുടങ്ങിയപ്പോൾഏഷ്യയിലേക്കു കൊണ്ടുവരപ്പെട്ടു. യേശുക്രിസ്തുവിനു പൊതുസാക്ഷ്യം നൽകുന്നതിൽ, ഏഷ്യയിൽ ഒരു എക്യുമെനിക്കൽ ചൈതന്യം വളർത്തിയെടുക്കുക എന്ന സവിശേഷമായ ഒരു കടമ ഏഷ്യയിലെ കത്തോലിക്കാ വ്യക്തിസഭകൾക്കുണ്ട്.[58]

മൂന്നാം സഹസ്രാബ്ദം സമീപിക്കുമ്പോൾ അനൈക്യത്തിൻെറ ഭാരങ്ങൾ ഇറക്കിവയ്ക്കാനും, സമ്പൂർണമായ ഐക്യത്തിലേക്കല്ലെങ്കിൽ, കൂടുതൽ ഐക്യത്തിലേക്ക് നടന്നടുക്കാനും ഏഷ്യയിലെ സഭ പരിശ്രമിക്കുന്നു. ആത്മാർഥമായ ഒരു ആത്മപരിശോധനയും ചിലപ്പോൾ എല്ലാ കക്ഷികളും ഉൾപ്പെട്ടിരുന്ന ഭൂതകാല തെറ്റുകളുടെ ഉത്തരവാദിത്വം ഏറ്റെടുക്കലും ഇതിന് ആവശ്യമാണ്.[59] കഴിഞ്ഞകാലത്തും വർത്തമാനകാലത്തും സഭയിലുണ്ടായിട്ടുള്ള വിഭജനത്തിൻെറ പാപങ്ങൾക്ക് എല്ലാ വിശ്വാസികൾക്കും സ്വകീയമായരീതിയിൽ ഉത്തരവാദിത്വമുണ്ട്. കഴിഞ്ഞ ആയിരത്തിലേറെ വർഷങ്ങളായി വേദനാജനകമാംവിധം മുറിവേൽക്കപ്പെട്ട സഭാത്മക സംസർഗത്തെയോർത്തു എല്ലാവരും ദുഃഖിക്കണം. മഹത്തരമായ *ക്രൈസ്തവ ഐക്യത്തിലേക്ക് എല്ലാവരും വളരണം.*[60]

ഏഷ്യയിലെ സഭ ഒരു "ചെറിയ അജഗണം" ആണ്. ഫിലിപ്പൈൻസിലൊഴികെ എല്ലായിടത്തും വളരെ ചെറിയ ന്യൂനപക്ഷമാണ്. ഹിന്ദു മതത്തിലും ബുദ്ധമതത്തിലും ഇസ്ലാംമതത്തിലും പരമ്പരാഗതമതങ്ങളിലും വിശ്വസിക്കുന്ന ആയിരക്കണക്കിനു സഹോദരങ്ങളുടെയിടയിൽ അവൾ ജീവിക്കുന്നു. എല്ലാമതങ്ങളുടെയും അനുയായികളുടെ മുമ്പിൽ ഐക്യത്തിൻെറ ഒരു കൂദാശയായിരിക്കുക എന്ന വളരെ സവിശേഷമായ കടമ ഏഷ്യയിലെ സഭയ്ക്കുണ്ട്. സംസർഗം യഥാർഥമായ സംവാദം വഴിയാണു വളർത്തപ്പെടുന്നത്. കഴിഞ്ഞ കാലത്തെ എഫ്.എ.ബി.സി.യുടെ പ്രമാണരേഖകളിൽ മിക്കപ്പോഴും ഊന്നിപറയപ്പെട്ടിട്ടുള്ള ഒരു വിഷയമാണത്[61]

സഭ യഥാർഥത്തിൽ സാർവത്രികം, അഥവാ കാതോലികം ആയിത്തീരണം. സാർവത്രികമായിരിക്കുക എന്നത് സഭയുടെ പ്രകൃതി തന്നെയാണ്. അതു കർത്താവിൽനിന്നുള്ള ഒരു ദാനമാണ്. സഭയ്ക്ക് വളരെ സവിശേഷമായ ഒരു സംസർഗമുണ്ട്. തന്മൂലം സ്വകീയമായ ഐക്യമുണ്ട്. അവൾ മറ്റുള്ളവയെയെല്ലാം ഒഴിവാക്കുന്ന ഒരു സംസർഗവും ഐക്യവുമല്ല. അതു മറ്റുള്ളവയെ ഉൾപ്പെടുത്തുന്ന ഒരു ഐക്യമായിരിക്കേണ്ടതുണ്ട്. കാരണം, ദൈവത്തിൻെറ ആത്മാവും, വചനവും (ലോഗോസ്) ലോകത്തിൽ എല്ലാറ്റിനെയും അതിൻെറ പരമമായ അന്ത്യത്തിലേക്കു നയിച്ചുകൊണ്ട് പണ്ടേ സന്നിഹിതമായിരുന്നു. ദൈവജനത്തെ അലങ്കരിക്കുന്ന സാർവത്രികതയുടെ സ്വഭാവം കർത്താവിൽനിന്നു തന്നെയുള്ള ഒരു ദാനമാണ്. അതുവഴി കത്തോലിക്കാസഭ, മനുഷ്യവംശത്തെ മുഴുവനെയും അതിൻെറ സർവ വസ്തുക്കളെയും ശിരസ്സായ ക്രിസ്തുവിൻെറ കീഴിൽ, തൻെറ ആത്മാവിൻെറ ഐക്യത്തിൽ തിരിച്ചു കൊണ്ടുവരുവാൻ നിരന്തരമായും ഫലപ്രദമായും പരിശ്രമിക്കുന്നു.[62]

പരിശുദ്ധ ത്രിത്വവുമായിട്ടുള്ള ഐക്യം, സഭ ആരുടെയിടയിൽ ജീവിക്കുന്നുവോ ആ സഹോദരങ്ങളുമായുള്ള പണ്ടേ നിലനിൽക്കുന്ന, സംസർഗത്തെയും ഐക്യത്തെയും തകർക്കരുത്. ഇതാണ് പോൾ ആറാമൻ മാർപാപ്പ പ്രസ്താവിച്ചത്: "ഈ അക്രൈസ്തവ മതങ്ങളെ സഭ ബഹുമാനിക്കുകയും വിലമതിക്കുകയും ചെയ്യുന്നു. എന്തെന്നാൽ ജനതകളുടെ വിപുലമായ ഗ്രൂപ്പുകളുടെ ചൈതന്യത്തിൻെറ സജീവമായ പ്രകാശനമാണവ. ദൈവത്തിനുവേണ്ടി നടത്തിയ അന്വേഷണത്തിൻെറ ആയിരക്കണക്കിനു വർഷങ്ങളുടെ പ്രതിധ്വനി അവ സംവഹിക്കുന്നു. ആ അന്വേഷണം അപൂർണമാണ്. എന്നാൽ മിക്കപ്പോഴും വലിയ ആത്മാർഥതയോടും ഹൃദയനീതിയോടും കൂടി നടത്തപ്പെട്ടതാണ്. അഗാധമാംവിധത്തിൽ മതാത്മകമായ ഗ്രന്ഥങ്ങളുടെ ശ്രദ്ധേയമായ പൈതൃകം അവയ്ക്കുണ്ട്. അവ ജനതകളുടെ തലമുറകളെ എങ്ങനെ പ്രാർഥിക്കാമെന്നു പഠിപ്പിച്ചു."[63]

സഭ തൻെറ സുവിശേഷവത്കരണ പ്രവർത്തനത്തിൽ ജീവിക്കുന്ന സംസർഗത്തിൻെറ സ്വകീയ മാതൃകവഴി അങ്ങനെ ഐക്യം സാധ്യമാണെന്നു കാണിച്ചു കൊണ്ട്- ഏഷ്യൻ സമൂഹത്തിലെ നൂറ്റാണ്ടുകളുടെ പഴക്കമുള്ള വിഭജനങ്ങൾ സുഖപ്പെടുത്താൻ പരിശ്രമിക്കുന്നു. വീണ്ടും, അത്തരം സംസർഗം ജനതകളുടെയിടയിൽ വളർത്താൻ വേണ്ട മാർഗങ്ങളെ, സംവാദവും സഹകരണവും വഴി കണ്ടെത്താൻ പരിശ്രമിക്കുന്നു.[64]

അങ്ങനെ ക്രൈസ്തവ പ്രേഷിതത്വം (ദൗത്യം) എല്ലാ മതങ്ങളെയും അവയുടെ അനുയായികളെയും ബഹുമാനിക്കുന്നു. കഴിഞ്ഞ കാലങ്ങളിൽ യേശുവിനെപ്പറ്റിയുള്ള പ്രഘോഷണവും മാനസാന്തരപ്പെടുത്തലും ഉൾക്കൊണ്ടിരുന്ന ക്രൈസ്തവദൗത്യം, ചിലപ്പോൾ സ്വജനങ്ങളിൽനിന്നും സംസ്കാരത്തിൽനിന്നുമുള്ള അന്യവത്കരണംകൂടി (alienation) അർഥമാക്കിയിരുന്നു. ക്രൈസ്തവദൗത്യം അനവത്കരണമുണ്ടാക്കാൻ ഉദ്ദേശിച്ചിട്ടുള്ളതല്ല. പിന്നെയോ എല്ലാ സഹോദരങ്ങളുമായി കൂടുതൽ സംസർഗവും ഐക്യവും സൃഷ്ടിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്." എല്ലാ ദൗത്യത്തിൻെറയും ആത്യന്തിക ലക്ഷ്യം ദൈവവുമായി പരസ്പരമുള്ള സംസർഗമാണ്: "ദൗത്യത്തിൻെറ ആത്യന്തിക ലക്ഷ്യം പിതാവും പുത്രനും തമ്മിലുള്ള സംസർഗത്തിൽ പങ്കുചേരാൻ ജനങ്ങളെ കഴിവുള്ളവരാക്കുക എന്നതാണ്."[65]

### പ്രേഷിതത്വം ഐക്യത്തിൻെറ കൂദാശയെന്ന നിലയിൽ

29. ദൈവത്തിൻെറ രാജ്യം എന്ന്, അതായത്, ദൈവത്തിൻെറ ഭരണം എന്ന് സഭ കൂടെക്കൂടെ വിളിക്കപ്പെടുന്നു. ക്രിസ്തുവിൻെറ ജീവിതം, അവിടുത്തെ പ്രബോധനങ്ങൾ അംഗീകരിക്കപ്പെടുകയും ജീവിക്കപ്പെടുകയും

ചെയ്യുന്ന സമൂഹത്തിൽ ജീവിക്കപ്പെടുന്നു. അവിടുത്തെ മരണത്തിൻെറയും ഉത്ഥാനത്തിൻെറയും അവിടുത്തെ ആത്മാവിൻെറയും ശക്തിയിലൂടെ, പിതാവിൻെറ ഇഷ്ടംസ്വീകരിക്കാനും യേശു ചെയ്തതുപോലെ പരസ്പരം സ്നേഹിക്കാനും സഭ കഴിവുള്ളവളാക്കപ്പെടുന്നു. യേശു മരണത്തോളമുള്ള തൻെറ അനുസരണത്തിലൂടെ ദൈവത്തിൻെറ പരിപൂർണമായ രാജ്യം അഥവാ ഭരണം ആയിത്തീർന്നു. അതുപോലെ, ക്രിസ്തുവിനെ അനുഗമിക്കുന്നതിൽ ദൈവഭരണം ആയിത്തീരാൻ സഭ വിളിക്കപ്പെട്ടിരിക്കുന്നു.

ക്രിസ്തുവിൻെറ ജീവൻ സഭയിലേക്ക്, വചനം, കൂദാശകൾ, ക്രൈസ്തവജീവിതം എന്നിവയിലൂടെ, അഭിസംക്രമിക്കപ്പെടുന്നു. വിശ്വാസികളിൽ ക്രിസ്തുവിൻെറ സാദൃശ്യം ക്രമേണ രൂപവത്കരിക്കപ്പെടാൻ വേണ്ടിയാണത്. "സഭയുടെ എല്ലാ അംഗങ്ങളും, ക്രിസ്തു അവരിൽ രൂപപ്പെട്ടുതീരുന്നതുവരെ, അവിടുത്തെ സാദൃശ്യത്തിൽ രൂപവത്കരിക്കപ്പെടണം" (cf. ഗലാ 4:19).[66] വി.പൗലോസ് പറയുന്നതുപോലെ, യേശുക്രിസ്തുവിൻെറ സാദൃശ്യത്തോട് അനുരൂപപ്പെടുക എന്നതാണ് സഭയ്ക്കുള്ള ഒന്നാമത്തെ വിളി: "അവിടുന്നു (ദൈവം) മുൻകൂട്ടി അറിഞ്ഞവരെ, തൻെറ പുത്രൻെറ സാദൃശ്യത്തോട് അനുരൂപരാക്കാൻ മുൻകൂട്ടി നിശ്ചയിക്കുകയും ചെയ്തു. ഇതു തൻെറ പുത്രൻ അനേകം സഹോദരരിൽ ആദ്യജാതനാകുന്നതിനു വേണ്ടിയാണ്". (റോമ 8: 29).

ക്രിസ്തുവിൻെറ പ്രകാശം ചൊരിയുന്നതും ക്രിസ്തുവിൻെറ പ്രകാശം പ്രതിബിംബിക്കുന്നതുമായ സമൂഹമാണു സഭ. രണ്ടാം വത്തിക്കാൻ സൂനഹദോസ് സഭയെപ്പറ്റി ക്രോഡീകരിച്ച സൈദ്ധാന്തികപ്രമാണരേഖ "ക്രിസ്തു എല്ലാ ജനതകളുടെയും പ്രകാശമാകയാൽ..." (Lumen gentium cumsit christul...)[67] എന്നിങ്ങനെ തുടങ്ങുന്നു എന്നതു ശ്രദ്ധേയമാണ്. ലോകത്തിനു ക്രിസ്തുവിൻെറ പ്രകാശമായിരിക്കാൻ സഭ വിളിക്കപ്പെട്ടിരിക്കുന്നു. അവൾക്കു സ്വന്തമായി വേറെ പ്രകാശമില്ല. "ക്രിസ്തുവിൻേറതല്ലാതെ മറ്റൊരു പ്രകാശവും സഭയ്ക്കില്ല. സഭാപിതാക്കന്മാർക്കു സവിശേഷമാംവിധം ഇഷ്ടപ്പെട്ട സാദൃശ്യമനുസരിച്ച്, സഭ ചന്ദ്രനാണ്, അതിൻെറ പ്രകാശം മുഴുവനും സൂര്യനിൽനിന്നു പ്രതിഫലിക്കുന്നതാണ്"[68] ഭൂമിയിലെ സകലജനതകൾക്കും ക്രിസ്തുവിൻെറ പ്രകാശം എത്തിച്ചുകൊടുക്കുവാനാണു സഭ സ്ഥിതി ചെയ്യുന്നത്: "...സഭയുടെ മുഖത്തെ പ്രകാശിപ്പിക്കുന്ന അവിടുത്തെ പ്രഭ എല്ലാ മനുഷ്യരിലും ചൊരിയുവാൻ അവൾ ആകാംക്ഷാപൂർവ്വം ആഗ്രഹിക്കുന്നു."[69]

സഭ ക്രിസ്തുവിൻെറ സാദൃശ്യത്തോട് അനുരൂപപ്പെടുന്നതിൻെറ

അളവനുസരിച്ച് അവൾ സഭയാണ്, ജനതകൾക്ക് ഒരു പ്രകാശമായിരിക്കാൻ അവൾ കഴിവുള്ളവളായിത്തീരുകയും ചെയ്യുന്നു. അവളുടെ പ്രഥമ ദൗത്യം യേശുക്രിസ്തുവിൻെറ സാദൃശ്യമായിരിക്കുക എന്നതും അങ്ങനെയായിരിക്കാൻ പൂർവാധികം പരിശ്രമിക്കുക എന്നതുമാണ്. ഈ അർഥത്തിൽ സഭ ക്രിസ്തുവിൻെറ ഒരു കൂദാശയായിത്തീരുന്നു. സഭ ഒരുവിധത്തിൽ യേശുക്രിസ്തുവിൻെറ ഫലദായകമായ ഒരു അടയാളമാണെന്നാണ് ഇതിൻെറ അർഥം. അവിടുത്തെ മുഖം ആത്മാർഥമായി അന്വേഷിക്കുന്നവർക്ക് സഭാസമൂഹത്തിൻെറ മുഖത്തിൽ അവിടുത്തെ തിരിച്ചറിയാൻ കഴിയും. അവളിലും അവളിലൂടെയും അവർക്ക് അവിടുത്തെ ശ്രവിക്കാൻ കഴിയും, അവിടുത്തെ സ്നേഹവും, കാരുണ്യവും, മാപ്പും നന്മയും അനുഭവിക്കാനും കഴിയും. സൂനഹദോസ് താഴെക്കാണുംവിധം പറയുമ്പോൾ ഇതാണ് ഉദ്ദേശിക്കുന്നത്: "സഭ, ക്രിസ്തുവുമായുള്ള തൻെറ ബന്ധംവഴി ദൈവവുമായുള്ള അവഗാഢമായ ഐക്യത്തിൻെറയും മനുഷ്യവംശം മുഴുവൻെറയും ഐക്യത്തിൻെറയും ഒരു തരം കൂദാശ അഥവാ അടയാളം ആകുന്നു...."[70]

## അധ്യായം 6

# സഭയുടെ സ്നേഹത്തിൻെറയും സേവനത്തിറെയും പ്രേഷിതത്വം ഏഷ്യയിൽ

## ഏഷ്യയിലെ സുവിശേഷവത്കരണം ഇന്ന്

### നവീകൃതധാരണ

30 സുവിശേഷവത്കരണം ഇന്ന് കഴിഞ്ഞകാലത്തെക്കാൾ വ്യാപകമായ അർഥം സ്വീകരിച്ചിട്ടുണ്ടെന്നതു സത്യമാണ്. സുവിശേഷവത്കരണം ഒരു സങ്കീർണ യാഥാർഥ്യമാണ്. സുവിശേഷത്തിനു സാക്ഷ്യംവഹിക്കൽ, ദൈവരാജ്യത്തിൻെറ മൂല്യങ്ങൾക്കായുള്ള അദ്ധ്വാനം മാനുഷികവിമോച നത്തിനും വളർത്തലിനും വേണ്ടിയുള്ള സമരം, സംവാദം, ദൈവാനുഭവത്തിൻെറ പരസ്പരഭാഗഭാഗിത്വം സാംസ്കാരികാനുരൂപണം, അന്യമതങ്ങളുമായുള്ള സംവാദം മുതലായ അനേകം സത്താപരമായ ഘടകങ്ങൾ അതിനുണ്ട്.[71]

ഓരോ കാലത്തും, സഭയുടെ ദൗത്യത്തിൻെറ ആഗന്തുകഘടകങ്ങൾ - അതു സംസ്കാരത്തോട് അനുരൂപമാക്കുന്നതിൻെറ രീതിയും (inculturation) അതിൻെറ മാർഗങ്ങളും - പരിണാമവിധേയമായിത്തീരുന്നു. പുതിയൊരു സുവിശേഷവത്കരണത്തിൻെറ ആവശ്യം എപ്പോഴുമുണ്ട്. പക്ഷേ, യേശുക്രിസ്തു അവളുടെ ദൗത്യത്തിൻെറയും പ്രഘോഷണത്തിൻെറയും കേന്ദ്രവും പരമകോടിയുമായി നിലകൊള്ളുന്നു.

സിദ്ധാന്തപരവും ചരിത്രപരവുമായ പല കാരണങ്ങളാൽ, പ്രേഷിതവേലയുടെ കാലം കഴിഞ്ഞു എന്ന ഒരഭിപ്രായം ഏഷ്യയുടെ ചില ഭാഗങ്ങളിൽ നിന്ന് കഴിഞ്ഞ മൂന്നു ദശകങ്ങളായി പ്രകടിപ്പിക്കപ്പെട്ടിട്ടുണ്ട്. ഇപ്പോൾ സംവാദത്തിൻെറയും സാംസ്കാരികാനുരൂപണത്തിൻെറയും കാലമാണ്. മൗലികമായ മതബഹുത്വവും രക്ഷയും എന്നത് ഒരു വിശ്വാസ സത്യം തന്നെയായിത്തീരുന്നതുപോലെ തോന്നുന്നു. ചിലപ്പോൾ, ഒരാളുടെ സംസ്കാരം കേവലമാക്കപ്പെട്ടതായി (absolutized) കരുതപ്പെടുകയും, അങ്ങനെ മാനസാന്തരപ്പെടുത്തൽ അന്യരോടുള്ള ബലാത്കാരമായി വീക്ഷിക്കപ്പെടുകയും ചെയ്യുന്നു. സഭയുടെ ദൗത്യം ദൈവരാജ്യത്തിൻെറ മൂല്യങ്ങളെയും മാനുഷി

ക വളർത്തലിനെയും വിവേചനത്തെയും പ്രഘോഷിക്കുക എന്നതു മാത്രമാണെന്നു മറ്റുചിലർ അവകാശപ്പെടുന്നു.

ഇത്തരം പ്രവണതകളെ പരാമർശിച്ചുകൊണ്ട്, യേശുക്രിസ്തുവിനെ പ്രഘോഷിക്കുക എന്ന ആവശ്യത്തെയും അതിൻെറ അടിയന്തിര സ്വഭാവത്തെയും കുറിച്ച് പോൾ ആറാമൻ മാർപാപ്പ 1975-ൽ ആവർത്തിച്ചുറപ്പിച്ചു പറഞ്ഞു: "ഈ മതങ്ങളോടുള്ള ആദരവോ ബഹുമാനമോ, ഇന്ന് ഉയർന്നുവരുന്ന ചോദ്യങ്ങളുടെ സങ്കീർണതയോ, ഈ അക്രൈസ്തവരോടു ക്രിസ്തുവിനെ പ്രഘോഷിക്കുന്നതിൽനിന്നു സഭയെ മാറ്റി നിറുത്താനുള്ള ഒരു ക്ഷണമല്ലെന്ന് സർവോപരി ഇന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു."[72]

സുവിശേഷവത്കരണത്തിൻെറ സന്ദേശം: യേശുക്രിസ്തു

31. ലോകത്തിൻെറ ജീവനുവേണ്ടി ലോകത്തിനു നൽകപ്പെടുന്ന പിതാവിൻെറ വചനമാണ് യേശുക്രസ്തു. ലോകത്തോടു പിതാവു നടത്തുന്ന രക്ഷാകര പ്രഘോഷണമാണവിടുന്ന്. അതുപോലെ യേശുക്രിസ്തു ലോകത്തോടുള്ള പരിശുദ്ധാത്മാവിൻെറ പ്രഘോഷണവുമാണ്. സകലരുടെയും രക്ഷയ്ക്കുവേണ്ടി ലോകത്തിലേക്ക് അയയ്ക്കപ്പെട്ട പ്രേഷ്ഠപുത്രനാണ് യേശു എന്ന് യേശു യോർദാനിൽ മാമ്മോദീസമുങ്ങിയപ്പോൾ പിതാവും പരിശുദ്ധാത്മാവും വ്യത്യസ്തരീതികളിൽ പ്രഘോഷിച്ചു (cf. മത്താ 3:13-17). അപ്പോൾ, സഭയുടെ പ്രഥമകർത്തവ്യം, ലോകത്തിൻെറ ജീവനുവേണ്ടി യേശുക്രിസ്തുവിനെ പ്രഘോഷിക്കുക എന്നതാണ്.

എല്ലാ സുവിശേഷവത്കരണ പ്രവർത്തനങ്ങളിലും യേശുക്രിസ്തുവിനെ പ്രഘോഷിക്കുന്നതിനുള്ള പ്രാമുഖ്യം സൂനഹദോസും സഭയുടെ പ്രബോധനാധികാരവും ആവർത്തിച്ചാവർത്തിച്ച് ഊന്നിപ്പറഞ്ഞിട്ടുണ്ട്. എന്തെന്നാൽ അത് വിശ്വാസത്തിൻെറ സത്തയാണ്. യേശു നിർവഹിച്ച രക്ഷാകര സംഭവത്തിൻെറ തുടർച്ചതന്നെയുമാണ്. ദൈവത്തെ സംബന്ധിച്ച് സഭയ്ക്കുള്ള ത്രിത്വാത്മകാനുഭവത്തിൻെറ സത്തയുടേതുതന്നെയാണ് പ്രഘോഷണം. പ്രഘോഷണം ഉപേക്ഷിക്കാൻ അനന്യമായ ഈ ദൈവാനുഭവത്തെ ഉപേക്ഷിക്കലാണ്. അങ്ങനെ, പോൾ ആറാമൻ മാർപാപ്പ സുവ്യക്തമായ വാക്കുകളിൽ എഴുതി: "ദൈവത്തിൻെറ പുത്രനായ നസ്രസ്സിലെ യേശുവിൻെറ നാമവും, പ്രബോധനവും, ജീവിതവും വാഗ്ദാനങ്ങളും, ദൈവരാജ്യവും രഹസ്യവും പ്രഘോഷിക്കപ്പെടുന്നില്ലെങ്കിൽ യഥാർഥ സുവിശേഷവത്കരണമില്ല."[73]

സുവിശേഷവത്കരണത്തിൻെറ വ്യതസ്തഘടകങ്ങളെ, യേശുക്രി

സ്തുവിനെ പ്രഘോഷിക്കൽ എന്ന കേന്ദ്രീയഘടകം ഒന്നിപ്പിച്ചു നിറുത്തുന്നു: "യേശുക്രിസ്തുവിനെ പ്രഘോഷിക്കൽ സുവിശേഷവത്കരണത്തിൻെറ കേന്ദ്രവും പ്രാഥമികഘടകവുമാണ്. അതില്ലാതിരുന്നാൽ മറ്റുള്ള സകല ഘടകങ്ങൾക്കും ഐക്യവും സാധുതയും നഷ്ടപ്പെടും."[74] അങ്ങനെ, സുവിശേഷവത്കരണം എന്നത് ഒന്നാമതായി യേശുക്രിസ്തുവിൽ ദൈവം നൽകുന്ന രക്ഷയെപ്പറ്റിയുള്ളതാണ്. അത് സ്വീകരിക്കപ്പെടുകയോ തിരസ്കരിക്കപ്പെടുകയോ ചെയ്യാം. ഒരുവൻ ഗ്രഹിക്കുകയും തിരഞ്ഞെടുക്കുകയും ചെയ്തില്ലെന്നുവരാം. യേശുക്രിസ്തുവിനെപ്പറ്റിയുള്ള പ്രഘോഷണത്തിൻെറ ആ വശ്യാവശ്യകതയും അതിൻെറ അടിയന്തിരസ്വഭാവവും അതിൻെറ ലക്ഷ്യവും, അവിടുന്നിലാണ് ദൈവത്തിൻെറ രക്ഷനൽകപ്പെടുന്നത് എന്നതിൽ അടങ്ങിയിരിക്കുന്നു. പോൾ ആറാമൻ മാർപാപ്പ സുവിശേഷപ്രഘോഷണം (Evangelii Nuntiandi) എന്ന ചാക്രിക ലേഖനത്തിൽ ഇതു സുവ്യക്തമാക്കുന്നുണ്ട്: "സുവിശേഷവത്കരണം - അതിൻെറ അടിസ്ഥാനവും കേന്ദ്രവും അതേസമയം അതിൻെറ സ്വയം ചാലകത്വത്തിൻെറ പരമകോടിയും എന്ന നിലയിൽ - സുവ്യക്തമായ ഒരു പ്രഘോഷണംകൂടി ഉൾക്കൊള്ളുന്നു. മരിക്കുകയും മൃതരിൽനിന്ന് ഉയിർക്കുകയും ചെയ്ത മനുഷ്യാവതാരം ചെയ്ത, ദൈവപുത്രനായ യേശുക്രിസ്തുവിൽ ദൈവത്തിൻെറ കൃപയുടെയും കാരുണ്യത്തിൻെറയും ദാനം എന്ന നിലയിൽ എല്ലാമനുഷ്യർക്കും രക്ഷപ്രദാനം ചെയ്യപ്പെട്ടിരിക്കുന്നു എന്നതാണ് ആ പ്രഘോഷണം."[75]

യേശുക്രിസ്തുവിനെ സംബന്ധിച്ച ഈ ഊന്നൽ നൽകുന്നതിൻെറ കാരണം മതവിഭാഗസംബന്ധമായ ഉന്മാദമല്ല. കാരണം, പോൾ ആറാമൻ മാർപാപ്പ തുടർന്നു പറയുന്നതുപോലെ ദൈവം നൽകുന്ന രക്ഷ സഹജമായ രക്ഷയല്ല. അതു മനുഷ്യൻെറ ഭൗതികമായ - ആധ്യാത്മികം പോലുമായ - ആവശ്യങ്ങളുടെ നിർവഹിക്കലല്ല. അത് ഭൗതികാസ്തിത്വത്തിൻെറയും സകലമാനുഷികാഭിവാഞ്ഛകളുടെയും ചട്ടക്കൂട്ടിൽ ഒതുക്കി നിറുത്തപ്പെട്ടിട്ടില്ല. യേശുക്രിസ്തുവിൽ ദൈവംനൽകുന്ന രക്ഷ ഏകവും അനന്യവുമായ കേവല സത്തയുമായുള്ള സംസർഗത്തിൽ പൂർണതനേടാൻവേണ്ടി ഈ സീമകളെയെല്ലാം അതിശയിക്കുന്ന ഒന്നാണ്: യേശുവിൽ പണ്ടേ സാക്ഷാത്കരിക്കപ്പെട്ട സർവാതിശായിയും യുഗാന്ത്യപരവുമായ രക്ഷ.[76]

## സുവിശേഷവത്കരണത്തിൻെറ പ്രവർത്തകർ

32 ആദിമനൂറ്റാണ്ടുകളിൽ സഭതന്നെത്തന്നെ പ്രേഷിതത്വത്തിൻെറ വിഷയമായി കരുതി. പ്രേഷിത എന്ന നിലയിൽ സഭയെ കരുതുന്ന ഈ ആദിമധാരണയിൽ അടുത്തകാലത്ത് ഊന്നൽ നൽകപ്പെട്ടു. സഭ പ്രകൃത്യാപ്രേഷി

തയാണെങ്കിൽ മുഴുവൻ സഭയും പ്രേഷിതയാണ്. അങ്ങനെ, ഉദാഹരണമായി, ജനതകളെ സുവിശേഷവത്കരിക്കാൻ പൗലോസിനെയും ബർണാബാസിനെയും അയയ്ക്കുന്നതിൽ അന്ത്യോക്യയിലെ സഭ മുഴുവനും ഏർപ്പെട്ടു.[77] ജോൺ പോൾ രണ്ടാമൻ അഭിപ്രായപ്പെടുന്നതുപോലെ, അതിൻെറ അർഥം, ക്രിസ്തുമതത്തിൻെറ ആദിമദശയിൽ ചെയ്യപ്പെട്ടത്, ഇന്നു സഭയുടെ പ്രേഷിതത്വത്തിൽ സാധുവും അടിയന്തിരസ്വഭാവമുള്ളതും ആകുന്നു എന്നാണ്. സഭയുടെ സാർവത്രിക പ്രേഷിതത്വം, സാർവത്രിക സഭയെ ഭരമേൽപിച്ചിരിക്കുന്നു. ഓരോ വ്യക്തിസഭയും എല്ലാ ജനതകളിലേക്കും അയയ്ക്കപ്പെട്ടിരിക്കുന്നു.[78]

സഭാസമൂഹത്തിനുള്ളിൽ പ്രേഷിതത്വത്തിൻെറ പ്രാഥമികപ്രവർത്തകർ മെത്രാന്മാരാണ്. എന്തെന്നാൽ 'ലോകത്തിൽ എങ്ങും പോയി സുവിശേഷം പ്രസംഗിക്കുക' എന്ന കൽപന യേശു തൻെറ പന്ത്രണ്ട് അപ്പസ്തോലന്മാർക്കു നൽകി. (cf. യോഹ 20:21; മത്താ 28:19; മർക്കോ 16:15; ലൂക്കാ 24: 47; അപ്പ 1:8)[79] ലോകംമുഴുവനും വേണ്ടിയുള്ള പ്രേഷിതത്വത്തിനാണ് മെത്രാന്മാർ അഭിഷേകം ചെയ്യപ്പെടുന്നത്.[80] പ്രേഷിതപ്രവർത്തനം സഭയുടെ ഏറ്റവും മഹത്തും ഏറ്റവും വിശുദ്ധവുമായ പ്രവർത്തനമാണ്.

ഏഷ്യയുടെ ഇന്നത്തെ ദൈവശാസ്ത്രപരവും പ്രേഷിതത്വശാസ്ത്രപരവും പ്രേഷിതപ്രവർത്തനപരവുമായ സാഹചര്യത്തിൽ, യേശുവിനെ പ്രഘോഷിക്കുന്ന എന്നത്, സഭയുടെ വിശ്വാസത്തിൻെറയും ജീവിതത്തിൻെറയും കേന്ദ്രസ്ഥാനത്തുനിലകൊള്ളുന്ന വിഷയമാണ്. തങ്ങളുടെ അജപാലനപരമായ എല്ലാ പദ്ധതികളിലും പ്രഘോഷണത്തിനു മുൻഗണനനൽകുക എന്നത് സഭയുടെ അജപാലകരുടെ കടമയാണ്. അവർ ഒന്നാമതായി സുവിശേഷപ്രവർത്തകരായും രണ്ടാമതായി മാത്രം ഭരണകർത്താക്കളായും വീക്ഷിക്കപ്പെടണം. ഇതാണ് ശ്ലീഹന്മാർ പ്രഘോഷണത്തെപ്പറ്റി പറഞ്ഞത്: “ഞങ്ങൾ ദൈവവചന ശുശ്രൂഷയിൽ ഉപേക്ഷകാണിച്ച്, ഭക്ഷണമേശകളിൽ ശുശ്രൂഷിക്കുന്നതു ശരിയല്ല. ... എന്നാൽ ഞങ്ങൾ പ്രാർഥനയിലും വചന ശുശ്രൂഷയിലും നിരന്തരം വ്യാപരിച്ചുകൊള്ളാം” (അപ്പ 6:2-4). ഈ വാചകങ്ങളിൽ “ദൈവവചനം” എന്ന പ്രയോഗം ഒരു ലഘുപ്രസംഗത്തെ (homily or sermon) സൂചിപ്പിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതല്ല. യേശുക്രിസ്തുവിനെ പ്രഘോഷിക്കുക എന്ന ആ വാക്കിൻെറ നിഷ്കൃഷ്ടമായ അർഥത്തിൽ ആണ് അതു പ്രയോഗിച്ചിട്ടുള്ളത്.

ഓരോ വൈദികനും വിജാതീയർക്കായുള്ള (ad gentes) സാർവത്രിക പ്രേഷിതത്വത്തിൽ മെത്രാനോടൊപ്പം പങ്കുപറ്റുന്നു. “വൈദികർ തങ്ങളുടെ

പട്ടാഭിഷേകത്തിൽ സ്വീകരിക്കുന്ന ആധ്യാത്മികകൃപാവരം, പരിമിതവും ഇടുങ്ങിയതുമായ ഒരു പ്രേഷിതത്വത്തിനുവേണ്ടിയല്ല, അവരെ സജ്ജീകൃതരാക്കുന്നത്. പിന്നെയോ, 'ലോകത്തിൻെറ അതിരുകൾ വരെയുള്ള' രക്ഷയുടെ സാർവത്രികപ്രേഷിതത്വത്തിൻെറ ഏറ്റവും വ്യാപകമായ ലക്ഷ്യത്തിലാണ് (അപ്പ. 1:8). എന്തെന്നാൽ ഓരോ വൈദികശുശ്രൂഷയും ക്രിസ്തു തൻെറ അപ്പസ്തോലന്മാരെ ഭരമേൽപിച്ച പ്രേഷിതത്വത്തിൻെറ സാർവത്രികതയിൽ പങ്കുപറ്റുന്നു".[82] അവരുടെ പ്രേഷിതത്വം അവരുടെ ഇടവകയുടെയും രൂപതയുടെയും രാജ്യത്തിൻെറയും വ്യക്തിസഭയുടെയും (churchsuijuris) അതിരുകളെ ഉല്ലംഘിക്കുന്നു. മുഴുവൻ ലോകത്തോടും സുവിശേഷം പ്രസംഗിക്കാൻ അവർ വിളിക്കപ്പെട്ടിരിക്കുന്നു. ജോൺ പോൾ രണ്ടാമൻ പറയുംപോലെ ക്രിസ്ത്യാനികൾ ഒരു ന്യൂനപക്ഷമായിരിക്കുന്ന പ്രദേശങ്ങളിൽ ഇതു സവിശേഷമായും ശരിയാണ്.[83] ഓരോ വൈദികനും "ഒരു പ്രേഷിതൻെറ ഹൃദയം"[84] ഉണ്ടായിരിക്കണം.

ഏഷ്യയിലെ പല പ്രാദേശികസഭകളും സ്വന്തം രാജ്യങ്ങളിൽത്തന്നെ അവർക്ക് മിഷണറിമാരെ ആവശ്യമുണ്ടെങ്കിലും, അന്യരാജ്യങ്ങളിലേക്കു മിഷണറിമാരെ അയയ്ക്കാൻ വേണ്ടി മിഷണറി ഇൻസ്റ്റിറ്റ്യൂട്ടുകൾ സ്ഥാപിച്ചു കഴിഞ്ഞു എന്നത് ഹൃദയസ്പർശകമാണ്. മിഷണറി ഇൻസ്റ്റിറ്റ്യൂട്ടുകളെ വളർത്തുവാനും മിഷൻപ്രദേശങ്ങൾക്കുവേണ്ടി ആളുകളെ അയയ്ക്കുന്നതിൽ ഉദാരത കാണിക്കാനും ഏഷ്യയിലെ മെത്രാന്മാർക്ക് സവിശേഷമായ ഉത്തരവാദിത്വമുണ്ട്.[85]

സന്ന്യാസസഭകളും കോൺഗ്രിഗേഷനുകളും മിഷണറി ഇൻസ്റ്റിറ്റ്യൂട്ടുകളും ആരംഭകാലം മുതൽ ഏഷ്യയുടെ സുവിശേഷവത്കരണത്തിൽ ശ്രദ്ധേയമായ ഒരു ധർമ്മം നിർവഹിച്ചിട്ടുണ്ട്. പോൾ ആറാമൻ മാർപാപ്പ പ്ര സ്താവിക്കുന്നതുപോലെ, സമർപ്പിതജീവിതം സുവിശേഷവത്കരണത്തിൻെറ വളരെ സവിശേഷാനുകൂല്യമുള്ള ഒരു മാർഗമാണ്.[86] സന്ന്യാസ വ്രത വാഗ്ദാനങ്ങൾകൊണ്ട് സമർപ്പിതരായ വ്യക്തികൾക്ക് തങ്ങളെത്തന്നെ പൂർണമായും സുവിശേഷവേലയ്ക്കു പ്രതിഷ്ഠിക്കാൻ കഴിയും. അവർ നടത്തിയ സുവിശേഷോപദേശങ്ങളുടെ മൗലികതിരഞ്ഞെടുപ്പ്, അവരുടെ സമഗ്രലഭ്യത, പ്രേഷിതവേലയിലുള്ള മാർഗങ്ങളിൽ അപൂർവതയ്ക്കുള്ള അവരുടെ കഴിവ് - മിഷനുകളുടെ ചരിത്രം കാണിക്കുന്നതുപോലെ - അവരുടെ ഔദാര്യത്തിൻെറ ചൈതന്യം, അവരുടെ ചലനക്ഷമതയിലുള്ള എളുപ്പം എന്നിവമൂലം അവർക്ക് അപ്രകാരം ചെയ്യാൻ കഴിയും.[87]

സന്ന്യാസപരമായ കോൺഗ്രിഗേഷനുകളിലേക്കും മിഷണറി ഇൻ

സ്റ്റിറ്റ്യൂട്ടുകളിലേക്കും, താരതമ്യേന ധാരാളം വിളികൾകൊണ്ട് - സവിശേഷമായി സന്ന്യാസസഹോദരന്മാരും സഹോദരിമാരുമാകാനുള്ള വിളികൾകൊണ്ട് - ഏഷ്യ അനുഗൃഹീതമായിരുന്നു - ഇന്നും അങ്ങനെയാണ്. അവരിൽ ഇനിയും പൂർണമായി വിനിയോഗിച്ചിട്ടില്ലാത്തതും മിഷൻപ്രവർത്തനത്തിനുള്ളതുമായ അളവറ്റ സുവിശേഷവത്കരണശേഷിയുണ്ട്. പ്രേഷിതപ്രവർത്തനത്തെ ഉൾപ്പെടുത്തുന്നതിനുവേണ്ടി പരമ്പരാഗത ശ്ലൈഹിക പ്രവൃത്തികൾ വിപുലീകരിക്കുന്നതിനെപ്പറ്റി പരിഗണിക്കാൻ സജീവപ്രവർത്തനത്തിൻെറ സന്ന്യാസ ഇൻസ്റ്റിറ്റ്യൂട്ടുകളോട് രണ്ടാം വത്തിക്കാൻ സുനഹദോസും സഭയുടെ പ്രബോധനാധികാരവും ആവശ്യപ്പെടുന്നു. "അത്തരം ഇൻസ്റ്റിറ്റ്യൂട്ടുകൾ കർശനമായ പ്രേഷിതത്വലക്ഷ്യത്തെ പിന്തുടരുന്നുണ്ടെങ്കിലും ഇല്ലെങ്കിലും, ദൈവത്തിൻെറ രാജ്യം വിസ്തൃതമാക്കുന്നതിന് വേണ്ടി തങ്ങളുടെ പ്രവർത്തനം വിപുലീകരിക്കാൻ തങ്ങൾ എത്രമാത്രം ഇഷ്ടപ്പെടുകയും കഴിവുള്ളവരായിരിക്കുകയും ചെയ്യുന്നു എന്നു തങ്ങളോടുതന്നെ ചോദിക്കണം".[88]

വിജാതീയരുടെയിടയിലുള്ള (adgentes) പ്രേഷിതപ്രവർത്തനം ഏഷ്യയിലെ അൽമായരെ സംബന്ധിച്ചിടത്തോളം സവിശേഷപ്രാധാന്യമർഹിക്കുന്നതാണ്. കാരണം, സുവിശേഷവത്കരണത്തിൻെറ മണ്ഡലം ഏറെ വിപുലമാണ്; സാംസ്കാരികവും സാമൂഹികവുമായ അനേകം പ്രശ്നങ്ങളുമുണ്ട്. ഇനിയും യേശുക്രിസ്തുവിനെ അറിയാത്ത കോടിക്കണക്കിനു ജനങ്ങളിലേക്കു സുവിശേഷം കൊണ്ടുചെല്ലുക എന്നതു അവരുടെ കർത്തവ്യമാണ്.[89] യഥാർഥ മിഷണറിയായിരിക്കുക എന്ന ഈ കടമയും വിശേഷാവകാശവും പ്രവൃത്തിപഥത്തിലെത്തിക്കുന്നതിന്, ഏഷ്യയിലെ പ്രാദേശികസഭകളിലുള്ള സമകാലീനമനോഭാവങ്ങളെയും പ്രവർത്തനരീതികളെയും, പ്രത്യേകിച്ച്, അൽമായരുടെ പരിശീലനത്തിനുവേണ്ടിയുള്ള സംവിധാനങ്ങളെയും പരിപാടികളെയും, നിരീക്ഷിക്കുക ആവശ്യമാണ്.

പ്രേഷിതവേലക്കായുള്ള ഉപദേശിമാരെ (Catechists) നിയമിക്കുക എന്ന രീതി ഏഷ്യയിൽ പതിനാറാം നൂറ്റാണ്ടിൽ തുടങ്ങിയതാണ്. അന്നുമുതൽ, പ്രഥമസുവിശേഷവത്കരണം, സ്നാനാർഥികളുടെ പരിശീലനം, വിവിധകൂദാശകൾക്കായി ജനങ്ങളെ സജ്ജീകരിക്കൽ എന്നിവയിൽ അളവറ്റ സംഭാവന അവർ നല്കിയിട്ടുണ്ട്. അവരുടെ സംഭാവനയില്ലായിരുന്നുവെങ്കിൽ ഏഷ്യയിലെ സഭ ഇന്നത്തെ നിലയിലാകുമായിരുന്നില്ല. ഈ സ്ഥാപനത്തിന് സവിശേഷമായി പരിശീലന സംവിധാനങ്ങളുടെയും പര്യാപ്തമായ സാമ്പത്തികസുരക്ഷിതത്വത്തിൻെറയും മണ്ഡലങ്ങളിൽ, പരിഗണന നൽകണം.[90]

ഏഷ്യയുടെ സാഹചര്യത്തിൽ, സഭയുടെ സുവിശേഷവത്കരണ ദൗ

ത്യത്തിൽ ക്രൈസ്തവകുടുംബങ്ങൾക്ക് സവിശേഷമായ ഒരു ധർമം നിർവ ഹിക്കാനുണ്ട്. സ്ത്രീകൾ യുവജനങ്ങൾ എന്നിവർക്കും സവിശേഷമായ ഒരു ധർമം നിർവഹിക്കാനുണ്ട്. കാരണം, മിക്കപ്പോഴും ഔദ്യോഗിക പ്രേഷിതർ ക്ക് സമീപിക്കാനാവാത്ത സാമൂഹികഗ്രൂപ്പുകളിൽ അവർക്കു പ്രവേശനം ലഭിക്കുന്നു.

പരിശുദ്ധാത്മാവ് സഭയിൽ, ക്രൈസ്തവജീവിതത്തിൻെറയും പ്രേഷി തത്വത്തിൻെറയും പുതിയ പ്രസ്ഥാനങ്ങൾക്കു പ്രചോദനം നൽകിക്കൊണ്ട് എപ്പോഴും പ്രവർത്തനനിരതനായിരിക്കുന്നു. ഇവയിൽ ചിലതാണ്, അടി സ്ഥാന ക്രൈസ്തവ സമൂഹങ്ങൾ (Basic Christian Communities) ഫൊ ക്കോളാരിനി (Focolarini) അതിൻെറ, കരിസ്മാറ്റിക് പ്രസ്ഥാനം മുതലായവ. അവരുടെ പ്രേഷിതവൃത്തിപരമായ ശേഷി ഇനിയും പൂർണമായി ഉപയോഗി ക്കേണ്ടതുണ്ട്. *വിജാതീയരുടെയിടയിലുള്ള* പ്രേഷിതപ്രവർത്തനത്തിൽ ഉൾപ്പെടാൻ കഴിയുന്ന ഇത്തരം പല സഭാത്മക പ്രസ്ഥാനങ്ങളും ഇന്ന് ഏഷ്യ യിലുണ്ട്. പുതിയ സഭകളുടെ സ്ഥാപനപ്രക്രിയയിൽ അവ സത്താപരവും അനിഷേധ്യവുമായ ഘടകമാണെന്നു ജോൺപോൾ രണ്ടാമൻ മാർപാപ്പ പറയുന്നു.[91] ഓരോരുത്തൻെറയും അജപാലകപരവും പ്രേഷിതവൃത്തിപരവു മായ ശ്രദ്ധയ്ക്ക് അവരെ മാർപാപ്പ ശുപാർശ ചെയ്യുന്നു: "അതുകൊണ്ട് അവ യെ പ്രചരിപ്പിക്കണമെന്നും, സവിശേഷമായി യുവജനങ്ങളിൽ, ക്രൈസ്തവജീ വിതത്തിനും സുവിശേഷവത്കരണത്തിനും പുതിയ ഊർജം നൽകുന്നതി നുവേണ്ടി ഉപയോഗിക്കണമെന്നും ഞാൻ ശുപാർശ ചെയ്യുന്നു. ക്രിസ്ത്യാ നികൾക്കു മറ്റുള്ളവരോടു ബന്ധപ്പെടാനും തങ്ങളെത്തന്നെ പ്രകടിപ്പിക്കാ നും കഴിയുന്ന മാർഗങ്ങളെപ്പറ്റിയുള്ള ബഹുത്വാധിഷ്ഠിത വീക്ഷണത്തിൽ അപ്രകാരംചെയ്യണമെന്ന് ഞാൻ ശുപാർശ ചെയ്യുന്നു"[92] പ്രേഷിതവൃത്തി യുടെ ഒരു കർത്താവ് അഥവാ പ്രവർത്തകൻ താൻ എന്ന് ഓരോരുത്തനും - മെത്രാന്മാർ, ഇടവകവൈദികർ, സന്ന്യാസസഹോദരന്മാരും സഹോദരിമാ രും, ദൈവജനത്തിൻെറ ഓരോ വിഭാഗവും - മനസ്സിലാക്കുന്ന ഒരു പ്രേഷി തത്വനവീകരണം ഏഷ്യയിലെ സഭ കാത്തിരിക്കുന്നു.

## സുവിശേഷവത്കരണത്തിൻെറ പാതകൾ

33. സഭയുടെ സുവിശേഷവത്കരണ ദൗത്യം സുവിശേഷപ്രവർത്തകൻെറ *ജീവിതസാക്ഷ്യം* വഴി നൽകപ്പെടുന്ന വിശ്വാസ്യതയെ പൂർണമായും ആശ്ര യിച്ചിരിക്കുന്നു. ദൈവത്തിൻെറ സ്നേഹത്തിൻെറയും മാപ്പിൻെറയും ജീവി ക്കുന്ന സാക്ഷ്യമായി യേശുവന്നു: ആദിമ ക്രിസ്ത്യാനികൾ തങ്ങളുടെ ജീവി തസാക്ഷ്യം വഴിയും തങ്ങൾ പറയുന്ന വാക്കുവഴിയും സുവിശേഷം പ്രസംഗി

ച്ചു. കഴിഞ്ഞകാലങ്ങളിൽ ഏഷ്യയിലെ അനേകം മിഷണറിമാർ തങ്ങളുടെ ജനങ്ങളുടെയിടയിൽ ദൈവത്തിൻെറ സ്നേഹത്തിനും സഹാനുഭൂതിക്കും വീരോചിതമായസാക്ഷ്യം വഹിച്ചു. ഏഷ്യയിലെ പ്രാദേശികസഭകൾ സാക്ഷ്യംവഹിക്കുന്ന സഭകളാകാൻ വിളിക്കപ്പെട്ടിരിക്കുന്നു.

പ്രേഷിതദൗത്യത്തെപ്പറ്റി യേശു തൻെറ ശിഷ്യന്മാർക്കു നൽകിയ പ്രഥമകൽപന അവിടുത്തെസാക്ഷികളായിരിക്കുക എന്നതായിരുന്നു: "...ജറുസലെമിലും യുദയാമുഴുവനിലും സമരിയായിലും ഭൂമിയുടെ അതിർത്തികൾ വരെയും നിങ്ങൾ എനിക്കുസാക്ഷികളായിരിക്കും (അപ്പ 1:8). പര്യാപ്തമായ സാക്ഷ്യമില്ലാതെ പ്രേഷിതദൗത്യമില്ല. ഏഷ്യൻജനതയ്ക്ക് തർക്കശാസ്ത്രം കൊണ്ടോ സിദ്ധാന്തംകൊണ്ടോ അധികാരംകൊണ്ടോ മാനസികചലനമുണ്ടാവുകയില്ല. എന്നാൽ സാക്ഷ്യത്തിൻെറയും വിശുദ്ധിയുടെയും ശക്തികൊണ്ട് അതുണ്ടാകും.[93] പോൾ ആറാമൻ മാർപാപ്പ സാക്ഷ്യത്തെ, "സത്യത്തിൻെറ പരീക്ഷ, സുവിശേഷവത്കരണത്തിൻെറ ഉരകല്ല്"[94] എന്നിങ്ങനെ വിളിച്ചു.

ഏഷ്യയിലെ ക്രൈസ്തവപ്രേഷിതദൗത്യം വ്യക്തിപരവും സമൂഹപരവുമായ സാക്ഷ്യം ആവശ്യപ്പെടുന്നു. ക്രിസ്തുവിനെപ്പോലെ *ആയിരുന്നുകൊണ്ടും*, ക്രിസ്തു ചെയ്തതുപോലുള്ള *പ്രവൃത്തികൾ ചെയ്തുകൊണ്ടും* ഉള്ള സാക്ഷ്യമാണ് അത് ആവശ്യപ്പെടുന്നത്.[95] യേശു എന്നും വിശ്വസ്തസാക്ഷി (വെളി 1:5) എന്നും വിശ്വസ്തനും സത്യസന്ധനുമായ സാക്ഷി (വെളി 3:14) എന്നും വിളിക്കപ്പെടുന്നു. ഏഷ്യയിലെ സഭ തൻെറ പ്രേഷിതവൃത്തി ഫലപ്രദമാംവിധം നിർവഹിക്കുന്നതിന് യേശുക്രിസ്തുവിൻെറ വിശ്വസ്തയും സത്യസന്ധയുമായ സാക്ഷിയായിരിക്കാൻ പരിശ്രമിക്കുന്നു.

യേശുവിൻെറ ആദ്യശിഷ്യന്മാർ ആത്മാവിൻെറ ശക്തിയും *ദൈവത്തിൻെറ വചനവും* മാത്രം അണിഞ്ഞ് തങ്ങളുടെ പ്രേഷിതവൃത്തിക്കായി ഇറങ്ങിത്തിരിച്ചു. "അവർ എല്ലായിടത്തുംപോയി പ്രസംഗിച്ചു. കർത്താവ് അവരോടുകൂടെ പ്രവർത്തിക്കുകയും അടയാളങ്ങൾകൊണ്ട് വചനം സ്ഥിരീകരിക്കുകയും ചെയ്തിരുന്നു" (മർക്കോ 16:20). ആദ്യം പ്രസംഗിക്കപ്പെടുകയും പിന്നീട് "വിശുദ്ധലിഖിത"മായി എഴുതപ്പെടുകയും വീണ്ടും പ്രസംഗിക്കപ്പെടുകയും ചെയ്ത വചനത്തിന് എല്ലാക്കാലത്തും സുവിശേഷവത്കരണത്തിൽ പ്രഥമസ്ഥാനമുണ്ടായിരുന്നു. സുവിശേഷത്തെ സംബന്ധിച്ചിടത്തോളം വാക്കിനു അതിൻേറതായ ശക്തിയുണ്ട്. അത് "രക്ഷയ്ക്കുള്ള ദൈവത്തിൻെറ ശക്തിയാണ്..." (റോമ 1:16). പ്രേഷിതത്വപരമായ പ്രഘോഷണം ഉൾപ്പെടെ എല്ലാ പ്രസംഗവും ദൈവവചനത്താൽ പരിപോഷിപ്പിക്കപ്പെടണം.[96]

ദൈവവചനത്തോട് അത്യഗാധമായ സ്നേഹതത്തിൽ കഴിയുന്നവനാ

ണ്ടു പ്രേഷിതർ. അതിനെപ്പറ്റി ധ്യാനിക്കുകയും ദൈവവചനം കൊണ്ടു ജീവിക്കുന്ന ഒരുവൻെറ അവബോധത്തോടെ അതു പ്രഘോഷിക്കുകയും ചെയ്യുന്നവനാണവൻ. ഏഷ്യൻജനതകൾ തങ്ങളുടെ വിശുദ്ധലിഖിതങ്ങളെ സ്നേഹിക്കുന്നു. അവർക്ക് ബൈബിളിനോടു സവിശേഷതാത്പര്യമുണ്ട്. അതുകൊണ്ട്, ദൈവത്തിൻെറ വാക്കും ബൈബിളും സകലസുവിശേഷവത്കരണ പ്രവർത്തനങ്ങളുടെയും കേന്ദ്രമാണ്.

യേശുവിൻെറ രക്ഷാകരദൗത്യത്തിൻെറ ശക്തിയുടെയും കാര്യക്ഷമതയുടെയും നിഗൂഢസ്രോതസ്സ് പിതാവിനെപ്പറ്റിയുള്ള അനുദിന *ധ്യാനവും പ്രാർഥനയിൽ* അവിടുത്തോടുള്ള സംസർഗവുമായിരുന്നു. പ്രേഷിതവൃത്തി എന്നത് പ്രവർത്തിയിലുള്ള ധ്യാനമാണ്. മതസിദ്ധാന്തത്തെയും മതപരമായ പ്രവൃത്തികളെയുംകാൾ കൂടുതലായി ദൈവാനുഭവത്തെ വിലമതിക്കുന്ന ഒരു ഭൂഖണ്ഡത്തിൽ ഇത് സവിശേഷമാംവിധം സത്യമാണ്. അങ്ങനെ, പ്രേഷിതന് പ്രാർഥനയിലും ധ്യാനത്തിലും അഗാധമായ ദൈവാനുഭവമില്ലെങ്കിൽ, അദ്ദേഹത്തിനു ആധ്യാത്മിക സ്വാധീനവും ഫലപൂർണതയും ഒട്ടും ഉണ്ടായിരിക്കുകയില്ല.

ജോൺപോൾ രണ്ടാമൻ മാർപാപ്പ ഏഷ്യയിലെ മതങ്ങളെക്കുറിച്ചുള്ള തൻെറ അനുഭവത്തെപ്പറ്റി വിവരിക്കുമ്പോൾ ഇങ്ങനെപറയുന്നു: "അക്രൈസ്തവ ആധ്യാത്മികപാരമ്പര്യങ്ങളുടെ, പ്രത്യേകിച്ച് ഏഷ്യയിലുള്ളവരുടെ - പ്രതിനിധികളുമായി എനിക്കുണ്ടായ സമ്പർക്കം, പ്രേഷിത വേലയുടെ ഭാവി വലിയതോതിൽ ധ്യാനത്തെ ആശ്രയിച്ചിരിക്കുന്നുവെന്ന വീക്ഷണത്തിൽ എന്നെ ഉറപ്പിച്ചു."[97] പ്രാർഥനയുടെയും ധ്യാനത്തിൻെറയുമായ യഥാർഥ പ്രേഷിതപരമായ ആധ്യാത്മികത ഏഷ്യയിലെ സഭയ്ക്ക് ആവശ്യമുണ്ട്. ഒരു യഥാർഥ മതാത്മകവ്യക്തിക്ക് ഏഷ്യയിൽ പെട്ടെന്ന് ആദരവും നേടാം; അനുയായികളെയും നേടാം. "പ്രാർഥന, ഉപവാസം, സന്ന്യാസ പരിശീലനത്തിൻെറ വിവിധരൂപങ്ങൾ എന്നിവ ഏറെ ആദരിക്കപ്പെടുന്നു. പരിത്യാഗം, നിസംഗത്വം, വിനയം, ലാളിത്യം, നിശ്ശബ്ദത എന്നിവ മഹത്തായ മൂല്യങ്ങളായി പരിഗണിക്കപ്പെടുന്നു."[98]

പ്രേഷിതത്വത്തിൻെറ മാർഗമെന്നനിലയിൽ പ്രാർഥനയ്ക്കും ധ്യാനത്തിനും ഏഷ്യയിലുള്ള പ്രാധാന്യം, സമർപ്പിതജീവിതത്തെപ്പറ്റി സിനഡിനു ശേഷം പുറപ്പെടുവിച്ച ശ്ലൈഹികാഹ്വാനത്തിൽ വീണ്ടും ഊന്നിപ്പറഞ്ഞിട്ടുണ്ട്. "ക്രൈസ്തവ സന്ന്യാസ പരിശീലനത്തിൻെറയും മിസ്റ്റിസിസത്തിൻെറയും പാരമ്പര്യങ്ങളുടെ സജീവതത്വത്തിനു സാക്ഷ്യംവഹിക്കാൻ ഇതു സാധ്യതനൽകും; മതാന്തരസംവാദത്തിനു സംഭാവന നൽകുകയും ചെയ്യും."[99]

മനുഷ്യരാശിയ്ക്കു രക്ഷയുടെദാനം ദൈവം നൽകുന്നത് എപ്പോഴും ഒരു *സംവാദത്തിന്റെ* പ്രശ്നമാണ്. ദൈവം തന്റെ രക്ഷാകര സന്ദേശവും ജീവനും തന്റെ പുത്രനായ യേശുക്രിസ്തുവിലൂടെ വിനിമയം ചെയ്യുന്നതിനു മാനുഷികഭാഷയിൽ സംസാരിക്കുകയും പ്രതീകങ്ങൾ ഉപയോഗിക്കുകയും ചെയ്തു. യേശുവിന്റെ ദൗത്യം മുഴുവനും മനുഷ്യവംശവുമായുള്ള സ്ഥിരമായ ഒരു സംഭാഷണമായിരുന്നു. ദൈവത്തിനു മനുഷ്യവംശത്തോടുള്ള ദൗത്യം യേശുക്രിസ്തുവിൽ നിർവഹിച്ച രീതിയിൽ മാത്രമേ സഭയ്ക്കു തന്റെ ദൗത്യം നിർവഹിക്കാൻ കഴിയൂ.

അതുകൊണ്ട് സഭയുടെ പ്രേഷിതദൗത്യം മുഴുവനും സംവാദത്തിന്റേതാണ്. സുവിശേഷവത്കരണ വേലയുടെ ഒരു ഭാഗമാണ് സംവാദം. എന്തെന്നാൽ അത് പരസ്പരംഅറിയാനും സമ്പന്നരാകാനും യേശുക്രിസ്തുവിന്റെ രക്ഷാകരസന്ദേശം പകർന്നുകൊടുക്കാനുമുള്ള ഒരു മാർഗമാണ്.[100] യഥാർഥ സംവാദത്തിൽ നൽകലും സ്വീകരിക്കലുമുണ്ട്. സംവാദത്തിൽ സഭ ജനതകളുടെ മതാത്മകവും സാംസ്കാരികവുമായ സമ്പത്തുകൾ സ്വീകരിക്കുന്നു. പകരമായി യേശുക്രിസ്തുവിന്റെ രക്ഷാകരസമ്പത്തുകൾ നൽകുകയും ചെയ്യുന്നു.

സംവാദം സഭയുടെ ഓരോ സുവിശേഷവത്കരണ പ്രവർത്തനത്തിനും സത്താപരമായിട്ടുള്ളതും അതിന്റെ ഭാഗവുമാണ്. എന്നാലും അത് സുവിശേഷവത്കരണത്തിന്റെ മുഴുവൻ യഥാർഥ്യവും ഉൾക്കൊള്ളുന്നില്ല. അത് വിജാതിയരുടെയിടയിലുള്ള പ്രേഷിതവേലയ്ക്കു പകരമായി നിൽക്കുന്നുമില്ല. യേശുക്രിസ്തുവിനെ പ്രഘോഷിക്കുന്നതിനെ എതിർക്കുന്ന ഒന്നായി അത്രപോലും വീക്ഷിക്കാൻ പാടില്ല.[101]

ഏഷ്യയിലെ സാഹചര്യത്തിൽ ക്രൈസ്തവപ്രേഷിതത്വത്തിന്റെ ഭാവിയെസംബന്ധിച്ചിടത്തോളം സംവാദത്തിനു പ്രാഥമികപ്രാധാന്യമുണ്ട്. കാരണം, അതിനു സഹസ്രാബ്ദങ്ങളുടെ പഴക്കമുള്ള സംസ്കാരങ്ങളെയും മതങ്ങളെയും കൈകാര്യം ചെയ്യുവാനുണ്ട്. അതുകൊണ്ട് ഏഷ്യയിലുള്ള സഭ, ഹിന്ദുമതം, ബുദ്ധമതം, ഇസ്ലാംമതം, പരമ്പരാഗതമതം എന്നീ മഹാമതങ്ങളുമായി പൂർവാധികം അഗാധമായ സംവാദത്തിൽ ഏർപ്പെടണം. അതേസമയം, സർവമതങ്ങളുടെയും വിശിഷ്ടാംശങ്ങൾ ചേർത്ത് പ്രത്യേക മതതത്ത്വസംഹിതനിർമിക്കാനുള്ള ശ്രമത്തിലേക്കോ (syncretism) പലതത്ത്വങ്ങളിൽനിന്ന് ഉത്തമമായതു തിരഞ്ഞെടുക്കുന്നതിലേക്കോ (ecleticism) ക്രൈസ്തവവിശ്വാസത്തെ ആപേക്ഷികമാക്കുന്നതിലേക്കോ നിപതിക്കാതിരിക്കുകയും വേണം.[102]

സുവിശേഷവത്കരണത്തിൽ ദൗത്യത്തിൽ പരിഗണിക്കപ്പെടേണ്ട മറ്റൊരുപാത, സാംസ്കാരികാനുരൂപണത്തിൻെറതാണ്. "വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു" (യോഹ 1:14) എന്നു പ്രസ്താവിച്ചുകൊണ്ടാണ് വി.യോഹന്നാൻ തൻെറ സുവിശേഷം ആരംഭിക്കുന്നത്. മനുഷ്യാവതാരമാണ് ക്രൈസ്തവവിശ്വാസത്തിൻെറ സാംസ്കാരികാനുരൂപണത്തിൻെറയെല്ലാം പരമമായ അടിസ്ഥാനവും മാതൃകയും. സുവിശേഷവും അത് അർഥമാക്കുന്ന സകലതും ഓരോ സംസ്കാരത്തിലും എല്ലാ ജനതകളുടെയിടയിലും ശരീരമെടുത്ത് അവതരിക്കണം. സംസ്കാരങ്ങളെയും ജനതകളെ യും സുവിശേഷത്താൽ സുവിശേഷവത്കരിക്കാനാണത്. അങ്ങനെ, സാംസ്കാരികാനൂപണം എന്നതിന്, ഒരു സംസ്കാരത്തിൽ സുവിശേഷം ശരീരം സ്വീകരിച്ച് അവതരിക്കുകയും, സുവിശേഷം സംസ്കാരത്തെ, പാപകരവും മനുഷ്യരെ തരംതാഴ്ത്തുന്നതുമായ എല്ലാറ്റിൽനിന്നും വിശുദ്ധീകരിച്ച്, അതിലുള്ള നല്ലതും ഭാവാത്മകവുമായ എല്ലാറ്റിനെയും ഉദാത്തീകരിച്ചും സുവിശേഷവത്കരിക്കുകയും ചെയ്യുക എന്നാണർഥം.

ഇപ്രകാരം ദ്വിവിധമായിട്ടുള്ള ഒരു സാംസ്കാരികാനുരൂപണം ഏഷ്യയിൽ അടിയന്തിരമായി വേണ്ടതാണ്. സുവിശേഷം ഒരന്യവസ്തുവായി കാണപ്പെടാതിരിക്കുന്നതിനാണത്. സാംസ്കാരികാനുരൂപണം കേവലം പൊരുത്തപ്പെടുത്തലിനേക്കാൾ ഉന്നതമായ ഒന്നാണ്. അത് യഥാർഥമായ ഒരു മനുഷ്യാവതാരമാണ്. "..നിർവ്യാജമായ സാംസ്കാരികമൂല്യങ്ങളെ ക്രിസ്തുമതവുമായി ഉദ്ഗ്രഥിച്ചുകൊണ്ട് അവഗാഢ പരിവർത്തനത്തിനു വിധേയമാക്കുകയും വ്യത്യസ്ത മാനുഷിക സംസ്കാരങ്ങളിൽ ക്രിസ്തുമതത്തെ ഉൾപ്പെടുത്തുകയും ചെയ്യുക എന്നാണ് അതിൻെറ അർഥം"[103] അഗാധവും സർവ്വം സ്പർശിയും, ക്ലേശകരവും മന്ദഗതിയിലുള്ളതുമായ ഒരു പ്രക്രിയയാണിത്. അത് സംസ്കാരവും സുവിശേഷവും തമ്മിലുള്ള ഒരു യഥാർഥ യോഗജീവിതം (Symbiosis) ആണ്. ഏഷ്യയുടെ സംസ്കാരങ്ങളുടെയും ചരിത്ര ത്തിൻെറയും സാഹചര്യത്തിൽ, സാംസ്കാരികാനുരൂപണത്തിനുള്ള പ്രാധാന്യം എത്ര വിലമതിച്ചിലും അധികമാവുകയില്ല. കാരണം, സഭ "അവൾ ആയിരിക്കുന്നതിൻെറ സുഗ്രഹമായ ഒരടയാളവും, പ്രേഷിത പ്രവർത്തനത്തിൻെറ കൂടുതൽ കാര്യക്ഷമമായ ഒരു ഉപകരണവും".[104] ആയിരിക്കുക എന്നതു സത്താപരമായ കാര്യമാണ്.

യേശു തൻെറ ആധ്യാത്മിക ദൗത്യത്തെ തൻെറ വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും വ്യക്തവും സുഗ്രഹവുമാക്കി. സഭ, ഗുരുവിൻെറ മാതൃക പിന്തുടർന്നു കൊണ്ട്, തൻെറ സകല സുവിശേഷവത്കരണ പ്രവർത്തനങ്ങളിലും, മാനുഷിക വിമോചനത്തോടും വളർത്തലിനോടും പ്രതിജ്ഞാ

ബദ്ധമാണ്. കോടിക്കണക്കിനു ജനങ്ങൾ മനുഷ്യോചിതമല്ലാത്ത ദാരിദ്ര്യത്തിൽ കഴിയുന്ന ഏഷ്യയിൽ ഇത് സവിശേഷമായ ഒരു വിധത്തിൽ അപ്രകാരമായിരിക്കണം. വ്യാപകമായ തോതിലുള്ള ദാരിദ്ര്യം, ഏഷ്യയിലെ സുവിശേഷവത്കരണത്തിൻെറ സങ്കൽപത്തെ പുനർനിർവചിക്കുകയും പരിഷ്കരിക്കുകയും ചെയ്യേണ്ട ഏഷ്യൻ യാഥാർഥ്യങ്ങളിൽ ഒന്നാണ്.

തായ്പെയിയിൽ മുതൽ മനിലയിൽ നിന്നുവരെ പ്രസിദ്ധീകരിച്ച എഫ് ഏ ബി സി യുടെ എല്ലാ പ്രമാണരേഖകളിലും ഏഷ്യയിലെ സഭയുടെ സുവിശേഷവത്കരണ പ്രവർത്തനത്തിൽ മാനുഷിക വിമോചനത്തിനും വളർത്തലിനുമുള്ള പ്രാധാന്യം ഊന്നിപ്പറഞ്ഞിട്ടുണ്ട്. ഏഷ്യയിലെ സഭ പാപങ്ങളോടു പക്ഷംചേരാൻ വിളിക്കപ്പെട്ടിരിക്കുന്നു. ജീവിതത്തിൻെറ അതിർവരമ്പിൽ കഴിഞ്ഞുകൂടാൻ ശപിക്കുന്ന എല്ലാറ്റിനെയും - പട്ടിണി, സ്ഥിരരോഗങ്ങൾ, നിരക്ഷരത, ദാരിദ്ര്യം, അനീതി... സാമ്പത്തികവും സാംസ്കാരികവുമായ നവീന കൊളോണിയൽ വാഴ്ച... (എന്നിവയെ) കീഴടക്കുവാൻ സമരം ചെയ്യുന്ന"[105] പാവങ്ങളാണവർ. ദരിദ്രരായുള്ളവരുടെ ദൃഢൈക്യം, നീതിക്കുവേണ്ടിയുള്ള അവരുടെ സമരത്തിൽ ഉൾപ്പെടൽ, ദരിദ്രരുടെ ആവശ്യങ്ങളെ സംബന്ധിച്ച് സമൂഹ മന:സാക്ഷിയെ വീണ്ടും ഉണർത്തൽ, ജീവകാരുണ്യ പ്രവർത്തനങ്ങൾ എന്നിവയെല്ലാം, യേശുക്രിസ്തുവിൽ മനുഷ്യവംശത്തിനു നൽകുന്ന സമഗ്രരക്ഷ പ്രകാശിപ്പിക്കാനുള്ള മാർഗങ്ങളാണ്.[106]

### പ്രേഷിത പ്രവർത്തനത്തിനുവേണ്ടിയുള്ള പരിശീലനം

34. ഏഷ്യയിലെ സകല സെമിനാരികളിലും സന്ന്യാസ പരിശീലനകേന്ദ്രങ്ങളിലും, പ്രേഷിതവൃത്തിയെ സംബന്ധിച്ച ഒരു യഥാർഥ കത്തോലിക്കാ ദൈവശാസ്ത്രം വളർത്തണം. ഏഷ്യയിലെ മിഷണറി പ്രവർത്തനത്തിൻെറ ഭാവിക്കു ജീവസംബന്ധമായ ഒന്നാണ്. ഇരുപതുനൂറ്റാണ്ടുകാലത്തെ ക്രൈസ്തവ പാരമ്പര്യത്തിനു സഭയുടെ വ്യക്തമായ പ്രബോധനാധികാരത്തിനും ചേർന്ന ഒരു പ്രേഷിതത്വദൈവശാസ്ത്രമാണു ആവശ്യം. ക്രൈസ്തവ പ്രേഷിതതത്വത്തിൻെറ ക്രിസ്തുശാസ്ത്രപരവും സഭാശാസ്ത്രപരവുമായ അടിത്തറകൾ ദുർബലമാക്കപ്പെട്ടാൽ, ക്രൈസ്തവ പ്രേഷിതത്വത്തിനു കോട്ടം പറ്റും. പാശ്ചാത്യ രാജ്യങ്ങളിലെ മൗലികമായ മതബഹുത്വവാദം (pluralism) ഏഷ്യയിൽ ചിലപ്പോൾ പുതിയ ഭാഷയിൽ ആവർത്തിക്കപ്പെടുന്നുണ്ട്: ഇവയ്ക്കെല്ലാം സഭയുടെ ശ്രദ്ധേയമായ ഒരു വിഭാഗത്തെ സംബന്ധിച്ചിടത്തോളം ദുർബലപ്പെടുത്താനുള്ള ഒരു സ്വാധീനമുണ്ട്. പ്രേഷിതവൃത്തിയുടെ ലക്ഷ്യം പ്രേഷിതരുടെ ദൈവവിളി എന്നിവയെ സംബന്ധിച്ച് അങ്ങനെ സംഭ വിക്കും. പഠിച്ചുകൊണ്ടിരിക്കുന്ന സെമിനാരി വിദ്യാർത്ഥികളെയും അതു ബാധിക്കും."[107]

ഭാവാത്മകമായ ഒരു പ്രേഷിതത്വ ദൈവശാസ്ത്രത്തോടൊപ്പം, ഏഷ്യയിലെ സെമിനാരികളിലും പരിശീലനകേന്ദ്രങ്ങളിലും പ്രേഷിതത്വപരമായ ഒരു പരിശീലനം ആവശ്യമാണ്. പ്രേഷിതപ്രവർത്തനത്തെ ലക്ഷ്യംവയ്ക്കുന്ന ഒരു പരിശീലനം സിദ്ധാന്തപരം മാത്രമായിരിക്കുകയില്ല. അത് യഥാർഥ പ്രേഷിതപ്രവൃത്തി അഥവാ പ്രഘോഷണത്തിൻെറ നിർവഹണം, പ്രവർത്തനങ്ങളുടെ ചരിത്രംപഠിക്കൽ, കഴിഞ്ഞകാലങ്ങളിൽ പ്രേഷിതപ്രവൃത്തിപരമായ മാർഗങ്ങളുടെ പഠനം, ഏഷ്യൻ മതങ്ങളെയും അവയുടെ വിശുദ്ധഗ്രന്ഥങ്ങളെയും ആചാരാനുഷ്ഠാനങ്ങളെയും കുറിച്ചുള്ള അറിവുനേടൽ എന്നിവയും ഉൾക്കൊള്ളുന്നതായിരിക്കും.

ബാൻദുഗിൽ വച്ചുനടന്ന എഫ്.എ.ബി.സി. യുടെ അഞ്ചാമത്തെ പ്ലെളനറി അസംബ്ളിയിൽ വ്യക്തമായി ചൂണ്ടിക്കാണിക്കുന്നതുപോലെ പ്രേഷിത പരിശീലനം പ്രേഷിത ദൗത്യത്തെക്കുറിച്ചുള്ള ബോധനത്തിൻെറ ഒരു നവീകരണം ആവശ്യപ്പെടുന്നുണ്ട്.[108] ഏഷ്യൻ ഭൂഖണ്ഡത്തിൻെറ വൈപുല്യവും സങ്കീർണതയും സുവിശേഷവത്കരണം നിർവഹിക്കാനുള്ള പ്രയാസങ്ങൾ, മാർഗങ്ങളുടെ കുറവ് എന്നിവ സുവിശേഷവത്കരണത്തെ സംബന്ധിച്ച് ഗൗരവാവഹമായ ഒരു പ്രശ്നം സൃഷ്ടിക്കുന്നു. എന്നാൽ അവ യേശുക്രിസ്തുവിൻെറ ശിഷ്യന്മാർക്ക് വെല്ലുവിളികളും അവസരങ്ങളും കൂടിയാണ്, പ്രേഷിതദൗത്യത്തെപ്പറ്റിയുള്ള നവീകൃതബോധത്തിലേക്കുള്ള ഒരു വിളിയുമാണ്.

ആത്യന്തികമായി, പ്രേഷിതദൗത്യം പ്രേഷിതൻ തന്നെയാണ്. പ്രേഷിതവൃത്തിക്കുവേണ്ടിയുള്ള എല്ലാ പരിശീലനത്തിലും, സുവിശേഷ പ്രഘോഷകനാണ് പ്രേഷിതവൃത്തിയുടെ വിജയത്തിൻെറയോ പരാജയത്തിൻെറയോ രഹസ്യം. യേശു പൂർണമായും തൻെറ പ്രേഷിതദൗത്യത്തോടു താദാത്മ്യപ്പെട്ടു. അതുപോലെ, സുവിശേഷപ്രഘോഷകൻ അഥവാ പ്രേഷിത പ്രവർത്തകൻ, പ്രേഷിതത്വം എന്തെല്ലാമായിരിക്കുന്നുവോ അവയെല്ലാമായി താദാത്മ്യപ്പെടണം. പേഷിതൻ, യേശുക്രസ്തുവിനാൽ ക്ഷമിക്കപ്പെട്ടവനും നവീകൃതനുമായ ഒരു വ്യക്തിയുടെ ജീവിതസാക്ഷ്യമായിരിക്കുമ്പോൾ, പ്രേഷിതപ്രവർത്തനം വിശ്വാസ്യതനേടുന്നു.

## മറിയം: ഏഷ്യയിലെ സുവിശേഷവത്കരണത്തിൻെറ അമ്മയും മാതൃകയും

### സഭയുടെ അമ്മ

35. യേശുവിൻെറ ശ്ലീഹന്മാരുടെയും ശിഷ്യന്മാരുടെയുംമേൽ ആത്മാവി

നെ നിർഗ്ഗളിപ്പിച്ച പന്തക്കുസ്ത ദിവസം, സഭയുടെ ആരംഭത്തിൽ മറിയം സഹായിച്ചു എന്നതു ശ്രദ്ധേയമാണ്. പതിനൊന്നുപേർ ഊട്ടുശാലയുടെ മുകളിലത്തെ മുറിയിൽ സമ്മേളിച്ച് "ഇവർ ഏകമനസ്സോടെ യേശുവിൻെറ അമ്മയായ മറിയത്തോടും മറ്റു സ്ത്രീകളോടും അവൻെറ സഹോദരരോടുമൊപ്പം പ്രാർഥനയിൽ മുഴുകിയിരുന്നു" (അപ്പ 1:14) എന്ന് അപ്പസ്തോലന്മാരുടെ പ്രവൃത്തികൾ പറയുന്നു. ഈ രംഗം ശ്രദ്ധേയമാണ്. എന്തെന്നാൽ സഭ എന്നും കർത്താവിൻെറ അമ്മയായ മറിയത്തിൻെറ മാതൃസഹജമായ സാന്നിധ്യത്തോടും മാതൃകയോടും കൂടിയതായിരുന്നു.

ഏഷ്യയിലെ സഭ, മൂന്നാം സഹസ്രാബ്ദത്തിൻെറ തലേ സായാഹ്നത്തിൽ സമ്മേളിക്കുകയും പുതിയൊരു പന്തക്കുസ്തക്കായി കാത്തിരിക്കുകയും ചെയ്തുകൊണ്ട്, സഭയുടെ അമ്മയായ മറിയത്തിലേക്കു തിരിയുന്നു. ഇപ്രകാരം ചെയ്യുന്നതിനു രണ്ടു കാരണങ്ങളുണ്ട്: ഒന്നാമതായി മറിയം തൻെറ കന്യാജനനത്തിൻെറ രഹസ്യത്തിലൂടെ കർത്താവിൻെറ അമ്മയാണ്. രണ്ടാമതായി, കുരിശിൽ ചുവട്ടിലെ സഹനത്തിൻെറ ശക്തിയാൽ, സകല വിശ്വാസികളുടെയും രഹസ്യാത്മക മാതാവായിത്തീർന്നു.

യേശു തൻെറ മരണത്തിൻെറ മുഹൂർത്തത്തിൽ മറിയത്തെ, തൻെറ ശിഷ്യനായ യോഹന്നാന്, അദ്ദേഹത്തിൻെറ ശിഷ്യത്വത്തിൻെറയും ശ്ലൈഹികത്വത്തിൻെറയും തീർഥാടനത്തിൽ അദ്ദേഹത്തോടുകൂടെ സഞ്ചരിക്കാൻ വേണ്ടി, നൽകി. സുവിശേഷകനായ യോഹന്നൻ നമ്മോടു പറയുന്നു: "എന്നാൽ യേശുവിൻെറ കുരിശിനരികേ അവൻെറ അമ്മയും ....നിൽക്കുന്നുണ്ടായിരുന്നു. യേശു തൻെറ അമ്മയും താൻ സ്നേഹിക്കുന്ന ശിഷ്യനും അടുത്തുനിൽക്കുന്നതു കണ്ട് അമ്മയോടു പറഞ്ഞു. സ്ത്രീയേ ഇതാ നിൻെറ മകൻ. അനന്തരം അവൻ ആ ശിഷ്യനോടു പറഞ്ഞു, ഇതാ, നിൻെറ അമ്മ. അപ്പോൾ മുതൽ ആ ശിഷ്യൻ അവളെ സ്വന്തം ഭവനത്തിൽ സ്വീകരിച്ചു" (യോഹ 19: 25-27). അതുപോലെ കർത്താവിൻെറ ശിഷ്യന്മാർ, സഭ, മറിയത്തെ അമ്മയായി കാണുന്നു.

മറിയമാണ് ആദ്യമായി സുവിശേഷം, ദൈവത്തിൽനിന്നു ഗബ്രിയേൽ മാലാഖ കൊണ്ടുവന്ന, യേശുക്രിസ്തുവിലുള്ള രക്ഷയുടെ സദ്വാർത്ത, സ്വീകരിച്ചത്.[109] അവൾ കലവറയില്ലാതെ, തൻെറ വ്യവസ്ഥാതീതവും തിരിച്ചെടുക്കാനാവാത്തതുമായ 'ആമ്മേൻ' പറഞ്ഞു. അവളുടെ മാതൃകയനുസരിച്ച്, ക്രൈസ്തവർ, സുവിശേഷത്തെയും അതിൻെറ സകലമൂല്യങ്ങളെയും തങ്ങളുടെ വൈയക്തിക ജീവിതങ്ങളിൽ സ്വീകരിക്കുവാൻ പരിശ്രമിക്കുന്നു. രണ്ടാമതായി മറിയം എലിസബത്തും സഖറിയായുമായി സ്നേഹത്തിലും

സേവനത്തിലും സുവിശേഷം പങ്കുവച്ചു. അതുപോലെ സഭയുടെ അംഗങ്ങൾ സ്നേഹത്തിൻെറയും സേവനത്തിൻെറയും പ്രവൃത്തികളിലൂടെ മറ്റു ക്രിസ്ത്യാനികൾക്കും അക്രൈസ്തവ സഹോദരങ്ങൾക്കും ആന്തരികവും ബാഹ്യവുമായി സേവനം ചെയ്യുന്നവരാകാൻ ആഗ്രഹിക്കുന്നു.

## സുവിശേഷവത്കരണത്തിൻെറ മാതൃക

36. സഭയുടെ ആരംഭം മുതലേ മറിയം സഭയുടെ സുവിശേഷവത്കരണ പ്രക്രിയയുടെ ഒരു ഭാഗമായിരുന്നു. സഭാപിതാക്കന്മാർ മറിയത്തെ സഭയോടു ബന്ധപ്പെടുത്തിയും സഭയെ മറിയത്തോടു ബന്ധപ്പെടുത്തിയും എങ്ങനെ സംസാരിച്ചുവെന്ന് മനസ്സിലാക്കാൻ അവരുടെ കൃതികൾ വായിച്ചാൽ മതി. ഓരോ ഭൂഖണ്ഡത്തിലെയും രാജ്യത്തിലെയും സുവിശേഷവത്കരണത്തിൻെറ മുഴുവൻ ചരിത്രത്തോടുമൊപ്പം മറിയമെന്ന വ്യക്തിയുണ്ട്. വി. തോമ്മാശ്ലീഹ തൻെറ പ്രേഷിതയാത്രയിൽ, വി. ലൂക്കാ വരച്ച മറിയത്തിൻെറ ചിത്രം കൊണ്ടുവന്നുവെന്നു പറയപ്പെടുന്നു! ഈ കഥ എല്ലാ സുവിശേഷ പ്രവർത്തകർക്കുള്ള ഒരു സന്ദേശം ഉൾക്കൊള്ളുന്നുണ്ട്. മറിയം ആദിമസഭയുടെ പ്രേഷിതപരമായ പ്രഘോഷണത്തിൻെറ ഭാഗമായിരുന്നു എന്നതിൻെറ തെളിവാണ് ആ കഥയുടെ അസ്തിത്വം തന്നെ. അക്കാലം മുതൽ, എല്ലായിടത്തും മിഷണറിമാർ മറിയത്തിൻെറ ചിത്രം ധരിച്ചു. മരത്തിലോ ക്യാൻവാസിലോ വരച്ച ചിത്രമല്ലായിരുന്നു അത്. പിന്നെയോ തങ്ങളുടെ രാജ്യത്ത് പ്രബലപ്പെട്ടിരുന്ന മരിയശാസ്ത്രത്തെ ആശ്രയിച്ച് ഹൃദയത്തിൽ വരച്ച ചിത്രമായിരുന്നു അത്. ആ മിഷണറിമാർ മറിയത്തെ ക്രിസ്തുവിൻെറ അമ്മ എന്ന നിലയിൽ മാനസാന്തരപ്പെട്ട ക്രൈസ്തവരായവരുടെ മുമ്പിൽ അവതരിപ്പിച്ചു. എല്ലാ വിശ്വാസികൾക്കും അനുകരിക്കാനും വണങ്ങാനുമുള്ള ഒരു മാതൃകയായിട്ടും അവർ മറിയത്തെ അവതരിപ്പിച്ചു.

മറിയത്തിനു പ്രതിഷ്ഠിച്ചിട്ടുള്ള ലഘു പ്രാർത്ഥനാലയങ്ങൾ ഏഷ്യയിലെങ്ങും മധ്യേഷ്യമുതൽ പൂർവേഷ്യവരെ, ഇൻഡ്യമുതൽ ഫിലിപ്പൈൻസും കൊറിയയുംവരെ- ധാരാളമായിട്ടുണ്ട്. അവൾക്കു പ്രതിഷ്ഠിക്കപ്പെട്ട വിശുദ്ധാലയങ്ങൾ ഏഷ്യയിലെങ്ങും ദശലക്ഷക്കണത്തിനു അക്രൈസ്തവർ വർഷംതോറും സന്ദർശിക്കുന്നു. അതുകൊണ്ട് മറിയം ജനങ്ങളെ യേശുവിലേക്കു കൊണ്ടു വരുന്നുവെന്നു പറയാം. എന്തെന്നാൽ അവളുടെ പ്രതിരൂപം അവളുടെ കയ്യിൽ വഹിച്ച ദൈവികശിശുവിൽനിന്നു വേർതിരിക്കാനാവാത്തതാണ്.

മറിയത്തിൻെറ പ്രതിരൂപത്തിനു സുവിശേഷവത്കരണസംബന്ധവും മാനുഷികതാവത്കരണപരവുമായ ഒരു മൂല്യമുണ്ട്. ഏഷ്യൻ സംസ്കാരങ്ങളിൽ അമ്മ വലിയ ബഹുമാനത്തിൻെറ വിഷയമാണ്. ഭാരതമാതാവും,

ദൈവമാതാവ്, ഭൂമി മാതാവ് എന്നിങ്ങനെയുള്ള ശൈലികൾ ഏഷ്യയിൽ കൂടെക്കൂടെ കേൾക്കാം. അതുകൊണ്ട് ദൈവമാതാവ്, കർത്താവിൻെറ അമ്മ എന്നിങ്ങനെയുള്ള ശൈലികൾ ഏഷ്യാക്കാർക്ക് അപരിചിത പേരുകളല്ല. അവ അവരുടെ ഹൃദയങ്ങളിൽ സ്ഥിരപരിചിതമായ മതാത്മക സ്വരസംഘാതമായി മുഴങ്ങുന്നു.

കൂടാതെ, മറിയത്തിൻെറ പ്രതിരൂപം ഏഷ്യയിൽ സ്ത്രീ വിമോചനത്തിൻെറ സുശക്തമായ പ്രതീകമായിത്തീരാം. മറിയം ക്രൈസ്തവ പാരമ്പര്യത്തിൽ ഏറ്റവും ഉന്നതവും ഏറ്റവും പ്രകീർത്തിതവുമായ ഒരു സ്ഥാനമലങ്കരിക്കുന്നു. രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നതുപോലെ, സഭ എന്തായിരിക്കുവാൻ വിളിക്കപ്പെട്ടുവോ അതിൻെറ മാതൃകയാണ്, അങ്ങനെ ആയിരിക്കുകയും ചെയ്യും: "വിശ്വാസത്തിൻെറയും സ്നേഹത്തിൻെറയും ക്രിസ്തുവുമായുള്ള സമ്പൂർണമായ ഐക്യത്തിൻെറയും ഒരു മാതൃക (type) ആണ് ദൈവമാതാവ്"[110] മറിയം രക്ഷാചരിത്രത്തിലേക്ക് മറ്റാരും പ്രവേശിക്കാത്തവിധത്തിൽ പ്രവേശിച്ചുവെന്ന് ആ കൗൺസിൽ പ്രസ്താവിക്കുന്നു.[111]

അവൾ എവിടെയെല്ലാം, എപ്പോഴെല്ലാം പ്രഘോഷണത്തിൻെറയും വണക്കത്തിൻെറയും വിഷയമായിരിക്കുന്നുവോ അവിടെയല്ലൊം, അപ്പോഴെല്ലാം അവൾ ജനതകളെ തൻെറ പുത്രനിലേക്കു നയിക്കുന്നു. അവൾ യേശുവിൻെറ തികഞ്ഞ ശിഷ്യത്വത്തിലേക്ക് സ്ഥിരം തീർഥാടനം നടത്തി. അതുപോലെ തന്നെ ചെയ്യുവാൻ അവൾ എല്ലാവരെയും ക്ഷണിക്കുന്നു.[112] ഇതുകൊണ്ടാണ് ഏഷ്യയിലെ സഭ തൻെറ സുവിശേഷവത്കരണ പരിശ്രമങ്ങളിൽ അവളുടെ നേരേ ദൃഷ്ടികളും ഉയർത്തുന്നത്. യേശുക്രിസ്തുവിലുള്ള വിശ്വാസത്തിൻെറ അതേ തീർഥാടനം മറിയത്തെപ്പോലെ നടത്തുവാൻ ഏഷ്യയിലെ സഭ പരിശ്രമിക്കുന്നു. പ്രത്യാശയുടെ ഒരു തീർഥാടനമാണത്. വിതയ്ക്കപ്പെട്ട വചനത്തിൻെറ വിത്തുകളിൽനിന്നുള്ള വിളവ് ദൈവം ഉദ്ദേശിക്കുന്ന തക്ക സമയത്തു കൊയ്യുവാൻ കാത്തിരുന്നുകൊണ്ടുള്ള ഒരു തീർഥാടനമാണത്. വിനീതമായ സേവനത്തിലും എല്ലാവരോടുമുള്ള ആദരവിലും നടത്തുന്ന സ്നേഹത്തിൻെറ തീർഥാടനമാണത്.

### മറിയവും പ്രേഷിതരും

37. സഭയിൽ അനേകം പ്രേഷിതസംഘങ്ങൾ സ്ഥാപിക്കാനുള്ള പ്രചോദനം മറിയം എന്നും നൽകിയിട്ടുണ്ട്. ദശലക്ഷക്കണക്കിനു സന്ന്യാസിനീസന്ന്യാസികളുടെയും സന്ന്യാസ വൈദികരുടെയും കാര്യത്തിൽ ഇതു പ്രത്യേകിച്ചും ശരിയാണ്. സ്നേഹിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യുന്ന മറിയം, നൂറുകണക്കിനു പ്രാദേശിക സംഘങ്ങളുടെ സ്ഥാപനത്തിനും പ്രചോ

ദനം നൽകുകയും അവയെ നിലനിറുത്തുകയും ചെയ്യുന്നു. രണ്ടാം വത്തിക്കാൻ കൗൺസിൽ ശരിയായിത്തന്നെ പറയുന്നു: "ഓരോ വ്യക്തിയുടെയും പുനർജനനത്തിനു വേണ്ടിയുള്ള സഭയുടെ ശ്ലൈഹിക പ്രേഷിതവൃത്തിയിൽ സഹകരിക്കുന്നവർ മാതൃസഹജമായ സ്നേഹത്തിൻെറ ഏതു മാതൃകയിൽ സമുചിതമാംവിധം പ്രചോദിപ്പിക്കപ്പെടേണ്ടിയിരിക്കുന്നുവോ ആ മാതൃക കന്യകാമറിയം സ്വജീവിതത്തിൽ ജീവിച്ചു കാണിച്ചു."[113] ഇത് കത്തോലിക്കർ നടത്തുന്ന സുവിശേഷവത്കരണത്തിൻെറ സവിശേഷ സ്വഭാവമായിട്ടുള്ള ഒന്നാണിത്.

അതുകൊണ്ട്, ഏഷ്യയലെ സഭ, രണ്ടാംവത്തിക്കാൻകൗൺസിൽ പറയുന്നതുപോലെ, തൻെറ ദൗത്യനിർവഹണത്തിന് അവളുടെ മധ്യസ്ഥതയ്ക്കും മാതൃകയ്ക്കും മാർഗ്ഗനിർദ്ദേശത്തിനും ശക്തിക്കുംവേണ്ടി മറിയത്തിലേക്കു നോക്കുന്നു: സഭ അതുകൊണ്ട്, തൻെറ ശ്ലൈഹിക പ്രവർത്തനത്തിൽ, പരിശുദ്ധാത്മാവിനാൽ ഗർഭസ്ഥനാവുകയും കന്യകയിൽ നിന്നു ജനിക്കുകയും ചെയ്തു ക്രിസ്തുവിനു ജന്മം നൽകിയ അവളിലേക്കു സയുക്തികം നോക്കുന്നു. സഭയിലൂടെ ക്രിസ്തുവിശ്വാസികളുടെ ഹൃദയങ്ങളിലും ജനിക്കുകയും വളരുകയും ചെയ്യുന്നതിനു വേണ്ടിയാണത്"[114]

അതുകൊണ്ട്, മൂന്നാം സഹസ്രാബ്ദത്തിൻെറ തലേനാൾ ഏഷ്യയിലെ സഭ പുതിയ പ്രചോദനത്തിനും മാർഗനിർദേശത്തിനും മധ്യസ്ഥതയ്ക്കും വേണ്ടി മറിയത്തിലേക്ക്, അവളുടെ പുത്രനെ ഏഷ്യയിലെ ജനതകളോടു പ്രഘോഷിക്കാനാകുക എന്ന വെല്ലുവിളി നിറഞ്ഞ തൻെറ ദൗത്യത്തിൽ, ദൃഷ്ടി ഉയർത്തുന്നു.[115] ഏഷ്യയിലെ സഭ, സുവിശേഷവത്കരണത്തിൻെറ മൂന്നാം സഹസ്രാബ്ദത്തിലേക്കുള്ള പട്ടയത്താൽ സുരക്ഷിതമാക്കപ്പെടാത്ത യാത്രയിൽ അവളുടെ സാന്നിധ്യത്താൽ ഏഷ്യയിലെ സഭ ശക്തയാക്കപ്പെടുന്നു. എന്നാൽ, കന്യകാമറിയം പണ്ടേ നടന്നുപോയ പാതയിലൂടെയാണു അവൾ മുന്നേറുന്നത്[116]

## ഉപസംഹാരം

38. മൂന്നാം സഹസ്രാബ്ദം സമീപിക്കുമ്പോൾ ക്രിസ്തുവിൻെറ സഭ, ഭാവിയിലേക്ക്, ഏഷ്യയിൽ തനിക്കുവേണ്ടി അത് എന്താണു ശേഖരിച്ചിരിക്കുന്നതെന്നറിയാനും ആ ഭാവി ഏഷ്യയിലെ സകലജനങ്ങൾക്കും, ക്രിസ്ത്യാനികൾക്കും മറ്റു മതസ്ഥർക്കും, എന്താണു ശേഖരിച്ചിരിക്കുന്നതെന്നറിയാൻ, പ്രതീക്ഷാപൂർവം നോക്കുന്നു. വിശ്വാസത്തിൻെറ ദാനത്തിനുവേണ്ടി യേശുക്രിസ്തുവിനെപ്പറ്റിയുള്ള രക്ഷാകരമായ അറിവിനുവേണ്ടി, പരിശുദ്ധാത്മാവിൻെറ നിർഗളിപ്പിക്കലിനു വേണ്ടി, വി. തോമാശ്ലീഹാ മുതൽ ഏഷ്യൻ ഭൂ

ഖണ്ഡത്തിലേക്ക് സുവശേഷം കൊണ്ടുവന്ന സകല മിഷണറിമാർക്കും വേണ്ടി, കർത്താവിന് അവൾ സന്തോഷപൂർവ്വം കൃതജ്ഞത പ്രകാശിപ്പിക്കുന്നു. വി. ഫ്രാൻസിസ് സേവ്യർ, ഡി ബ്രിട്ടോ, ആൻഡ്രൂ കീം, പോൾ മികിയും അദ്ദേഹത്തിൻെറ സുഹൃത്തുക്കളും, തെയോഫാനെ വെനാർഡും തായിയിലെ രക്തസാക്ഷികളും വാഴ്ത്തപ്പെട്ട ജോസഫ് വാസ്, വാഴ്ത്തപ്പെട്ട അൽഫോൻസ, വാഴ്ത്തപ്പെട്ട ചാവറകുര്യാക്കോസ് എന്നിങ്ങനെ ഏഷ്യൻ ഭൂഖണ്ഡത്തിലുള്ള ആയിരക്കണക്കിനുള്ള മഹാപ്രേഷിതരുടെയും രക്തസാക്ഷികളുടെയും അനുസ്മരണകൊണ്ടാടാൻ അവൾ ആഗ്രഹിക്കുന്നു.

പരിശുദ്ധ ത്രിത്വവുമായുള്ള തൻെറ സംസർഗത്തിൻെറ ഫലമായി തൻേറതായിരിക്കുന്ന ദൈവിക ജീവൻെറ പൂർണതയ്ക്കു ഓരോ വാക്കും കർമവുംവഴി സാക്ഷ്യംവഹിക്കുന്ന ഒരു സമൂഹമായിരിക്കാൻ സഭ ആഗ്രഹിക്കുന്നു. ആദിമസഭയിൽ എന്നപോലെ ക്രിസ്തുവിനെ പ്രഘോഷിക്കാൻ, ക്രൂശിതനും ഉത്ഥിതനുമായവനെ പ്രഘോഷിക്കാൻ, അവൾ ആഗ്രഹിക്കുന്നു. മാനസാന്തരത്തിൽ ആത്മാവിൻെറ പ്രചോദനങ്ങൾക്കായി ഹൃദയം തുറക്കുന്നവർക്ക് അവിടുത്തെ ജീവൻെറ സമ്പന്നത പകർന്നു കൊടുക്കപ്പെടുവാൻ വേണ്ടിയാണത്. ഏഷ്യയിലെ മെത്രാന്മാരുടെ സനഡിൻെറ സവിശേഷ സമ്മേളനത്തിനുള്ള ഈ തയ്യറെടുപ്പ്, സഭയുടെ സുവിശേഷവത്കരണ ദൗത്യത്തിൽ ഒന്നുചേരാനുള്ള ഒരു സന്ദർഭമായി കരുതാൻ സഭ ഏഷ്യയിലുള്ള തൻെറ സകല അംഗങ്ങളെയും പ്രോത്സാഹിപ്പിക്കുന്നു. ആധ്യാത്മിക നവീകരണത്തിൻെറയും പുനർജനനത്തിൻെറയും ഒരു അനുദിനജീവിതം, ഓരോ വ്യക്തിയും തൻെറ ജീവിതാവസ്ഥക്കു ചേർന്നവിധത്തിൽ പൂർവാധികം തീവ്രതയോടെ നയിച്ചുകൊണ്ട് അപ്രകാരം ചെയ്യണം. ക്രിസ്തുവിൻെറ ജീവിതം മഹത്തായ ഒരു സാമൂഹിക സാക്ഷ്യത്തിൽ പ്രകാശിക്കുന്നതിനാണത്. നവീകരണത്തിൻെറ പ്രക്രിയയിൽ അനുതാപം ഒരു സുപ്രധാന ഘടകമാണെന്ന് സഭ മനസ്സിലാക്കുന്നു. (cf. ലൂക്കാ 24:47) ഹൃദയങ്ങൾ പരിശോധിക്കാനും യേശു ക്രിസ്തുവിൻെറ മുഖം കാണാൻ ഏഷ്യൻ ജനതയ്ക്ക് പ്രയാസമുണ്ടായിരിക്കാവുന്ന മുൻകാല തെറ്റുകളെയും വിഭജനങ്ങളെയും സംബന്ധിച്ച് അനുതപിക്കാനും ഇതിനെ സംബന്ധിച്ചിടത്തോളം തൻെറ സകല അംഗങ്ങളെയും സഭ ക്ഷണിക്കുന്നു.

യേശു വാഗ്ദാനംചെയ്ത പരിശുദ്ധാത്മാവിൻെറ പുതിയൊരു നിർഗളിപ്പിക്കൽ വഴി പാപപ്പൊറുതി സ്വീകരിച്ച ശിഷ്യന്മാരുടെ സമൂഹമെന്ന നിലയിൽ ഏഷ്യയിലെ എല്ലാഭാഗത്തും എല്ലാ ജീവിതപഥങ്ങളിലും തൻെറ നാഥനു സാക്ഷ്യം വഹിക്കാൻ സഭ ആഗ്രഹിക്കുന്നു: " എന്നാൽ പരിശുദ്ധാത്മാവു നിങ്ങളുടെമേൽ വന്നുകഴിയുമ്പോൾ നിങ്ങൾ ശക്തി പ്രാപിക്കും. ജറുസ

ലെമിലും യുദയാ മുഴുവനിലും സമരിയായിലും ഭൂമിയുടെ അതിർത്തികൾവരെയും നിങ്ങൾ എനിക്കു സാക്ഷികളായിരിക്കുകയും ചെയ്യും" (അപ്പ 1:8). യേശുമിശിഹായുടെ പരിശുദ്ധാത്മാവിൻെറ ദാനംമൂലം, യേശുമിശിഹായെ ഏഷ്യയിലെ സകലജനങ്ങളോടും തങ്ങളുടെ സ്ഥാനമോ ജീവിതാവസ്ഥയോ പരിഗണിക്കാതെ പ്രഘോഷിക്കുവാൻ തയ്യാറുള്ള പ്രേഷിത സമൂഹമാകാതിരിക്കാൻ സഭയ്ക്കു സാധ്യമല്ല.

യേശുവിനെക്കുറിച്ചുള്ള ഈ പ്രഘോഷണം എപ്പോഴും സംവാദത്തിൻേറതാണ്. ഏഷ്യൻ ജനതകളുടെ മതങ്ങളും സംസ്കാരങ്ങളുമായി വിനിമയത്തിൽ ഏർപ്പെടാൻ അതിൻെറ വലിയൊരു ഭാഗം ആവശ്യപ്പെടും. സഭ ഇങ്ങനെ ചെയ്യുന്നത് "നാട്ടിൽ അന്യയായിരുന്നുകൊണ്ട"ല്ല. പിന്നെയോ, ഏഷ്യൻ ഭൂഖണ്ഡത്തിൽ, തൻെറ ജീവിതത്തിൻെറയും അസ്തിത്വത്തിൻെറയും മൂന്നാം സഹസ്രാബ്ദം ആരംഭിക്കാൻ തുടങ്ങുന്നവളായിട്ടാണ്. ദൈവം തൻെറ പുത്രനായ യേശുക്രിസ്തുവിൽ വെളിപ്പെടുത്തിയത് പ്രഘോഷിക്കുവാൻ, സഭ ഈ സംവാദത്തിൽ ആഗ്രഹിക്കുന്നു. സന്ദേശം ജീവൻേറതാണ്, പൂർണതയുള്ള ജീവൻേറതാണ്. നൂറ്റാണ്ടുകളും സഹസ്രാബ്ദങ്ങളുമായി ഏഷ്യയിലെ സകലഹൃദയങ്ങളും നിഗൂഢമായി ആഗ്രഹിക്കുന്നതെന്തോ അതിനുള്ള പ്രത്യുത്തരമാണിത്.

കർത്താവിൻെര ശുശ്രൂഷക എന്ന നിലയിൽ രാജ്യത്തിൻെറ ശുശ്രൂഷക എന്ന നിലയിൽ, ഏഷ്യൻ ജനതകളുടെ ശുശ്രൂഷക എന്ന നിലയിൽ, ക്രിസ്തുവിനെപ്പറ്റിയുള്ള തൻെറ പ്രഘോഷണം ഏഷ്യൻ ജനതകളോടുള്ള സ്നേഹത്തിൻെറയും സേവനത്തിൻറയും വസ്തുനിഷ്ഠമായ പ്രവൃത്തികളാക്കിത്തീർക്കുന്നതു തുടരുവാൻ സഭ ആഗ്രഹിക്കുന്നു. ഏഷ്യൻ ജനതകളുടെ ദൈവാന്വേഷണത്തിലും, മാനുഷിക മഹത്ത്വത്തിനും കൂടുതൽ നല്ല ജീവിതത്തിനുംവേണ്ടി അവർ നടത്തുന്ന അന്വേഷണത്തിലും അപ്രകാരം ചെയ്യുവാൻ സഭ ആഗ്രഹിക്കുന്നു. "യാഹ്വേയുടെയും മനുഷ്യവംശത്തിൻെറയും ശുശ്രൂഷക എന്നനിലയിൽ ക്രൈസ്തവസമൂഹത്തിൻെറ പൂർണമായ ഭാഗഭാഗിത്വത്തിലേക്ക് ദൈവാത്മാവിനാൽ അതിലേക്കു നയിക്കപ്പെടുന്നവരെ-സഭ ക്ഷണിക്കുകയും ചെയ്യും."[117] ഈ സേവനം എല്ലാവരോടുമുള്ള, പ്രത്യേകിച്ച് ദരിദ്രരോടുള്ള, സഹാനുഭൂതിയുടെ ചൈതന്യത്തിൽ നിർവഹിക്കപ്പെടുന്നു. പാപത്തിൻെറയും അനീതിയുടെയും പീഡനത്തിൻെറയും എല്ലാത്തരത്തിലുമുള്ള ചൂഷണത്തിൻെറയും മുറിവുകൾ വച്ചുകെട്ടി സുഖപ്പെടുത്താൻ വന്ന നല്ല സമറായനായ തൻെറ നാഥനെപ്പോലെയാകാൻ സഭ ഓരോ സന്ദർഭത്തിലും പരിശ്രമിക്കുന്നു. "ഈ സഹാനുഭൂതി അഗാധതരമായിപ്പോലും കാണപ്പെടും ഓരോ മനുഷ്യരിലും - എന്നാൽ പ്രത്യേകിച്ച് ദരിദ്രരിലും ഒന്നു

മില്ലാത്തവരിലും പീഡിതരിലും - ക്രിസ്തുവിനെത്തന്നെ സ്വാഗതം ചെയ്യും. ക്രിസ്തുവാകട്ടെ, ഓരോ മനുഷ്യനോടും- അവൻ അല്ലെങ്കിൽ അവൾ അറിയാതെയാണെങ്കിലും - തന്നെത്തന്നെ ഐക്യപ്പെടുത്തിയവനാണ്."[118]

മഹാജൂബിലി വർഷമായ രണ്ടായിരമാണ്ട് സമീപിച്ചു കൊണ്ടിരിക്കുമ്പോൾ പ്രോത്സാഹനം എന്ന നിലയിലും, പ്രത്യാശയ്ക്കുള്ള സുനിശ്ചിതമായ കാരണമെന്ന നിലയിലും ഏഷ്യയുടെ സുവിശേഷവത്കരണത്തിൻെറ മഹാനിമിഷങ്ങളെ മറക്കാൻ സഭയ്ക്കു കഴിയുകയില്ല. തങ്ങളുടെ ശുശ്രൂഷയുടെ ഭൂരിഭാഗവും ഏഷ്യൻ ഭൂഖണ്ഡത്തിൽ നിർവഹിച്ച ശ്ലീഹന്മാരുടെ പ്രഘോഷ ണത്തെയും സാക്ഷ്യത്തെയും ഓർമിപ്പിക്കുന്നതാണ് ജൂബിലി. ഈ ജൂബിലിയുടെ കാലഘട്ടം, ജിയോവാന്നി ദമൊന്തേകോർവീനോ ചൈനയെ സുവിശേഷവത്കരിച്ചതിൻെറ ഏഴാം ശതാബ്ദിയാണ്. വി. ഫ്രാൻസിസ് സേവ്യറിൻെറയും, ഏഷ്യയിലേക്കുള്ള ആധുനിക പ്രേഷിതദൗത്യത്തിൻെറയും അഞ്ചാം ശതാബ്ദിയാണ്. ഫിലിപ്പൈൻസിൽ സുവിശേഷവത്കരണം നടന്നതിൻെറ നാലാംശതാബ്ദിയാണ്. ജപ്പാനിലെ രക്തസാക്ഷികളുടെ മരണത്തിൻെറ നാലാംശതാബ്ദിയാണ്.[119]

കഴിഞ്ഞ കാലങ്ങളെ ഓർമിച്ചുകൊണ്ട് ഏഷ്യയിലെ കത്തോലിക്കാ പ്രേഷിതപ്രവർത്തനത്തിൻെറ ചരിത്രത്തിൽ മുന്നോട്ടു നീങ്ങാൻ സഭ പരിശ്രമിക്കുന്നു. ഈ അവസരം, സുവിശേഷവത്കരണത്തിൻെറ പുതിയൊരു തുടക്കമായി സഹായിക്കും: മതങ്ങളോടും സംസ്കാരങ്ങളോടുമുള്ള അതിൻെറ മനോഭാവത്തിൽ "പുതിയത്"; രീതികളിൽ "പുതിയത്"; പ്രേഷിത ദൗത്യത്തിൻെറ പാതകളിൽ "പുതിയത്". ഈ സുവിശേഷവത്കരണദൗത്യം മത്സരത്തിൻെറയോ സ്വാർഥതാത്പര്യത്തിൻെറയോ ചൈതന്യത്തിലല്ല പ്രത്യുത, ഏഷ്യയിലെ സകല ജനങ്ങളുമായുള്ള സംസർഗത്തിലും ഐക്യത്തിലുമാണ് സമാരംഭിക്കുന്നത്. അങ്ങനെ ക്രിസ്തുവിൻെറ മുഖം സഭയിലൂടെ പ്രകാശിക്കും. അങ്ങനെ ഏഷ്യയിലെ സകല ജനതകൾക്കും കണ്ടു വിശ്വസിക്കാൻ കഴിയും (cf. യോഹ 20:8) അതുവഴി ക്രിസ്തുവിൻെറ സ്നേഹവും കൃപയും അനുഭവിക്കാൻ കഴിയും സഭയുടെ ജീവൻെറ പൂർണതയിൽ പങ്കുപറ്റാനും കഴിയും. ആ ജീവൻ നൽകാനാണു ക്രിസ്തു വന്നത്: "എന്തെന്നാൽ അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചു പോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി തൻെറ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു (യോഹ 3:16)

## ചോദ്യങ്ങൾ

### അധ്യായം 1 - ഏഷ്യൻ യാഥാർഥ്യങ്ങൾ

1. നിങ്ങളുടെ പ്രദേശത്തുള്ള സുവിശേഷവത്കരണത്തിൻെറ ചില ഭാവാത്മക വശങ്ങളും കുറവുകളും ഏഷ്യയിലെ യാഥാർഥ്യങ്ങളോട് അതായത് മതപരവും സാമൂഹിക-സാമ്പത്തികവും രാഷ്ട്രീയവും മറ്റുമായ യാഥാർഥ്യങ്ങളോടും ബന്ധപ്പെടുത്തി വിവരിക്കുക. ഈ യാഥാർഥ്യങ്ങളുടെ വെളിച്ചത്തിൽ ഏതു മേഖലകളാണ് കൂടുതൽ ശ്രദ്ധിക്കപ്പെടേണ്ടത്? ഏഷ്യയിലെ സുവിശേഷവത്കരണ ദൗത്യത്തിൽ സഭ എന്തു സവിശേഷ സമീപനങ്ങളാണ് സ്വീകരിക്കേണ്ടത്?

### അധ്യായം 2 - ഏഷ്യയിലെ സുവിശേഷവത്കരണം

ഏഷ്യയിലും നിങ്ങളുടെ പ്രദേശത്തും സഭ നിർവഹിക്കുന്ന പ്രേഷിത പ്രവർത്തനത്തിൻെറ സ്ഥിതി വിലിയിരുത്തുക ( ഘടനകൾ, പരിപാടികൾ, പ്രസ്ഥാനങ്ങൾ മുതലായവ) ഈ വിഷയത്തിൽ, സഭയുടെ പ്രേഷിത പ്രവർത്തനത്തെ വളർത്തുവാനും സഹായിക്കുവാൻ വേണ്ട സവിശേഷ മാർഗങ്ങൾ സൂചിപ്പിക്കുക. മിഷണറി പ്രവർത്തനങ്ങൾ നിർവഹിക്കാനുള്ളവരുടെ ഉദാ: മെത്രാന്മാർ, വൈദികർ, സന്ന്യസ്തർ, സെമിനാരി വിദ്യാർഥികൾ അൽമായർ, മിഷണറി ഇൻസ്റ്റിറ്റ്യൂട്ടുകളിലുള്ളവർ സഭാപരമായ പ്രസ്ഥാനങ്ങളിൽ പെട്ടവർ മുതലായവരുടെ പരിശീലനത്തിനുവേണ്ടി എന്താണു ചെയ്യുന്നത്? ഈ മണ്ഡലത്തിൽ എന്തു ചെയ്യണമെന്നാണ് നിങ്ങളുടെ അഭിപ്രായം?

### അധ്യായം 3 - ദൈവത്തിൻെറ രക്ഷാകരപദ്ധതി ചരിത്രത്തിൽ

4. ഏഷ്യയിലെ മറ്റു മതങ്ങളുടെ പാരമ്പര്യങ്ങൾ കൂടുതൽ പരിചയപ്പെടാൻ സഭാംഗങ്ങളെ സഹായിക്കുന്നതിന് നിങ്ങളുടെ പ്രദേശത്ത് എന്തുചെയ്യുന്നു? ഏഷ്യയിലെ മറ്റു മതങ്ങളുമായുള്ള സംവാദത്തിൽനിന്നും അതിൽ നിന്നുനേടിയ അറിവിൽനിന്നും സഭയ്ക്കു എന്തുപഠിക്കാൻ കഴിയും? ഏഷ്യയിലെ സകലജനങ്ങൾക്കും രക്ഷ എത്തിച്ചുകൊടുക്കാനുള്ള സഭയുടെ ദൗത്യത്തിൻെറ നിർവഹണത്തിൽ, ഏഷ്യയിലെ മതങ്ങളുടെ സവിശേഷ വശങ്ങളെ എത്രമാത്രം ഉപയോഗിക്കാനും വികസിപ്പിക്കാനും കഴിയും?

### അധ്യായം 4 - യേശുക്രിസ്തു: എല്ലാവർക്കും ദൈവത്തിൻെറ രക്ഷയുടെ സുവിശേഷം

5. ക്രിസ്തുവിനെയും അവിടുന്നു നൽകുന്ന രക്ഷയെയുംപററി പ്രഘോഷിക്കാനുള്ള സഭയുടെ ദൗത്യത്തിൽ, നിങ്ങളുടെ പ്രദേശത്ത് ക്രിസ്തു എന്ന

വ്യക്തി എങ്ങനെയാണു വീക്ഷിക്കപ്പെടുന്നതും അവതരിപ്പിക്കപ്പെടുന്നതും? വളരെ പ്രയാസംനിറഞ്ഞ രാഷ്ട്രീയവും സാമൂഹികവും സാംസ്കാരികവുമായ സാഹചര്യങ്ങളിൽ, യേശുക്രിസ്തുവിനെ പ്രഘോഷിക്കുക എന്ന കേന്ദ്രീയത നിലനിറുത്തുവാൻ സഭയ്ക്ക് കഴിയുന്ന മാർഗങ്ങൾ വിവരിക്കുക. യേശുക്രിസ്തുവിനെ ഏകരക്ഷകനായി അവതരിപ്പിക്കുകയും അതുപോലെതന്നെ അവിടുന്നിലുള്ള രക്ഷയുടെ സാർവത്രികത അവതരിപ്പിക്കുകയും ചെയ്യാൻ സഭയ്ക്ക് ഏതെല്ലാം മാർഗങ്ങളിലൂടെ സാധിക്കും?

അധ്യായം 5 - സഭ സംസർഗമെന്ന നിലയിൽ

6. ക്രിസ്തുവിൻെറ ദൗത്യം ആത്മാവിൽ നിർവഹിക്കുന്നതിൻെറ ആവശ്യത്തെയും ഉത്തരവാദിത്വത്തെയുംകുറിച്ച് നിങ്ങളുടെ പ്രദേശത്ത് സഭയ്ക്കുള്ള ധാരണ വിലയിരുത്തുക. സഭയുടെ ജീവിതത്തിൻെറ വിവിധതലങ്ങളിൽ ഇതിനെ സംബന്ധിച്ചുള്ള പരിശീലന പ്രവർത്തനം എങ്ങനെ നടക്കുന്നു? നിങ്ങളുടെ പ്രദേശത്തു, പ്രേഷിതമണ്ഡലത്തിൽ സഭ ഏറ്റെടുത്തിട്ടുള്ള വസ്തുനിഷ്ഠമായ ചില പരിശ്രമങ്ങളും അവയുടെ ഫലങ്ങളും വിവരിക്കുക: ഈ വിഷയത്തിൽ ഏതു ഭാവിസംരംഭത്തിലും ഉണ്ടായിരിക്കേണ്ട വിവിധ ഘടകങ്ങൾ വിവരിക്കുക.

7. നിങ്ങളുടെ പ്രദേശത്തുള്ള പ്രാദേശിക സഭയിൽ സഭാസംസർഗം എങ്ങനെ ജീവിതത്തിൽ പകർത്തുന്നുവെന്നു വിലയിരുത്തുക. വിവിധ ക്രൈസ്തവ സഭകൾ അവരുടെ സുവിശേഷവത്കരണ പ്രവർത്തനങ്ങളിൽ എങ്ങനെ പൊതുവായ ക്രൈസ്തവസാക്ഷ്യം നൽകുന്നുവെന്നു വിവരിക്കുക. ഈ ക്രൈസ്തവ സമൂഹങ്ങളെ മറ്റു മതസ്ഥർ എങ്ങനെ വീക്ഷിക്കുന്നു? ക്രിസ്തുവിലുള്ള തങ്ങളുടെ ഐക്യത്തെപ്പറ്റി കൂടുതൽ ബോധമുണ്ടാകാനും, ഏഷ്യയിൽ സഭയുടെ സുവിശേഷവത്കരണ ദൗത്യത്തിൽ അതു കൂടുതൽ കാര്യക്ഷമമായി പ്രകടിപ്പിക്കാനും സഭാസമൂഹങ്ങൾക്കു കഴിവു നൽകുന്ന മാർഗങ്ങൾ ചൂണ്ടിക്കാണിക്കുക.

8. വിവിധ സഭകളുടെയും വിവിധ സഭാപരമായ പാരമ്പര്യങ്ങളുടെയുമിടയിൽ സഭകളുടെ ഐക്യത്തെ സംബന്ധിച്ച ധാരണയും ഐക്യവും വളർത്തുവാൻ നിങ്ങളുടെ പ്രദേശത്ത് എന്തെല്ലാം പരിശ്രമങ്ങളാണു നടക്കുന്നത്?

9. മറ്റു മതങ്ങളുമായുള്ള സംവാദം - ഹൈന്ദവ ക്രൈസ്തവസംവാദം ബുദ്ധ-ക്രൈസ്തവസംവാദം, ഇസ്ലാമിക ക്രൈസ്തവ സംവാദം, പരമ്പരാഗതമതങ്ങളും ക്രിസ്തുമതവും തമ്മിലുള്ള സംവാദം- നടത്തുന്നതിൽ നിങ്ങളുടെ പ്രദേശത്തുള്ള സഭ എന്താണു ചെയ്യുന്നത്?

സംവാദം നടത്തുന്ന വ്യത്യസ്ത തലങ്ങൾ ഏവ? അവയുടെ യഥാർഥ ഫലങ്ങളെന്ത്? ഭാവിയിൽ സഭയ്ക്ക് ഈ മണ്ഡലത്തിൽ ഉണ്ടായിരിക്കേണ്ട താത്പര്യങ്ങളേവ?

**അധ്യായം 4 - സഭയുടെ സ്നേഹത്തിൻെറയും സേവനത്തിൻെറയും ദൗത്യം ഏഷ്യയിൽ**

10. നിങ്ങളുടെ പ്രദേശത്ത് സഭയുടെ വിവിധ വശങ്ങളിൽ ഉള്ള സാംസ്കാരികാനുരൂപണത്തിൻെറ വ്യാപ്തി വിവരിക്കുക (ഉദാ: ക്രൈസ്തവ ദൈവശാസ്ത്രം, ആരാധനക്രമം, ആധ്യാത്മികത, ആരാധനക്രമപരമായകല, ശിൽപകല മുതലായവ) സഭയുടെ പ്രേഷിതദൗത്യത്തെ സംബന്ധിച്ചിടത്തോളം അതിൻെറ ഫലങ്ങളെന്തെല്ലാം? നിങ്ങളുടെ പ്രദേശപ്പതുള്ള സാംസ്കാരികാനുരൂപണത്തിൻെറ പരിശ്രമങ്ങൾ സാർവത്രിക സഭയ്ക്ക് എന്തു സംഭാവനയാണു നൽകിയത്?

11. ഏഷ്യയിൽ സഭയുടെ സ്നേഹത്തിൻെറയും സേവനത്തിൻെറയും സുവിശേഷ വത്കരണ ദൗത്യത്തിൽ സഭയുടെ സാമൂഹിക പ്രബോധനം (social doctrine) എപ്രകാരം ഉപയോഗിക്കപ്പെടുന്നു. (മാനുഷികതയുടെ വളർത്തലും വികസനവും, ആഭ്യന്തരയുദ്ധം വംശകലാപം എന്നിവയുടെ സാഹചര്യങ്ങളിൽ, അഭയാർഥികൾ, കുടിയേറ്റക്കാർ, സമൂഹത്തിൻെറ പുറമ്പോക്കിലാക്കപ്പെട്ടവർ മുതലായവരുടെ കാര്യങ്ങളിൽ)?

12. സാമൂഹിക സമ്പർക്കമാധ്യമങ്ങളെ പ്രത്യേകിച്ച്, പ്രസ്സ്, റേഡിയോ, ടെലിവിഷൻ, സിനിമ, വീഡിയോ, ഇൻററർനെറ്റ് മുതലായവയെ- സഭയുടെ സുവിശേഷവത്കരണ ദൗത്യത്തിൽ ഉപയോഗിക്കുന്നതിനു നിങ്ങളുടെ പ്രദേശത്ത് സഭ എന്തുചെയ്തു? ഭാവിയിൽ എന്തു സംരംഭങ്ങളാണ് ആവശ്യമായിരിക്കുന്നത്?

13. സുവിശേഷവത്കരണത്തിൻെറയും മതബോധനത്തിൻെറയും മാർഗങ്ങളെന്നനിലയിൽ മരിയൻ ആധ്യാത്മികതയുംഭക്തിയും ഉപയോഗിക്കുന്നതിനെ സംബന്ധിച്ച് നിങ്ങളുടെ വിശദീകരണമെന്താണ്? ക്രൈസ്തവ ശിഷ്യത്വത്തിൻെറ പരിപൂർണമാതൃക എന്ന നിലയിൽ കന്യകാമറിയം ഏതെല്ലാം തരത്തിൽ വീക്ഷിക്കപ്പെടുകയും വിലമതിക്കപ്പെടുകയും ചെയ്യുന്നു? മരിയൻഭക്തി ജനങ്ങളെ യേശുക്രിസ്തുവിൻെറ യഥാർഥ അനുഗാമികളാക്കിത്തീർക്കുന്നതിൻെറ വസ്തുനിഷ്ഠമായ ഉദാഹരണങ്ങൾ നൽകുക.

14. സിനഡിൻെറ പ്രമേയത്തോടു ബന്ധപ്പെട്ടവയും മുകളിൽ കൊടുത്തിട്ടുള്ള ചോദ്യങ്ങളിൽ ഉൾപ്പെടാത്തവയുമായ കാര്യങ്ങളെപ്പറ്റിയുള്ള ഏതെങ്കിലും അഭിപ്രായങ്ങളോ നിർദ്ദേശങ്ങളോ തരാനുണ്ടെങ്കിൽ അവ എഴുതുക.

**Notes:**


1. SECOND VATICAN ECUMENICAL COUNCIL, Pastoral Constitution on the Church *Gaudium et spes*, 1.
2. Cf. PAUL VI, Apostolic Letter *Octogesimo adveneins*, 20: *AAS* 63 (1971) 415 - 416.
3. Cf. JOHN PAUL II, *Letter to the Delegates*, Federation of Asian Bishops' Conferences - FABC, Fifth Plenary Assembly, Bandung (Indonesia), 17-27 July 1990: FABC PAPERS no. 59, p.2.
4. *Ibid.*
5. Cf. UNITED NATIONS, *Report of the International Conference on Population and Development*, Cairo (Egypt), 5-13 September 1994, D, 6.21 ff.
6. JOHN PAUL II, *Letter to the Delegates*, Federation of Asian Bishops' Conferences - FABC, Fifth Plenary Assembly, Bandung (Indonesia), 17-27 July 1990: FABC PAPERS, no, 59, p.2.
7. Cf. THE SECOND VATICAN ECUMENICAL COUNCIL, Pastoral Constitution of the Church in the Modern World *Gaudium et spes*, 1.
8. JOHN PAUL II, *Crossing the Threshold of Hope*, (London: Jonathan Cape, 1994), p. 219.
9. Cf. BENEDICT XV, Apostolic Letter *Maximum illud*, 9: *AAS* 11(1919) 445.
10. Cf. *Ibid*. 7:*AAS* 11 (1919) 443.
11. Cf. BENEDICT XV, Apostolic Letter *Maximum illud:AAS* 11 (1919) 440-455; PIUS XI, Encyclical Letter *Rerum eccelesiae:AAS* 18 (1926) 65-83; PIUS XII, Encyclical Letter *Evangelii praecones:AAS* 43(1951) 497-528, Encyclical Letter *Fidei Donum:AAS* (1957) 225-248; JOHN XXIII; Encyclical Letter *Princeps pastorum:AAS* 51(1959) 833-864; PAUL VI, Apostolic Exhortation *Evangelii nuntiandi: AAS* 68 (1976) 5-76; JOHN PAUL II, Encyclical Letter *Redemptoris missio: AAS* 83 (1991) 249-340.
12. Cf. JOHN PAUL II, Encyclical Letter *Redemptoris missio*, 21: *AAS* 83 (1991) 268.
13. SECOND VATICAN ECUMENICAL COUNCIL, Dogmatic Constitution on the Church *Lumen gentium*, 2.

14. ST. IRENAEUS, *Adversus Haereses*, 4,20,7: *PG* 7/1, 1037.

15. ST. BONAVENTURE, *In secundum librum sententiarum*, 1,2.2.1: *Opera Omnia, Ad Claras Aquas (prope Florentiam), Tipografia Collegii S.Bonaventurae*, 1885, II, p.44.

16. Cf. *Catechism of the Catholic Church*, No. 289.

17. JOHN PAUL II, Encyclical letter *Redemptoris missio*, 28:*AAS* 83 (1991) 274; cf. JOHN PAUL II, Encyclical Letter *Dominum et Vivificantem*, 54: *AAS* 78 (1986) 874-876.

18. Cf. JOHN PAUL II, Encyclical Letter *Dominum et Vivificantem*, 53:*AAS* 78 (1986) 874-875.

19. SECOND VATICAN ECUMENICAL COUNCIL, Decree on the Church's Missionary Activity, *Ad gentes* 3,11,15.

20. JOHN PAUL II, Apostolic Visitation of India (1-10 February 1986), *Address to Representatives of Non-Christian Religions*, (3 February-Madras), 2-4:*AAS* 78 (1986) 762-765.

21. PAUL VI, *Insegnamenti*, 1964, II, (Vatican City: Vatican Polyglot Press, 1965), p.693.

22. SECOND VATICAN ECUMENICAL COUNCIL, Dogmatic Constitution on the Church *Lumen gentium*, 16.

23. SECOND VATICAN ECUMENICAL COUNCIL, Dogmatic Constitution on Divine Revelation *Dei verbum*, 3.

24. Cf.*Ibid*.,11.

25. Cf.*Ibid*., 9.

26. JOHN HENRY CARDINAL NEWMAN, *The Arians of the 4th Century*, (Longmans: London, 1872), pp.80-81.

27. Cf.SAINT JOHN CHRYSOSTOM, *Homily on Romans* 13:8:PG 60,519.

28. JOHN PAUL II, Encyclical Letter *Redemptoris missio*, 29:*AAS* 83 (1991) 275.

29. *Ibid*.

30. SECOND VATICAN ECUMENICAL COUNCIL, Decree on the Church's Missionary Activity *Ad gentes*, 3.

31. JOHN PAUL II, Encyclical Letter *Redemptoris missio*, 29:*AAS* 83 (1991) 275.

32. *Ibid.*, 5:*AAS* 83 (1991) 254.

33. SECOND VATICAN ECUMENICAL COUNCIL, Pastoral Constitution on the Church in the Modern World *Gaudium et spes*, 22.

34. JOHN PAUL II, Encyclical Letter *Redemptor hominis*, 10: *AAS* 71 (1979) 274-275.

35. JOHN PAUL II, Encyclical Letter *Redemptoris missio*, 5:*AAS* 83 (1991) 254.

36. Cf.*Ibid.*

37. G. ROSALES AND C.G. AREVALO, ed. For *All The Peoples of Asia: Federation of Asian Bishops' Conferences Documents from 1971 to 1991*, (Quezon City, Philippines: Claretian Publications, 1992), p.xxi.

38. FEDERATION OF ASIAN BISHOPS' CONFERENCES - FABC, *Report on the Workshop. The Church in Asia and Mission in the 1990's*, Fifth Plenary Assembly, Bandung (Indonesia), 17-27 July 1990: FABC PAPERS, no. 59, p. 53.

39. Cf. SECOND VATICAN ECUMENICAL COUNCIL, Pastoral Constitution on the Church in the Modern World *Gaudium et spes*, 22.

40. JOHN PAUL II, *Letter to the Delegates*, Federation of Asian Bishops' Conference - FABC, Fifth Plenary Assembly, Bandung (Indonesia), 17-27 July 1990: FABC PAPERS, no.59, p.3.

41. FEDERATION OF ASIAN BISHOPS' CONFERENCES - FABC, *Statement of the Assembly*, First Plenary Assembly, Taipei (Taiwan), 22-26 April *974,7:G. ROSALES AND C.G. AREVALO, ed., *For All The People of Asia: Federation of Asian Bishops' Conferences Documents from 1971 to 1991*, (Quezon City, Philippines: Claretian Publications, 1994), p.13.

42. JOHN PAUL II, Encyclical Letter *Redemptor hominis*, 13: *AAS* 71 (1979) 282.

43. JOHN PAUL II, *Letter to the Delegates*, Federation of Asian Bishops' Conference - FABC, Fifth Plenary Assembly, Bandung (Indonesia), 17-27 July 1990: FABC PAPERS, no. 59, p.3.

44. *Catechism of the Catholic Curch*, No. 737.

45. *Ibid.*, No. 738.

46. *Ibid.*

47. *Ibid*. No. 737.

48. Cf. *Ibid*., No. 730.

49. Cf. SECOND VATICAN ECUMENICAL COUNCIL, Dogmatic Constitution on the Church *Lumen gentium*, 5.

50. Cf. SECOND VATICAN ECUMENICAL COUNCIL, Decree on the Church's Missionary Activity *Ad gentes*, 2.

51. THIRD ORDINARY GENERAL ASSEMBLY OF THE SYNOD OF BISHOPS (1974) - "Evangelization in the Modern World", *Declaration of the Synod Fathers, 4:L'Osservatore Romano:Weekly Edition in English,* 7 November 1974, p.3; cf. PAUL VI, Apostolic Exhortation *Evangelii nuntiandi,* 14:AAS 68 (1976) 13.

52. Cf. SECOND VATICAN ECUMENICAL COUNCIL, Dogmatic Constitution of the Church *Lumen gentium*. 2ff.

53. *Catechism of the Catholic Church,* No. 257.

54. *Ibid.*

55. JOHN PAUL II, *Discourse at the Synod of Bishops of the Syro-Malabar Church, 6:L'Osservatore Romano: Weekly Editition in English,* 17 January 1996, p.5.

56. Cf. FEDERATION OF ASIAN BISHOPS' CONFERENCES - FABC, *Final Statement,* Third Plenary Assembly, Bangkok (Thailand), 20-27 October 1982: G.ROSALES AND C.G. AREVALO, ed., *For All The Peoples of Asia: Federation of Asian Bishops' Conferences Decuments from 1971 to 1991,* (Quezon City, Philippines: Claretian Publications, 1994), pp. 49-65.

57. JOHN PAUL II, Post-Synodal Apostolic Exhortation *Christifideles laici,* 32:*AAS* 81 (1989) 451-452.

58. Cf. FEDERATION OF ASIAN BISHOPS' CONFERENCES - FABC OFFICE OF EVANGELIZATION, *Conclusions of the Theological Consultation,* Hua Hin (Thailand), 3-10 November 1991, 1-54:G.ROSALES AND C.G.AREVALO, ed., *For All The Peoples of Asia: Federation of Asian Bishops' Conferences Documents from 1971 to 1991,* (Quezon City, Philippines: Claretian Publications, 1994), p. 335-347.

59. Cf. SECOND VATICAN ECUMENICAL COUNCIL, Decree on Ecumenism *Unitatis redintegratio*, 3.

60. Cf. JOHN PAUL II, Apostolic Letter *Tertio millennio adveniente,* 34; *AAS* 87 (1995) 26-27.

61. FEDERATION OF ASIAN BISHOPS' CONFERENCES - FABC, For example, Statements from the Third Plenary Assembly, Bongkok (Thailand), 20-27 October 1982; Fourth Plenary Assembly, Tokyo (Japan), 16-25 September 1986; Ass-Asia Conference of Evangelization, Suwon (Korea), 24-31 August 1988; Fifth Plenary Assembly, Bandung (Indonesia), 17-27 July 1990; Sixth Plenary Assembly, Manila (Philippines), January 1994.

62. Cf. SECOND VATICAN ECUMENICAL COUNCIL, Dogmatic Constitution on the Church *Lumen gentium,* 13.

63. PAUL VI, Apostolic Exhortation *Evangelii nuntiandi,* 53; *AAS* 68 (1976) 41.

64. Cf. BISHOPS' INSTITUTE FOR INTERRELIGIOUS AFFAIRS ON THE THEOLOGY OF DIALOGUE - BIRA IV/12, *Statement of the Final Assembly, Hua Hin (Thailand),* 21-26 February 1991, 1-58: G. ROSALES AND C.G. AREVALO, ed., *For All The Peoples of Asia: Federation of Asian Bishops' Conferences Documents from 1971 to 1991,* (Quezon City, Philippines: Claretian Publications 1994), pp. 325-334.

65. JOHN PAUL II, Encyclical Letter *Redemptoris missio,* 23; AAS 83 (1991) 270.

66. SECOND VATICAN ECUMENICAL COUNCIL, Dogmatic Constitution on the Church *Lument gentium,* 7.

67. *Ibid.,* 1

68. *Catechism of the Catholic Church,* No. 748.

69. SECOND VATICAN ECUMENICAL COUNCIL, Dogmatic Constitution on the Chuch *Lumen gentium,* 1.

70. *Ibid.*

71. Cf. FEDERATION OF ASIAN BISHOPS' CONFERENCES - FABC, *Final Statements,* All Asia Conference on Evangelization, Suwon (Korea), 24-31 August 1988: FABC PAPERS, No. 64, p. 20-23; PAUL VI, Apostolic Exhortation *Evangelii nuntiandi,* 17-21: *AAS* 68 (1976) 17-20; JOHN PAUL II, Encyclical Letter *Redemptoris missio,* 17, 52-59:*AAS* 83 (1991) 264-265, 299-308.

72. PAUL VI, Apostolic Exhortation *Evangelii nuntiandi*, 53:*AAS* 68 (1976) 41-42.

73. *Ibid.*, 22 *AAS* 68 (1976) 20.

74. FEDERATION OF ASIAN BISHOPS' CONFERENCES - FABC, *Final Statement*, All-Asia Conference on Evangelization, Suwon (Korea), 24-31 August 1988, 6: FABC PAPERS, No. 64, p. 20-21.

75. PAUL VI, Apostolic Exhortion *Evangelii nuntiandi*, 27:*AAS* 68 (1976) 23.

76. Cf. *Ibid.*

77. Cf.JOHN PAUL II, Encyclical Letter *Redempt ris missio*, 61:*AAS* 83 (1991) 310.

78. Cf. *Ibid.*, 6:AAS 83 (1991) 310.

79. Cf.SECOND VATICAN ECUMENICAL COUNCIL, Decree on the Church's Missionary Acticity *Ad gentes*, 23.

80. Cf. SECOND VATICAN ECUMENICAL COUNCIL, Dogmatic Constitution on the Church *Lumen gentium*, 23; JOHN PAUL II, Encylical Letter *Redemptoris missio*, 61, 63:*AAS* 83 (1991) 309-312.

81. Cf.SECOND VATICAN ECUMENICAL COUNCIL, Decree on the Bishops' Pastoral Office in the Church *Christus Dominus*, 1ff.

82. SECOND VATICAN ECUMENICAL COUNCIL, Decree on the Ministry and life of Priests *Presbyterorum ordinis*, 10; cf. Decree on the Church's Missionary Acticity *Ad gentes*, 39; JOHN PAUL II, Encyclical Letter *Redemptoris missio*, 67; *AAS* 83 (1991) 315.

83. Cf. *Ibid.*

84. *Ibid.*; also *Guide to Pastroal Activity of Priests*, CEP, 1989.

85. Cf. JOHN PAUL II, Encyclical Letter Redemptoris missio, 66:*AAS* 83 (1991) 314; SECOND VATICAN ECUMENICAL COUNCIL, Decree on the Church's Missionary Activity *ad gentes*, 23-27.

86. Cf. PAUL VI, Apostolic Exhortation *Evangelii nuntiandi*, 69:*AAS* 68 (1976) 58-59.

87. Cf. *Ibid.*; JOHN PAUL II, Encyclical Letter *Redemptoris missio*, 69:*AAS 83* (1991) 317; SECOND VATICAN ECUMENICAL COUNCIL, Decree on the Church's Missionary Activity *Ad gentes*, 40.

88. JOHN PAUL II, Encyclical Letter *Redemptoris missio*, 69:*AAS* 83 (1991) 317.

89. Cf. JOHN PAUL II, Post-synodal Apostolic Exhortation *Christifideles laici*, 35:*AAS* 81 (1989) 457; Encyclical Letter *Redemptoris missio*, 71:*AAS* 83 (1991) 318.

90. Cf. *Ibid.*, 73-74: *AAS* 83 (1991) 320-322.

91. Cf. JOHN PAUL II, Post-Synodal Apostolic Exhortation *Christifideles laici*, 35:*AAS* 81 (1989) 458.

92. JOHN PAUL II, Encyclical Letter *Redemptoris missio*, 72:*AAS* 83 (1991) 320.

93. Cf. PAUL VI, Apostolic Exhortation *Evangelii nuntiandi*, 41:*AAS* 68 (1976) 31-32.

94. *Ibid.*, 24:*AAS* 68 (1976) 21.

95. Cf. FEDERATION OF ASIAN BISHOPS' CONERENCES - FABC, *Final Statement*, Fifth Plenary Assembly, Bandung (Indonesia), 17-27 July 1990, 4:1: FABC PAPERS, no. 59, .34.

96. Cf. SECOND VATICAN ECUMENICAL COUNCIL, Dogmatic Constitution of Divine Revelation *Dei Vurbum*, 21.

97. JOHN PAUL II, Encyclical Letter *Redemptis missio*, 91:AAS 83 (1991) 338.

98. FEDERATION OF ASIAN BISHOPS' CONFERENCES-FABC, *Report of the Workshop: A Spirituality for Our 1990's*, Fifth Plenary Assembly, Bandung (Indonesia), 17-27 July 1990: FABC PAPERS, no. 59, p. 57.

99. JOHN PAUL II, Post-Synodal Apostolic Exhortation *Vita Consecrata*, 8:*AAS* 88 (1996) 383.

100. Cf. JOHN PAUL II, Encyclical Letter *Redemptoris missio*, 55: AAS 83 (1991) 302-304.

101. Cf. *Ibid.*

102. Cf. JOHN PAUL II, *Letter to the Delegates*, Federation of Asian Bishops' Conferences - FABC, Fifth Plenary Assembly, Bandung (Indonesia), 17-27 July 1990: FABC PAPERS, no. 59, P. 4; Encyclical Letter *Redemptoris missio*, 55-56: *AAS* 83 (1991) 302-305.

103. EXTRA-ORDINARY ASSEMBLY OF THE SYNOD OF BISHOPS

(1985), *Final Report*, II, D, 4.

104. JOHN PAUL II, Encyclical Letter *Redemptoris missio*, 52:*AAS* 83 (1991) 300.

105. PAUL VI, Apostolic Exhortation *Evangelii nuntiandi*, 30:*AAS* 68 (1976) 26.

106. Cf. JOHN PAUL II, Encyclical Letter *Redemptoris missio*, 58-60:*AAS* 83 (1991) 305-309.

107. FEDERATION OF ASIAN BISHOPS' CONFERENCES - FABC, *Report of the Workshop: The Church in Asia and Mission in the 1990's*, Fifth Plenary Assembly, Bandung (Indonesia), 17-27 July 1990:FABC PAPERS, no. 59, p.53.

108. Cf. FEDERATION OF ASIAN BISHOPS' CONFERENCES - FABC, *Final Statement*, Fifth Plenary Assembly, Bangung (Indonesia), 17-27 July 1990, 3: FABC PAPERS, no. 59, pp. 31-33.

109. Cf. SECOND VATICAN ECUMENICAL COUNCIL, Dogmatic Constitution on the Church *Lumen gentium*, 53.

110. *Ibid.*, 63

111. *Ibid.*, 65

112. Cf. *Ibid.*,

113. *Ibid.*

114. *Ibid.*

115. Cf. JOHN PAUL II, Encyclinical Letter *Redemptoris missio*, 92:*AAS* 83 (1991) 339.

116. Cf. JOHN PAUL II, *Redemptoris Mater*, 25ff: *AAS* 79 (1987) 393ff.

117. FEDERATION OF ASIAN BISHOPS' CONFERENCES - FABC, *Final Statement*, Fifth Plenary Assembly, Bandung (Indonesia), 17-27 July 1990, 6. 3: FABC PAPERS, no. 59, p.36.

118. *Ibid.*, 6:4; cf. JOHN PAUL II, Encyclical Letter *Redemptoris missio*, 14:*AAS* 83 (1991) 262-263; SECOND VATICAN ECUMENICAL COUNCIL, Pastoral Constitution on the Church in the Modern World *Gaudium et spes*, 22

119. Cf. JOHN PAUL II, Apostolic Letter *Tertio millennio adveniente*, 25:*AAS* 87 (1995) 21.

[illegible] *Redemptoris missio*, [illegible] AAS 83 (1991) [illegible]

89. [illegible] Apostolic Exhortation *Christifideles laici*, [illegible] AAS 81 (1989) 457; Encyclical Letter *Redemptoris missio*, 71: AAS 83 (1991) 318.

90. Cf. *Ibid.*, 72-74: AAS 83 (1991) 320-322.

91. [illegible] Apostolic Exhortation *Christifideles* [illegible]

92. JOHN PAUL II, Encyclical Letter *Redemptoris missio*, [illegible] AAS 83 (1991) 320.

93. Cf. PAUL VI, Apostolic Exhortation *Evangelii nuntiandi*, [illegible] AAS 68 (1976) [illegible]

94. *Ibid.*, 26: AAS 68 (1976) 21.

95. Cf. FEDERATION OF ASIAN BISHOPS' CONFERENCES - FABC, *Final Statement*, Fifth Plenary Assembly, Bandung (Indonesia), 17-27 July 1990, 4.1: FABC PAPERS, no. 59, [illegible]

96. Cf. SECOND VATICAN ECUMENICAL COUNCIL, Dogmatic Constitution of Divine Revelation *Dei Verbum*, [illegible]

97. JOHN PAUL II, Encyclical Letter *Redemptoris missio*, 51: AAS 83 (1991) 298.

98. FEDERATION OF ASIAN BISHOPS' CONFERENCES [illegible] *Report of the Workshop: A Spirituality for Asia Today*, Fifth Plenary Assembly, Bandung (Indonesia), 17-27 July 1990: FABC PAPERS, [illegible]

99. [illegible] Apostolic Exhortation [illegible]

100. Cf. JOHN PAUL II, Encyclical Letter *Redemptoris missio*, 55: AAS 83 (1991) 302-303.

101. Cf. *Ibid.*

102. Cf. JOHN PAUL II, *Letter to the Delegates*, Federation of Asian Bishops' Conferences - FABC, Fifth Plenary Assembly, Bandung (Indonesia), 17-27 July 1990: FABC PAPERS, no. 59, [illegible] Encyclical Letter *Redemptoris missio*, 55-56: AAS 83 (1991) 302-305.

103. EXTRA-ORDINARY ASSEMBLY OF THE SYNOD OF BISHOPS

